# ലോകചരിത്രം



ഭാഗം I.

പി. കുഞ്ഞിക്കൃഷ്ണമേനോൻ. ബി.എ.ബി.ഒ.എൽ.

1905

നാലാം ഫോറം

# ലോകചരിത്രം

1905

Common to Cochin and Travancore as per the latest syllabus 1951—52.

APPROVED BY THE GOVERNMENT AS TEXT BOOK
*See Gazette dated 31-10-1950.*

*Author*

P. KUNJIKRISHNA MENON, M. A.,
*Maharaja's College, Ernakulam.*

*FIFTH EDITION*

1951

പ്രകാശകൻ:
കെ. എൻ. എസ്. മേനോൻ, ബി. ഏ., എൽ. ടി.
ഇരിങ്ങാലക്കുട.

[വില ഒരുറുപ്പിക.

| | | | |
|---|---|---|---|
| ഒന്നാം | പതിപ്പ് | കോപ്പി | 1000 |
| രണ്ടാം | ,, | ,, | 2000 |
| മൂന്നാം | ,, | ,, | 1000 |
| നാലാം | ,, | ,, | 1500 |
| അഞ്ചാം | ,, | ,, | 2500 |

എറണാകുളം
പരീക്ഷമുദ്രണാലയത്തിൽ
അച്ചടിച്ചതു്.

# വിഷയാനുക്രമണിക

1905

| | പേജ് |
|---|---|
| പീഠിക | 1 |
| ഒന്നാം അദ്ധ്യായം — നദീതടപരിഷ്കാരങ്ങൾ | 5 |
| 1 ഈജിപ്ത് | 6 |
| 2 സുമേരിയർ | 16 |
| 3 ബാബിലോണിയ | 18 |
| 4 അസ്സിറിയ | 21 |
| 5 കാൽഡിയാസാമ്രാജ്യം | 27 |
| 6 ഫിനീഷ്യ | 29 |
| 7 ചൈന | 32 |
| രണ്ടാം അദ്ധ്യായം — ഗ്രീസ്സും റോമും | 39 |
| 1 ഗ്രീസ്സ് | 43 |
| 2 റോം | 61 |
| മൂന്നാം അദ്ധ്യായം — ലോകത്തിലെ പ്രധാന മതങ്ങൾ | |
| 1 ഹിന്ദുമതം | 75 |
| 2 ബുദ്ധമതം | 77 |
| 3 കൺഫ്യൂഷ്യൻ മതം | 80 |
| 4 സൊറോസ്ട്രിയൻ മതം | 82 |
| 5 ജൂതമതം | 83 |
| 6 ക്രിസ്തുമതം | 84 |
| 7 ഇസ്ലാംമതം | 88 |

പേജ്


നാലാം അദ്ധ്യായം—മദ്ധ്യകാലഘട്ടം

| | | |
|---|---|---|
| 1 | ബൈസാഞ്ചിയാ സാമ്രാജ്യം | 91 |
| 2 | നാടുവാഴിഭരണം | 94 |
| 3 | മതത്തിന്റെ പ്രാബല്യവും സ്വാധീനശക്തിയും | 96 |

അഞ്ചാം അദ്ധ്യായം—മദ്ധ്യകാലഘട്ടം ഏഷ്യയിൽ

| | | |
|---|---|---|
| 1 | പേഴ്സ്യ | 99 |
| 2 | മംഗോളിയരും ടാർട്ടാർ വർഗ്ഗക്കാരും | 105 |
| 3 | ഏഷ്യൻ സാമ്രാജ്യസംസ്കാരത്തിന്റെ പ്രത്യേകത | 109 |

ആറാം അദ്ധ്യായം—ഇസ്ലാമിന്റെ ഉദയവും വികാസവും 112

ഏഴാം അദ്ധ്യായം—ആധുനിക ലോകത്തിലേക്ക് 117

| | | |
|---|---|---|
| 1 | നവോത്ഥാനം, അഥവാ വിജ്ഞാനപുനരുത്ഥാനം | 11 |
| 2 | മതപരിവർത്തനസംരംഭം | 120 |
| 3 | കപ്പൽസ്സഞ്ചാരമാർഗ്ഗാന്വേഷണം | 123 |

# ലോകചരിത്രം

1905

—✻—

## പീഠിക



കുരങ്ങുമനുഷ്യൻ

മനുഷ്യൻ എങ്ങനെയുണ്ടായി? അതു വളരെ നീണ്ട കഥയാണ്. ജീവജാലങ്ങളുടെ വളരെക്കാലത്തെ പരിണാമം കഴിഞ്ഞിട്ടാണ് ഇന്നത്തെ മനുഷ്യനോടടുപ്പിക്കാവുന്നൊരു സ്വരൂപം ലോകത്തിലുണ്ടായതു്. കുരങ്ങിനോടു സാദൃശ്യമുള്ള മനുഷ്യന്റെ അസ്ഥിപഞ്ജരമാണ് ഇക്കൂട്ടത്തിൽ ഏററവും പഴക്കം ചെന്നതായി നമുക്കു കിട്ടീട്ടുള്ളതു്. കുരങ്ങുമനുഷ്യൻ (Pithecanthropos) എന്നത്രേ ഈയാൾക്കു ചരിത്രകാരന്മാർ നൽകീട്ടുള്ള പേർ.

**പ്രാചീന ശിലായുഗം.**

ഈ കുരങ്ങുമനുഷ്യർക്കു മൃഗങ്ങളേക്കാളൊരു പ്രത്യേകതയെന്താണ്? മറെറാന്നുമല്ല, ബുദ്ധിശക്തി അല്പം കവിഞ്ഞുനിൽക്കും. മൃഗങ്ങൾ ആയുധമുപയോഗിക്കാറില്ല; ഇവർ അതുപയോഗിച്ചിരുന്നു. പക്ഷേ, ഇന്നത്തെപ്പോലെ തോക്കോ, വാളോ, ആററംബോംബോ ഒന്നും അവർ സ്വപ്നം കാണാൻപോലും സാധിച്ചിട്ടില്ല. ഒന്നാംതരം ഉരുളങ്കല്ല്—നിങ്ങൾ മാങ്ങയെറിയാനും മററും ഉപയോഗിക്കാറില്ലേ?—അതാണ് മനുഷ്യൻ കണ്ടെത്തിയ ഒന്നാമത്തെ ആയുധം. കല്ല് കയ്യിലൊതുങ്ങാൻ മാത്രം ഭാഷപ്പെടുത്തി ഉപയോഗിച്ചിരുന്ന കാലഘട്ടത്തെ 'പ്രാചീനശിലായുഗം' (Palaeolithic age) എന്നു പറയുന്നു.

പ്രാചീന ശിലായുഗം ഇഴഞ്ഞിഴഞ്ഞങ്ങനെ പൊയ്ക്കൊണ്ടിരിക്കെ മനുഷ്യൻ ഗുഹകളിലും പാറകളുടെ വിടവുകളിലും മറവും താവളം പിടിച്ചു. അപ്പോഴേ ആയുധങ്ങളും അസ്ഥികൂടങ്ങളും ഒന്നിച്ചൊരെടത്തു ധാരാളമായി അവശേഷിച്ചുള്ളൂ. ഇങ്ങനെ, ജർമ്മനിയിലെ 'നിയാൻഡെത്താൽ' എന്ന സ്ഥലത്തു കരങ്ങു മനുഷ്യന്റെ അസ്ഥിപഞ്ജരത്തേക്കാൾ കുറേ കൂടി മെച്ചപ്പെട്ട ഒന്നാണ് കണ്ടെത്തിയതു്. അക്കാലത്തെ മനുഷ്യരുടെ പ്രാതിനിധ്യം വഹിക്കാനുള്ള അസ്ഥികൂടമാണ് ഇതു്. ഇതു കാണപ്പെട്ട സ്ഥലത്തെ ആരാധമാക്കി 'നിയാൻഡെത്താൽ വർഗ്ഗം' എന്നാണ് അവക്കു ചരിത്രകാരന്മാർ പേരിട്ടിട്ടുള്ളതു്.

നിയാൻ ഡെത്താൽ വർഗ്ഗം.

ഒമ്പതിനായിരംകൊല്ലത്തിനു മുമ്പുള്ളപരിഷ്കാരമാണ് നിയാൻ ഡെത്താൽ വർഗ്ഗക്കാർ പ്രതിനിധാനം ചെയ്യുന്നതു്. കല്ലുകൊണ്ടുള്ള ആയുധം, കല്ലുകൾ കൂട്ടിയുരുത്തിയുണ്ടാക്കിയ തീയു്, മാംസഭക്ഷണം, മൃഗങ്ങളുടെ തോലുകൊണ്ട് നഗ്നത മറയ്ക്കൽ—ഇത്രയേ ഇവരുടെപരിഷ്കാരത്തെക്കുറിച്ചു നമുക്കോർമ്മവെക്കാനുള്ള പ്രത്യേകതകളായിട്ടുള്ളൂ.



നിയാൻ ഡെത്താൽ മനുഷ്യൻ

ഔറിഗ്നേഷ്യൻ, ക്രോമാഗ്നൺ, ഗ്രിമാൾഡി എന്നിങ്ങനെ മൂന്നു വർഗ്ഗക്കാർകൂടി ചരിത്രാതീതകാലത്തെ നമ്മുടെ പൂർവ്വികന്മാരുടെ പ്രാതിനിധ്യം വഹിക്കുന്നുണ്ട്. ഒടുവിൽ പറയപ്പെട്ട രണ്ടുകൂട്ടരും നിയാൻഡെത്താൽ വർഗ്ഗക്കാരേക്കാൾ പരിഷ്കാരം വർദ്ധിച്ചവരാണ്. കുതിരയെ ഇണക്കാനും, ചിത്രം വരയ്ക്കാനും അവർ ശീലിച്ചിരിക്കണം. ശവശരീരത്തോടൊപ്പം ആയുധങ്ങളും ആഭരണങ്ങളും മറവുചെയ്യുക, അസ്ഥികളിന്മേൽ രൂപങ്ങൾ കൊ

ഔറിഗ്നേഷ്യൻ, ക്രോമാഗ്നൺ, ഗ്രിമാൾഡി.

ത്തുക, കളിമണ്ണുകൊണ്ടു പാവകളെയുണ്ടാക്കുക, എല്ലുകൊണ്ടുള്ള ആയുധങ്ങളുപയോഗിക്കുക എന്നിവയാണു് ഇവർ പരിഷ്കാരചരിത്രത്തിനു നൽകിട്ടുള്ള സമ്പാദ്യം. ഏതാണ്ടൊരു പന്തീരായിരം കൊല്ലം മുമ്പുവരെ മനുഷ്യൻ ഇങ്ങനെയൊക്കെത്തന്നെയായിരിക്കണം കഴിഞ്ഞിരുന്നതു്. നവ്യശിലായുഗ (Neolithic age) ത്തിലത്രേ മനുഷ്യസംസ്കാരം സാരമായി പുരോഗമിക്കാൻ തുടങ്ങിയതു്.

തേച്ചുമിനുക്കിയ ശിലായുധങ്ങൾ ഉരുപ്പിടിയായി ഉപയോഗിക്കാൻ പാകത്തിലാക്കിയ കാലഘട്ടമാണു് നവ്യശിലായുഗം. കന്മഴു, അമ്പു്, വില്ലു് തുടങ്ങിയ ആയുധങ്ങൾ മനുഷ്യർ ഉണ്ടാക്കാൻ തുടങ്ങി. ഇങ്ങനെ നിലം ഉഴാനും മററും വേണ്ട ഉപകരണങ്ങളുണ്ടായപ്പോൾ കൃഷി ചെയ്യാൻ സാധിച്ചു. ധാന്യം കിട്ടിയപ്പോൾ അതു പാകം ചെയ്യാൻ മൺപാത്രങ്ങളുണ്ടാക്കി. കന്നുകാലികളെയും ആടുമാടുകളെയും മനുഷ്യൻ വളർത്തിത്തുടങ്ങി. കാടുവെട്ടി വെളുപ്പിച്ചു ഭവനങ്ങളുണ്ടാക്കി; നഗ്നത മറയ്ക്കാൻവേണ്ട വസ്ത്രങ്ങൾ നിർമ്മിച്ചു. അങ്ങനെ അത്യാവശ്യങ്ങളൊക്കെ ഒരുവിധം ഭംഗിയായി കഴിഞ്ഞുകൂടി.



നവ്യശിലായുഗത്തിലെ ആയുധങ്ങൾ

ലോഹം കുഴിച്ചെടുത്തു് ഉപയോഗിക്കാൻ തുടങ്ങിയതാണു് പരിഷ്കാരത്തിന്റെ ചരിത്രത്തിൽ പിന്നീടുണ്ടായ പുരോഗതി. സ്വർണ്ണം, ചെമ്പു്, ചെമ്പും തുത്തനാകവും ചേർത്തുരുക്കിയ മിശ്രലോഹം എന്നിവകൊണ്ടു് ഉരുപ്പടികളുണ്ടാക്കാൻ തുടങ്ങി. ലോഹം തേടിപ്പിടിക്കാനും കൈമാററം ചെയ്യാനും മനുഷ്യർ യാത്രതുടങ്ങിയപ്പോൾ കച്ചവടം പരിചയപ്പെട്ടു. പക്ഷെ, മൂർച്ചയും ബലവും ഉള്ള ആയുധങ്ങൾ

മനുഷ്യന്റെ ശക്തിപരീക്ഷയ്ക്കും കൂടിയുള്ള ഉപകരണമായി
ത്തീൎന്നു. നോക്കുക, എന്തൊക്കെ വൈചിത്ര്യങ്ങളാണ്
ആയുധനിൎമ്മാണപുരോഗതിയോടൊപ്പം
ചരിത്രോദയം. രൂപം കൈക്കൊണ്ടത്! കൃഷി, വ്യവ
സായം, കച്ചവടം, യുദ്ധം—മനുഷ്യജീവി
തത്തിന് ഒഴിച്ചുകൂടാത്ത സംരംഭങ്ങളായിത്തീൎന്നു ഇവയൊ
ക്കെ. ലോകചരിത്രത്തിൽ പുതിയൊരു അദ്ധ്യായം തുറക്കാൻ
പററിയ സാഹചര്യങ്ങളാണ് നാം സമീക്ഷിച്ചത്.

## ഒന്നാം അദ്ധ്യായം

# നദീതടപരിഷ്കാരങ്ങൾ

വിശപ്പടക്കാനും നഗ്നത മറയ്ക്കാനും മാത്രമുള്ള പരിശ്രമമാണു് ചരിത്രാതീതകാലത്തെ മനുഷ്യനിൽ നാം കണ്ടതു്. ആയുധോപകരണങ്ങൾ പരിഷ്കരിച്ചതോടുകൂടി കൃഷി, കച്ചവടം തുടങ്ങിയ സംരംഭങ്ങൾ ഒരു വശത്തും കലാപരമായ അഭിവൃദ്ധി മറുവശത്തും ദൃശ്യമായി. ചുരുക്കിപ്പറഞ്ഞാൽ, ജീവിതം സുഖപ്രദമാക്കാനുള്ള ശ്രമം — അതാണു് പരിഷ്കാരം — അടിക്കടി വർദ്ധിച്ചു തുടങ്ങി.

ഈ പരിഷ്കാരം എവിടെയാണു് ആദ്യം മുളയിട്ടതു്? പ്രകൃതിവിഭവങ്ങൾ സമൃദ്ധിയായി ലഭിക്കാവുന്ന സ്ഥലങ്ങളേ മനുഷ്യന്റെ ഉദ്യമങ്ങൾക്കു് എളുപ്പം നല്കുകയുള്ളൂ. എവിടെയെല്ലാം ഇത്തരം സ്ഥലങ്ങളുണ്ടോ അവിടെയൊക്കെ ആളുകൾ കൂട്ടംകൂട്ടമായി താമസിക്കാൻ തുടങ്ങി. ഫലപുഷ്ടിയുള്ള നദീതടങ്ങളത്രേ ഈ പരിഷ്കൃതജനതയുടെ പരിരംഭണത്തിന്നു പ്രഥമമായി വിധേയമായതു്. ആഫ്രിക്കയിലെ നൈൽ നദീതടം, ഏഷ്യയുടെ പടിഞ്ഞാറുവശത്തുള്ള ടൈഗ്രിസ് — യൂഫ്രറ്റീസ് തടം, ഇന്ത്യയിലെ സിന്ധു നദീതടം, ചൈനയിലെ ടാരിംനദീതടം എന്നിവയാണു് പരിഷ്കാരത്തിന്റെ പ്രാഥമികപാഠങ്ങൾ കുത്തിക്കുറിക്കാൻ വേണ്ട വിഭവങ്ങൾ ആദ്യമായി ചരിത്രകാരനു സംഭാവന ചെയ്തതു്. ലോകചരിത്രത്തിലെ പ്രാരംഭഘട്ടം ഈ നദീതടങ്ങളിലും അതിന്റെ ചുററുപാടുമായി ഒതുങ്ങിക്കിടന്നുവെന്നർത്ഥം. നമുക്കു് ഈ നദീതടങ്ങളോരോന്നും ചെന്നു സന്ദർശിച്ചുനോക്കാം.

# 1. ഈജിപ്തു്

ലോകത്തിൽ പരിഷ്കാരം മുളയിട്ടതു് ആഫ്രിക്കയിലെ നൈൽ നദീതടത്തിലുള്ള ഈജിപ്തു് എന്ന രാജ്യത്തിലാണത്രേ. ഇന്ത്യക്കാരായ നമ്മളും നമ്മുടെ അയൽപക്കത്തു നിവസിക്കുന്ന ചൈനക്കാരും ഇതു കേൾക്കുമ്പോൾ പുരികം ചുളിച്ചേക്കാം. മോഹൻജൊദാരോ, ഹാരപ്പ എന്നീ സ്ഥലങ്ങളിൽ കണ്ടെത്തിട്ടുള്ള ചരിത്രലക്ഷ്യങ്ങൾ സമുന്നതമായൊരു പ്രാചീനപരിഷ്കാരത്തിന്റെ പാരമ്പര്യമാണു് സിന്ധുതടത്തിനു നല്കുന്നതു്. പക്ഷേ, തെളിവുകൾ മുഴുവൻ കണ്ടെത്തിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ ഈജിപ്തിന്റെ അവകാശത്തെ കയ്യേറാൻ നമുക്കു നിവൃത്തിയില്ല.

എവിടെയാണു്. ഈജിപ്തു്? എന്താണു് അവിടേക്കു ജനങ്ങളെ ആകർഷിച്ച ദിവ്യശക്തി? അതാണു് നമുക്കു നോക്കേണ്ടതു്. ആഫ്രിക്കയുടെ വടക്കുകിഴക്കുഭാഗത്തു് നെടുനീളത്തിൽ ഒരു നദി തെക്കുനിന്നും വടക്കോട്ടൊഴുകുന്നു.

**ഈജിപ്തു് കിടപ്പു്.**

ആ നദിയുടെ ഇരുവശങ്ങളിലുമായി തെക്കുവടക്കു് 750 നാഴിക നീളവും കിഴക്കുപടിഞ്ഞാറു പത്തുമുതൽ മുപ്പതുവരെ നാഴിക വീതിയുമുള്ള ഫലപുഷ്ടമായ പ്രദേശം വളരെ കാലേതന്നെ ജനങ്ങളെ ആകർഷിച്ചു. വലിയ കഷ്ടപ്പാടൊന്നും കൂടാതെ സുഖമായി ജീവിക്കാൻ വേണ്ട ചുറ്റുപാടുണ്ടായിരുന്നു അവിടെ. അതാണു് അവിടം പ്രാചീനപരിഷ്കാരത്തിന്റെ കളിത്തൊട്ടിലാവാൻ കാരണം.

ക്രി. മു. 4241-ാം ആണ്ടിലാണു ഈജിപ്തുകാരുടെ കൊല്ലം പിറക്കുന്നതു്. മെഡിറ്ററേനിയൻ വർഗ്ഗക്കാരാണു് അവിടെ താമസിച്ചു് ലോകത്തിനു ചരിത്രം സമ്പാദിച്ചു തന്നവർ. വസ്ത്രം നെയ്യാനും പാത്രങ്ങളുണ്ടാക്കാനും അവർക്കറിവുണ്ടായിരുന്നു.

**ജീവിതം**

ആദ്യം കളിമണ്ണുകൊണ്ടും പിന്നീടു് കല്ലുകൊണ്ടും അവർ പാത്രങ്ങളുണ്ടാക്കി. ഭവനങ്ങളും ശവക്കല്ലറകളും അവർ ഉണ്ടാക്കിയിരുന്നു. ചിത്രമെഴുതാനും സ്വർണ്ണാഭരണങ്ങളുണ്ടാ

ക്കാനും അവര ശീലിച്ചിരുന്നു. എണ്ണാനും എഴുതാനുംകൂടി അവൎക്കറിവുണ്ടായിരുന്നുവത്രേ! നൈൽനദി അവരുടെ ഒരു ദേവതയായിരുന്നു; മാത്രമല്ല, അതിനകത്തുണ്ടായിരുന്ന മുതല, ചിങ്കണ്ണി തുടങ്ങിയ ജന്തുക്കളും കൂടി അവരുടെ ആരാധനയ്ക്കു വിഷയീഭവിച്ചു. സൂൎയ്യദേവൻ ആകാശമാകുന്ന സാഗരത്തിൽക്കൂടി തുഴഞ്ഞു തുടിച്ചു നീന്തിക്കൊണ്ടിരിക്കുന്നൊരു ഉഗ്രമൂൎത്തിയാണെന്നത്രേ അവൎക്കു തോന്നിയതു്.

**സംസ്കാരം.**

പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട ഇവിടത്തെ നിവാസികൾ ക്രമേണ പല സൌകൎയ്യങ്ങളും സജ്ജമാക്കിത്തുടങ്ങി. നൈൽ നദീയിൽ നിന്നും തോടുവെട്ടിയും അണക്കെട്ടുകളുണ്ടാക്കിയും ജലസേചനപദ്ധതികളേൎപ്പെടുത്തി. സ്ഥലങ്ങൾ കണ്ടെഴുതി അവകാശത്തൎക്കങ്ങൾ തീൎത്തു. ഗണിതശാസ്ത്രത്തിൽ ചിലർ ചിന്തിക്കാൻ തുടങ്ങി. ഇങ്ങനെ, ബുദ്ധിശക്തികൊണ്ടു കാൎയ്യികബലത്തെ ജയിക്കാൻ കഴിവുള്ളൊരു ജനവിഭാഗം ഈജിപ്തിൽ ക്രമേണ പെരുകിത്തുടങ്ങി.

**രാജ്യരക്ഷ.**


എന്നാൽ, കായികശക്തി വളൎത്താനും ഈജിപ്തുകാർ തുനിയാതിരുന്നില്ല. ഫലപുഷ്ടിയുള്ള ഈ സ്ഥലം അയൽപ്രദേശങ്ങളിലുള്ള ആളുകളെ ആകൎഷിച്ചു. തങ്ങളുടെ ആട്ടമാട്ടുകൾക്കു വേനല്ക്കാലത്തേക്കുള്ള ഭക്ഷണവും തേടി അവർ ഈജിപ്തിലേക്കു കടന്നു. അപ്പോഴാണു് സ്വരാജ്യരക്ഷയ്ക്കുള്ള ഒരുക്കം ആവശ്യമായിത്തീൎന്നതു്. ഇങ്ങനെ, അക്രമികളോടു മല്ലിടാൻ പററിയ ഒരു വിഭാഗവും അവിടെ പെരുകിവന്നു. യുദ്ധവീരന്മാർ രാജ്യരക്ഷയ്ക്കും ബുദ്ധിശാലികൾ രാജ്യാഭിവൃദ്ധിക്കും വേണ്ടി പരിശ്രമിച്ചുതുടങ്ങി.

ബുദ്ധിശക്തിയും കായികബലവും രണ്ടു കൈവഴികളായി ഇങ്ങനെ വ്യാപിച്ചതോടെ സമുദായജീവിതത്തിന്റെ രീതിതന്നെ മാററി. ബുദ്ധിമാൻ കല്പിക്കാനും ബലവാൻ കല്പന നടത്താനും തുടങ്ങി. പുരോഹിതൻ ശാസിച്ചു. പടയാളി ശാസന നടത്തി. ഈ ചുററുപാടിൽ നിന്നും പുറപ്പെട്ട മറെറാരു വൎഗ്ഗമാണു് കല്പനയനുസരിക്കുന്നവർ. ബലവും

അധികാരശക്തിയും ഇങ്ങനെ വർദ്ധിച്ചതോടെ ആഡംബരഭ്രമവും പെരുകിത്തുടങ്ങി. ആകർഷകങ്ങളായ

**കച്ചവടം**

സാധനങ്ങൾ സംഭരിക്കുവാൻ ഇങ്ങനെയൊരണ് താല്പര്യം വർദ്ധിച്ചു. ഈ സംരംഭത്തിന്റെ ഫലമായിട്ടാണ് അന്യരാജ്യങ്ങളിലേക്കു കടക്കാൻ വഴികൾ വെട്ടിത്തെളിയിച്ചതും കച്ചവടം ആരംഭിച്ചതും.




പ്രാചീന ഈജിപ്ത്

ചരിത്രത്തിന്റെ പുലരിയിൽ കുറെ ചെറുപട്ടണങ്ങളാണ് ഈജിപ്തിൽ ഉണ്ടായിരുന്നത്. ഇവയൊക്കെ പ്രത്യേകം ഭരണകർത്താക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്നിരിക്കാം. ക്രമേണ പ്രബലൻ ദുർബ്ബലനെ കീഴടക്കി. ഒടുവിൽ രണ്ടു ഭരണകർത്താക്കന്മാരുടെ കീഴിലായി ഈജിപ്ത് മുഴുവൻ ലയിച്ചു.

## പ്രാരംഭഘട്ടം–മേനിസ്

ക്രി. മു. 3400–ൽ ഈജിപ്തിനെ ഏകീകരിക്കാൻ പ്രാപ്തനായ ഒരു രാജാവുണ്ടായി. അദ്ദേഹമാണ് മേനിസ്. സംയുക്തഈജിപ്തിൻെറ ജനയിതാവായ മേനിസ് ഇങ്ങനെ ചരിത്രം സൃഷ്ടിച്ച മഹാനായിത്തീൎന്നു. 'മെംഫിസ്' എന്ന സ്ഥലത്തായിരുന്നു മേനിസ്സിൻെറ രാജധാനി. ഈജിപ്തിലെ രണ്ടു സംസ്ഥാനങ്ങളുടേയും ഭരണാധികാരി എന്ന നിലയിൽ വെവ്വേറെ കിരീടങ്ങളും ഉദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു അദ്ദേഹത്തിന്ന്. കുറേക്കാലം കഴിഞ്ഞപ്പോഴാണ് രണ്ടെന്നുള്ള മനോഭാവത്തിന്നു മാററംവന്നത്. പക്ഷേ, അതു് സാമാന്യം നീണ്ട ഒരു കാലമായിരുന്നു. അതിന്നിടയിൽ പതിനേഴു രാജാക്കന്മാരുടെ വാഴ്ച്ചയുണ്ടായിട്ടുണ്ട്.

ഈ രാജാക്കന്മാരുടെ പേരൊന്നും തേടി നിങ്ങൾ കഷ്ടപ്പെടേണ്ട. തെക്കരെന്നും വടക്കരെന്നുമുള്ള മനോഭാവം ഈജിപ്തിൽ ഇടയ്ക്കിടെ കലഹത്തിന്നു കാരണമുണ്ടാക്കിയിരുന്നു എന്നുമാത്രം ഓൎമ്മിച്ചാൽ മതി. കലഹങ്ങൾ തീൎക്കാൻ കൎശനമായ നടപടികളാണ് ഈ രാജാക്കന്മാർ സ്വീകരിച്ചിരുന്നത്. "രാജാവ്" എന്നതിന്ന് ഈജിപ്ത്കാരുടെ ഭാഷയിൽ "പിറോ" എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. "ഫാരോ" എന്ന പദവും ഇതിൽനിന്നു വ്യത്യസ്തമല്ല. അതുകൊണ്ടാണ് ഈജിപ്തിലെ രാജാക്കന്മാരെ "ഫാരോ" എന്നു വിളിക്കുന്നത്.

## സോസെർ

ക്രി. മു. 2980–ൽ രാജാവായ സോസെർ നമുക്കു വേണ്ടപ്പെട്ടവനാണ്. അദ്ദേഹത്തിന്ന് "ഇമോട്ടെപ്പ്" എന്നൊരു മന്ത്രിയുണ്ടായിരുന്നു. ഇന്നത്തെ മന്ത്രിമാരുടെ നിലയല്ല അന്ന് മന്ത്രിമാൎക്കുണ്ടായിരുന്നത്. രാജ്യത്തിലെ പ്രധാന എഞ്ചിനീയറും, നിയമോപദേഷ്ടാവും, മരാമത്തുവിദഗ്ദ്ധനും, കാൎയ്യനിൎവ്വാഹകനും മന്ത്രിതന്നെയായിരുന്നു. ചുരുക്കത്തിൽ,

**ഇമോട്ടെപ്പ്.**

സൎവ്വജ്ഞനായിരിക്കണം മന്ത്രി. ഇമോട്ടെപ്പ് ഇതിൽ രണ്ടു നിലയിൽ സുപ്രസിദ്ധനായിരുന്നു. നിയമോപദേഷ്ടാവിൻെറ നിലയിൽ അദ്ദേഹം എഴുതിവെച്ചിട്ടുള്ള ആപ്തവാക്യങ്ങൾ

അനന്തരകാലത്തെ നിയമങ്ങൾക്ക മാതൃകയായിട്ടുണ്ട്. എന്നാൽ ഇതല്ലാ, രാജാവിൻെറ സ്മരണയ്ക്കായി പണിചെയ്യിച്ച ശവകുടീരമാണ്, അദ്ദേഹത്തെ ലോകചരിത്രകാരൻെറ ആദരത്തിന്ന പാത്രമാക്കിയതു്. ഈജിപ്തിലെ ആദ്യത്തെ പിറമിഡ് ഇതാണ്.

## പിറമിഡ്

മേല്പോട്ട് പോകുന്തോറും കൂർത്തുകൂർത്തുവരുന്ന ഒരുതരം സ്തംഭത്തെയാണ് പിറമിഡ് എന്നു പറയുന്നതു്. ലോകത്തിലെ ഏഴ് അത്ഭുതകാഴ്ചകളിൽ ഒന്നാണ് ഈജിപ്തിലെ പിറമിഡുകൾ. ആത്മാവ് നശ്വരമാണെന്നും, അതിൻെറ നിത്യശാന്തിക്കായി മൃതശരീരത്തെ ഭദ്രമായി സംരക്ഷിക്കേണ്ടതാണെന്നും ഈജിപ്ത്കാർ വിശ്വസിച്ചിരുന്നു. അതാണ് ശവകുടീരങ്ങൾ മോടിപിടിപ്പിക്കുന്നതിനായി ഭഗീരഥപ്രയത്നം ചെയ്ത് ഇത്തരം പിറമിഡുകൾ പണിതുണ്ടാക്കാൻ കാരണം. മേനസരുടെ കാലംമുതൽ രണ്ട നൂററാണ്ടുകൾ ഈജിപ്തിൻെറ ചരിത്രത്തിൽ "പിറമിഡ് നിർമ്മാണയുഗ"മായിട്ടാണ് കാണുന്നതു്. ക്രി. മു. 2900_ൽ ഈജിപ്ത് ഭരിച്ചിരുന്ന "ഖുഫു" എന്ന ഫാറോവാണ് ഏററവും വലിയ പിറമിഡ് പണിയിച്ചതു്. ഏതാണ്ട് 13 ഏക്കർ സ്ഥലം അതിൻെറ അടിവാരംകൊണ്ട മൂടിയിരിക്കുന്നു. 6000000 ടൺ കല്ലാണ് അതിന്നുവേണ്ടി വ്യയം ചെയ്തിട്ടുള്ളതു്. ഒരു ലക്ഷം പണിക്കാർ ഇരുപതുകൊല്ലം പണിയെടുത്തിട്ടാണത്രെ ഈ പിറമിഡ് പൂർത്തിയാക്കിയതു്. 484 അടിയാണ് അതിൻെറ പൊക്കം.

"ഗൈസെ" എന്ന സ്ഥലത്ത് ഒമ്പതു പിറമിഡുകൾ കാണാനുണ്ട്. ഇതെല്ലാം രാജാക്കന്മാരുടെ ശവകുടീരങ്ങളാണ്. ഇവയ്ക്കരികിലായി സുപ്രസിദ്ധമായ "സ്ഫിങ്സ്" (Sphinx) കാണാം. 189 അടി നീളവും 70 അടി പൊക്കവുമുള്ള ഒരു പാറയിന്മേൽ മനുഷ്യരൂപത്തിലുള്ള മുഖവും സിംഹാകൃതിയിലുള്ള ഉടലും കൊത്തിയിരിക്കുന്നതായ മനോഹരമായ ഒരു കാഴ്ചയാണ് സ്ഫിങ്സ്. ഒരു ക്ഷേത്രവുംകൂടി ഇതേ പാറയിൽത്തന്നെ കൊത്തിയുണ്ടാക്കിട്ടുണ്ട്.



ചിയോപ്സിന്റെ പിറമിഡും സ്ഫിങ്ക്സും.

പിറമിഡുകളും നോക്കി ഇതിലധികം നിങ്ങൾ ചുററിത്തിരിയരുതു്. ഈജിപ്തിലെ പഴയ രാജകുടുംബങ്ങളെപ്പററി ഇനിയും നമുക്കു ചിലതു പഠിക്കാനുണ്ടു്. ക്രി. മു. 2400 മുതൽ 1400 വരെയുള്ള കാലത്തു് ആറു രാജവംശങ്ങളാണുണ്ടായിട്ടുള്ളതു്. ഒന്നാം രാജവംശം മേനിസ്സിനാൽ സ്ഥാപിക്കപ്പെട്ടു. രണ്ടാം വംശത്തിൽ നമുക്കൊന്നും ഓക്കാനില്ല. മൂന്നാം രാജവംശത്തിലെ രണ്ടാമത്തെ രാജാവായിരുന്നു സോസർ. നാലാം വംശസ്ഥാപകൻ "ഖുഫു" രാജവംശങ്ങൾ. ആണു്. അദ്ദേഹം പണിയിച്ച അത്യുന്നതമായ പിറമിഡിനെപ്പററി നിങ്ങൾ പഠിച്ചു കഴിഞ്ഞു. അഞ്ചാം രാജവംശത്തിന്റെ കാലത്തു് ഈജിപ്തിൽ വാണിജ്യാഭിവൃദ്ധിയുണ്ടായി. ആറാം വംശത്തിലെ ഒടുവിലത്തെ രാജാവായ പെപ്പി രണ്ടാമൻ തൊണ്ണൂററിനാലുകൊല്ലം ഭരണം നടത്തി. അതുകൊണ്ടു മടുത്ത പ്രഭുക്കന്മാർ സ്വയം പ്രബലപ്പെട്ടുവന്നു. രാജാവു മരിച്ചതോടെ അധികാരത്തിനു വേണ്ടിയുള്ള മത്സരവും ആരംഭിച്ചു. ഇങ്ങനെ മേനിസ്സിന്റെ കീഴിൽ ഏകീകരിക്കപ്പെട്ട ഈജിപ്തു് വീണ്ടും ചെറുഖണ്ഡങ്ങളായി ഭാഗിക്കപ്പെട്ടു. രാജാധികാരം നാമമാത്രമേ ആയിരുന്നുള്ളു.

മദ്ധ്യകാലഘട്ടം :

ക്രി. മു. 2400 മുതൽ 1800 വരേയുള്ള കാലം പ്രാചീന ഈജിപ്തിലെ രാജവാഴ്ചയുടെ ചരിത്രത്തിന്റെ മദ്ധ്യഘട്ടമാണ്. ഏഴും എട്ടും രാജവംശത്തിന്റെ കാലം കലങ്ങിമറിഞ്ഞതായിരുന്നു. ഒമ്പതാം രാജവംശത്തിന്റെ കാലത്തു സീരിയയിൽനിന്ന് ഒരു ആക്രമണമുണ്ടായി. പത്താംവംശം നാമമാത്രമേ ആയിരുന്നുള്ളു. പതിനൊന്നാം രാജവംശത്തിന്റെ കാലത്ത് പല യുദ്ധങ്ങളുമുണ്ടായെങ്കിലും രാജ്യത്തു ക്ഷേമം പുലർന്നു. അവരുടെ തലസ്ഥാനം "തീബ്സ്" ആയിരുന്നു. പന്ത്രണ്ടാം വംശത്തിന്റെ കാലത്ത് സെമെററിക വർഗ്ഗത്തിൽപ്പെട്ട ഒരു കൂട്ടർ സിറിയയിൽ നിന്നും ഈജിപ്തിലേയ്ക്കു കടന്ന് കൊള്ളയടിക്കുകയുണ്ടായി. അപരിഷ്കൃതരായ ഇവരെ "ഹൈക്സോ" അഥവാ, ഇടയരാജാക്കന്മാർ, എന്നത്രേ വിളിച്ചിരുന്നത്. ഈജിപ്തിന്റെ പരിഷ്കാരത്തിന്ന് ഈ ആക്രമണം മൂലം അധോഗതി സംഭവിച്ചു. ക്രി. മു. 1580-ൽ തീബ്സിലെ രാജകുടുംബത്തിൽപ്പെട്ട ആമിസ് (Aahmes) ഈ ഇടയരാജാക്കന്മാരെ ഓടിച്ച് ഈജിപ്തിൽ ഐക്യം പുനഃസ്ഥാപിച്ചു. ആമിസ് സ്ഥാപിച്ച രാജവംശം പതിനെട്ടാമത്തേതായിരുന്നു.

രണ്ടായിരത്തിൽപരം കൊല്ലങ്ങളിലെ രാജവാഴ്ചയുടെ ചരിത്രമാണ് നാം ഇതുവരെ കണ്ടത്. അതിൽ അഭ്യുദയവും അധോഗതിയും ഐക്യവും അനൈക്യവും ഇടകലർന്നങ്ങനെ ഇഴഞ്ഞുപോയി എന്നു മാത്രം ഓർത്താൽമതി.

ജീവിതം, സംസ്കാരം.

അന്നത്തെ സാമുദായജീവിതവും സംസ്കാരവും എങ്ങനെയായിരുന്നു എന്നാണ് നമുക്കു മുഖ്യമായി മനസ്സിലാക്കാനുള്ളത്. ആത്മാവിന്റെ അനശ്വരതയിൽ അവർക്കു ദൃഢവിശ്വാസമുണ്ടായിരുന്നു. അതാണ് പിറമിഡുകളുടേയും മററും കാര്യത്തിൽ ഇത്ര വലിയ ശുഷ്കാന്തി കണ്ടത്. രാജാക്കന്മാർ മരിച്ചാൽ അവരുടെ തലച്ചോറും ഹൃദയവുമൊക്കെ തുരന്നെടുത്ത് ഒരു പാത്രത്തിലാക്കി മുദ്രവെച്ചു ശവശരീരത്തോടൊപ്പം കുഴിച്ചിട്ടിരുന്നു. അവയുടെ രക്ഷയ്ക്കുവേണ്ടി

യാണത്രെ ഇങ്ങനെ ചെയ്തിരുന്നതു്. പരലോകത്തിൽ പരേതനെ സേവിക്കാൻവേണ്ടി ഏതാനും പരിചാരകന്മാരേയും ഇതോടൊപ്പം കഴിച്ചിടാറുണ്ടത്രെ! പക്ഷെ, വളരെക്കാലത്തേക്കു നിന്നില്ല ഈ ക്രൂരസമ്പ്രദായം.

രാജാവു് ഈശ്വരന്റെ പുത്രനാണെന്നായിരുന്നു ഈജിപ്തുകാരുടെ വിശ്വാസം. പിന്തുടൎച്ചാവകാശം പെൺമൊഴി ക്രമത്തിലായിരുന്നു. ഉന്നത ഉദ്യോഗങ്ങളൊക്കെ രാജകുമാരന്മാൎക്കാണു് നല്കിയിരുന്നതു്.

സമാധാനം പുലൎത്താൻ നിയമങ്ങളും ഭരണനിൎവ്വഹണത്തിനുവേണ്ട നികുതികളും അന്നു നടപ്പുണ്ടായിരുന്നു. നാണയം അന്നുണ്ടായിരുന്നില്ല. സാധനം കൈമാററം ചെയ്തിട്ടാണു് കച്ചവടം നടത്തിയിരുന്നതു്. എന്നാൽ, കടൽവഴിക്കും കരവഴിക്കും വ്യാപാരം നടപ്പുണ്ടായിരുന്നു. വഞ്ചികളും മറവും പണിയാൻ ഈജിപ്തുകാൎക്കു വശമുണ്ടായിരുന്നു.

## മൂന്നാംഘട്ടം: [ക്രി മു. 1600—1000]

ഇടയരാജാക്കന്മാരെ ഓടിച്ചു് ഈജിപ്തിന്റെ അഭിവൃദ്ധിയും ഐക്യവും പുനഃസ്ഥാപിച്ച പതിനെട്ടാം രാജവംശത്തോടു നാം കൃതഘ്നരാവരുതു്. ഇവരുടെ വാഴ്ച ഈജിപ്തിന്റെ പ്രാചീനചരിത്രത്തിൽ ഒരു സുവൎണ്ണകാലമായിരുന്നു. ഇവരിൽ തോത്ത്മിസ് മൂന്നാമൻ പ്രതാപവാനും പ്രബലനുമായിരുന്നു. പതിനേഴപ്രാവശ്യം അദ്ദേഹം സിറിയയിൽ യുദ്ധം ചെയ്തു. ലിബിയയിലും എത്യോപ്യയിലും തോത്ത്മിസ്സിന്റെ പ്രതാപം പരന്നു. ബാബിലോണിയാരാജാവു് അദ്ദേഹത്തെ ആദരിച്ചിരുന്നു. അദ്ദേഹത്തെ പിന്തുടൎന്ന എല്ലാ രാജക്കന്മാരെപ്പററിയും വിസ്തരിക്കാൻ ഇവിടെ സ്ഥലമില്ല. എന്നാൽ അമെനോട്ടെപ്പ്, അഥവാ അമെനോഫിസ് നാലാമന്റെ വാഴ്ച സ്മരണീയമാണു്.

ക്രി. മു. 1375-ലാണു് അമെനോഫിസ് സ്ഥാനാരോഹണം ചെയ്തതു്. വലിയൊരു മതപരിഷ്കൎത്താവായിരുന്നു

അദ്ദേഹം. ഈജിപ്ത്തുകാർ "ആതൻ" എന്ന ദേവനെയൊഴികെ യാതൊരു ദേവനേയും ആരാധിക്കാൻ പാടില്ലെന്നു് അമെനോഫിസ് കല്പിച്ചു. അന്ധവിശ്വാസത്തിൽ അടിയറച്ച അന്നത്തെ ജനങ്ങൾക്കു് ഈ മതപരിവത്തനനയത്തോടുണ്ടാകാവുന്ന മനോഭാവം എന്തായിരിക്കുമെന്നാലോചിച്ചുനോക്കുക. മതാദ്ധ്യക്ഷന്മാരൊക്കെ വല്ലാതെ ക്ഷോഭിച്ചുവശായി. പക്ഷെ, അമെനോഫിസ് ഇതുകൊണ്ടൊന്നും കുലുങ്ങിയില്ല. തന്റെ പേരുതന്നെ ആതനെ ആദരിച്ചു് "അഖ്നാതൻ" എന്നാക്കി അദ്ദേഹം പരിഷ്ക്കരിച്ചു. ആതന്റെ പ്രതിഷ്ഠയോടുകൂടിയ പുതിയൊരു നഗരം നിമ്മിച്ചു. തലസ്ഥാനം തീബ്സിൽ നിന്നു് അങ്ങോട്ടു മാററി.

അമെനോഫിസ്. IV

ആതാരാധന.

ആതൻ സമാധാനത്തിന്റെ ദേവനാണെന്നത്രെ അഖ്നാതൻ വിശ്വസിച്ചിരുന്നതു്. ഇന്ത്യയിൽ ബുദ്ധമതം അശോകനെ മാനസാന്തരപ്പെടുത്തിയതുപോലെ ആതാരാധന അഖ്നാതനേയും ആകർഷിച്ചു. അശോകനെപ്പോലെ അഖ്നാതനും യുദ്ധത്തിൽ വിരക്തിയുണ്ടായി. ഏഷ്യയിൽ തന്റെ ശത്രുക്കളോടു യുദ്ധം ചെയ്യാൻ സൈന്യത്തെ ആവശ്യപ്പെട്ടപ്പോഴും അദ്ദേഹം അയച്ചുകൊടുത്തില്ല. പതിനെട്ടാമത്തെ വയസ്സിൽ രാജ്യഭാരം കയ്യേററ അദ്ദേഹം മുപ്പതാം വയസ്സിൽ മരിച്ചു.

ജീവിതം

ലോകത്തിലെ ആദ്യത്തെ ആദശ്‌വാദിയും ഏകദൈവവിശ്വാസിയുമാണു് അഖ്നാതൻ. അന്താരാഷ്ട്രീയാദശ്ങ്ങളിലും ലോകത്തിനു മാതൃക കാട്ടിത്തരുന്നതു് അദ്ദേഹമാണു്. ആതാരാധന ഈ ആദശ്ങ്ങളുടെ ഒരു പ്രത്യക്ഷോദാഹരണമാണു്. അതാണു് ചരിത്രം അദ്ദേഹത്തെ മറക്കാത്തതു്. പക്ഷെ, അക്ബർ ചക്രവത്തിയുടെ ഏകമതസ്ഥാപനം * പോലെ അഖ്നാതന്റെ ആതാരാധനയും അദ്ദേഹത്തിന്റെ

* ഇതു് വളരെ നൂററാണ്ടുകൾക്കു ശേഷമാണു് നടന്നിട്ടുള്ളതു്.

കാലശേഷം നാമാവശേഷമായി. പതിനെട്ടാം വംശത്തിലെ മററ രാജാക്കന്മാരെപ്പററി ഇവിടെ വിസ്തരിക്കുന്നില്ല.

പത്തൊമ്പതാം വംശത്തിൽ റമിസസ് രണ്ടാമൻെറ അറുപത്തേഴുകൊല്ലത്തെ ഭരണം നമ്മെ ആകഷിക്കുന്നുണ്ട്. സിരിയ, ന്യൂബിയ, ലിബിയ എന്നിവിടങ്ങളിലൊക്കെ അദ്ദേഹം യുദ്ധം ചെയ്തിട്ടുണ്ട്. അന്നു് ഈജിപ്തിൽ ഭക്ഷണക്ഷാമം ഭയങ്കരമായിരുന്നു. ക്ഷേത്രപരാത്ഥങ്ങാം മതാദ്ധ്യക്ഷന്മാർ ക്ഷേത്രങ്ങളിൽ പൂഴ്ത്തിവെക്കുകയാണത്രെ ചെയ്തതു്. റമിസസ്സും പിൻവാഴ്ച്ചക്കാരും ആഡംബരാസക്തന്മാരായി കഴിഞ്ഞുപോന്നതിനാൽ മതാദ്ധ്യക്ഷന്മാർ കൂടുതൽ അധികാരങ്ങാം കൈക്കലൊക്കി.

റമിസസ് രണ്ടാമൻ.

## പരിഷ്കാരത്തിൻെറ പുരോഗതി.

ഈജിപ്തിൻെറ അധഃപതനകാലംവരെയുള്ള രാഷ്ട്രീയ ചരിത്രമേ നാം പരിശോധിച്ചു കഴിഞ്ഞുള്ളു. എന്നാൽ അതിൻെറ പ്രതാപകാലത്തു പരിഷ്കാരം പുരോഗമിച്ചിട്ടുണ്ടു്. അതും നമുക്കു പഠിക്കണം. പിറമിഡ് നിമ്മാണകാലത്തുണ്ടായിരുന്നതിൽ കവിഞ്ഞ പുരോഗതിയൊന്നും ഗണിതശാസ്ത്രത്തിനുണ്ടായില്ല. എന്നാൽ നക്ഷത്രങ്ങളുടെ സ്ഥാനം നിണ്ണയിക്കുക, ഗ്രഹണസമയം ഗണിച്ചറിയുക എന്നിവ പുതിയ നേട്ടങ്ങളായിരുന്നു. നിഴലിൻേറയും വെള്ളത്തിൻേറയും സഹായത്താൽ പകലും രാത്രിയും അവർ സമയം ഗണിച്ചിരുന്നു. ശവശരീരം മുറിക്കുകയും മററും ചെയ്തിരുന്നുവെങ്കിലും ശരീരശാസ്ത്രത്തെപ്പററി അവക്കുണ്ടായിരുന്ന ജ്ഞാനം വളരെ പരിമിതമായിരുന്നു. ചികിത്സാക്രമങ്ങളധികവും, അന്ധവിശ്വാസത്തിൽ അടിയുറച്ചവയായിരുന്നു.

## അധഃപതനം

ഇരുപതുമുതൽ മുപ്പതുവരേയുള്ള രാജവംശങ്ങളുടെ കാലം ഈജിപ്തിനെ അധഃപതനത്തിലേക്കാണു് നയിച്ചതു്. പുറമേനിന്നുള്ള ആക്രമണവും ആഭ്യന്തരകലഹങ്ങളും കൂടി

ഈജിപ്തിനെ ഞെരുക്കി. മതാദ്ധ്യക്ഷന്മാരുടെ അധികാരാസക്തിയാണ് ഈ ആഭ്യന്തരമത്സരത്തിനുള്ള മുഖ്യകാരണം.

ഇരുപതാം രാജവംശം ആരംഭിച്ചതോടെ സിറിയനിൽ നിന്നും ഒരാക്രമണമുണ്ടായി. മതാദ്ധ്യക്ഷന്മാർ ഈ ഘട്ടത്തിൽ രാജാവിനെ സഹായിച്ചില്ല. ഈ വംശത്തിലെ ഒടുവിലത്തെ രാജാവിന്റെ മരണശേഷം ഈജിപ്ത് രണ്ടായി ഭാഗിക്കപ്പെട്ടു. അതിലൊന്ന് പ്രധാനപുരോഹിതന്റെ കീഴിലാണ് ലയിച്ചത്. മതത്തിന്റെ അധികാരശക്തി അത്ര പ്രബലമായിരുന്നു അന്ന്.

ഇരുപത്തൊന്നാംരാജവംശം കേവലം പേരുമാത്രമായിരുന്നു. ഇരുപത്തിരണ്ടാം വംശത്തിന്റെ കാലത്ത് പാലസ്തൈനിലും നൂബിയയിലും ഈജിപ്തിന്നു നഷ്ടപ്പെട്ടിട്ടുണ്ടായിരുന്ന സ്ഥലങ്ങളൊക്കെ വീണ്ടെടുത്തു. ഈ വംശത്തിലെ 'നെക്കോ' ഇസ്രേൽ രാജാവിനെ യുദ്ധത്തിൽ നിഗ്രഹിച്ച് മുമ്പോട്ടു നീങ്ങി. ഈ പുറപ്പാട് ബാബിലൺ രാജാവിനെ സംഭ്രമിപ്പിച്ചു. ക്രി. മു. 605_ൽ ബാബിലൺ രാജാവും നെക്കോവും തമ്മിൽ നടന്ന യുദ്ധത്തിൽ നെക്കോ പരാജിതനായി. പിന്നീടുണ്ടായ രാജവംശങ്ങളൊന്നും നമ്മെ ആകർഷിക്കുന്നില്ല. ക്രി. മു. 525_ൽ കംബിസസ്സിന്റെ നേതൃത്വത്തിൽ വന്ന പേഴ്സ്യൻ സൈന്യം ഈജിപ്ത് കീഴടക്കി. ഇങ്ങനെ ആറാം നൂറ്റാണ്ടിൽ പേഴ്സ്യയുടെ അധീനത്തിലായ ഈജിപ്ത് ക്രി. മു. 332_ൽ അലക്സാണ്ടരുടെ ആക്രമണത്തിന്നിരയായതോടെ ഗ്രീക്കുകാരുടെ കീഴിൽ ലയിച്ചു.

## 2. സുമേരിയർ

ഏഷ്യാ ഭൂഖണ്ഡത്തിന്റെ പടം നോക്കുക. അറേബിയയുടെ വടക്കുഭാഗത്ത് "ഇറാക്ക്" എന്ന രാജ്യവും അതിന്നു പടിഞ്ഞാറ് "സിറിയ" "ട്രാൻസ്ജോർഡൻ" പാലസ്തൈൻ" എന്നിവയും കാണാം. ഇറാക്കിന്നു കിഴക്കും വടക്കുകിഴക്കും ഭാഗംകൊണ്ട് "ഇറാൻ" അഥവാ, പേഴ്സ്യയും സ്ഥിതിചെയ്യുന്നു. ടൈഗ്രീസ്, യൂഫ്രെട്ടീസ് എന്നീ നദികളും

ഈ പ്രദേശങ്ങളുടെ ഹൃദയം നനച്ചുകൊണ്ടിരിക്കുന്നു. ഇവിടമല്ലേ ലോകത്തെ പരിഷ്കാരസൂര്യന്റെ പ്രഭാതകിരണങ്ങൾകൊണ്ടു പൊൻപൂശിയതു്? അല്ലെന്നു തീർത്തുപറയുവാൻ പ്രയാസമാണു്. പല സാമ്രാജ്യങ്ങളുടേയും കളിത്തൊട്ടിലായിരുന്ന ഈ സ്ഥലം· ഒന്നു മിക്കവാറും തീർച്ചയാണു്. ടൈഗ്രീസ്__യൂഫ്രെറ്റീസ് നദികളാണു് പരിഷ്കാരത്തെ ഏഷ്യയിലേക്കു മാടിവിളിച്ചിട്ടുള്ളതു്.

**സുമേരിയർ.**

ക്രിസ്തു ജനിക്കുന്നതിനു 4000 കൊല്ലങ്ങൾക്കുമുമ്പു് കിഴക്കുനിന്നും ഒരു വർഗ്ഗക്കാർ ഇങ്ങോട്ടു നീങ്ങി. അവർ ഈ നദികളുടെ തടത്തിൽ "സുമർ" എന്ന സ്ഥലത്തു താവളം പിടിച്ചു. ഇവരെ "സുമേരിയൻ" വർഗ്ഗം എന്നാണു് വിളിച്ചുവന്നതു്. എഴുത്തും വായനയും ഇവർക്കു വശമായിരുന്നു. കമ്പിളിവസ്ത്രവും ഇവർ ഉപയോഗിക്കാറുണ്ടു്.

അദ്ധ്വാനശീലന്മാരായിരുന്നു സുമേരിയക്കാർ. നദിയിൽനിന്നു വെള്ളം തിരിച്ചെടുത്തു കൃഷിചെയ്തും അവിടവിടെ ദേവാലയങ്ങൾ പണിതും അവർ രാജ്യത്തെ മോടിപിടിപ്പിച്ചു. അവരുടെ പ്രധാന ദേവൻ "എല്ലിൽ" (എൻലിൽ എന്നും പറയാറുണ്ടു്) ആയിരുന്നു. ചെറിയ സ്വതന്ത്രനഗരങ്ങളാണു് ആദ്യം അവർ സ്ഥാപിച്ചതു്.

**സാമ്രാജ്യം.**

ഈ സുമേരിയക്കാരുടെ ഒരു പുരോഹിതനാണു് ലോകത്തിലെ ആദ്യത്തെ സാമ്രാജ്യസ്ഥാപകൻ. പക്ഷേ, ഈ സാമ്രാജ്യം നിലനിന്നില്ല. സുമേരിയയുടെ പടിഞ്ഞാറെ വക്കത്തു താവളം പിടിച്ചിട്ടുണ്ടായിരുന്ന 'സെമെറ്റിക്കു്' വർഗ്ഗത്തിൽപ്പെട്ട സാർഗൺ, ഇവരെ കീഴടക്കി. സാർഗന്റെ അനുയായികളെ 'അക്കേഡിയർ' എന്നാണു് വിളിച്ചിരുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ സാമ്രാജ്യത്തിനു സുമേരിയൻ__അക്കേഡിയൻ സാമ്രാജ്യം എന്നായി പേർ. ഈ സാമ്രാജ്യം ഇരുനൂറുകൊല്ലത്തോളം നിന്നു.

ഇക്കാലത്തുതന്നെ അറേബിയയിൽനിന്നും സെമെറ്റിക്കു ഗണത്തിൽപ്പെട്ട പല വർഗ്ഗക്കാരും വടക്കോട്ടു് നീങ്ങുകയു-

ണ്ടായി. ഒരു കൂട്ടർ പാലസ്തൈനിലും മറെറാരുകൂട്ടർ അതിനു വടക്കുവശത്തു സിരിയയിലും താവളമുറപ്പിച്ചു. എന്നാൽ, സുമേരിയൻ വർഗ്ഗക്കാരായിരുന്നു അക്കാലത്തു പ്രമാണികൾ.

# 3. ബാബിലോണിയ

സുമേരിയൻ അക്കേഡിയൻ സാമ്രാജ്യം ക്ഷയിക്കാൻ തുടങ്ങിയ കാലത്തു് ഇലാമൈററ് എന്നൊരു വർഗ്ഗം കിഴക്കുനിന്നും, സെമെററിക് ഗണത്തിൽപ്പെട്ട ആമൊറൈററ് എന്നൊരു കൂട്ടർ പടിഞ്ഞാറുനിന്നും വന്നു. സുമേരിയാ സാമ്രാജ്യത്തെ അവർ പങ്കിട്ടെടുത്തു. അതിൽ ആമൊറൈററ് വർഗ്ഗത്തെപ്പററിയാണ് ഇവിടെ പ്രസ്താവിക്കാൻ പോകുന്നതു്.

**ഹമ്മുറബി.**

നദീതീരത്തുള്ള 'ബാബിലൺ' എന്ന പട്ടണത്തിലാണ് അവർ താമസം തുടങ്ങിയതു്. എന്നാൽ ഈ ഇടുങ്ങിയ സ്ഥലം കൊണ്ടു തൃപ്തിപ്പെട്ടില്ല അവർ. അയൽരാജ്യങ്ങളോരോന്നായി അവർ അധിവസിച്ചുതുടങ്ങി. ക്രി. മു. 2100-ൽ അവരുടെ രാജാവായ 'ഹമ്മുറബി'യാണ് 'ബാബിലോണിയ' ഒരു സാമ്രാജ്യമാക്കിയതു്. 'ഇലാമൈററ്' വർഗ്ഗക്കാരാണ് ഹമ്മുറബിയുടെ സാമ്രാജ്യസംരംഭത്തിൽ പ്രധാനമായി എതിർത്തതു്. പക്ഷേ, പിടിച്ചെടുത്ത പട്ടണങ്ങളോരോന്നും കോട്ടകൊണ്ടു ഭദ്രമാക്കിയിട്ടേ അദ്ദേഹം മുമ്പോട്ടു കടന്നിരുന്നുള്ളു. ഈ തന്ത്രം സാമ്രാജ്യതല്ലരന്മാർ പലരും പിന്നീടു സ്വീകരിച്ചുകാണുന്നുണ്ടു്.

**എഴുത്തു്.**

കളിമണ്ണുകൊണ്ടു തീർത്ത പലകകളിന്മേൽ ഹമ്മുറബിയുടെ കാര്യദർശി എഴുതീട്ടുള്ള രേഖകളാണ് അന്നത്തെ ചരിത്രത്തിനുള്ള തെളിവു്. ഈ എഴുത്തുസമ്പ്രദായത്തെപ്പററി അറിയുവാൻ നിങ്ങൾക്കു കൗതുകം തോന്നിയേക്കാം. കളിമൺ പലകമേൽ എഴുതിക്കഴിഞ്ഞാൽ അതിന്മീതെ പൂഴിമണൽ വിരിക്കും. അനന്തരം കളിമണ്ണുകൊണ്ടുതന്നെ തീർത്തതായ ഒരു ഉറയിൽ ഈ പലകയിട്ടു രണ്ടുംകൂടി ചൂളയിൽ ചുട്ടെടുക്കും. ഉറപൊട്ടിച്ചാൽ

എഴുത്തു വായിക്കാം. എന്തൊരു കൌശലമാണെന്നു നോക്കുക.

ഭരണ നേട്ടങ്ങൾ.

ഒരു ഭരണകർത്താവെന്ന നിലയിൽ ഹമ്മുറബി സമർത്ഥനായിരുന്നു. കൃഷിയും ആടുമേക്കലും അദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധയെ ആകർഷിച്ചിരുന്നു. പുതുതായി അദ്ദേഹം ഒരു തോടുവെട്ടിക്കുകയുണ്ടായി. അരമനയിൽത്തന്നെ നാനാതരം വൃക്ഷങ്ങൾ അദ്ദേഹം നട്ടുപിടിപ്പിച്ചു. കാള, ഒട്ടകം എന്നീ മൃഗങ്ങളുടെ പുറത്താണ് അന്നു കച്ചവടസാമാനങ്ങൾ കൊണ്ടുപോയിരുന്നതു്. വഞ്ചികളും മററും അന്നു ധാരാളമുണ്ടായിരുന്നു.

നിയമങ്ങൾ.

ഹമ്മുറബിയുടെ പേരുകേട്ടാൽ ഇന്നു നമുക്കോർമ്മ വരുന്നതു് അദ്ദേഹത്തിന്റെ നിയമങ്ങളാണ്. പഴയ നിയമങ്ങൾ കാലത്തിനനുസരിച്ചു പരിഷ്കരിച്ചു; പുതിയവ പലതും അതിൽ കൂട്ടിച്ചേർത്തു. ശിക്ഷ അല്പം കഠിനമായിരുന്നു എന്നു ചിലർ ആക്ഷേപിച്ചേക്കാം. പക്ഷേ, അന്നത്തെ കാലത്തു് അതൊക്കെ സാധാരണയായിരുന്നു. മദ്യപാനം ചെയ്ത മതപുരോഹിതനെ വധശിക്ഷയ്ക്കു വിധിക്കാൻ ഹമ്മുറബിയുടെ നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു. ധൂർത്തയായ സ്ത്രീ ശിക്ഷാർഹയായിരുന്നു. മജിസ്ട്രേട്ടു കോടതിയും അപ്പീൽ കോടതിയും അന്നുമുണ്ടായിരുന്നു. ക്രിമിനൽക്കേസുകൾക്കു തെളിവു ശേഖരിക്കുവാൻ ആറുമാസമാണ് അവധി അനുവദിച്ചിരുന്നതു്. കൊലക്കുററത്തിന്റെ പേരിൽ അന്യായം ബോധിപ്പിക്കുന്ന കക്ഷി അതു തെളിയിച്ചില്ലെങ്കിൽ വധശിക്ഷയ്ക്കു വിധേയനായിരുന്നു. പുരയുടെ ഓടു് താഴെ വീണു ഒരു കുട്ടി മരിക്കുകയാണെങ്കിൽ ആ പുര മേഞ്ഞവന്റെ കുട്ടിയെ വധിച്ചുകൊള്ളണമെന്നത്രേ നിശ്ചയം. 'കണ്ടൻ തറിക്കു മുണ്ടൻ വടി' എന്ന തോതിലുള്ള ഇത്തരം ശിക്ഷകൾ ഇന്നു നമുക്കൊക്കെ അത്ര പിടിക്കില്ലായിരിക്കാം. പക്ഷേ, നാലായിരം കൊല്ലങ്ങൾക്കു മുമ്പുള്ള കഥയാണിതു്. അതോർമ്മ വേണം.

'അമെലു, (തറവാട്ടുകാർ) മുഷ്ക്കീനു, (മദ്ധ്യവർഗ്ഗക്കാർ) 'അടിമകൾ, എന്നിങ്ങനെ സമുദായത്തിൽ മൂന്നു വിഭാഗങ്ങളാണു് അന്നുണ്ടായിരുന്നതു്. ഈ അടിമകൾ പതിനാററാം നൂററാണ്ടിലും മററും ഉണ്ടായ അടിമകളെക്കാൾ തുലോം സ്വാതന്ത്ര്യരായിരുന്നു. അടിമകളോടു് അനീതി പ്രവൎത്തിച്ചാൽ ഇരട്ടിപ്പടിയായിരുന്നു ശിക്ഷ. പക്ഷേ, അവൎക്കു ലഭിക്കുന്ന സേവനങ്ങൾക്കും ഇരട്ടിപ്പടി പ്രതിഫലം കൊടുക്കേണ്ടിയിരുന്നു.

സമുദായം.

അന്നത്തെ വിവാഹരീതിയാണു് കേൾക്കേണ്ടതു്. വരൻ വധുവിൻെറ പിതാവിന്നു് എന്തെങ്കിലും സംഭാവന നൽകുന്ന ചടങ്ങുണ്ടായിരുന്നു. പക്ഷെ, സ്ത്രീധനം കൊടുക്കുമ്പോൾ ഒരു കുടുംബത്തിലേക്കാവശ്യമുള്ള എല്ലാ സാധനങ്ങളും അതിൽ ഉണ്ടായിരിക്കും. വിവാഹനിശ്ചയം ലംഘിക്കുന്ന കക്ഷി മറുകക്ഷിക്കു നഷ്ടം കൊടുക്കണമെന്നായിരുന്നു നിശ്ചയം. ഭാൎയ്യയെ പണയപ്പെടുത്തി കടം തീൎക്കാൻ ഭൎത്താവിന്നു സ്വാതന്ത്ര്യമുണ്ടായിരുന്നു. ഹിന്ദുക്കളുടെ ഇതിഹാസങ്ങളിൽ ധൎമ്മപുത്രരും ഹരിശ്ചന്ദ്രനുമൊക്കെ ഇത്തരത്തിൽ ഭാൎയ്യയെ പണയപ്പെടുത്തീട്ടുള്ള കഥകൾ നമുക്കും സുപരിചിതമാണല്ലോ.

വിവാഹരീതി

ഇഷ്ടികകൊണ്ടു കെട്ടിയ വീടുകളാണു് പട്ടണങ്ങളിലുണ്ടായിരുന്നതു്. വേണ്ടത്ര ജനലുകൾ ഇല്ലെങ്കിലും മുറികൾക്കൊക്കെ സാമാന്യം നല്ല വിസ്താരമുണ്ടായിരുന്നു. രാജധാനിയും അവിടത്തെ അന്തഃപുരവും മററും എല്ലാ സജ്ജീകരണത്തോടും കൂടിയതായിരുന്നു.

കെട്ടിടങ്ങൾ.

നാട്ടിൻപുറങ്ങളിൽ പല ധാന്യങ്ങളും കൃഷിചെയ്തിരുന്നു. ഈന്തപ്പഴം അവിടെ അനു സമൃദ്ധിയായി വിളഞ്ഞിരുന്നു. വൃക്ഷങ്ങളുടെ ചെറിയ ചില്ലകൾ നാട്ടിൻപുറവാസികൾ ഭക്ഷിക്കാറുണ്ടു്. ഇലയിൽ അട ചുട്ടെടുക്കുന്ന സമ്പ്രദായം ഇവിടെ സാധാരണമത്രേ.

ഇന്നത്തെപ്പോലെ പണം വ്യാപരിക്കാൻ ബാങ്കുകളൊന്നും അന്നുണ്ടായിരുന്നില്ല. ഈ ഇടപാടുകളൊക്കെ ദേവാല

യങ്ങളാണ് നടത്തിയിരുന്നത്. പക്ഷെ നമ്മുടെ ദേവാലയങ്ങളും ഇത്തരം വ്യാപാരങ്ങളിൽ ഇന്നു ദേവാലയങ്ങൾ. ധാരാളം ഇടപെടുന്നുണ്ടല്ലോ! അന്നു നാണയങ്ങളുണ്ടായിരുന്നില്ല. സ്വർണ്ണവും വെള്ളിയും നാണയത്തിന്റെ സ്ഥാനത്ത് തൂക്കം കൊടുക്കുകയായിരുന്നു സാധാരണ പതിവ്. ഇങ്ങനെ കൊടുക്കുന്ന സംഖ്യയ്ക്ക് ഇരുപതു ശതമാനം പലിശ സാമാന്യം കുറഞ്ഞ ഒരു നിരക്കായിരുന്നു.

പുരോഹിതന്മാർ ദേവാലയങ്ങളോടനുബന്ധിച്ചുള്ള കെട്ടിടങ്ങളിലാണ് പാർത്തിരുന്നത്. കുട്ടികളെ വിദ്യയഭ്യസിപ്പിച്ചിരുന്നതും ദേവാലയങ്ങളുടെ ആഭിമുഖ്യത്തിൽത്തന്നെയായിരുന്നു. "എൻലിൽ", "മർദുക്ക്" എന്നൊക്കെയായിരുന്നു ബാബിലോണിയായിലെ ദേവന്മാരുടെ പേരുകൾ. മരിച്ചവരെ വീടുകളിൽ കുടിവെച്ചു പൂജിച്ചു പോന്നിരുന്നു അന്ന്.

ഈജിപ്തിനെപ്പോലെ നീണ്ട ഒരു ചരിത്രം ബാബിലോണിയയ്ക്കുണ്ടായില്ല. ഹമ്മുറബിയുടെ അസാമാന്യമായ ബുദ്ധിവൈഭവവും ഭരണനൈപുണ്യവും അദ്ദേഹത്തിന്റെ അനന്തരഗാമികളിൽ കണ്ടില്ല. മാത്രല്ല, കിഴക്കുനിന്നും "കാസ്സൈറ്റ്" എന്നൊരു വർഗ്ഗക്കാർ ഈ തക്കത്തിൽ ഇങ്ങോട്ടു കടക്കുകയുണ്ടായി. അവരുടെ കുതിരപ്പട്ടാളത്തോടു പടവെട്ടാൻ ബാബിലോണിയക്കാർക്ക് സാധിച്ചില്ല. അങ്ങനെ ബാബിലോണിയസാമ്രാജ്യം നാമാവശേഷമായി.

## 4. അസ്സിറിയ

ബാബിലോണിയയുടെ വടക്കുഭാഗത്ത് "അസ്സൂർ" എന്നൊരു സ്ഥലമുള്ളതു ഭൂപടം നോക്കി കണ്ടുപിടിക്കുക. ഈ സ്ഥലം വളരെ ഫലപുഷ്ടിയുള്ളതായിരുന്നു അന്ന്. അയ്യായിരം കൊല്ലങ്ങൾക്കു മുമ്പ്. സെമറ്റിക്ക് ഗണത്തിൽപ്പെട്ട ഒരു കൂട്ടർ അസ്സൂർ പട്ടണത്തെ കേന്ദ്രമാക്കി ഒരു രാജ്യം സ്ഥാപിച്ചു. ഹമ്മുറബിയുടെ കാലത്ത് ഇവർ ബാബിലോണിയാസാമ്രാജ്യത്തിന്റെ കീഴിലായിരുന്നു. എങ്കിലും അന്നത്തെ ആ പാരതന്ത്ര്യം അവരുടെ പരിഷ്കാരത്തിന്നു പുരോഗതി

യാണുണ്ടാകുന്നത്. ബാബിലോണിയാക്കാരുടെ ആചാരങ്ങൾ പലതും അവർ പഠിച്ചു.

ഒരു സാമ്രാജ്യം സ്ഥാപിക്കാൻ വേണ്ട എല്ലാ ചുററുപാടുകളും അവർക്കു സിദ്ധിച്ചു. യുദ്ധദേവതയായ "അഷുർ" ആയിരുന്നു അവരുടെ പ്രധാന ആരാധനാമൂർത്തി. ഈ ആരാധനതല്പരതയെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടത്ര കുതിരകളും അവരുടെ കൈവശമുണ്ടായിരുന്നു. ഇങ്ങനെ ഉത്സാഹവും ശക്തിയും ഒത്തിണങ്ങി. ഇതിനു പുറമെ, അവസരാനുകൂല്യവും അവർക്കു സിദ്ധിച്ചു. അയൽരാജ്യമായ സിറിയ ഈജിപ്തുമായി തുടരെത്തുടരെ യുദ്ധങ്ങളിലേർപ്പെട്ടുകൊണ്ടിരുന്നതിനാൽ ഇവർക്കു സാമ്രാജ്യം വളരാൻ ഒരു വിഷമവുമുണ്ടായില്ല.

അസ്സീറിയൻ സാമ്രാജ്യം




1. ബാബിലോൺ, 2. നിപ്പൂർ, 3. ഊർ, 4. കാർച്ചെമിഷ്.

തിഗ്ലത്ത് പിലെസർ ഒന്നാമന്റെ കാലത്താണ് അസ്സീറിയ ഒരു സാമ്രാജ്യത്തിന്റെ പദവിയിലെത്തിയത്. ഹിറ്റൈറ്റ് വർഗ്ഗക്കാരുടെ താവളങ്ങളും സൈഡോൺ, ബൈബ്ളസ് തുടങ്ങിയ സ്ഥലങ്ങളും തിഗ്ലത്ത് കീഴടക്കി. ഇങ്ങനെ രാജ്യം വിസ്തൃതമാക്കിയതിന്നു പുറമെ കോവിലകങ്ങളും ദേവാലയങ്ങളുമൊക്കെ അദ്ദേഹം പുതുക്കിപ്പണിതു. നല്ലൊരു മൃഗശാലയും തിഗ്ലത്ത് സ്ഥാപിച്ചു. ആട്ടിൻകൂട്ടമായിരുന്നു അദ്ദേഹത്തിന്നുണ്ടായിരുന്ന പ്രധാന സ്വത്ത്.

തിഗ്ലത്ത് പിലെസർ 1.

തിഗ്ലത്തിന്റെ മരണത്തോടുകൂടി ഈ സാമ്രാജ്യം വല്ലാതെ ക്ഷയിച്ചു. അസ്സൂർ, നിനവെ എന്നീ പട്ടണങ്ങളും അതിനു ചുറ്റുമുള്ള കുറച്ചു സ്ഥലവും മാത്രമേ അസ്സീറിയയിൽ അവശേഷിച്ചുള്ളു. വടക്കു നിന്നുണ്ടായ സിത്തിയൻ ആക്രമണമാണ് ഇതിന്നു കാരണം. എന്നാൽ, ഈ അധഃപതനം ഒരു താല്ക്കാലികസംഭവം മാത്രമേ ആയുള്ളു. അവിടത്തെ ജനങ്ങൾ രാജഭക്തന്മാരായിരുന്നതിനാൽ രാജ്യരക്ഷയ്ക്കും അഭിവൃദ്ധിക്കും വേണ്ടി സംഘടിച്ചു. കാൽഡിയാ, ഇലാം തുടങ്ങി തെക്കുവശത്തുള്ള ചില സ്ഥലങ്ങളും വടക്കുപടിഞ്ഞാറുള്ള കപ്പഡോസ്യയും അവർ അധീനമാക്കി.

ഇവിടത്തെ എല്ലാ രാജാക്കന്മാരുടേയും പേരുകൾ പറഞ്ഞു നിങ്ങളെ വിഷമിപ്പിക്കുന്നില്ല. അവരിൽ പലരും പൂർവ്വികന്മാർ സമാർജ്ജിച്ചുവെച്ച സാമ്രാജ്യസമ്പത്ത് അഭിവൃദ്ധിപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെന്നു മാത്രം ഓർത്തുവെക്കുക. പിടിച്ചെടുത്ത സ്ഥലങ്ങളൊക്കെ തത്തത്സന്ദർഭങ്ങളിൽ കോട്ട കെട്ടി സുരക്ഷിതമാക്കാനും, തരിശുഭൂമികൾ കൃഷിചെയ്തു ഫലപുഷ്ടമാക്കാനും അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഭവനനിർമ്മാണത്തിന്നു വേണ്ട സഹായങ്ങളും കലകൾക്കു പ്രോത്സാഹനവും രാജാക്കന്മാരിൽ നിന്നു ലഭിക്കുക സാധാരണമാണ്. ഇഷ്ടികയ്ക്കു പുറമെ, കല്ലും അന്നു വീടുകൾ കെട്ടാൻ ഉപയോഗിക്കാറുണ്ട്. ഭവനങ്ങളിൽ ചിത്രാലങ്കാരങ്ങളൊക്കെ ധാരാളമുണ്ടായിരുന്നു.

ഏകാധിപത്യമാണ് അന്നത്തെ രാജാക്കന്മാരുടെ ഭരണനയം. സാമ്രാജ്യത്തെ സംസ്ഥാനങ്ങളായി ഭാഗിച്ച് പ്രത്യേകം ഗവർണ്ണർമാരെ ഭാരമേല്പിച്ചിരുന്നു. ഗവർണ്ണർമാർക്കു

ആവശ്യം വരുന്ന സന്ദർഭങ്ങളിലൊക്കെ കേന്ദ്രത്തിൽനിന്നും സൈന്യസഹായം ലഭിച്ചിരുന്നു.

ഇത്രയും സാമാന്യമായി അറിഞ്ഞിരിക്കുക. പ്രധാനപ്പെട്ട ചില രാജാക്കന്മാരെപ്പററി ഒന്നു രണ്ടു വാക്കുകൾ കൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. ക്രി. മു. 725-ൽ അസ്സീറിയയിലെ പിന്തുടർച്ചാവകാശക്രമത്തിന്നു വിരുദ്ധമായി സാർഗൺ എന്നൊരാൾ രാജപദം കയ്യേറി. സിരിയാ ഈജിപ്പ്, ഇലാം, കാൽഡിയാ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും തുടരെത്തുടരെയുണ്ടായ എതിർപ്പുകളൊന്നും സാർഗണെ പിന്തിരിപ്പിച്ചില്ല. അദ്ദേഹം സ്ഥാപിച്ച സാമ്രാജ്യം ഒരു നൂററാണ്ടു കാലത്തേക്കു നില നിന്നു.

സാർഗൺ.

സാർഗന്റെ പുത്രനായ സെന്നാച്ചെറിബ് പ്രശസ്തനാണ്. ഈജിപ്തിനേയും സിരിയയേയും കൂട്ടുപിടിച്ച കാൽഡിയക്കാർ അസ്സീറിയ തകർക്കാൻ ശ്രമിച്ചു. എന്നാൽ, സെന്നാച്ചെറിബ് നിഷ്പ്രയാസം അവരെ കീഴടക്കി ബാബിലോണിയയും അദ്ദേഹത്തിന്റെ കാലത്ത് അസ്സീറിയൻ സാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു. പാരമ്പര്യങ്ങളിൽ നിന്നു വ്യതിചലിച്ച് പുരോഗമനോന്മുഖങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി ഭരണയന്ത്രം നയിച്ച ഒരു രാജാവാണ് സെന്നാച്ചെറിബ്. അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ പതിഞ്ഞതു പട്ടണപരിഷ്കാരത്തിലാണ്. തലസ്ഥാനമായ നിനവെ നഗരത്തിലെ പാതകൾ വിസ്തൃതമാക്കി ജലവിതരണപദ്ധതികൾ ഏർപ്പെടുത്തിയതു് അദ്ദേഹമാണ്. കേന്ദ്രഗവമ്മേണ്ടും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ഈ



അസ്സീറിയാ രാജാവും മന്ത്രിയും

ആവശ്യത്തെ മുൻനിർത്തി ഏതാനും സന്ദേശവാഹകന്മാരെ നിയമിച്ചു. ലോകത്തിലെ ആദ്യത്തെ തപാൽ സമ്പ്രദായം ഇതാണ്.

അക്കാലത്ത് ഇന്ത്യയും അസ്സിറിയായും തമ്മിൽ കച്ചവടം നടന്നിരുന്നു. ഇന്ത്യയിൽനിന്നും കൊണ്ടുവന്ന പരുത്തിച്ചെടി അസ്സിറിയായിൽ നട്ടുപിടിപ്പിക്കുകയുണ്ടായത്രേ.

സെന്നാച്ചെറിബ്ബിന്റെ പുത്രൻ ഈജിപ്തിന്റെ വലിയൊരു ഭാഗവും സൈപ്രസ് ദ്വീപും കീഴടക്കി. അതിനുശേഷം രാജാവായ അസ്സൂർ—ബാനി—പാൽ ഭരണതന്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിൽ അസ്സിറിയൻ സാമ്രാജ്യം നല്ലവണ്ണം അഭിവൃദ്ധിപ്പെടുകയുണ്ടായി. തലസ്ഥാനനഗരമായ നിനവെ കച്ചവടത്തിന്റെ കേന്ദ്രമായിരുന്നു.

അസ്സൂർ—ബാനി—പാൽ

അന്നത്തെ സമുദായജീവിതം വളരെ സുഖപ്രദമായിരുന്നു. പുരോഹിതന്മാരായിരുന്നു സമുദായത്തിൽ ആദ്യസ്ഥാനത്തു നിന്നിരുന്ന പ്രഭുക്കൾ. ഗവർണ്ണർമാരും പടനായകന്മാരുമടങ്ങിയതായിരുന്നു രണ്ടാം വിഭാഗം. ഉണ്ടികക്കാർ, വ്യാപാരികൾ, കല്ലാശാരി മരാശാരി തുടങ്ങിയവരൊക്കെ സാമാന്യജനതയിൽ ഉൾപ്പെട്ടവരായിരുന്നു. തൊഴിലുകൾ മിക്കതും പാരമ്പര്യക്രമത്തിലാണ് ആചരിച്ചു പോന്നിരുന്നത്.

നല്ലൊരു പണ്ഡിതനായിരുന്നു അസ്സൂർ—ബാനി—പ പല സംഗതികളും രേഖപ്പെടുത്തിട്ടുള്ള കളിമൺ പലകകൾ അദ്ദേഹം ശേഖരിച്ചുവെച്ചു. അക്കാലത്തെ ചരിത്രത്തെപ്പറ്റി ഇത്രയൊക്കെ നമുക്കറിയാൻ സാധിക്കുന്നത് ഈ രേഖകളിൽ നിന്നാണ്.

മതം

മതസംബന്ധമായ കാര്യങ്ങളിൽ രാജാക്കന്മാരെ ഉപദേശിച്ചിരുന്നത് വെളിച്ചപ്പാടന്മാരായിരുന്നു. ഈ ദേവാഭിഷ്ട പ്രവാചകന്മാർക്ക് അരമനയിൽ വലിയൊരു, സ്ഥാനമാണ് അന്നുണ്ടായിരുന്നത്. അസ്സൂർ ഇഷ്ടർ എന്നൊക്കെയാണ് അന്നത്തെ ഇവരുടെ ദേവതകളുടെ പേർ. പ്രേതബാധയൊഴിക്കാൻവേണ്ടി രക്ഷാ

യന്ത്രങ്ങളും മററും ജപിച്ചുധരിക്കുന്ന സമ്പ്രദായം ഇന്നത്തേക്കാൾ കൂടുതലായിരുന്നു അന്നു്.

സമ്പ്രദായങ്ങൾ.

വൈദ്യം, ജ്യോതിഷം തുടങ്ങിയ ശാസ്ത്രങ്ങളുടെ പ്രാരംഭപാഠങ്ങളൊക്കെ അന്നു സമാൎജ്ജിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. ശിക്ഷാനിയമങ്ങൾ ഹമ്മുറബിയുടെ കാലത്തേക്കാൾ കഠിനമായിരുന്നു അന്നു്. കഠിനതടവു്, ചമ്മട്ടികൊണ്ടടിക്കൽ, മൂക്കും ചെവിയും ചെത്തൽ, തുടങ്ങിയ ശിക്ഷകൾ വളരെ നിസ്സാരകുററത്തിനുള്ളവയായിരുന്നു. യുദ്ധത്തടവുകാരുടെ ഭാൎയ്യമാൎക്കു് രണ്ടുകൊല്ലം ഗവൎമ്മെണ്ടിൽനിന്നു് ചിലവിനു കൊടുക്കും. അതിനകം ഭൎത്താവു മടങ്ങിവന്നില്ലെങ്കിൽ ആ സ്ത്രീക്കു് മറെറാരാളെ വിവാഹം ചെയ്യാം. എന്നാൽ ആദ്യത്തെ ഭൎത്താവു മടങ്ങി വന്നാൽ വീണ്ടും അയാളെത്തന്നെ സ്വീകരിക്കാൻ ആ സ്ത്രീക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു.

രാജ്യരക്ഷയ്ക്കുള്ള സൈന്യം വലുതായിരുന്നു. രഥം, കുതിര, കാലാൾ എന്നീ വിഭാഗങ്ങളും ധാരാളം കൂലിവേലക്കാരുമുണ്ടായിരുന്നു ഈ സൈന്യത്തിൽ. യുദ്ധലാഭത്തിന്റെ ഒരു ഭാഗം സൈന്യങ്ങൾക്കു പങ്കിട്ടു കൊടുക്കുന്ന സമ്പ്രദായം അന്നു നടപ്പുണ്ടായിരുന്നു. ഇതു് സൈന്യങ്ങളെ യുദ്ധത്തിനു പ്രോത്സാഹിപ്പിക്കാനുള്ളൊരു തന്ത്രമായിരുന്നു.

സാമ്രാജ്യാധഃപതനം

അസ്സൂർ—ബാനി—പാളിന്റെ ഭരണത്തിന്റെ ആദ്യഘട്ടമായ മുപ്പതുകൊല്ലം അസ്സീറിയാ സാമ്രാജ്യം അഭിവൃദ്ധിപ്പെട്ടുവെങ്കിലും, അന്ത്യഘട്ടം അധഃപതനമേ ദൎശിച്ചുള്ളു. ബാബിലോണിയയിൽനിന്നും ഇലാമിൽനിന്നും അദ്ദേഹത്തെ വിഷമിപ്പിക്കാൻ വേണ്ട ആക്രമണങ്ങളുണ്ടായി. അനാരോഗ്യവും വാൎദ്ധക്യവും നിമിത്തം അസ്സൂറിന്നു് ശേഷിയററ ഒരു സന്ദൎഭമായിരുന്നു അതു്. രണ്ടും പറയിക്കാതെ ഒരുവിധത്തിലങ്ങനെ കഴിച്ചുകൂട്ടാൻ അദ്ദേഹത്തിനു സാധിച്ചു. അസ്സൂർ മരിച്ചു. അതിനെത്തുടൎന്നു് അവകാശത്തക്കങ്ങളും തുടങ്ങി. ഈ തക്കത്തിൽ മററു രാജ്യക്കാർ എതിൎക്കാൻ വന്നു. വടക്കുനിന്നു പേഴ്സ്യക്കാരും തെക്കുനിന്നു കാൽഡിയക്കാരും എതിൎത്തു.

കാൽഡിയക്കാർ മീഡിസ് വർഗ്ഗക്കാരെ കൂട്ടുപിടിച്ചു നീനവെ പട്ടണം കീഴടക്കി. അസ്സീറിയാസാമ്രാജ്യം ഇതോടെ അധഃപതിച്ചു. ജനസംഖ്യയിലുണ്ടായ കുറവും രാജ്യത്തിന്റെ കഴിവുകളെ വികസിപ്പിക്കുന്നതിൽ കാണിച്ച അനാസ്ഥയുമാണ് ഇവരുടെ അധഃപതനത്തിനു കാരണം.

# 5 കാൽഡിയാ സാമ്രാജ്യം

പേർഷ്യൻ ഉൾക്കടലിന്റെ തീരത്തു 'കാൽഡി' എന്നൊരു വർഗ്ഗക്കാരുണ്ടായിരുന്നു. ക്രി. മു. 625-ൽ 'നബോപൊലാസ്സർ' എന്നൊരാൾ ഇവരുടെ നേതാവായിത്തീർന്നു. അസ്സീറിയാ രാജാവിനെ തോല്പിച്ച് ബാബിലോണിയയുടെ ആധിപത്യം കരസ്ഥമാക്കി അദ്ദേഹം 'കാൽഡിയൻ' രാജ്യം സ്ഥാപിച്ചു. വാസ്തവത്തിൽ ഒരു രാജാവാകാൻ വേണ്ട അവകാശം അദ്ദേഹത്തിനുണ്ടായിരുന്നില്ല. പക്ഷെ, ഈശ്വരവിശ്വാസിയായിരുന്നതിനാൽ ദൈവാഭീഷ്ടപ്രവാചകന്മാരായ വെളിച്ചപ്പാടന്മാർ അദ്ദേഹത്തെ രാജാവായി അംഗീകരിച്ചു. നബോപൊലാസ്സരുടെ പുത്രനായ നെബുചദ്നസ്സറിന്റെ സാമ്രാജ്യം കുറെക്കൂടി വിസ്തൃതമായി. യൂഫ്രട്ടീസ് നദീതടവും, സിറിയ, പാലസ്റ്റൈൻ എന്നീ സ്ഥലങ്ങളും അദ്ദേഹത്തിന്റെ അധികാരപരിധിയിലായിരുന്നു.


യുദ്ധത്തിലെന്നപോലെ ഭരണതന്ത്രത്തിലും നെബു സമർത്ഥനായിരുന്നു. ശില്പവിദ്യയിലാണ് അദ്ദേഹം പ്രധാനമായി അഭിരുചി പ്രകടിപ്പിച്ചിരുന്നത്. മനോഹരങ്ങളായ അനേകം കളിമൺകെട്ടിടങ്ങൾ അന്നു പണിയിക്കുകയുണ്ടായി.

ഭോണാമി

വെൺമാടങ്ങളിൽ അദ്ദേഹം തീർപ്പിച്ച രമണീയാരാമങ്ങൾ ദൂരദിക്കുകളിൽനിന്നും സന്ദർശകന്മാരെ ആകർഷിച്ചിരുന്നു. ലോകത്തിലെ അത്ഭുതകാഴ്ചകളിലൊന്നത്രേ ഇത്. യൂഫ്രട്ടീസ് നദിയിൽ അദ്ദേഹം പണിയിച്ച പാലമാണ് ലോകത്തിലെ ആദ്യത്തെ പാലം. മർദ്ദൂക്ക്ക്ഷേത്രം മോടിപിടിപ്പിച്ചതും ഇദ്ദേഹം തന്നെയാണ്.

സമുദായ- ജീവിതം.

എന്തായിരുന്നു അന്നത്തെ സാമുദായ ജീവിതത്തിന്റെ സ്ഥിതി? രാജ്യത്തിൽ ക്ഷേമം പുലൎന്നിരുന്നു. കലയും ശാസ്ത്രവും പുരോഗമിച്ചു, ഗ്രഹസ്ഥിതി നോക്കി ഭാഗ്യദോഷങ്ങൾ നിൎണ്ണയിക്കുവാൻ അറിവുള്ളവർ പലരും അന്നുണ്ടായിരുന്നു. വൈദ്യത്തിലും അവർ മോശക്കാരായിരുന്നില്ല 550-ൽ പരം മരുന്നുകൾ അവൎക്കു പരിചയപ്പെട്ടിരുന്നു. ഓടുകൊണ്ടുണ്ടാക്കിയ ശസ്ത്രോപകരണങ്ങളാണത്രെ വൈദ്യന്മാർ ഉപയോഗിച്ചിരുന്നതു്. കച്ചവടാഭിവൃദ്ധിയും രാജ്യത്തിന്റെ ക്ഷേമത്തിനു കാരണമായിട്ടുണ്ടു്.




കാൽഡിയാ സാമ്രാജ്യം

നെബുചദ്നസറുടെ കാലശേഷം പിന്തുടൎച്ചാവകാശത്തെക്കുറിച്ചു തൎക്കമുണ്ടായി. പ്രഭുക്കന്മാർ തമ്മിൽ ഈ കാരണ

ത്താൽ വല്ലാത്ത വടംവലിയുണ്ടായി. മതപുരോഹിതന്മാർ പണ്ഡിതനായ ഒരാളിൽ ഭരണാധികാരം സമർപ്പിച്ചു. നബോനിഡസ് എന്നായിരുന്നു ഈ പണ്ഡിതന്റെ പേർ. ഇദ്ദേഹമാകട്ടെ, ഭരണകാര്യങ്ങളൊക്കെ തന്റെ പുത്രനായ 'ബെൽഷസ്സാറെ' ഏല്പിച്ചു. ബെൽഷസ്സാറുടെ അന്ത്യരാത്രിയുടെ ഒരു വിവരണം ബൈബിളിൽ കാണാനുണ്ട്. ഇദ്ദേഹത്തിന്റെ കാലത്താണ് സൈറസ്സിന്റെ നേതൃത്വത്തിൽ പേഴ്സ്യക്കാർ ബാബിലോണിയ ആക്രമിച്ചത്. പ്രബലമായ പേഴ്സ്യൻ സൈന്യത്തിന്റെ മുമ്പിൽ കാൽഡിയക്കാർക്ക് മുട്ടുകുത്തേണ്ടിവന്നു. ഇങ്ങിനെ കാൽഡിയാസാമ്രാജ്യവും തിരോഭവിച്ചു.

**അധഃപതനം.**

# 6. ഫിനീഷ്യ

മെഡിറററേനിയൻ കടലിന്റെ കിഴക്കെഅററം നോക്കുക. അവിടെ ഏഷ്യാമൈനറിന്റെ തെക്കുഭാഗത്തായി കാണുന്ന ഇടുങ്ങിയ കടൽത്തീരപ്രദേശമാണ് ഫിനീഷ്യ. ഇരുന്നൂററി അയ്മ്പതു നാഴികയോളം വിസ്താരം വരുന്ന ഈ കടൽത്തീരം ലോകചരിത്രകാരന്മാർക്ക് മറക്കത്തക്കതല്ല. ഭാഷയ്ക്ക് ആദ്യമായി ശരിയായ ഒരു ലിപിസമ്പ്രദായം ഏർപ്പെടുത്തി പ്രചരിപ്പിച്ചതും നാവികസംരംഭങ്ങൾക്ക് മാർഗ്ഗം തെളിയിച്ചതും ഇവിടെ വന്നുകൂടിയ ഉത്സാഹികളായ ഒരു കൂട്ടം ജനങ്ങളാണ്.

**ആവാസം.**

ബൈബിളിൽ കാനൈണററ് എന്നൊരു വർഗ്ഗത്തെപ്പററി പറയുന്നുണ്ട്. അവർതന്നെയാണത്രേ ഫിനീഷ്യർ എന്നു ഇവിടെ പറയപ്പെടുന്നത്. ക്രി. മു. 2800-ലോ മറേറാ അവർ ചെങ്കടൽ തീരത്തുനിന്നു വടക്കോട്ടു നീങ്ങിയിരിക്കണം. സ്വാതന്ത്ര്യപ്രേമികളും സ്ഥിരോത്സാഹികളുമായിരുന്നു അവർ. വീതികുറഞ്ഞ ആ കടൽത്തീരത്തും മെഡിറററേനിയൻ കടലിലുള്ള പല ചെറുദ്വീപുകളിലും എന്നല്ല, ആഫ്രിക്കയുടെ ഉത്തരതീരത്തും അവർ അതിമനോഹരങ്ങളായ നഗരങ്ങൾ പണിതു.

ഒരിടത്തു് അടങ്ങിയൊതുങ്ങി കഴിച്ചുകൂട്ടീട്ടുള്ളവരല്ലാ അവർ.

ടയർ, സൈഡോൺ, ബൈബ്ളസ് എന്നീ നഗരങ്ങൾ ഫിനീഷ്യൻ വർഗ്ഗക്കാർ സ്ഥാപിച്ചവയാണ്. എന്താണ് ഇവരെ ഇത്രവളരെ ഉത്സാഹികളാക്കിത്തീർത്തതു്? ഇവർ ചെന്നുകൂടിയ കടൽത്തീരത്തു ഭക്ഷണത്തിന്നു മതിയായ പാകം കണ്ടില്ല. മെഡിറ്ററേനിയൻ കടലിൽ അതിന്നു പററിയ വലിയ മത്സ്യങ്ങൾ ധാരാളമുണ്ടായിരുന്നു. കരയിൽ കിടന്നു കഷ്ടപ്പെടുന്നതിനേക്കാൾ നന്നെന്നു തോന്നി കടലിൽ സഞ്ചരിച്ചു മത്സ്യം പിടിക്കുന്നതു്. മാത്രമല്ലാ കൃഷിക്കു പററിയ വിസ്താരമേറിയ സ്ഥലങ്ങളൊന്നും അവർക്കു സിദ്ധിച്ചില്ല. അതുകൊണ്ടു് കച്ചവടം ചെയ്തു ജീവിക്കുകയാണ് ഉത്തമമെന്നു് ഇവർ കണ്ടു. കടൽസ്സഞ്ചാരത്തിൽ വാസനയും താല്പര്യവുമുള്ളവർക്കു് ഇതിലധികം ആദായകരമായ മറെറന്തു ജോലിയാണ് ഇനി സിദ്ധിക്കാനുള്ളതു്? ലെബാനാൺകാടുകളിൽ വഞ്ചികൾക്കും പങ്കായത്തിനും പററിയ മരങ്ങളും ധാരാളമുണ്ടായിരുന്നു. ഇങ്ങനെ ഭക്ഷണത്തിന്നും തൊഴിലിന്നും വേണ്ടി കടലിൽ സഞ്ചരിക്കാൻ പ്രേരിതരായ ഇക്കൂട്ടർക്കു് അതിന്നു പററിയ പരിസരങ്ങളാണ് സിദ്ധിച്ചതു്.

നാവിക സംരംഭം.

ടയറിൽനിന്നു സൈപ്രസ്സിലേക്കും അവിടെനിന്നു് ഈജിപ്തിലേക്കും അവർ സാധാരണ യാത്രചെയ്തിരുന്നു. ക്രീററ്, ഗ്രീസ്, ഇററലി, ആഫ്രിക്ക എന്നീ രാജ്യങ്ങളിലൊക്കെ അവർ സാമാനങ്ങൾ ഇറക്കുമതി ചെയ്യാറുണ്ടു്. ജിബ്രാൾട്ടർ കടന്നു ബ്രിട്ടീഷ് ദ്വീപുകളിൽപോലും ഇവർ ചെന്നെത്തിയിട്ടുണ്ടെന്നു ചില ചരിത്രകാരന്മാർ വിശ്വസിക്കുന്നു. തുത്തനാകം, ഭരണികൾ, ആഭരണങ്ങൾ തുടങ്ങിയ പലതും അവർ കച്ചവടം ചെയ്തിരുന്നു. ആദായത്തിന്നു വഴിയുണ്ടെന്നു കണ്ടാൽ എത്ര അകലേയ്ക്കും ചെന്നെത്താൻ അവർക്കു കൂസലുണ്ടായിരുന്നില്ല. വടക്കുനോക്കിയന്ത്രമോ ഭൂപടങ്ങളോ ഇല്ലാതിരുന്ന അക്കാലത്തു് ചെറിയ കപ്പലുകളിൽ അനേകം നാഴിക ദൂരം സഞ്ചരിക്കുകയെന്നതു് ഒരത്ഭുതംതന്നെയായിരുന്നു. എന്നാൽ, നക്ഷത്രങ്ങളെ നോക്കി വഴികണ്ടു

പിടിച്ച് യാതൊരു കുസലും കൂടാതെ അവർ കടൽയാത്ര ചെയ്തിരുന്നു.

ഈ യാത്രകളോരോന്നും പുതിയ കോളനികൾ സ്ഥാപിക്കുന്നതിന്നു വഴിവെച്ചുകൊടുത്തു. ആദ്യം കച്ചവടത്താവളങ്ങളുടെ നിലയിലാണ് ഇവയുടെ പുറപ്പാട്. ഇങ്ങിനെ ആഫ്രിക്ക, സിസിലി, ഫ്രാൻസിന്റെ തെക്കുകിഴക്കൻ തീരം, സ്പെയിൻ എന്നിവിടങ്ങളിലെല്ലാം ഫിനീഷ്യൻ താവളങ്ങളുണ്ടായി.

**പരിഷ്കാരം**

റമീസസ്, സാർഗൺ, സെന്നാച്ചെറിബ്ബ് എന്നീ രാജാക്കന്മാരുമായി ഇവൎക്ക് യുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ട്. പക്ഷെ, അതു സാമ്രാജ്യം പിടിച്ചടക്കാനല്ല സ്വന്തം രാജ്യത്തെ രക്ഷിപ്പാനാണ്. ഇത്രയും നാവികവിദഗ്ദ്ധന്മാരായിരുന്നിട്ടും ഇവൎക്കു സാമ്രാജ്യമോഹം ഉണ്ടായിട്ടില്ല. ചെന്നേടത്തെല്ലാം തങ്ങൾ സമ്പാദിച്ച പരിഷ്കാരം പകൎന്നുകൊടുക്കുകയേ അവർ ചെയ്തുള്ളു. ഗ്രീക്കുകാൎക്ക് നല്ലതരം ഉടുപ്പിന്റെ മാതൃക കാട്ടിക്കൊടുത്തതു് ഇവരാണ്. ഒരിടത്തുനിന്നു കിട്ടിയ പുതിയ പരിഷ്കാരം ഏതോ, അതു് മറെറല്ലായിടത്തും പകൎന്നുകൊടുക്കുകയായിരുന്നു ഇവരുടെ ജോലി. ഇങ്ങിനെ, ഈജിപ്തിൽനിന്നു വസ്ത്രം നെയ്യാനും അതിന്നു ചായം കൊടുക്കാനും സ്ഫടികപ്പാത്രങ്ങളുണ്ടാക്കാനും, ലോഹംകൊണ്ടു കൊത്തുവേല നടത്താനും ഇവർ ശീലിച്ചു, അതു് മററുപല സ്ഥലത്തും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. ഒരുപക്ഷെ എഴുത്തിന്നുള്ള 'ലിപി' സമ്പ്രദായവും ഈജിപ്തിൽനിന്നു തന്നെയായിരിക്കണം ഇവർ പഠിച്ചതു്.

**എഴുത്ത്.**

ഇവരുടെ ലിപികൾ ഇരുപത്തിരണ്ടു ശബ്ദങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നതു്. ഓരോ ശബ്ദത്തിന്നും ലിപിയായി ഓരോ ചിത്രമാണ് വരയ്ക്കാറുള്ളതു്. ഇങ്ങിനെ കാള, ഒട്ടകം, വീട് തുടങ്ങിയവയുടെ ചിത്രങ്ങൾ ഇവരുടെ ലിപികളായിരുന്നു. ഗ്രീക്കുകാർ ഇവരിൽനിന്നാണ് എഴുത്തു പഠിച്ചതു്.

വളരെക്കാലത്തേയ്ക്കു് ഇവരുടെ കോളനികൾ പരിഷ്കാരംകൊണ്ടു പ്രബലപ്പെട്ടുതന്നെ വർത്തിച്ചു. ആഫ്രിക്കയുടെ വടക്കേ തീരത്തു് കാർത്തേജ് എന്ന പേരിൽ പ്രശസ്തമായി പ്രബലപ്പെട്ടുവന്ന ഫിനീഷ്യൻ കോളനി മെഡിററേനിയൻ പ്രദേശത്തെ പരിഷ്കാരകേന്ദ്രമായിത്തന്നെ പ്രശോഭിച്ചു.

കാർത്തേജ്.

ക്രി: മു: 500 വരെ ഫിനീഷ്യർ പരിഷ്കാരത്തിന്റെ കാഹളമൂതിക്കൊണ്ടു ദിക്കൊക്കെ ചുററിസ്സഞ്ചരിച്ചു് കച്ചവടം നടത്തിയിരുന്നു. ഇക്കൂട്ടത്തിൽ "ഹാനോയി" എന്നൊരു സഞ്ചാരിയുടെ പേർ പ്രസ്താവ്യമാണു്. ഈജിപ്തിലെ ഇരുപത്തഞ്ചാം രാജകുടുംബത്തിന്റെ കാലത്തു് "നെക്കോ" എന്ന ഭരണാധികാരിയുടെ നിർദ്ദേശമനുസരിച്ചു് ഇദ്ദേഹം വലിയൊരു കപ്പൽപ്പടയെ നയിച്ചുകൊണ്ടു് ആഫ്രിക്ക ചുററുവാൻ യത്നിച്ചതായി ഒരു കഥ ഹിറോഡോട്ടസ്സ് പറയുന്നുണ്ടു്. ഏതോ ഒരു ഭയങ്കരമായ ദ്വീപുവരെ "ഹാനോയി" യാത്രചെയ്തുവെന്നും അവിടന്നു പിന്നോക്കം തിരിച്ചുവെന്നുമാണു് കഥ.

പേഴ്സ്യക്കാരുടെ പ്രാബല്യത്തോടുകൂടി ഫിനീഷ്യരുടെ നാവികവിക്രമങ്ങൾക്കു പൂർണ്ണവിരാമമിടേണ്ടിവന്നു. പേഴ്സ്യക്കാർ ഇവരെ കീഴടക്കിയതുമുതൽ കച്ചവടക്കപ്പലുകൾ യുദ്ധത്തിന്നാണു് ഉപയോഗിക്കാൻ തുടങ്ങിയതു്. കച്ചവടം അഭിവൃദ്ധിക്കും യുദ്ധം അധഃപതനത്തിനുമാണു് വഴിതെളിയിക്കുകയെന്നു് നിങ്ങൾക്കറിയാമല്ലോ. ഏതാണ്ടു ക്രി: മു: 350—ൽ അലെക്സാണ്ടർ ഫിനീഷ്യ കീഴടക്കി. ഇതിനുശേഷം ഇവരുടെ പ്രതാപത്തെപ്പററിയോ, ടയർ, സൈഡോൺ, ബൈബ്ളസ് തുടങ്ങിയ നഗരങ്ങളെക്കുറിച്ചോ ഒന്നും കേൾക്കാറില്ല.

## 7. ചൈന

മധ്യപൌരസ്ത്യരാജ്യങ്ങൾ പരിഷ്കാരസൂര്യന്റെ കിരണങ്ങളേററു പ്രകാശിച്ചതു നാം കണ്ടു. എന്നാൽ, ലോകത്തിൽ മറെറങ്ങും ജനങ്ങളോ അവക്ക് ചരിത്രമോ അന്നുണ്ടോ

യിരുന്നില്ലേ? ഇന്ത്യയും ചൈനയും മററും അന്നു് ഉറങ്ങിക്കിടക്കുകയായിരുന്നുവോ? അതാണു് നാമന്വേഷിക്കേണ്ടതു്.

മനുഷ്യസമുദായത്തിന്റെ ചരിത്രം, നദീതടങ്ങളിലാണു് മുഖ്യമായി ഉടലെടുക്കുന്നതെന്ന പരമാർത്ഥത്തിനു നമുക്കു തെളിവുകൾ കിട്ടി നൈൽ, ടൈഗ്രിസ്, യൂഫ്രെററിസ് എന്നീ നദികൾ ഇങ്ങനെ ചരിത്രം സൃഷ്ടിച്ചവയാണു്. എന്നാൽ ഇതുപോലെത്തന്നെ പരിഷ്കാരത്തെ മാടിവിളിക്കാൻ പോന്ന നദികൾ ഇന്ത്യയിലും ചൈനയിലും ഉണ്ടായിരുന്നു. ഇന്ത്യയെക്കുറിച്ചു് ഇത്ര ഉപായത്തിൽ പഠിച്ചാൽ പോരാ നമുക്കു്. അതു വിസ്തരിക്കാൻ ഇന്ത്യാചരിത്രത്തിൽ നമ്മൾക്കവസരം സിദ്ധിക്കുമല്ലോ! ഇവിടെ ചൈനയിലെ കഥ പരിശോധിക്കാം.

ചൈനയിൽ ടാരിം (Tarim) എന്നൊരു നദിയുണ്ടു്. ആ നദിയുടെ തടം ഇന്നു മൃതപ്രായമായിക്കിടക്കുന്നുണ്ടെങ്കിലും അന്നു ഫലപുഷ്ടമായിരുന്നു. ടാരിം നദീതടവും അതിനടുത്ത മലകളും ഒരു കാലത്തു മനുഷ്യവാസകേന്ദ്രങ്ങളായിരുന്നു. എന്നാൽ കൂടുതൽ ഫലപുഷ്ടിയുള്ള സ്ഥലങ്ങളന്വേഷിച്ചു് അവർ ക്രമേണ കിഴക്കോട്ടു നീങ്ങി. ഇങ്ങനെ ഹ്വാങ്-ഹോ, യാങ്ടിസ്ക്യാങ് എന്നീ നദികളുടെ തടങ്ങളിൽ അവർ സ്ഥിരവാസമുറപ്പിച്ചു.

വളരെ പഴക്കംചെന്ന ഒരു ചരിത്രം ഇവർക്കുണ്ടായിരുന്നിരിക്കണം. പക്ഷേ, അതിനുവേണ്ട തെളിവുകൾ ഇനിയും ശേഖരിച്ചുകഴിഞ്ഞിട്ടില്ല. മംഗോൾ വർഗ്ഗക്കാരായിരിക്കണം അന്നു് അവിടെ വസിച്ചിരുന്നതു്. അവർ മററുള്ളവരുടെ ആക്രമണങ്ങളിൽ നിന്നൊഴിഞ്ഞു് നിർബ്ബാധം ജീവിക്കുവാൻ സാധിച്ചിരുന്നുവോ എന്നു് നിശ്ചയമില്ല. ഒന്നു തീർച്ചയാണു്. മററാരുടേയും കൂട്ടു പിടിക്കാതെതന്നെ അവർ പരിഷ്കാരം നേടിട്ടുണ്ടായിരുന്നു.

ക്രി. മു. 8000 മുതൽ 4000 വരെയുള്ള കാലത്തു് ഹ്വാങ്ഹോ-യാങ്ടിസ് തടങ്ങളിൽ അഞ്ഞൂററായിരം നഗരരാജ്യങ്ങളുണ്ടായിരിക്കണമെന്നു ചൈനാക്കാർ വിശ്വസി

ക്കുന്നു. 2700 മുതൽ 2400 വരെയുള്ള കാലങ്ങളിൽ പ്രതാപശാലികളായ അഞ്ചു ചക്രവർത്തിമാർ വാണിട്ടുള്ളതായി ചൈനക്കാരുടെ കഥകളിൽ കാണുന്നുണ്ട്. അതിനെത്തുടന്ന് അനേകം രാജവംശങ്ങളുണ്ടായി; അതിർത്തികളിൽ ആക്രമണങ്ങളുണ്ടായി. നാടുവാഴിപ്രഭുത്വസമ്പ്രദായത്തിലുള്ള ഭരണമത്രെ അവിടെ നടന്നിരുന്നതു്. ചക്രവർത്തിക്കു് ഈ നാടുവാഴികളുടെ മേൽക്കോയ്മസ്ഥാനം കേവലം നാമമാത്രമായിരുന്നു. ഇങ്ങനെ 1750 വരെ ഏതാണ്ടൊരു അഴഞ്ഞമട്ടിലായിരുന്നു ചൈനയുടെ സാമ്രാജ്യപദവി. 1750 മുതൽ 1125 വരെ 'ഷാങ്' രാജവംശത്തിന്റെ കീഴിലും അതിനെത്തുടന്നു് ക്രി. മു. 750 വരെ 'ചൌ' വംശത്തിന്റെ കീഴിലും ചൈനയിൽ കേന്ദ്രശക്തി പ്രബലപ്പെട്ടു. നാടുവാഴിപ്രഭുത്വം നശിച്ചില്ലെങ്കിലും ചക്രവർത്തിയുടെ അധികാരവും പദവിയും വർദ്ധിച്ചു; ചൈന ഏതാണ്ടൊന്നു് ഏകീകരിക്കപ്പെടുകയും ചെയ്തു.

ഏകീകരണത്തിലേക്കു്

ചക്രവർത്തിയുടെ കായബലമോ സൈനികശക്തിയോ അല്ല ചൈനയിൽ ഐക്യത്തിന്നു പ്രചോദനം നല്കിയതു്. അതിനെക്കാളൊക്കെ വലിയ മറെറാരു ശക്തിയുണ്ട്. ചക്രവർത്തി ഈശ്വരന്റെ പുത്രനാണെന്നുള്ള വിശ്വാസം—അതാണു് അവരെ ഇണക്കിയതു്. ചക്രവർത്തിയുടെ ദൈവദത്താധികാരത്തെ ചോദ്യം ചെയ്യാൻ പോന്നവരല്ലായിരുന്നു അന്നത്തെ ജനങ്ങൾ. പ്രജകൾക്കുവേണ്ടി യാഗം നടത്തിയിരുന്നതു് ചക്രവർത്തിയാണ്. അവൎക്കു പൊതുവേ ഒരു സംസ്കാരമുണ്ടായിരുന്നു; ഒരു ലിപിയുമുണ്ടായിരുന്നു. മാത്രമല്ല ഒരു പൊതുശത്രു എന്ന നിലയിൽ ഹൂണന്മാരോടെതിൎക്കാനും അവൎക്കു യോജിച്ചു നില്ക്കേണ്ടിയിരുന്നു. ഇതൊക്കെ ഏകീകരണത്തെ സഹായിക്കായ്കയില്ല.

ഷാങ്‌വംശത്തിലെ ഒടുവിലത്തെ ചക്രവർത്തി ക്രൂരനായിരുന്നു. പക്ഷേ, നമ്മുടെ രാജപുത്രന്മാരെപ്പോലെ അദ്ദേഹവും, യുദ്ധത്തിൽ തോററപ്പോൾ, തീയിൽച്ചാടി മരിക്കുകയാണത്രെ ചെയ്തതു്. അദ്ദേഹത്തെ തോല്പിച്ച 'വുവാങ്' ആണു് 'ചൌ'വംശസ്ഥാപകൻ.

ഷാങ്ങ് വംശക്കാരെപ്പോലെ 'ചൌ' രാജവംശവും പ്രജകളുടെ പുരോഹിതസ്ഥാനം കൈവഹിച്ചു. പക്ഷെ, ഈ മതപരമായ ഐക്യം ക്രമേണ അസ്തമിക്കാനും

**ചൌ വംശം.** നാട്ടുവാഴികൾ സ്വയം പ്രബലപ്പെട്ടുവാനും തുടങ്ങി. ഇവരുടെ കാലത്താണ്, ഏതാണ്ട് ക്രി. മു. 500-ൽ, ഇരുമ്പുകൊണ്ടുള്ള ആയുധങ്ങൾ ചൈനയിൽ ഉപയോഗിച്ചു തുടങ്ങിയതു്.

ചൌ വംശക്കാരുടെ പക്കൽനിന്നും അധികാരം പിടിച്ചുപററി രംഗപ്രവേശം ചെയ്തവരാണ് ട്സിൻ രാജവംശം. സ്ഥാനത്തിൽ നാട്ടുവാഴിഭരണം നാമാവശേഷമായതു് അന്നാണ്. ഈ വംശത്തിലെ 'ഷി-ഹ്വാങ്ങ്-ടി'യ്ക്കാണ് ഒന്നാം വിശ്വസമ്രാട്ട് എന്ന പദവി. ക്രി. മു. 220-ലാണ് അദ്ദേഹം ചക്രവർത്തിയായതു്. അദ്ദേഹം ഏകീകരിച്ച

**ട്സിൻവംശം.** ചൈന ആ രൂപത്തിൽ വളരെക്കാലം നിലനിന്നു. മാത്രമല്ല, ഹൂണന്മാരുടെ ആക്രമണത്തിൽനിന്നും ചൈനയെ രക്ഷിക്കാനായി അന്നു പണിചെയ്ത 'മഹാപ്രാകാരം' (Great Wall) ഇന്നും ഒരു അത്ഭുതകാഴ്ചയായിട്ടാണത്രെ പ്രശോഭിക്കുന്നതു്.

ഷി-ഹ്വാങ്ങ്ടിയുടെ കാലത്തു ചൈനയിൽ സാഹിത്യപരമായ ഒരു പരിവർത്തനമുണ്ടായി. ചക്രവർത്തിയുടെ മതാദ്ധ്യക്ഷസ്ഥാനത്തെ ജനങ്ങൾ ആദരിച്ചുപോന്നതും ഇടക്കാലത്തുവെച്ചു് ആ സമ്പ്രദായത്തോടു മമത കുറഞ്ഞുവന്നതും നാം കണ്ടുവല്ലോ. സാഹിത്യകാരന്മാർ ഈ പാരമ്പര്യത്തോടു വിയോജിച്ചാണ് നിന്നതു്. അവർ അതാതു ദേശത്തെ ഭരണാധികാരികളെ സേവിച്ചു തുടങ്ങിയപ്പോഴാണ് ചക്രവർത്തിയുടെ പദവിക്കു് ഇടിവു തട്ടിയതു്. ഇങ്ങനെ പുരോഹിതന്മാരും സാഹിത്യകാരന്മാരും രണ്ടുചേരിയായി പിരിഞ്ഞു. മതംകൊണ്ടു നിലനി-

**സാഹിത്യ പരിവർത്തനം.** ത്തിപ്പോന്ന ഐക്യം സാഹിത്യകാരന്മാരുടെ ഭിന്നിപ്പു നിമിത്തം നശിച്ചുതുടങ്ങിയപ്പോൾ ഹൂണന്മാരുടെ ആക്രമണത്തിന്നു ശക്തി വർദ്ധിച്ചു. ഹ്വാങ്ങ് ചക്രവർത്തി ഭരണം കയ്യേററപ്പോൾ ഇതാണ് ചൈനയിൽ കണ്ട അനൈക്യം. പഴയ സാഹിത്യഗ്രന്ഥങ്ങളുടെനേരെ

ഒരു വേട്ടതന്നെ അദ്ദേഹം നടത്തി. അവ മുഴുവൻ കണ്ടുകെട്ടി നശിപ്പിക്കുവാൻ അദ്ദേഹം മുതിൎന്നു. ഇങ്ങനെ, സാഹിത്യകാരന്മാർ പുലൎത്തിപ്പോന്ന പാരമ്പൎയ്യങ്ങളെ അവഗണിച്ചും അനാദരിച്ചും ഹ്വാങ്ങ് ഭരണം നടത്തി. പക്ഷേ, ഹ്വാങ്ങിന്റെ മരണശേഷം ആ ഗ്രന്ഥങ്ങൾ പലതും പുറത്തുവന്നു.

ഹ്വാങ്ങിന്റെ മരണത്തെ തുടൎന്നു ചൈനയിൽ ആഭ്യന്തരസമരം നടന്നു. പിന്നീട് സ്ഥാപിക്കപ്പെട്ട 'ഹാൻവംശം' 400 കൊല്ലത്തോളം നിലനിന്നു. പഴയ സാഹിത്യഗ്രന്ഥങ്ങളൊക്കെ അക്കാലത്തു പുനരുദ്ധരിക്കപ്പെട്ടു. ഹൂണന്മാരുടെ ആക്രമണം വല്ലാത്ത ശല്യമുണ്ടാക്കിയിരുന്നുവെങ്കിലും ചക്രവൎത്തിമാർ രാജ്യത്തിന്റെ ഐക്യം നിലനിൎത്തുന്നതിലും സാമ്രാജ്യം വികസിപ്പിക്കുന്നതിലും ബദ്ധശ്രദ്ധരായിരുന്നു. ചൈനാസാമ്രാജ്യം ഹ്വയാങ്ങ്-ഹോ-യാങ്ങ്ടിസ് നദികൾക്കപ്പുറം വ്യാപിച്ചതു് ഇക്കാലത്താണു്. ഇതോടൊപ്പം പടിഞ്ഞാറു സാമ്രാജ്യപരിധി നീങ്ങിത്തുടങ്ങിയപ്പോഴത്രേ മററു പരിഷ്കൃതവൎഗ്ഗക്കാരുമായി സമ്പൎക്കം സിദ്ധിച്ചതു്. ഇങ്ങനെ, ഹാൻവംശക്കാരുടെ കാലത്തു ചൈനയുടെ പരിഷ്കാരത്തിൽ ഒരു നൂതനാദ്ധ്യായംതന്നെ തുറന്നു. ഇന്ത്യ, തുൎക്കിസ്ഥാനം തുടങ്ങിയ രാജ്യങ്ങളുമായി അവൎക്കു് അടുപ്പം സിദ്ധിച്ചു. പേൎഷ്യയുമായി അവ കച്ചവടബന്ധത്തിലേൎപ്പെട്ടു. പാശ്ചാത്യരുമായി പരിചയപ്പെടാനും തുടങ്ങി.

ഹാൻ വംശം.

## കൺഫ്യൂഷ്യസ്സ് സിദ്ധാന്തവും ടയോസിദ്ധാന്തവും

ചൈനയിലെ രാഷ്ട്രീയജീവിതം മേൽപറഞ്ഞവിധം പുരോഗമിച്ചുകൊണ്ടിരിക്കേ സദാചാരപരങ്ങളായ സിദ്ധാന്തങ്ങളിൽ അടിയുറച്ച ഒരു സംസ്കാരവും അവിടെ വളൎന്നുവന്നു. ഇന്ത്യയിൽ ശ്രീബുദ്ധന്റെ സിദ്ധാന്തങ്ങൾ പ്രചരിച്ചുകൊണ്ടിരിക്കേ കൺഫ്യൂഷ്യസ്, ലയോട്സേ തുടങ്ങിയവർ ചൈനയെ സദാചാരപ്രബുദ്ധമാക്കാൻ പരിശ്രമിക്കുകയുണ്ടായി. കൺഫ്യൂഷ്യസ്സിനേയും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളേയും കുറിച്ചു് ഇനിയൊരദ്ധ്യായത്തിൽ വിവരിക്കാം.

ലയോട്സ.

കൺഫ്യൂഷ്യസ്സിന്റെ സിദ്ധാന്തങ്ങളിൽനിന്നും തുലോം ഭിന്നമായിരുന്നു 'ലയോട്സേ'യുടേതു്. അദ്ദേഹം 'ചൌ' ചക്രവൎത്തിമാരുടെ ഗ്രന്ഥാലയം വിചാരിപ്പുകാരനായിരുന്നു. ഭൌതികജീവിതത്തോടു വിരക്തിയുണ്ടാകത്തക്ക സിദ്ധാന്തങ്ങളെ അദ്ദേഹം സൂക്തിരൂപത്തിൽ രചിച്ചതു് അനന്തരകാലത്തു പലവിധം വ്യാഖ്യാനങ്ങൾക്കും കെട്ടുകഥകൾക്കും വിധേയമായിത്തീൎന്നു.

ടയോയിസം

ക്രി. മു. 200-നു മുമ്പായി ബുദ്ധമതവും ചൈനയിൽ വ്യാപിച്ചു. അന്നു 'ടയോയിസം' എന്ന മതമാണു് ചൈനയിൽ നടപ്പുണ്ടായിരുന്നതു്. അതിപ്രാചീനവും അന്ധവിശ്വാസജടിലവുമായിരുന്നു ടയോയിസം. ഹാൻവംശത്തിന്റെ കാലത്തു ചാങ്ങ് ഡയോളിങ്ങ് എന്നൊരാൾ ഈ മതത്തിൽ പല പരിഷ്കാരങ്ങളും വരുത്തി. ഇങ്ങനെ ബുദ്ധമതവും, കൺഫ്യൂഷ്യസ്സിന്റെ സിദ്ധാന്തങ്ങളും ലയോട്സേയുടെ സൂക്തികളും ചൈനയിൽ പ്രചരിച്ചുവന്നു. ചെൻടുവാൻ എന്നൊരാളാണു് ടയോമതത്തെ ലയോഡ്സേയുടെ സൂക്തികളോടിണക്കി 'അഭിനവ ടയോമതം' സ്ഥാപിച്ചതു്.

ഈ മതങ്ങളെല്ലാം ചൈനാക്കാരുടെ സദാചാരനിഷ്ഠയ്ക്കു വേണ്ട സ്ഥായിയായ സിദ്ധാന്തങ്ങളാണു് നൽകിയതു്. സാമുദായികജീവിതത്തെ അവ സാമാന്യത്തിലധികം പരിഷ്കരിച്ചിട്ടുണ്ടു്.

ഈ അദ്ധ്യായം പൂൎത്തിയാകണമെങ്കിൽ ഇന്ത്യാചരിത്രത്തിലെ പ്രാചീനകാലത്തെക്കുറിച്ചും അഭിമാനിക്കത്തക്ക പലതും പറയാനുണ്ടു്. സിന്ധുസംസ്കാരം, ആൎയ്യദ്രാവിഡസങ്കരം, ആൎയ്യന്മാരുടെ വൈദികസംസ്കാരം, ജൈനമതവും ബുദ്ധമതവും നേടിത്തന്ന ആദ്ധ്യാത്മികസംസ്കാരപുരോഗതി, പേഴ്സ്യക്കാരുടേയും ഗ്രീക്കുകാരുടേയും ആക്രമണം നിമിത്തം സിദ്ധിച്ച പുതിയ നേട്ടങ്ങൾ, മൌൎയ്യസാമ്രാജ്യാഭിവൃദ്ധി എന്നിങ്ങനെ എണ്ണാൻ തുടങ്ങിയാൽ വളരെ നീണ്ടുപോകും ഭാരതീയ സംസ്കാരപുരോഗതിയുടെ ചരിത്രം. മൌൎയ്യസാമ്രാജ്യത്തിന്റെ

യശഃസ്തംഭമായ അശോകൻ ലോകചരിത്രത്തിലെ പ്രഖ്യാതന്മാരായ ചക്രവർത്തിമാരുടെ ഗണനയിൽ അദ്വിതീയനാണ്. ആ ചക്രവർത്തിയുടെ മാനസികമഹത്വം മററുള്ള സാമ്രാജ്യസ്ഥാപകന്മാർക്കും ഭരണാധികാരികൾക്കും മാർഗ്ഗനിർദ്ദേശകമാണ്. പക്ഷെ, ഇന്ത്യാചരിത്രം പ്രത്യേകമായി നിങ്ങൾക്ക പഠിക്കാനുള്ളതുകൊണ്ടാണ് ഇവിടെ അതിനെപ്പററി ഒന്നും പറയാത്തത്.

---

MUNAVVIRUL ISLAM HIGH SCHOOL * ERNAKULAM
Date

## രണ്ടാം അദ്ധ്യായം

# ഗ്രീസ്സും റോമും

മദ്ധ്യപൌരസ്ത്യരംഗത്തിലും ഇന്ത്യയിലും ചൈനയിലുമാണല്ലോ ലോകചരിത്രത്തിന്റെ സുപ്രഭാതം നാം കണ്ടതു്. പരിഷ്കാരസൂര്യന്റെ കിരണങ്ങൾ യൂറോപ്പിലേക്കടിക്കാൻ തുടങ്ങിയതാണു് ഇനി നമുക്കു വീക്ഷിക്കാനിരിക്കുന്നതു്.

ഏതു വഴിക്കാണു് പരിഷ്കാരം പാശ്ചാത്യരംഗത്തിലേക്കു കടന്നതു്? ഗ്രീസ്സിനും ഏഷ്യാമൈനറിനും മദ്ധ്യേയുള്ള "ഈജിയൻ കടൽ" നോക്കുക. ഈ ഉൾക്കടലിൽ അനേകം ചെറുദ്വീപുകളുണ്ടു്. ഏഷ്യയിൽ പിറന്ന പരിഷ്കാരത്തിനു് യൂറോപ്പിലേക്കു കടക്കാനുള്ള പാലങ്ങളായിരുന്നു ഇവ. ചിയോസ്, സാമോസ് തുടങ്ങിയവയത്രേ ഇവയിൽ പ്രമാണപ്പെട്ടവ. ഏഷ്യാമൈനറിന്റെ പടിഞ്ഞാറെ അറ്റത്തു അയോണിയ എന്നു പറയപ്പെട്ടിരുന്ന രാജ്യത്തോടു ചേർന്നതായിരുന്നു ഈ ദ്വീപുകളൊക്കെ.

അയോണിയയിലെ 'ട്രോയ്' നഗരം വളരെ പഴയ കാലത്തുതന്നെ പരിഷ്കാരം കണ്ടുകഴിഞ്ഞിരുന്നു. ഈ നഗരത്തിനു ചുറ്റുമുണ്ടായിരുന്ന ദുരാധർഷമായ ദുർഗ്ഗവും, കരം, കച്ചവടം, കടൽച്ചുങ്കം, കടൽക്കൊള്ള എന്നീ ചതുരോപായങ്ങൾകൊണ്ടുള്ള കനകസമ്പൂർണ്ണതയും ട്രോയ് നഗരത്തെ മോടിപിടിപ്പിച്ചു.

ഈജിയൻ കടലിന്റെ പടിഞ്ഞാറെ കരയിൽ "മൈസനെ" എന്നൊരു നഗരവും അക്കാലത്തു സമമാനം പ്രബലപ്പെട്ടതായിരുന്നു. ഈ കാരണത്താലായിരിക്കണം, ട്രോയും മൈസനേയും തമ്മിൽ അതിഭയങ്കരമായൊരു യുദ്ധം നടന്നതു്. ഇതിനെപ്പറ്റി ഇതിഹാസങ്ങളിൽ പറയപ്പെട്ട

നുണ്ടു്. രാമരാവണയുദ്ധവും ഈ "ട്രോജൻയുദ്ധവും" തമ്മിൽ വളരെ സാമ്യം കാണുന്നുണ്ടു്.

ട്രോയിലെ രാജാവായ പ്രയാമിന്നു് "പാരിസ്" എന്നൊരു പുത്രനുണ്ടായിരുന്നു. ഈ കുമാരൻ ഒരിക്കൽ പെലൊപ്പൊണീസ് അർദ്ധദ്വീപിലെ "സ്പാർട്ട" സന്ദർശിച്ചു. സ്പാർട്ടാ രാജാവിന്റെ പത്നിയായ "ഹെലെൻ" പാരിസ്സിൽ അനുരക്തയായി അദ്ദേഹത്തോടൊപ്പം രാജധാനിയിൽനിന്നും ഒളിച്ചോടിപ്പോയി. ഇതിന്നു പകരം ചോദിക്കാനായി ഗ്രീക്കസൈന്യം ട്രോയ് നഗരം വളഞ്ഞു. പത്തുകൊല്ലം യുദ്ധം ചെയ്തിട്ടും ഗ്രീക്കുകാൎക്കു ട്രോയ് നഗരം സ്വാധീനമായില്ല. ഒടുവിൽ യുലിസസ് എന്ന ഗ്രീക്ക പടനായകൻ മരംകൊണ്ടു് ഒരു കുതിരയെ ഉണ്ടാക്കിച്ചു് അതിനകത്തു് 100 ഭടന്മാരെ ഒളിപ്പിച്ചിരുത്തി. ഈ കുതിരയെക്കണ്ടു് വഞ്ചിതരായ ട്രോയ് നിവാസികൾ അതിനെ നഗരത്തിനകത്തേക്കു വലിച്ചുകൊണ്ടുപോയി. രാത്രിസമയം അതിനകത്തുനിന്നും പടയാളികൾ പുറത്തുകടന്നു് കോട്ടമതിലിൽ ഒരു വഴിയുണ്ടാക്കി അതുവഴി മററ സൈന്യങ്ങളേയും കടത്തി നഗരം കൈക്കലാക്കി. ഹെലനെ തിരിയെ കിട്ടുകയും ചെയ്തു.

ഈ യുദ്ധം ഗ്രീക്കുകാരുടെ പ്രതാപത്തിന്റെ ഒരു പ്രത്യക്ഷലക്ഷ്യമായിട്ടത്രെ കണക്കാക്കുന്നതു്. പല കവികളും ഇതിനെ പാടിപ്പുകഴ്ത്തീട്ടുണ്ടു്. ഇക്കൂട്ടത്തിൽ "ഹോമർ" എന്ന ഗ്രീക്ക കവി ഈ യുദ്ധത്തെ അടിസ്ഥാനപ്പെടുത്തി എഴുതീട്ടുള്ള "ഇലിയഡ്" "ഓഡിസ്സി" എന്നീ ഇതിഹാസ ഗ്രന്ഥങ്ങൾ വിശ്വസാഹിത്യത്തിൽ അതിപ്രധാനമായ സ്ഥാനം അൎഹിക്കുന്നവയാണു്.

ഇലിയഡ്
ഓഡിസ്സി

ഈ സംഭവം നടന്നതു് ക്രി. മു. 1180-ലോ മറേറാ ആയിരിക്കണം. ഇതിന്നുശേഷം ട്രോയ്നഗരം തലപൊക്കീട്ടില്ല.

ഗ്രീസ്സിന്റെ തെക്കെ അററത്തു് ഈജിയൻ കടലും മെഡിററേനിയൻ കടലും തമ്മിൽ സമ്മേളിക്കുന്ന സ്ഥലത്തായി സ്ഥിതിചെയ്യുന്ന "ക്രീററ്" എന്ന ദ്വീപുംകൂടി

സന്ദർശിക്കാതെ നമുക്ക് യൂറോപ്യൻ പരിഷ്കാരത്തിന്റെ ചരിത്രത്തിലേക്ക് കടക്കാൻ സാദ്ധ്യമല്ല. രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ, ഈ ദ്വീപ് പരിഷ്കാരസൂര്യന്റെ കിരണങ്ങളേററു പ്രശോഭിക്കാൻ തുടങ്ങി.

ക്രീററ്.




പശ്ചിമേഷ്യ നഗരങ്ങളും മെഡിറ്ററേനിയൻ ദ്വീപുകളും.

1. അരാഡസ്. 2. ബൈബ്ലസ്. 3. സൈഡോൺ. 4. ടയർ. 5. ഗാസ.

“മിനോസ്” എന്നൊരു രാജാവ്, ഇവിടെ പ്രതാപത്തോടുകൂടി വാണിരുന്നതായി ഇതിഹാസങ്ങളിൽ പറഞ്ഞു കാണുന്നു. ഈ രാജാവിനോടുള്ള അതിരുകവിഞ്ഞ മതിപ്പു

നിമിത്തം ഇവിടത്തെ പരിഷ്കാരത്തെ 'മിനോവൻ പരിഷ്കാരം' എന്നു പറയാൻ ജനങ്ങൾക്ക് അഭിലാഷവും അഭിമാനവും തോന്നി. കടൽമാൎഗ്ഗമായ കച്ചവടം, നാവികസൈന്യം എന്നിങ്ങനെ ഒരു ദ്വീപിന്റെ പരിഷ്കാരത്തിന്നാവശ്യമുള്ള സംരംഭങ്ങളിലൊക്കെ ഇവർ ഇടപെട്ടിരുന്നു.

ഈ ദ്വീപിന്റെ തലസ്ഥാനം 'നോസോസ്' ആയിരുന്നു. ഈ നഗരമാണ് യൂറോപ്പിന്റെ ചരിത്രത്തിൽ ഒന്നാമത്തെ പരിഷ്കാരകേന്ദ്രം. ക്രി. മു. 1500_ൽ അവിടെ എൺപതിനായിരത്തോളം ജനങ്ങൾ പാൎത്തിരുന്നു. രണ്ടും നോസോസ്. മൂന്നും നിലയിലുള്ള അനേകം മാളികകൾ ഈ നഗരത്തിൽ അന്നുണ്ടായിരുന്നു. അവയൊക്കെ ഇന്നത്തെ കെട്ടിടങ്ങൾപോലെ മനോഹരവും കൂടിയായിരുന്നുവത്രേ?

കലകളിലും കരകൌശലങ്ങളിലും കച്ചവടത്തിലും ക്രീററിലെ ജനങ്ങൾ സമൎത്ഥരായിരുന്നു. കൊട്ടാരങ്ങളുടെ ചുമരുകളിൽ കാണുന്ന ചിത്രങ്ങൾ അവരുടെ ചിത്രകലാസാമൎത്ഥ്യത്തിന്നു ലക്ഷ്യങ്ങളാണ്. അനേകം വിചിത്രങ്ങളായ പാത്രങ്ങളും, കോപ്പകളും ഇവിടെനിന്നു കഴിച്ചെടുത്തിട്ടുണ്ട്. ഇവയൊക്കെ ഒരു അയ്യായിരം കൊല്ലത്തെ പഴക്കംചെന്നവയാണ്. ആനക്കൊമ്പിന്മേലും കല്ലിന്മേലും കൊത്തുപണി നടത്തുന്നതിന്നു സമൎത്ഥന്മാരായ

കലാസാമൎത്ഥ്യം.

പലരും അന്നു അവിടെ ഉണ്ടായിരുന്നു. ആഭരണങ്ങളുണ്ടാക്കുന്നതിൽ അദ്വിതീയരായിരുന്നു ഇവർ. കടൽതീരത്തു താമസിച്ചിരുന്നവർ മീൻപിടുത്തക്കാരായിരുന്നു. വീഞ്ഞ്, എണ്ണ, പാത്രങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവ ചെറിയ കപ്പലുകളിൽ കയററി ഈജിപ്ത്, സൈപ്രസ്, ഈജിയൻതീരപ്രദേശങ്ങൾ, ദക്ഷിണ ഇററലി, സിസിലി, സ്പെയിൻ തുടങ്ങിയ സ്ഥലങ്ങളിൽ കൊണ്ടുപോയി കച്ചവടം ചെയ്യുകയും അതിന്നു പകരമായി ആനക്കൊമ്പ്, ചെമ്പ്, ഈയ്യം, തുത്തനാകം, വെള്ളി, സ്വൎണ്ണം തുടങ്ങിയവ കൈമാററം സ്വീകരിക്കുകയുമായിരുന്നു ഇവരുടെ പതിവ്.

ക്രി. മു. 1300_ന്നിടയ്ക്കുവെച്ചു ഗ്രീക്കുകാർ നോസോസ് നഗരം ചുട്ടുകരിച്ചതായി പറയപ്പെടുന്നു. അതു വീണ്ടും

അധഃപതനം

പുതുക്കിപ്പണിയാൻ ചെയ്ത ശ്രമം ഫലിച്ചില്ല. പണ്ടത്തെ പ്രതാപം പിന്നീടു കൈവന്നില്ല. നോസോസിന്റെ സ്ഥാനം പിന്നെ പെലപ്പൊണീസ്സിലെ മൈസനെ നഗരത്തിന്നാണു് സിദ്ധിച്ചതു്.

മൈസനെ, സ്പാർട്ട്.

ഏതാണ്ടു് ക്രി. മു. 1600_ൽത്തന്നെ മൈസനെ പരിഷ്കാരത്തിന്റെ കേന്ദ്രമായിട്ടുണ്ടു്. ഈ നഗരത്തോടു കിടപിടിക്കാൻ അന്നു് നോസോസും ട്രോയും മാത്രമേ ഉണ്ടായിരുന്നുള്ളു. പെലപ്പോണീസ്സിന്റെ വടക്കുഭാഗത്തുള്ള 'തെസ്സാലി' അന്നു തല പൊക്കീട്ടുണ്ടായിരുന്നില്ല. പരിഷ്കാരം കടലോരത്തും ചെറുദ്വീപുകളിലുമായി കളിയാടുകയാണത്രേ ചെയ്തിരുന്നതു്.

# 1. ഗ്രീസ്സ്

കിടപ്പ്.

യൂറോപ്പിന്റെ തെക്കുവശത്തു മൂന്നു് അർദ്ധദ്വീപുകൾ മെഡിറ്ററേനിയൻ കടലിലേക്കു നീണ്ടുകിടക്കുന്നതായി ഭൂപടം നോക്കിയാൽ കാണാം. അതിൽ കിഴക്കെ അറ്റത്തുള്ളതു നോക്കുക. പൊട്ടിപ്പൊളിഞ്ഞ കടൽതീരം; അനേകം ചെറുമലകളും മലയിടുക്കുകളുംകൊണ്ടു മനോഹരമായ ഭൂപ്രകൃതി,—ഇവയാണു് ഗ്രീസ്സിന്നു സിദ്ധിച്ചിട്ടുള്ള അസൂയാവഹമായ അനുഗ്രഹം.

ആര്യന്മാരുടെ വരവ്

ആര്യന്മാരുടെ ഒരു ശാഖ ഏതാണ്ടൊരു മൂവ്വായിരം കൊല്ലങ്ങൾക്കുമുമ്പുതന്നെ ഗ്രീസ്സിൽ വന്നുകൂടി. തെക്കുവശത്തു കിടക്കുന്ന ക്രീറ്റ് അന്നു് പരിഷ്കാരത്തിന്റെ പൊൻപതാക കയ്യിലേന്തി പ്രശോഭിക്കുന്ന കാലമായിരുന്നു. ഗ്രീസ്സിന്റെ തെക്കെ അറ്റത്തുള്ള പെലപ്പൊണീസ്സിൽ വന്നുകൂടിയ ആര്യന്മാരെ ഈ ക്രീറ്റൻ പരിഷ്കാരം ഒട്ടൊന്നു് ഉണർത്തുകയുണ്ടായി. അതിൻഫലമായി 'മൈസനെ' നഗരത്തെ കേന്ദ്രമാക്കിക്കൊണ്ടു് അനേകം ചെറുനഗരങ്ങൾ അവിടെ

പ്രതാപത്തോടുകൂടി പ്രശോഭിച്ചു. മാത്രമല്ലാ ക്രി. മു. 1400-നിടക്കുവെച്ചു ക്രീററൻ തലസ്ഥാനനഗരമായ നോസോസ് തീയിട്ടു ചുട്ടുവാൻ പോലും ഇക്കൂട്ടർ മുതിരുകയുണ്ടായത്രേ! ഈ സംഭവത്തിനു ശേഷമാണ് ഗ്രീസ്സ് തലയുയർത്തിയതു്.

മൈസനെ കഴിഞ്ഞാൽ മറെറാരു പ്രബലപ്പെട്ട നഗരമായിരുന്നു സ്പാർട്ട്. ട്രോജൻ യുദ്ധം സംബന്ധിച്ച് ഈ നഗരത്തെപ്പററി മുമ്പു പറഞ്ഞുവല്ലോ? ഈ യുദ്ധത്തിലെ വിജയമാണ് ഗ്രീക്കുകാരുടെ ചരിത്രത്തിലെ ഒന്നാമത്തെ ഏററവും പ്രധാനമായ സംഭവം.

ഈജിയൻ പരിഷ്കാരത്തിന്റെ അവസാനവും ഗ്രീക്കചരിത്രത്തിന്റെ ആരംഭവും തമ്മിലുള്ള കാലം കൂട്ടിമുട്ടിക്കണമെങ്കിൽ ഒട്ടധികം നൂററാണ്ടുകളിൽക്കൂടി കണ്ണോടിക്കാതെ തരമില്ല. സാമാന്യം നീണ്ട ഈ കാലത്തെ ചരിത്രകാരന്മാർ

ഇലിയഡ്.

'ഹോമറുടെ യുഗ'മായിട്ടാണ് കണക്കാക്കുന്നതു്. അദ്ദേഹത്തിന്റെ 'ഇലിയഡ്' 'ഒഡിസ്സി' എന്നീ ഇതിഹാസഗ്രന്ഥങ്ങൾ അക്കാലത്തെ ചരിത്രത്തെപ്പററി പലതും മനസ്സിലാക്കാൻ വേണ്ട തെളിവുകൾ നൽകുന്നുണ്ട്.

ഹോമർ യുഗത്തിലെ ചരിത്രം നമുക്കൊന്നു സംക്ഷേപിച്ചു വീക്ഷിക്കാം. ഈജിയൻ പരിഷ്കാരത്തോടു താരതമ്യപ്പെ

സമുദായ ജീവിതം

ടുത്തുമ്പോൾ അന്നത്തെ ഗ്രീക്കുകാർ വളരെ അധികം ഉയർന്നിട്ടുണ്ടായിരുന്നില്ല. കൃഷിയല്ലാ കന്നുകാലികളെ മേക്കലായിരുന്നു പ്രധാന തൊഴിൽ. ഉപയുക്തവിഭവങ്ങൾ പലതും ഫിനീഷ്യരുടെ പക്കൽ നിന്നാണ് ലഭിച്ചിരുന്നതു്. നല്ല ശില്പികളോ കരകൌശലവിദഗ്ദ്ധന്മാരോ ഇവരുടെ ഇടയിൽ കുറവായിരുന്നു

പല ദേവന്മാരേയും അന്നു ഗ്രീക്കുകാർ ആരാധിച്ചിരുന്നു. ഇക്കൂട്ടത്തിൽ 'സീയസ്' ആയിരുന്നു ഉഗ്രമൂർത്തി. പോസീഡൺ, അപ്പോളൊ എന്നിവരാണ് മററു ചില ദേവ

ന്മാർ. മരിച്ചവർ പാതാളത്തിൽ കിടന്നു് അരിഷ്ടിക്കുമെന്നായിരുന്നു ഗ്രീക്കുകാരുടെ വിശ്വാസം.

**ഈശ്വര വിശ്വാസം.**

'ഓറക്കിൾ' എന്നു പറയപ്പെടുന്ന വെളിച്ചപ്പാടന്മാരെ അവർക്കു വലിയ ബഹുമാനമായിരുന്നു. 'ഡോഡോ' എന്ന സ്ഥലത്തു സിയൂസ്സിൻെറയും 'ഡെൽഫി'യിൽ അപ്പൊളോവിൻെറയും വെളിച്ചപ്പാടന്മാരുണ്ടായിരുന്നു. ഡെൽഫിവെളിച്ചപ്പാടിൻെറ കല്പന കേൾക്കാൻ ഗ്രീസ്സിൻെറ നാനാഭാഗത്തുനിന്നും ആളുകൾ തടിച്ചുകൂടാറുണ്ടു്. പരസ്പരം ബന്ധമില്ലാതെ ഭിന്നിച്ചു കഴിഞ്ഞിരുന്ന ഗ്രീക്കുകാരെ ഒരു പൊതുസംസ്കാരത്തിൻ കീഴിൽ കൂട്ടിയിണക്കുന്നതിനുള്ള സാഹചര്യമാണു് ഇത്തരം ഓറക്കിൾമാർ ഉണ്ടാക്കിക്കൊടുത്തിരുന്നതു്.

**ഒളിമ്പിയൻ വിഹാരങ്ങൾ.**

പൊതുസംസ്കാരത്തെ പോഷിപ്പിച്ച മററൊരു പ്രസ്ഥാനമാണു് 'ഒളിമ്പിയൻ വിഹാരങ്ങൾ.' 'സിയൂസ്സി'നെ ആദരിച്ചുകൊണ്ടു് ഒളിമ്പിയ എന്ന സ്ഥലത്തുവെച്ചു് നന്നാലു കൊല്ലം കൂടുമ്പോൾ നടത്താറുള്ള ഈ കായികമത്സരവിഹാരങ്ങളിൽ പങ്കെടുക്കുവാനും അതു സന്ദർശിക്കുവാനുമായി ഗ്രീസ്സിൻെറ നാനാഭാഗത്തുനിന്നും ആളുകൾ വന്നെത്താറുണ്ടു്. ചരിത്രത്തിൻെറ ആദിമകാലത്തു നടപ്പുണ്ടായിരുന്ന ഈ വിനോദത്തിൻെറ സ്മരണയെ നിലനിർത്തുവാനാണു് ഇന്നും പലെടത്തും ഒളിമ്പിക് വിഹാരങ്ങൾ നടത്തുന്നതു്.

**പൊതു സംസ്കാരം**

ഇങ്ങനെ ഓറക്കിൾ പ്രവചനം, ഒളിമ്പിയൻ കളികൾ എന്നിവ ഗ്രീക്കുകാർക്കു പൊതുവെ ഒരു സംസ്കാരമുണ്ടാക്കിത്തീർത്തു. എന്നാൽ, പൊതുസംസ്കാരത്തെ പോഷിപ്പിക്കുന്നതിനുള്ള ഏററവും പ്രബലപ്പെട്ട ഉപാധിയായിരുന്നു 'ഗ്രീക്കുഭാഷ. ഈ ഭാഷയിലുള്ള ഏററവും പഴക്കം ചെന്ന കൃതികളത്രേ ഹോമറുടെ 'ഇലിയഡ്' 'ഓഡിസ്സി' എന്നിവ. ഇങ്ങനെ പൊതുവായ ഭാഷ, സാഹിത്യം, ആചാരങ്ങൾ, മതവിശ്വാസങ്ങൾ, ക്രീഡാവിനോദങ്ങൾ എന്നിവ ഗ്രീക്കുകാരെ സംഘടിപ്പിക്കുന്നതിനു പററിയ മാർഗ്ഗങ്ങളായി

രുന്നു. എന്നാൽ, ഇതൊക്കെയുണ്ടായിട്ടും രാഷ്ട്രീയമായ ഒരു സംഘടനയ്ക്കു് ഇവ പ്രേരകമായിക്കണ്ടില്ല. അതിന്നു കാരണം ഗ്രീസ്സിന്റെ ഭൂപ്രകൃതിയാണു്. മലകളാൽ വേർതിരിക്കപ്പെട്ട നഗരങ്ങളിൽ സ്വതന്ത്രമായി ജീവിച്ചു ശീലിച്ച അവിടത്തെ ജനങ്ങൾ തങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും കൈവിട്ടുകളയാൻ സമ്മതമുള്ളവരല്ലായിരുന്നു.

എന്നാൽ, എങ്ങനെയാണു് അവർ ജീവിച്ചിരുന്നതെന്നു നോക്കാം. ആദ്യം അവിടവിടെ ചെറിയ ഗ്രാമങ്ങളിൽ കഴിച്ചുകൂട്ടുകയാണു് അവർ ചെയ്തതു്. കുറെ കഴിഞ്ഞപ്പോൾ ഈ ഗ്രാമീണജനത സംഘടിക്കുവാൻ തുടങ്ങി. പൊതുരക്ഷ, പൊതുഭരണം എന്നിവയെല്ലാം ഇതു് ആവശ്യമാക്കിത്തോന്നി. അവിടെ ഉണ്ടായിരുന്ന കുന്നിൻപുറങ്ങളിലാണു്

നഗരരാഷ്ട്രങ്ങൾ.

ഇത്തരം സമ്മേളനങ്ങൾ നടക്കുക പതിവു്. ഇങ്ങനെ ഓരോ കുന്നും അതിന്നു ചുററുമുള്ള പ്രദേശങ്ങളും കൂടി ഓരോ നഗരരാഷ്ട്രമായിത്തീൻ. ഗ്രീക്കുകാരുടെ ഭാഷയിൽ 'പോളിസ്' എന്നാണു് ഇത്തരം നഗരരാഷ്ട്രങ്ങൾക്കു പേർ പറയാറുള്ളതു്. 'ആതൻസ്' സ്പാർട്ട, തീബ്സ് ആർഗോസ്' കോറിന്തു് എന്നിങ്ങനെ അനേകം നഗരരാഷ്ട്രങ്ങൾ ഉണ്ടായിരുന്നു. ആതൻസ് ആയിരുന്നു ഏററവും പ്രസിദ്ധപ്പെട്ടതു്. ഓരോ നഗരരാഷ്ട്രത്തെയും വേർതിരിച്ചുനിർത്താൻ പററിയവിധം കടൽ ഉള്ളിലേക്കു തള്ളിക്കിടന്നിരുന്നു. മാത്രമല്ല, മലകളാൽ സുരക്ഷിതവും കൂടിയായിരുന്നു അവ. ഇങ്ങനെ പരസ്പരസമ്പർക്കത്തിന്നു പഴുതില്ലാതെ നഗരരാഷ്ട്രങ്ങൾ ഒററതിരിഞ്ഞു നില്ക്കുകയാണു് ചെയ്തതു്.

ഒററതിരിഞ്ഞുള്ള ഈ ജീവിതം അതാതു നഗരരാഷ്ട്രത്തിലെ ജനങ്ങളെ കൂടുതൽ അടുപ്പിച്ചു. ഒരു പൊതുകുടുംബത്തിൽ യോജിച്ചു ജീവിക്കേണ്ടവരാണെന്നുള്ള ബോധം അവർക്കുണ്ടായി. രാജ്യത്തിന്നുവേണ്ടി മരിക്കുവാൻ അവർക്കു് ആഹ്ലാദമേ ഉണ്ടായിരുന്നുള്ളു. അവരുടെ ഭരണം, അവരുടെ ചന്തസ്ഥലം, അവരുടെ ദേവാലയം ഇതൊക്കെ അവർക്കു വളരെ വിലപിടിച്ച സ്വത്തുക്കളായിരുന്നു.

ഹോമർയുഗത്തിൽ ഈ നഗരരാഷ്ട്രങ്ങളിലൊക്കെ രാജാക്കന്മാരുണ്ടായിരുന്നു. എന്നാൽ പ്രധാനപ്പെട്ട കാര്യങ്ങൾ ആലോചിക്കാനായി. ചന്തസ്ഥലത്തു പൗരമഹായോഗങ്ങൾ കൂടാറുണ്ട്. ഈ യോഗങ്ങളുടെ തീരുമാനത്തിന്ന് അക്കാലത്ത് വലിയ വിലയൊന്നും കല്പിച്ചിരുന്നില്ലെങ്കിലും ക്രമേണ അവ പ്രബലപ്പെട്ടുവന്നു.

ഗ്രീക്കുകാരുടെ ഈ രാഷ്ട്രീയപുരോഗമനം നമുക്കു പരിശോധിക്കാം. രാജാക്കന്മാർ ദുർബ്ബലന്മാരെന്നു കാണുമ്പോൾ പ്രഭുക്കൾ അധികാരം കൈക്കലാക്കാൻ നോക്കുക പതിവാണ്.

രാജത്വഭരണ നിയന്ത്രണം.

തീബ്സ്, കോറിന്ത്, തുടങ്ങിയ ചില സ്ഥലങ്ങളിൽ ഇങ്ങനെ രാജത്വഭരണത്തിന്റെ സ്ഥാനത്തു പ്രഭുസഭകളുടെ ഭരണം സ്ഥാപിക്കപ്പെട്ടു. സ്പാർട്ട, ആർഗോസ് തുടങ്ങിയ ഏതാനും സ്ഥലത്ത് രാജാധികാരത്തെ നിയന്ത്രിക്കാനാണ് നടപടിയെടുത്തത്. മററു ചിലേടങ്ങളിൽ സ്വേച്ഛാപ്രമത്തന്മാരുടെ ഏകാധിപത്യവും കൊടികയറി.

ഇത്രയും സാമാന്യമായി പറഞ്ഞെങ്കിലും ആതൻസ് * സ്പാർട്ട എന്നീ രാജ്യങ്ങളുടെ കഥ ഒന്നുകൂടി ചുഴിഞ്ഞുനോക്കാം.

ഭരണഘടനാ പരീക്ഷണം.

ആതൻസിലെ ജനങ്ങൾ സ്വാദുനോക്കാത്ത ഭരണഘടന അന്നുണ്ടായിരുന്നില്ല. രാജത്വഭരണം, സ്വേച്ഛാപ്രഭുത്വപരമായ ഏകാധിപത്യം, പ്രഭുക്കന്മാരുടെ ഭരണം എന്നിവയൊക്കെ അവിടത്തെ തിരശ്ശീലമേൽ മാറി മാറി വന്ന പടങ്ങളാണ്. ഓരോന്നും പരിശോധിച്ചു പരിത്യജിച്ച ശേഷം ക്രി. മു. അഞ്ചാം നൂററാണ്ടായപ്പോഴേയ്ക്കും പ്രജായത്ത ഭരണത്തിൽ അടിയുറപ്പിക്കുകയാണ് അവർ ചെയ്തത്.

ഈ കാലഘട്ടത്തിനിടയിൽ വന്ന ഒന്നുരണ്ടു പേരെക്കുറിച്ച് അല്പം പറയാം. ക്രി. മു. ആറാം നൂററാണ്ടിന്റെ

---

* ആതൻസ് തലസ്ഥാനനഗരവും അതിനെ വലയം ചെയ്യുന്ന രാജ്യം 'അററിക്ക'യും ആയിരുന്നു.

ആരംഭത്തിൽ ആതൻസിൽ ഭൂമിയുടമസ്ഥന്മാരുടെ മർദ്ദനവും ക്ഷാമവും കൂടി ജനങ്ങളെ വല്ലാതെ ഞെരുക്കി. പാവപ്പെട്ട ഭൂമിയുടമസ്ഥന്മാരുടെ സ്വത്തുക്കളൊക്കെ പ്രഭുക്കന്മാരുടെ കൈവശമായി. കടം തീർക്കാൻ ഇതുകൊണ്ടും സാധിക്കാതെ വന്നപ്പോൾ തങ്ങളെത്തന്നെ പണയപ്പെടുത്തണമെന്ന ഘട്ടം വന്നു. അല്ലലും, അരിഷ്ടവും, കൊടുംപിരികൊണ്ടു. ഇത്രയുമായപ്പോൾ അവിടത്തെ ജനങ്ങൾ 'സോളൻ' എന്നൊരാളെ ന്യായാധിപനായി തിരഞ്ഞെടുത്തു. 'സോളൻ' നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു ന്യായാധിപനാണ്. കർഷകന്മാരെ അദ്ദേഹം കടബാധ്യതയിൽ നിന്നൊഴിവാക്കി. മാത്രമല്ലാ, കടത്തിനുവേണ്ടി ശരീരം പണയപ്പെടുത്തുന്ന മൃഗീയസമ്പ്രദായവും നിർത്തൽ ചെയ്തു. ഭക്ഷണസാധനങ്ങൾ അന്യരാജ്യങ്ങളിലേക്കു കയററി അയയ്ക്കൽ നിരോധിച്ചു. അപ്പോൾ, അവയുടെ വില താനേ കുറഞ്ഞുവന്നു. ഇതിനും പുറമേ, ഭക്ഷ്യോല്പാദനപദ്ധതികളും അദ്ദേഹം ഏർപ്പെടുത്തി. വ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി അന്യരാജ്യങ്ങളിൽ നിന്നും വിദഗ്ദ്ധന്മാരെ വിളിച്ചുവരുത്തി അവർക്കു പൌരാവകാശങ്ങളും മററും നല്കി പ്രോത്സാഹിപ്പിച്ചു. നാണയങ്ങൾ പരിഷ്കരിച്ച് മററു രാജ്യക്കാർക്കു കൂടി സ്വീകാരയോഗ്യമാക്കിത്തീർത്തപ്പോൾ കച്ചവടവും പ്രബലപ്പെട്ടു. ഇതിനെല്ലാം പുറമെ ഭരണഘടനയെ പൌരന്മാരുമായി കൂടുതൽ അടുപ്പിക്കുകയും ചെയ്തു.

ആതൻസ് സോളൻ.

രാജ്യഭരണത്തെ സാമാന്യജനതയുമായി കുറച്ചുകൂടി അടുപ്പിച്ചവരാണ് പെയ്സിസ്ട്രാററസ്, ക്ലെയ്സ്തനീസ് എന്നിവർ. പെയ്സിസ്ട്രാററസ് പ്രഭുക്കളുടെ സ്വത്തു പിടിച്ചെടുത്തു കർഷകന്മാർക്കു കൊടുത്തു. ക്ലെയ്സ്തനീസ് പ്രജായത്ത ഭരണഘടനയേർപ്പെടുത്തി. ജനങ്ങളെ പത്തു ഗണമായിത്തിരിച്ച് എല്ലാവർക്കും പൌരാവകാശം നൽകി. അവരാൽ തിരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാർ ചേർന്ന് ഭരണം നടത്തുന്നൊരു സമ്പ്രദായമാണ് ക്ലെയ്സ്തനീസ് നടപ്പാക്കിയത്. ഇതിനുപുറമേ, ഒരു അഞ്ഞൂറാൾ യോഗവും (Council of Five Hundred) ഒരു ദേശീയസമിതിയും (National Assembly) കൂടിയുണ്ടാക്കി. ക്രി. മു. അഞ്ചാം

നൂററാണ്ടു പിറന്നതോടെ ആതൻസിൽ പ്രജായത്തഭരണം സ്ഥാപിച്ചു. അഭിമാനിക്കത്തക്ക ഒരു നേട്ടമല്ലേ ഇതു്?

ഇനി സ്പാർട്ടയുടെ കഥ നോക്കാം. സ്പാർട്ട സൈനിക ശക്തികൊണ്ടു പ്രബലപ്പെട്ട ഒരു രാജ്യമാണു്. ആതൻസിനെപ്പോലെ മാനസികസംസ്കാരത്തിലോ, കച്ചവടം, കൈത്തൊഴിൽ എന്നിവയിലോ അവക്കു താല്പര്യമുണ്ടായിരുന്നില്ല. എല്ലാ കുട്ടികളേയും യുദ്ധം പരിശീലിപ്പിക്കണമെന്നേ അവിടെ സിദ്ധാന്തമുണ്ടായിരുന്നുള്ളു. മററു രാജ്യങ്ങളുമായി യുദ്ധം ചെയ്തു് പ്രതാപം നേടണം. അതാണു്, അവരുടെ ലക്ഷ്യം.

സ്പാർട്ട.

പെലപ്പൊണിസ്സിലെ ഏററവും പ്രബലപ്പെട്ട നഗരരാജ്യമായിരുന്നു സ്പാർട്ട. രണ്ടു രാജാക്കന്മാർ കൂടിയാണു് ഭരണം നടത്തിയിരുന്നതു്. എന്നാൽ, ഇവരുടെ അധികാരത്തെ നിയന്ത്രിക്കുവാനായി പൌരന്മാരാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചാംഗസമിതിയുണ്ടായിരുന്നു. യുദ്ധം, ആഭ്യന്തരകാര്യങ്ങൾ എന്നുവേണ്ട, എല്ലാററിലും അവരുടെ മേലന്വേഷണമുണ്ടായിരുന്നു. വ്യക്തികളുടെ സ്വകാര്യജീവിതംപോലും സമുദായത്തിൻെറ നന്മയ്ക്കുവേണ്ടിയുള്ള ലക്ഷ്യത്തെ ആശ്രയിച്ചേ അവിടെ നടപ്പുണ്ടായിരുന്നുള്ളു. സ്ത്രീകൾ കുട്ടികളെ പ്രസവിക്കുന്നതു രാജ്യരക്ഷയ്ക്കുവേണ്ടിയാണെന്നു് അവർ വിശ്വസിച്ചു. അതിന്നു കൊള്ളരുതാത്ത കുട്ടികളെക്കുറിച്ചു് അവക്കു കരുതലേ ഉണ്ടായിരുന്നില്ല.

ക്രി. മു. 600 ആയപ്പോഴേയ്ക്കും സ്പാർട്ട സാമാന്യം പ്രബലപ്പെട്ടു. ആർഗോസ്, ഏക്കിയ എന്നീ രണ്ടു രാജ്യങ്ങളൊഴികെ പെലപ്പൊണിസ്സസ് അർദ്ധദ്വീപിലെ മറെറല്ലാ നഗരങ്ങളും സ്പാർട്ടയുടെ നേതൃത്വം സ്വീകരിച്ചു.

പെലപ്പൊണിസ്യൻ സമിതി.

പെലപ്പൊണിസ്യൻ സമിതി എന്ന പേരിൽ ഒരു സംഘടനയും രൂപീകരിക്കപ്പെട്ടു. ക്രി. മു. 545_ൽ ആർഗോസ് കൂടി തകർത്തപ്പോൾ ഗ്രീസ്സിലെ മറെറല്ലാ നഗരങ്ങൾക്കും സ്പാർട്ടയെക്കുറിച്ചു ഭയവും ബഹുമാനവുമായി.

എന്നാൽ, ആഭ്യന്തരകലഹത്തെക്കുറിച്ചുള്ള ആശങ്ക അവരെ എപ്പോഴും ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അവി

ടത്തെ ഭൂരിപക്ഷം ജനങ്ങളും അടിമകളായിരുന്നു. 'ഹെലട്ടു്' എന്നാണു് അവരെ വിളിച്ചിരുന്നതു്. അവർ അധികാരത്തിനുവേണ്ടി ബഹളം കൂട്ടിയെങ്കിലോ എന്നായിരുന്നു ആശങ്ക.

ക്രി. മു. 520_ൽ അവിടെ രാജാവായിരുന്ന ക്ലിയോമെനിസ്സ് സമൎത്ഥനായിരുന്നു. അദ്ദേഹത്തിന്റെ സ്വാധീനശക്തി ഗ്രീക്ക കോളനികളിലൊക്കെ വ്യാപിച്ചിരുന്നു. പക്ഷെ, സ്പാർട്ടയിലെ ഗവമ്മേണ്ടു് അദ്ദേഹത്തെ അത്ര പ്രോത്സാഹിപ്പിച്ചില്ല. രാജത്വഭരണം പ്രബലപ്പെട്ടെങ്കിലോ എന്നായിരുന്നു അവരുടെ ഭയം.

ഇങ്ങനെ അഞ്ചാം നൂററാണ്ടിന്റെ അവസാനത്തിൽ പെലപ്പൊണിസസ്സിൽ സ്പാരട്ടയുടേയും മദ്ധ്യഗ്രീസ്സിൽ ആതൻസിന്റേയും നേതൃത്വം അനിഷേധ്യമായിത്തീൎന്നു. ഈ ഘട്ടത്തിലാണു് കിഴക്കുവശത്തു പേഴ്സ്യ പ്രബലപ്പെട്ടതു്.

## ക്രി. മു. അഞ്ചാം നൂററാണ്ടു്:

അഞ്ചാം നൂററാണ്ടിലെ സംഭവഗതികൾ പരിശോധിക്കുന്നതിനു മുമ്പായി നമുക്കു ഗ്രീക്കുകാരുടെ കോളനിസംരംഭത്തെപ്പററി അല്പം അറിഞ്ഞിരിക്കേണ്ടതുണ്ടു്. ക്രി. മു. എട്ടാം നൂററാണ്ടു മുതല്ക്കു അവർ മെഡിറററേനിയൻ കടലിലുള്ള ദ്വീപുകൾ ഓരോന്നായി അധിവസിച്ചു തുടങ്ങിയിട്ടുണ്ടു്. എന്തൊക്കെയാണു് ഈ സഞ്ചാരത്തിനു കാരണമെന്നു നോക്കാം.

**കോളനികൾ.**

ഗ്രീക്കുകാർ കടലോരങ്ങളിൽ വളൎന്നു ശീലിച്ചതുകൊണ്ടു് നാവികസംരംഭത്തിൽ താല്പൎയ്യമുണ്ടാകുന്നതിൽ അതിശയിക്കാനില്ല. എന്നാൽ, അതു മാത്രമല്ല അവരെ പ്രേരിപ്പിച്ചതു്. അവൎക്കാവശ്യമുള്ള ഭക്ഷണം അവരുടെ രാജ്യത്തു കിട്ടാൻ വിഷമമായി. ഇതോടൊപ്പം ജനസംഖ്യയുംകൂടി വൎദ്ധിച്ചു, മാത്രമല്ലാ, പ്രഭുക്കന്മാരുടെ മൎദ്ദനംകൊണ്ടു പൊറുതിമുട്ടിയ സാമാന്യജനതയ്ക്കു് പുറത്തെങ്ങാനുംപോയി സ്വൈരമായി ജീവിച്ചാൽ കൊള്ളാമെന്നു തോന്നായ്കയുമില്ല. ഇങ്ങനെ

നാവികസംരംഭത്തിലുള്ള, കൌതുകം, ജനസംഖ്യയിലുണ്ടായ വൎദ്ധന, ഭക്ഷണക്ഷാമം, ആഭ്യന്തരാസ്വാസ്ഥ്യം എന്നിവയൊക്കെ അവരെ കോളനിസംരംഭങ്ങൾക്കു പ്രോത്സാഹിപ്പിച്ചു.




അത്തിനിയൻ സാമ്രാജ്യം

മെഡിറ്ററേനിയൻ കടലിലെ പല ദ്വീപുകളും, ഏഷ്യാമൈനറിന്റെ പടിഞ്ഞാറെ തീരവും ഗ്രീക്കുകാരുടെ താവളങ്ങൾകൊണ്ടു നിറഞ്ഞു. ഇതിൽ അയോണിയക്കാരുടെ അനൈക്യം നിമിത്തം അവൎക്കു ലിഡിയാസാമ്രാജ്യത്തിന്റെ കീഴിൽ വൎത്തിക്കേണ്ടിവന്നു. ക്രി. മു. 546-ൽ ലിഡിയ സൈറസ്സിന്നധീനമായതോടെ ഈ ഗ്രീക്കുനഗരങ്ങളൊക്കെ പേഴ്സ്യൻ സാമ്രാജ്യത്തിൽ ലയിച്ചു. സൈറസ്സിനെ പിന്തുടൎന്ന ഡേറിയസ ചക്രവൎത്തിയുടെ കാലത്തു് ഈ അയോണിയൻ ഗ്രീക്കുകാർ പേഴ്സ്യൻ സ്വേച്ഛാധിപത്യഭരണത്തിൽനിന്നും മോചനം ലഭിക്കാൻവേണ്ടി പ്രക്ഷോഭണം കൂട്ടി. ആതൻസിൽനിന്നു അവൎക്കു സഹായവും ലഭിച്ചു.

ഈ കാരണത്തിന്മേൽ ക്രി. മു. 490-ൽ ഡേരിയസ്സിന്റെ പേഴ്സ്യൻസൈന്യം ഗ്രീസ് ആക്രമിച്ചു. മാരത്തോൺ എന്ന സ്ഥലത്തുവെച്ചു ഭയങ്കരമായ ഒരു സമരം നടന്നു. പേഴ്സ്യൻസൈന്യം നൈരാശ്യത്തോടെ പിൻവാങ്ങുകയും ചെയ്തു. ഈ വിജയം ഗ്രീക്കുകാരുടെ ചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

മാരത്തോൺ വിജയം

ഡേരിയസ്സിന്റെ ലക്ഷ്യം പൂർത്തിയാക്കാമെന്ന ദൃഢനിശ്ചയത്തോടുകൂടി സെർക്സസ് ക്രി. മു. 480-ൽ ഗ്രീസ്സ് ആക്രമിച്ചു. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഗ്രീക്കുനഗരങ്ങളെല്ലാം സംഘടിച്ചു. സ്പാർട്ട നേതൃത്വം വഹിച്ചു. "തെർമോപൈലേ" എന്ന സ്ഥലത്തു നടന്ന യുദ്ധത്തിൽ അനേകം സ്പാർട്ടൻ യോദ്ധാക്കൾ ചത്തൊടുങ്ങി. എന്നാൽ, 'സലാമീസ്' എന്ന സ്ഥലത്തുണ്ടായ യുദ്ധത്തിൽ ഗ്രീക്കുകാർ ജയിച്ചു. ആതൻസിലെ തെമിസ്റ്റോക്ലീസ് ആയിരുന്നു ഈ യുദ്ധത്തിലെ നേതാവ്.

## ആതൻസിന്റെ നേതൃത്വം

പേഴ്സ്യയോടുള്ള വിജയം ആതൻസിനെ ഗ്രീക്കുകാരുടെ നേതാവാക്കി. മേലിൽ ഉണ്ടാകാവുന്ന ആക്രമണങ്ങളെ തടയാൻ 'ഡീലിയൻസമിതി' എന്ന പേരിൽ ആതൻസിന്റെ നേതൃത്വത്തിൽ മെഡിറ്ററേനിയൻ കടലിലും ഏഷ്യാമൈനറിലുമുള്ള ഗ്രീക്കുനഗരങ്ങൾ ഒത്തുചേർന്ന് ഒരു സംഘടനരൂപീകരിച്ചു. ഡെലോസ് ദ്വീപായിരുന്നു സമിതിയുടെ കേന്ദ്രം. 200-ൽപരം സ്വതന്ത്രനഗരങ്ങളുടെ സംഘടനയായി ആരംഭിച്ച ഡീലിയൻ സമിതി ആതൻസിന്റെ സാമ്രാജ്യമായിട്ടാണ് രൂപാന്തരപ്പെട്ടത്.

പ്രജായത്തഭരണത്തിലായിരുന്നു ആതൻസിന്നു പ്രതിപത്തി. തന്മൂലം സാമന്തനഗരങ്ങളിലൊക്കെ അത്തരം ഭരണഘടനകളേർപ്പെടുത്തിത്തുടങ്ങി. ഇങ്ങനെ പൗരസ്ത്യലോകത്തിന്നു പ്രജായത്തഭരണം ആദ്യമായി പ്രദാനം ചെയ്തതു




ഹിറോഡോട്ടസ്സിന്റെ ലോകം.

ആതൻസ് ആണ്. ആതൻസിന്റെ ഈ പുരോഗതിയെ അതിന്റെ പരമകാഷ്ഠയിലെത്തിച്ച മഹാനാണ് പെരിക്ലീസ്. ഉൽകൃഷ്ടകുടുംബത്തിൽ ജനിച്ച അദ്ദേഹം ബുദ്ധിമാനും, ധീരനും തന്ത്രജ്ഞനുമായിരുന്നു. പ്രാപ്തിയുള്ളവരെ പെരിക്ലീസ് ഉദ്യോഗങ്ങളിൽ നിയമിച്ചു. നീതിയുടേയും നിയമത്തിന്റെയും ദൃഷ്ടിയിൽ എല്ലാവർക്കും സമാവകാശം നൽകി. യഥാർത്ഥത്തിൽ പെരിക്ലീസ്സിന്റെ ഏകാധിപത്യമാണ് അവിടെ നടന്നിരുന്നതെങ്കിലും അതു് എല്ലാവർക്കും സമ്മതമായിരുന്നു.

**പെരിക്ലിസ്.**

## പെരിക്ലിസ്സിന്റെ കാലത്തെ സർവ്വതോമുഖമായ പുരോഗതി.

കല, രാജ്യതന്ത്രം, തത്വശാസ്ത്രം തുടങ്ങി എല്ലാ രംഗങ്ങളിലും പെരിക്ലീസ് ആതൻസിനെ അഭിവൃദ്ധിപ്പെടുത്തി. ആതൻസിന്റെ ചരിത്രത്തിലെ സുവർണ്ണകാലമായിരുന്നു

അതു്. ശില്പകലാവിദഗ്ദ്ധന്മാരെ മുഴുവൻ അദ്ദേഹം ആതൻസിലേക്കു ക്ഷണിച്ചുവരുത്തി. മനോഹരങ്ങളായ കെട്ടിടങ്ങളും ക്ഷേത്രങ്ങളും പണിയിച്ചു. വിശ്വവിഖ്യാതന്മാരായ സാഹിത്യകാരന്മാരും അന്നാണു് ഗ്രീസ്സിലുണ്ടായതു്. ഏസ്കിലസ്സ്, സോഫോക്ലീസ്, യൂറിപ്പിഡീസ് എന്നിവരുടെ ദുഃഖപര്യവസായികളായ നാടകങ്ങളും അരിസ്റ്റോഫെനിസ്സിന്റെ ശുഭാപ്തിനാടകങ്ങളും അക്കാലത്തെ നേട്ടങ്ങളാണു്. ഹിരോഡോട്ടസ്, തൂസിഡൈഡിസ് എന്നി ചരിത്രകാരന്മാരും അന്നാണു് ജീവിച്ചിരുന്നതു്. "ചരിത്രത്തിന്റെ പിതാവാ"ണ് ഹിരോഡോട്ടസ്. ഉപരിവിദ്യാഭ്യാസത്തിനു ഗണ്യമായ പുരോഗതിയാണു് അന്നുണ്ടായതു്.

സദാചാരപ്രബോധകനായ സോക്രറ്റീസ് പെരിക്ലീസ്സിന്റെ കാലത്തത്രേ ജീവിച്ചിരുന്നതു്. ഗ്രീക്കതത്വശാസ്ത്രത്തിനു പ്രചോദനം നൽകിയതു സോക്രറ്റീസ്സാണു്. പാരമ്പര്യത്തിൽനിന്നും യുവാക്കളെ വഴിപിഴപ്പിച്ചു എന്ന കാരണത്തിന്മേൽ ആതൻസിലെ ഗവമ്മേണ്ടു് അദ്ദേഹത്തെ വധിക്കുകയത്രേ ചെയ്തതു്.

രാഷ്ട്രീയകാര്യങ്ങളിലാണു് അന്നു വലിയ പുരോഗതിയുണ്ടായതു്. നിയമനിർമ്മാണസമിതിയിൽ എല്ലാ പൌരന്മാക്കും സ്ഥാനമുണ്ടായിരുന്നു. ഇതിനു പുറമെ ദൈനംദിനഭരണകാര്യങ്ങളന്വേഷിക്കാൻ ഒരു "അഞ്ഞൂറാം യോഗ"മുണ്ടായിരുന്നു. ഈ യോഗത്തിൽനിന്നും മാസന്തോറും മാറി മാറി തിരഞ്ഞെടുക്കപ്പെട്ടിരുന്ന ഒരു സഭയാണു് ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നതു്. നോക്കുക, ഏതൊരു പൌരനും ഭരണനേതൃത്വം വഹിക്കാൻ അന്നു് അവസരം നല്കപ്പെട്ടിരുന്നു.

ജീവിതം. വിദ്യാഭ്യാസം. കച്ചവടം.

സൈനികപരിശീലനവും യുദ്ധസേവനവും അന്നു നിർബ്ബന്ധമായിരുന്നു. പൌരജീവിതം അന്നു് സുഖപ്രദമായിരുന്നു. പക്ഷെ, സ്ത്രീകൾക്കു് സ്വാതന്ത്ര്യം കുറവായിരുന്നു. അടിമസമ്പ്രദായവും ആതൻസിൽ അന്നു സാർവ്വത്രികമായിരുന്നു. ഗവമ്മേണ്ടല്ലാ വിദ്യാലയങ്ങൾ നടത്തിയിരു

ന്നതു്. പക്ഷെ, അതുകൊണ്ടു് വിദ്യാഭ്യാസത്തിന്നു് തരക്കേടൊന്നും വന്നില്ല. കച്ചവടത്തിന്റേയും വ്യവസായത്തിന്റേയും കേന്ദ്രമായിരുന്നു അന്നത്തെ ആതൻസ്. മദ്ധ്യപൌരസ്ത്യലോകത്തിലെ എല്ലാ തുറമുഖങ്ങളും ആതൻസിലെ "കച്ചവടക്കാർക്കു്" സുപരിചിതങ്ങളായിരുന്നു. എന്തിനധികം? പെരിക്ലിസ്സിന്റെ കാലത്തുണ്ടായ പുരോഗതി ആതൻസിന്റെ ചരിത്രത്തിൽ അതിന്നുമുമ്പോ പിമ്പോ ഉണ്ടായിട്ടില്ല.

ഈ ഭൌതികപുരോഗതിയെ ശല്യപ്പെടുത്താനായി ക്രി. മു 429_ൽ ആതൻസിൽ ഒരു പ്ലേഗ്ബാധയുണ്ടായി. ആ ഭയങ്കരരോഗം പെരിക്ലിസ്സിനേയും നിഗ്രഹിച്ചു. അതിന്നുശേഷം അത്ര പ്രതിഭാശാലിയായ ഒരു നേതാവു് ആതൻസിലുണ്ടായില്ല.

പെരിക്ലീസ് മരിച്ചു് അധികകാലം കഴിയുന്നതിന്നു മുമ്പു് ആതൻസിന്റെ നേതൃത്വം സ്പാർട്ടക്കു കൈമാറിക്കൊടുക്കേണ്ടിവന്നു. പെലപ്പൊണിസ്സിലെ നഗരങ്ങളൊക്കെ സ്പാർട്ടയുടെ അനിഷേധ്യനേതൃത്വത്തിൽ സംഘടിച്ചു. എന്നാൽ 'പെലപ്പൊണീഷ്യൻ സമിതി', സ്പാർട്ടയുടെ ഒരു കളിപ്പാവയായിട്ടേ കണക്കാക്കപ്പെട്ടിരുന്നുള്ളു. ക്രമേണ അതിലെ ഓരോ നഗരങ്ങളേയും കീഴടക്കി ഭരിക്കാനാണു് അവർ യത്നിച്ചതു്.

**സ്പാർട്ട**

ഇതിന്നിടയിൽ ഗ്രീസ്സിലെ മറെറാരു നഗരമായ തീബ്സ് പ്രബലപ്പെട്ടുവന്നു. എപ്പമിനോൺഡസ്, പെലോപ്പിഡോസ് എന്നീ യുദ്ധതന്ത്രജ്ഞന്മാരുടെ സാമർത്ഥ്യമാണു് തീബ്സിനെ നേതൃസ്ഥാനത്തേക്കുയർത്തിയതു്. പെലപ്പോണിസ്യൻ നഗരങ്ങൾ പലതും സ്പാർട്ടയുടെ ആധിപത്യത്തിൽനിന്നും മോചിപ്പിച്ചതു് എപ്പമിനോൺഡസ്സാണു്. പക്ഷെ, ഒരു സാമ്രാജ്യം സ്ഥാപിക്കാനൊന്നും തീബ്സ്സിന്നു സാധിച്ചില്ല.

**തീബ്സ്.**

എപ്പമിനോൺഡസ്സിന്റേയും പെലോപിഡാസ്സിന്റേയും മരണത്തോടുകൂടി തീബ്സിന്റെ പ്രാബല്യം ക്ഷയിച്ചു

ആതൻസിലോ, സ്പാർട്ടയിലോ ഒരു നേതാവൊട്ടുണ്ടായില്ലതാനും. ആ ഘട്ടത്തിലാണ് ഫിലിപ്പിൻെറ നേതൃത്വത്തിൽ മാസിഡോണിയ മുമ്പോട്ടുവന്നതു്.

## ക്രി. മു. നാലാം നൂററാണ്ടിലെ സംസ്കാരാഭിവൃദ്ധി

നാലാം നൂററാണ്ടിൽ ഗ്രീക്കസംസ്കാരത്തിന്നു വലിയ അഭിവൃദ്ധിയുണ്ടായി. സാമ്രാജ്യപരാഭവിക്ക കോട്ടം സംഭവിച്ചുവെങ്കിലും സാംസ്കാരിക നേട്ടങ്ങളുടെ നേതൃസ്ഥാനം ആതൻസിന്നുതന്നെയാണ് ലഭിച്ചതു്. തത്വജ്ഞാനത്തിലും ശാസ്ത്രത്തിലുമാണ് വലിയ പുരോഗതിയുണ്ടായതു്. സോക്രാറിസ്സിൻെറ ഉത്തമശിഷ്യനായ പ്ലേറോ സർവ്വജ്ഞൻ തന്നെയായിരുന്നു. കവി, പ്രധാചക്രൻ ചിന്തകൻ എന്നീ മൂന്നുനിലയിലും അദ്വിതീയനായിരുന്നു പ്ലേറോ. അദ്ദേഹത്തിൻെറ Republic എന്ന മഹാഗ്രന്ഥം ഒരു മാതൃകാസമുദായത്തിൻെറ ചിത്രീകരണമാണ്. പാശ്ചാത്യലോകത്തിലെ അനന്തരകാലത്തെ തത്വചിന്തകന്മാക്കെല്ലാം മാർഗ്ഗദശി പ്ലേറോ ആണ്. പ്ലേറോവിൻെറ ശിഷ്യനായ അരിസ്റ്റോട്ടിലും അത്തിനിയൻതന്നെയാണ്. ചിന്താശക്തിയിലും യുക്തിബോധത്തിലും അരിസ്റ്റോട്ടിൽ അദ്വിതീയനായിരുന്നു. ഗദ്യസാഹിത്യത്തിൽ നല്ല അഭിവൃദ്ധിയാണ് അന്നുണ്ടായതു്. പ്രകടപ്രസംഗം ഒരു കലയാക്കിത്തീത്ത 'ഡെമാസ്ഥനിസ്' നമ്മുടെ ആദരത്തെ അഹിക്കുന്നുണ്ട്.

ലോകം മുഴുവൻ ഗ്രീക്കസംസ്കാരത്തോടു കടപ്പെട്ടിട്ടുണ്ട്. രാഷ്ട്രശാസ്ത്രം, തത്വചിന്ത, സാഹിത്യം, ശില്പം, ഗണിതം തുടങ്ങി ഏതു വിഷയത്തിലും നമുക്ക് പ്രമാണമായി നില്ക്കുന്നതു് ഗ്രീക്കുകാരുടെ ഗ്രന്ഥങ്ങളാണ്. ഗ്രീക്കുകാർ പരീക്ഷിച്ച് സ്വാദറിയാത്ത ഭരണഘടനകളോ സാഹിത്യവിഭാഗങ്ങളോ വളരെ അപൂർവ്വമേ പിന്നീടുണ്ടായിട്ടുള്ളു.

## മാസിഡോണിയ

ആതൻസ്, സ്പാർട്ട, തീബ്സ് തുടങ്ങിയ നഗരങ്ങളുടെ സ്വാധീനശക്തി ക്ഷയിച്ചുവരുന്ന കാലത്തു് ഗ്രീസ്സിൻെറ

വടക്കുഭാഗത്തു് മറെറാരു സ്ഥലം പ്രബലപ്പെട്ടു. അതാണു് മാസിഡോണിയ. ഇവിടത്തെ നിവാസികളും ഗ്രീക്കുകാർ തന്നെയായിരുന്നു. എന്നാൽ നഗരരാജ്യത്തിന്റെ രീതിയിലല്ലാ ഇവർ പുരോഗമിച്ചതു്. രാജകീയഭരണത്തിൻകീഴിലുള്ള ഒരു രാജ്യമായിരുന്നു മാസിഡോണിയ.

ഫിലിപ്പ് II.

ക്രി. മു. 359-ൽ ഫിലിപ്പു് രണ്ടാമൻ മാസിഡോണിയാ രാജാവായി. നല്ലൊരു സൈന്യം ശേഖരിച്ചു് സാമ്രാജ്യം വിപുലമാക്കിത്തുടങ്ങി അദ്ദേഹം. സ്പാർട്ട ഒഴികെ മററു പ്രബലപ്പെട്ട നഗരങ്ങളൊക്കെ മാസിഡോണിയയുടെ മുമ്പിൽ തലകുനിക്കുകതന്നെ ചെയ്തു. ഇതിനുശേഷം ഏഷ്യാമൈനർ ആക്രമിക്കണമെന്നായിരുന്നു ഫിലിപ്പിന്റെ ലക്ഷ്യം. കോറിന്തിൽവെച്ചു് ഈ ഉദ്ദേശ്യത്തെ മുൻനിർത്തി ഒരു സമ്മേളനം നടത്തി. ഗ്രീക്കു നഗരങ്ങളെല്ലാം ഫിലിപ്പിനോടു സഹകരിക്കാൻ വാഗ്ദാനവും ചെയ്തു. പക്ഷെ, ഈ ഉദ്യമം ആരംഭിക്കുംമുമ്പെ അദ്ദേഹം ഗൂഢമായി വധിക്കപ്പെട്ടു.



ഫിലിപ്പു്.

അലക്സാണ്ടർ

ഫിലിപ്പിന്റെ പുത്രനായ അലക്സാണ്ടറാണു് പിന്നീടു് മാസിഡോണിയാ രാജാവായതു്. വിശ്വവിശ്രുതരായ യോദ്ധാക്കളിൽ ഒരാളായ ഈ ലോകവിജിഗീഷു രാജ്യഭാരം കയ്യേററപ്പോൾ ഇരുപതിരണ്ടു വയസ്സു പ്രായമുണ്ടായിരുന്നുള്ളു. ഗ്രീസ്സു് മുഴുവൻ അധീനമാക്കിയശേഷം അലക്സാണ്ടർ പേഴ്സ്യയുടെ നേരെ തിരിഞ്ഞു. അതിവിസ്തൃതമായ ഒരു രാജ്യമാണു് പേഴ്സ്യക്കധീനമായിട്ടുണ്ടായിരുന്നതു്. ഏഷ്യാമൈനറിലെ ചരിത്രപ്രഖ്യാതമായ ട്രോയ് നഗരം കീഴടക്കിയ ശേഷം തെക്കോട്ടേയ്ക്കു നീങ്ങി, അവിടെയുള്ള ഗ്രീക്കു നഗര

പേഴ്സ്യയുടെ നേരെ.

ങ്ങളം ഓരോന്നോരോന്നായി അദ്ദേഹം കീഴടക്കി. അപ്പോഴാണ് പേഴ്സ്യൻ ചക്രവർത്തിയായ ഡേരിയസ് മൂന്നാമൻ ഭീമമായ ഒരു സൈന്യവുംകൊണ്ടു് എതിർക്കാൻ വന്നതു്. ഇസ്സസ് എന്ന സ്ഥലത്തുണ്ടായ യുദ്ധത്തിൽ ഡേരിയസ്സിന്നു പിന്തിരിക്കേണ്ടി വന്നു. ഇതിനെ തുടർന്നു അദ്ദേഹം ടയർ തുറമുഖം കീഴടക്കി പാലസ്റ്റൈൻവഴി ഈജിപ്തിലേക്കാണ് കടന്നതു്.



മഹാനായ അലക്സാണ്ടർ.

ഈജിപ്തുകാർ അലക്സാണ്ടറെ മാനിക്കുകയേ ചെയ്തുള്ളു. തന്റെ വിജയത്തിന്റെ സ്മാരകമായി നൈൽനദീമുഖത്തു് അദ്ദേഹം 'അലക്സാണ്ട്റിയ' എന്ന തുറമുഖനഗരം സ്ഥാപിച്ചു് കിഴക്കോട്ടു തിരിച്ചു യൂഫ്രറ്റീസ്, ടൈഗ്രീസ് എന്നീ നദികൾ കടന്നു് അദ്ദേഹം പണ്ടത്തെ നിനവെ പട്ടണത്തിന്നു സമീപം എത്തി. ഈ ഘട്ടത്തിലാണ് ഡേരിയസ്സിന്റെ സൈന്യം വീണ്ടും അദ്ദേഹത്തെ എതിർത്തതു്. അർബ്ബേല എന്ന സ്ഥലത്തു നടന്ന യുദ്ധത്തിൽ ഡേരിയസ്സ് തോററോടി.

പേഴ്സ്യ മുഴുവൻതന്നെ അലക്സാണ്ടർക്കധീനമായി. പിന്നീടദ്ദേഹം കിഴക്കോട്ടു നീങ്ങി അഫ്ഘാനിസ്ഥാനം വഴി ഇന്ത്യയിലേക്കു കടന്നു. ഇന്ത്യയിൽ ജെലംനദീതീരത്തുവെച്ചു പോറസ് (പുരുഷോത്തമൻ) അദ്ദേഹത്തോടെതിർത്തെങ്കിലും പരാജിതനായതു നിങ്ങൾ ഇന്ത്യാചരിത്രത്തിൽ പഠിച്ചിട്ടുണ്ടാവും.

ഇന്ത്യയിൽ.

സൈന്യത്തിന്റെ നിർബ്ബന്ധംമൂലം വീണ്ടും പടിഞ്ഞാട്ടു തിരിക്കേണ്ടിവന്ന അദ്ദേഹം ക്രി. മു. 329-ൽ സുഖക്കേടു പിടിച്ചു മരിച്ചു. വിശ്വവിശ്രുതനായ ഒരു യോദ്ധാവ് എന്ന നിലയിൽ മാത്രമല്ലാ അലക്സാണ്ടർ ചരിത്രപ്രഖ്യാതനായതു് പൌരസ്ത്യലോകത്തെ പാശ്ചാത്യലോകത്തിൽ പിറന്ന

മരണം.

പ്രാചീനപരിഷ്കാരംകൊണ്ടു പൊൻപൂശാൻ കഴിഞ്ഞതു് അദ്ദേഹത്തിന്റെ അത്ഭുതാവഹമായ ദിഗ്വിജയം ഒന്നുകൊണ്ടു മാത്രമാണു്.



അലക്സാണ്ടറുടെ സാമ്രാജ്യം.

1. മാസിഡോണിയ, 2. ത്രെസ്, 3. സാർഡിസ്സ്, 4. ഇസ്സസ്, 5. ടയർ, 6. ഡമാസ്കസ്, 7. അലക്സാണ്ട്രിയ, 8. മെംഫിസ്സ്, 9. സൂസ്. 10. പെഴ്സിപ്പോളിസ്, 11. പസർഗഡേ.

ഇത്ര വിസ്തൃതമായൊരു സാമ്രാജ്യം അതുവരെ മറ്റൊരാരാക്കും കീഴടക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രീസ്സ്, ഏഷ്യാമൈനർ, ഈജിപ്തു്, പേഴ്സ്യ, ഇന്ത്യയിൽ സിന്ധുനദിവരെയുള്ള

സ്ഥലങ്ങൾ എന്നിവയൊക്കെ അതിൽ ഉൾപ്പെട്ടിരുന്നു. അതു യൂറോപ്പും ഏഷ്യയും കൂട്ടിയിണക്കുന്ന സാമ്രാജ്യമായിരുന്നു എന്നതാണു വിശേഷം. തന്മൂലം ഗ്രീക്കുകാരുടെ കച്ചവടം ഏഷ്യയിലേക്കു വ്യാപിച്ചു. കരകൌശലവിദഗ്ദ്ധന്മാരും, ശില്പികളും, കലാകാരന്മാരും, തത്വചിന്തകന്മാരും, ശാസ്ത്രകാരന്മാരും ഏഷ്യയിലേക്കു കടന്നുകൂടിയതു് അന്നുമുതല്ക്കാണു്. പൌരസ്ത്യപരിഷ്കാരത്തിന്നു് ഈ പുതിയ സമ്പൎക്കം വലിയ നേട്ടങ്ങളാണു് ഉണ്ടാക്കിക്കൊടുത്തതു്.

സാമ്രാജ്യം.

പുതുതായി പല നഗരങ്ങളും, അവർ പണിയിച്ചു. ഇങ്ങനെ ഈജിപ്തിലും, പശ്ചിമേഷ്യയിലും ഇന്ത്യയിലും പുതുനഗരങ്ങൾ പ്രശോഭിച്ചു. ഗ്രീക്കുഭാഷയ്ക്കു് പൌരസ്ത്യരാജ്യങ്ങളിൽ പ്രചാരം സിദ്ധിച്ചു. ജീവിതത്തോതു് ഉയൎത്താൻ വേണ്ട ചവിട്ടുപടികളാണു് ഗ്രീക്കുകാരുടെ ആക്രമണംമൂലം ഏഷ്യയ്ക്കു കൈവന്നതു്.

നേട്ടങ്ങൾ.

ഈജിപ്തിലെ അലക്സാണ്ട്റിയാ, ബാബിലോണിയയിലെ സെലൂസ്യ, സിറിയായിലെ ആൻറിയോക്കു് തുടങ്ങിയ സ്ഥലങ്ങളൊക്കെ വാണിജ്യകേന്ദ്രങ്ങളായിത്തീൎന്നു. ഇതിൽ അലക്സാണ്ട്റിയയ്ക്കാണു് പ്രഥമസ്ഥാനം സിദ്ധിച്ചതു്. ആഫ്രിക്ക, യൂറോപ്പു്, ഏഷ്യ എന്നീ മൂന്നു വൻകരയിലേക്കും കടക്കാവുന്നൊരു മൎമ്മസ്ഥാനത്താണല്ലോ അതിൻെറ കിടപ്പു്. തന്മൂലം ഈ തുറമുഖപട്ടണം വാണിജ്യത്തിൻെറ കേന്ദ്രമായിത്തീൎന്നു. മാസിഡോണിയാ രാജാക്കന്മാർ അലക്സാണ്ട്റിയയാണു് അവരുടെ തലസ്ഥാനമായി സ്വീകരിച്ചതു്. കാഴ്ചബംഗ്ലാവു്, ക്ഷേത്രം, കലാലയം, ഗ്രന്ഥശാല, പൂന്തോട്ടങ്ങൾ തുടങ്ങി പലതും അവിടെ പണിയിക്കുകയുണ്ടായി. അന്നുവരെ എഴുതപ്പെട്ടിട്ടുണ്ടായിരുന്ന എല്ലാ കൃതികളും "പാപ്പിറസ്" എന്ന സാധനത്തിന്മേൽ രേഖപ്പെടുത്തീട്ടുള്ള ചുരുളുകളിലായി അവിടെ ശേഖരിച്ചിട്ടുണ്ടായിരുന്നു. ഗണിതം, തത്വചിന്ത, ശരീരശാസ്ത്രം, ഭൂമിശാസ്ത്രം ആദിയായി പലതിലും പുരോഗതിയുണ്ടായി. ഗ്രീക്കുകാരുടെ ഇടയിൽ ഐക്യ

ബോധത്തിന്നു പ്രചോദനം ലഭിച്ചതു് അലക്സാണ്ടറുടെ കാലം മുതല്ക്കാണു്. ഇങ്ങനെ മദ്ധ്യഗ്രീസ്സിൽ "ഏറ്റോളിയൻ സമിതി"യും പെലപ്പൊന്നീസ്സസ്സിൽ "എക്കിയൻ സമിതി"യും രൂപമെടുത്തു. ഇവ രണ്ടും ഗ്രീക്കനഗരങ്ങളുടെ സംയുക്തസംഘടനയായിരുന്നു. പക്ഷേ, ആതൻസ്, സ്പാർട്ട എന്നീ നഗരങ്ങൾ ഇവയോടു സഹകരിച്ചില്ല—ഇങ്ങനെ സംഘടനയ്ക്കുള്ള സംരംഭങ്ങൾതന്നെ പരാജയപ്പെടുത്താൻ ചില കൂട്ടത്തിൽക്കൊററികളുണ്ടായിരിക്കെ, യൂറോപ്പിൽ മറെറാരു രാജ്യം പ്രബലപ്പെട്ടുവന്നു. അതാണു് റോം. റോമാനഗരത്തിന്റെ പ്രാബല്യത്തോടുകൂടി മാസിഡോണിയയിലെ വെളിച്ചം മങ്ങിപ്പോയി.

അലക്സാണ്ട്റിയ.

# 3. റോം

ഏഷ്യയുടെ തെക്കുഭാഗത്തു് ഇന്ത്യ എന്നപോലെ യൂറോപ്പിന്റെ ദക്ഷിണഭാഗത്തു കാണുന്ന അർദ്ധദ്വീപാണു് ഇററലി. ഗ്രീസ്സിനെപ്പോലെ മലകൾകൊണ്ടു മുറിക്കപ്പെട്ട രാജ്യങ്ങളല്ലാ, വിശാലസമതലങ്ങളാണു് ഇവിടെ കാണുക. ഒരു സംയുക്തരാഷ്ട്രം സ്ഥാപിക്കുവാൻ ഗ്രീസ്സിലെപ്പോലെയുള്ള വിഷമങ്ങളൊന്നും ഇവിടെ ഇല്ല. തുറമുഖസൌകര്യങ്ങൾ ഗ്രീസ്സിനെ അപേക്ഷിച്ചു് അല്പം കുറവാണെങ്കിലും ഉള്ളവയൊക്കെ മർമ്മസ്ഥാനങ്ങളിലാണു് കിടക്കുന്നതു്.

ഈജിയൻപ്രദേശങ്ങളിൽനിന്നു വന്ന ഉട്രുസ്കൻ വർഗ്ഗക്കാരാണു് ഇവിടെ പരിഷ്കാരം കൊണ്ടുവന്നതു്. ഇവരുടെ പിന്നാലെ ഗ്രീക്കുകാരും ഇങ്ങോട്ടുകടന്നു. എന്നാൽ ഇവരേക്കാളൊക്കെ മുമ്പുതന്നെ മെഡിററേനിയൻ വർഗ്ഗത്തിൽപെട്ട ഒരു കൂട്ടർ കടന്നുകൂടീട്ടുണ്ടായിരുന്നു. ഇററലിയിൽ അധികഭാഗവും ഈ വർഗ്ഗക്കാരാണു് അധിവസിച്ചിരുന്നതു്. ഇവരെ "ഇററാലിയൻ" വർഗ്ഗം എന്നാണു് വിളിച്ചിരുന്നതു്. അതിൽനിന്നാണു് ഈ അർദ്ധദ്വീപിന്നു് "ഇററലി" എന്നപേർ സിദ്ധി

ച്ചത്. ഇവരിൽ ഒരു വിഭാഗത്തിന്ന് "ലാററിൻ" എന്നായിരുന്നു പേർ. പുറമെനിന്നുള്ള ആക്രമണം തടയാൻ അവർ "ലേഷ്യൻ സമിതി" എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. റോം ആയിരുന്നു സമിതിയിലെ ഏററവും പ്രബലപ്പെട്ട നഗരം. ഈ റോമാനഗരം തന്നെയാണ് അതിവിസ്തൃതമായ സാമ്രാജ്യം സ്ഥാപിച്ചു ചരിത്രപ്രസിദ്ധി നേടിയത്.

**ലാററിൻ വർഗ്ഗം**

**റോം.**

ഏഴ് കുന്നുകൾകൊണ്ടു മനോഹരമാക്കപ്പെട്ട ഈ നഗരം പ്രകൃത്യാ ദുരാധർഷവും രമണീയവുമായിരുന്നു. ജലമാർഗ്ഗമായ കച്ചവടത്തിന്നു ടൈബർ നദിയും അവിടെ ഉണ്ടായിരുന്നു. ഇതിനെല്ലാം പുറമേ, ഇററലിയുടെ മദ്ധ്യത്തിലാണ് അതിൻെറ കിടപ്പ്. "റോമുലസ്" എന്നൊരാളാണ് റോമാനഗരം പണിതതെന്ന് ഒരു ഐതിഹ്യമുണ്ട്. അദ്ദേഹത്തിന്നശേഷം ആറു രാജാക്കന്മാർ തുടർച്ചയായി ഇവിടെ വാണുവത്രെ. തുടർന്നു രണ്ട് നൂററാണ്ടുകാലത്തോളം ഇട്രസ്കൻവർഗ്ഗക്കാരുടെ അധീനത്തിൽ വർത്തിച്ചശേഷം ക്രി. മു. 509-ലോ മറേറാ ജനങ്ങൾ സ്വാതന്ത്ര്യത്തിന്നുവേണ്ടി പ്രക്ഷോഭണമുണ്ടാക്കി. ഇതോടുകൂടി അവിടെ പ്രജായത്തഭരണം സ്ഥാപിക്കപ്പെട്ടു.

**ജീവിതരീതി.**

ഐതിഹ്യങ്ങളിൽ പ്രതിഫലിച്ചുകാണുന്ന സമുദായജീവിതരീതി പരിശോധിച്ചു നോക്കാം. പിതാവായിരുന്നു കുടുംബത്തിൻെറ തലവൻ. ഭാര്യയെ അടിമയാക്കാൻപോലും ഭർത്താവിന്ന് സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ, കുടുംബഭരണത്തിൽ സ്ത്രീക്ക് ഉന്നതമായ സ്ഥാനം ലഭിച്ചിരുന്നു. പിതൃക്കളെ ആരാധിക്കുന്ന സമ്പ്രദായം ഇവരുടെ ഇടയിൽ അന്നു സാധാരണമായിരുന്നു. ജൂപ്പിററർ വെളിച്ചത്തിൻേറയും, മാഴ്സ് യുദ്ധത്തിൻേറയും, മെർക്കുറി വാണിജ്യത്തിൻേറയും അധിഷ്ഠാനദേവന്മാരായിരുന്നു. കൃഷിയും കന്നുകാലികളെ മേക്കലുമായിരിക്കണം അവരുടെ മുഖ്യമായ തൊഴിൽ.

ഓരോരോ കുടുംബക്കാരും അവൎക്കാവശ്യമുള്ള വസ്ത്രം നെയ്യുകയായിരുന്നു പതിവു്. രാജ്യത്തിനുവേണ്ടി ഏതു ക്ലേശവും സഹിക്കാനാണു് അവർ ശീലിച്ചുവന്നതു്.

ഭരണം.

രാജത്വഭരണം നടന്നിരുന്ന കാലത്തു് രാജാവിനെ സഹായിക്കാൻ ഒരു 'വൃദ്ധജനസഭ'യും ഒരു ജനകീയസമിതിയും റോമിൽ ഉണ്ടായിരുന്നു. പ്രജായത്തഭരണം വന്നതോടുകൂടി രാജാവിന്റെ സ്ഥാനത്തു് 'കോൺസൽ' എന്ന പേരിൽ, തിരഞ്ഞെടുക്കപ്പെട്ട രണ്ടു പ്രതിനിധികൾക്കായി ഭരണാദ്ധ്യക്ഷ്യം. ഇവർ രണ്ടുപേരുംകൂടി യോജിച്ചല്ലാതെ ഒരു കാൎയ്യവും ചെയ്യാൻ വയ്യ. എന്നാൽ, ആപദ്ഘട്ടങ്ങളിൽ ഭരണനേതൃത്വം വഹിക്കുന്നതിനു് ഏകാധിപതിയെ (Dictator) നിയമിക്കാറുണ്ടു്.

സമുദായ ഘടന

സമുദായത്തിൽ അന്നു പാറ്റ്റീഷ്യൻ, പ്ളീബിയൻ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു. പ്രഭുക്കളൊക്കെ പാറ്റ്റീഷ്യൻ വിഭാഗത്തിലും സാമാന്യജനത പ്ളീബിയൻ വിഭാഗത്തിലും. പ്ളീബിയൻ വിഭാഗക്കാൎക്കു പൌരാവകാശങ്ങൾ പലതും നിഷേധിക്കപ്പെട്ടിരുന്നു. പ്രജായത്തഭരണം സ്ഥാപിച്ചതോടുകൂടി ഇവർ അവകാശത്തിനുവേണ്ടി പ്രക്ഷോഭണം കൂട്ടുകയും കോൺസൽമാരെ നിയന്ത്രിക്കാൻ 'ട്രിബ്യൂണൽ' എന്ന പേരിൽ പത്തു പ്രതിനിധികളെ നിയമിക്കാനുള്ള അധികാരം കരസ്ഥമാക്കുകയും ചെയ്തു.

ദ്വാദശ ശാസനങ്ങൾ.

പ്ളീബിയൻ വിഭാഗക്കാർ ഇത്രയുംകൊണ്ടു് തൃപ്തിപ്പെട്ടില്ല. രാജ്യത്തിലെ നിയമങ്ങളൊക്കെ പന്ത്രണ്ടു് ഓട്ടുപലകകളിലായി എഴുതിച്ചു് അതു് 'ഫോറം' എന്ന ചന്തസ്ഥലത്തു് സ്ഥാപിച്ചതാണു് അവരുടെ പിന്നത്തെ വിജയം. അന്നുമുതൽ എല്ലാവൎക്കും രാജ്യത്തിലെ നിയമങ്ങൾ മനസ്സിലാക്കാൻ അവസരം ലഭിച്ചു. ഈ നിയമശാസനങ്ങൾക്കു ദ്വാദശശാസനങ്ങൾ എന്നു പേരിടാം.

ഇങ്ങനെ പ്ലീബിയൻ വിഭാഗം തുടരെത്തുടരെ അവകാശങ്ങളോരോന്നായി നേടിയെങ്കിലും ന്യായാധിപന്മാർ കൊണ്ടുവരുന്ന പ്രമേയങ്ങൾക്കു കൈപൊക്കി സമ്മതം മൂളുകയോ അനുമതി നിഷേധിക്കുകയോ അല്ലാതെ അവ വിമർശിക്കാൻ അവക്കവകാശമുണ്ടായിരുന്നില്ല. അതായിരുന്നു റോമിലെ പ്രജായത്തഭരണത്തിനുണ്ടായിരുന്ന ന്യൂനത. എന്നാൽ സെനററ് (വൃദ്ധജനസഭ) കാര്യവിവേകമുള്ളവരുടെ ഒരു സംഘടനയായിരുന്നു.




ഇററലിയും പരിസരങ്ങളും

ഇനി നമുക്കു റോമിന്റെ സാമ്രാജ്യസംരംഭത്തിലേക്കു കണ്ണോടിക്കാം. ക്രി. മു. 390–ലോ മറേറാ 'ഗാൾ' വർഗ്ഗക്കാരുടെ ഒരു ആക്രമണമുണ്ടായി. പക്ഷേ, റോമാക്കാർ അവരെ തോല്പിച്ചോടിച്ചു. ഇതിനുശേഷം ഇററലിയുടെ നേതൃത്വം നേടാൻ റോമിനു പ്രയാസമുണ്ടായിരുന്നില്ല.

റോമിന്റെ വികാസം.

**ഇററാലിയൻ സുഹൃദ്രാജ്യങ്ങൾ.**

സാമന്തവൎഗ്ഗക്കാരോടു റോം തികച്ചും നീതിയേ പ്രവൎത്തിച്ചുള്ളു. അവരെ സുഹൃത്തുക്കളുടെ നിലയിലാണു് കണക്കാക്കിയിരുന്നതു്. യുദ്ധം, സന്ധി, നാണയനിൎമ്മാണം എന്നീ മൂന്നു കാൎയ്യങ്ങളിൽ മാത്രമേ അവർ ഇവിടങ്ങളിൽ കൈകടത്തിയിരുന്നുള്ളു. കപ്പമോ നികുതിയോ അവർ പിരിച്ചില്ല. എന്നാൽ, യുദ്ധകാലത്തു സൈന്യസഹായം ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. ഇങ്ങനെ റോമിന്റെ സുഹൃദ്രാജ്യങ്ങളായിട്ടാണു് ഇററലിക്കാർ അധികവും വൎത്തിച്ചിരുന്നതു്.

മേൽപറഞ്ഞ സുഹൃദ്രാജ്യങ്ങൾക്കപുറമേ ഏതാനും ലാററിൻ കോളനികളും ഇററലിയിലുണ്ടായിരുന്നു. റോമിന്റെ താല്പൎയ്യത്തിനു വിധേയമായിട്ടേ ഈ കോളനികൾ പെരുമാറിയിരുന്നുള്ളു. ക്രമേണ അവരൊക്കെ 'റോമക്കാർ' എന്ന പേരിൽ ഒരൊററ വൎഗ്ഗമായി അഭിവൃദ്ധിപ്രാപിക്കയാണുണ്ടായതു്.

## റോമും കാൎത്തേജും.

ഇററലിയെ റോമൻസംസ്ഥാനത്തിൻകീഴിൽ അണിനിരത്തിയതെങ്ങിനെയെന്നു നാം കണ്ടു. ഈ ഏകീകരണം ഏതാണ്ടു പൂൎത്തിയായതോടെ റോമിനു ആഫ്രിക്കയിലെ ഫിനീഷ്യൻ താവളമായ കാൎത്തേജുമായി ഏററുമുട്ടേണ്ടിവന്നു.

**പ്യൂണിക് യുദ്ധത്തിലേക്കു്.**

സമ്പത്സമൃദ്ധമായ കാൎത്തേജും റോമും മുഖത്തോടുമുഖമായി നില്ക്കുന്ന രണ്ടു പ്രബലശക്തികളായിരുന്നു അന്നു്. ഇവയുടെ നടുവിലാണു് സിസിലിദ്വീപു സ്ഥിതിചെയ്യുന്നതു്. കാൎത്തേജു് അതു സ്വാധീനമാക്കാൻ നോക്കിയതാണു് യുദ്ധത്തിനു കാരണം. ഇതിനു 'പ്യൂണിക് യുദ്ധം' എന്നത്രേ ചരിത്രത്തിൽ പേർ.

ഒന്നാം പ്യൂണിക് യുദ്ധം ക്രി. മു. 246-ൽ തുടങ്ങി ഇരുപത്തിനാലുകൊല്ലം നീണ്ടുനിന്നു. റോം ജയിച്ചു; സിസിലി

യുടെ ആധിപത്യം നേടി; കാർത്തേജ് സന്ധിക്കിണങ്ങുകയും ചെയ്തു. പക്ഷേ, ഇരുകൂട്ടരും മറെറാരു സമരത്തിന്നു തയ്യാറെടുക്കാനുള്ളൊരു താല്ക്കാലികസന്ധിയേ ആയിരുന്നുള്ളു അതു്. കോഴ്സിക്കാ സാർഡിനിയാ തുടങ്ങിയ പശ്ചിമമെഡിററേനിയൻ ദ്വീപുകളും, ഉത്തര ഇററലിയും, ഗാളും കീഴടക്കി റോം യുദ്ധത്തിന്നു തയ്യാറെടുത്തു. കാർത്തേജാകട്ടെ സ്പെയിനും അധീനമാക്കി.

**ഒന്നാം പ്യൂണിക് യുദ്ധം.**

**രണ്ടാം പ്യൂണിക് യുദ്ധം.**

പ്യൂണിക് യുദ്ധം വീണ്ടും ആരംഭിച്ചു. ഇത്തവണ കാർത്തേജിന്റെ യുദ്ധനേതാവു് "ഹാനിബാൾ" എന്ന ലോകവിശ്രുതനായ യോദ്ധാവായിരുന്നു. പതിനഞ്ചുകൊല്ലം ഹാനിബാൾ ഇററലിയിൽ സധീരം പോരാടി. ഇതിനിടയിൽ റോമൻസൈന്യം പബ്ളിയസ് സിപ്പോവിന്റെ നേതൃത്വത്തിൽ കാർത്തേജിലേക്കു് കടന്നു. അവിടെ നടന്ന യുദ്ധത്തിൽ ഹാനിബാൾ മരിച്ചു. 'ആഫ്രിക്കാനസ്' എന്ന പേരിൽ പബ്ളിയസ് വിശ്രുതനായിത്തീരുകയും ചെയ്തു.

**യുദ്ധത്തിന്റെ പ്രാധാന്യം.**

എന്താണു് ഈ യുദ്ധത്തിന്നു് ഇത്ര വലിയ പ്രാധാന്യം? അതു യൂറോപ്യന്മാർ പറയും. ഹാനിബാൾ അന്നു മരിച്ചില്ലായിരുന്നുവെങ്കിൽ യൂറോപ്പിന്റെ കഥയെന്താണു്? റോമൻ പരിഷ്കാരത്തിന്നുപകരം കാർത്തേജിനിയൻ പരിഷ്കാരമായിരിക്കും അവിടെ കൊടികയറുക. അതൊരു പൌരസ്ത്യപരിഷ്കാരമാണെന്നോർക്കണം. രണ്ടു നൂററാണ്ടു മുമ്പു് പേഴ്സ്യാക്കാർ ഗ്രീസ്സിൽ ജയിച്ചെങ്കിലും ഇതുതന്നെയാണു് സംഭവിക്കുമായിരുന്നതു്. പക്ഷേ, ഹാനിബാളിന്റെ മരണംനിമിത്തം അതുണ്ടായില്ലെന്നു മാത്രം.

**കാർത്തേജ്.**

കാർത്തേജിന്റെ കഥയോ? റോമിന്റെ ചൊല്പടിക്കു വണങ്ങിക്കൊടുക്കേണ്ട നിലയാണു് അവിടെ വന്നുകൂടിയതു്. സാമ്രാജ്യമൊക്കെ പോയി. യുദ്ധസാമഗ്രികളൊക്കെ അടിയറവെച്ചു. റോമിന്റെ അനു

വാദം കൂടാതെ ഇനി ഒരിടത്തും യുദ്ധം ചെയ്യില്ലെന്നു സമ്മതിക്കുകയും ചെയ്തു.

പക്ഷെ, കാർത്തേജിനെ ആഫ്രിക്കയുടെ ഭൂപടത്തിൽനിന്നു മാച്ചുകളയാതെ റോമിന്നു സമാധാനമുണ്ടായില്ല. അവിടത്തെ ജനങ്ങളോടു് പത്തു നാഴിക തെക്കോട്ടു മാറിത്താമസിക്കാൻ കല്പിക്കുകയാണു് റോം ചെയ്തതു്. ഈ കല്പനയ്ക്കെതിരായി അവർ പൊരുതിനോക്കി. എന്നാൽ ഫലമുണ്ടായില്ല. കാർത്തേജു് റോമിന്നു് അധീനമായി.

ഈ വിജയം റോമിനെ ഒന്നുകൂടി പ്രോത്സാഹിപ്പിച്ചു 'സിസിലി' ഒരു റോമൻ സംസ്ഥാനമാക്കി. സ്പെയിനിൽ റോമൻ സംസ്കാരത്തിന്നു പ്രചാരം നല്കി. ഗ്രീസ്സിലെ മാസിഡോണിയ കീഴടങ്ങി. കോറിന്തു് റോമുമായി ഏററുമുട്ടിയെങ്കിലും തോററു. അതോടെ ഗ്രീസ്സു് മുഴുവൻ റോമിന്നധീനമായി. ചുരുക്കത്തിൽ മെഡിറററേനിയൻ രാജ്യങ്ങളൊക്കെ അവരുടെ സ്വാധീനശക്തിക്കിണങ്ങി.

മെഡിറററേനിയൻ നേതൃത്വം റോമിന്നു്.

ഇനി ഈ കീഴടക്കിയ രാജ്യങ്ങളോടുള്ള പെരുമാററം നോക്കാം. ഇററലിയിൽ റോം അംഗീകരിച്ച സൌഹാർദ്ദമനോഭാവമൊന്നും മററു രാജ്യക്കാരോടു കാട്ടിയില്ല. കപ്പവും നികുതിയുമെല്ലാം കണക്കിന്നു പിരിച്ചു. ഗവർണ്ണർമാർ സ്വാർത്ഥം മാത്രമേ നോക്കിയിരുന്നുള്ളു. ഓരോ യുദ്ധവും കഴിഞ്ഞാൽ പിടിച്ചെടുക്കപ്പെടുന്ന സ്ഥലത്തുനിന്നു പിഴിഞ്ഞെടുക്കാവുന്നത്ര പണം വസൂലാക്കുകയായിരുന്നുവത്രേ പതിവു്.

ഇങ്ങനെ പണത്തിന്നു വിഷമമില്ലാതായപ്പോൾ പണ്ടത്തെ ജീവിതരീതിയൊക്കെ മറന്നു് ആഡംബരങ്ങൾക്കുവേണ്ടി ലോഭം കൂടാതെ ചിലവഴിക്കാൻ തുടങ്ങി. കോളനികളെ ചൂഷണംചെയ്തു് അലസമായ ജീവിതം നയിക്കുകയായി റോമാക്കാരുടെ പതിവു്.

ക്രി. മു. 133_മുതൽ 31_വരേയുള്ള ഒരു നൂററാണ്ടു റോമിനെ ഏകാധിപത്യത്തിലേക്കാണു് നയിച്ചതു്. എന്താണിതിന്നു കാരണം? തൊഴിലില്ലാത്തവർ നഗരത്തിലേക്കടിഞ്ഞു

കയററി പ്രക്ഷോഭണങ്ങളുണ്ടാക്കി. കൊള്ളരുതാത്തവർ പലരും ഈ തക്കം ദുരുപയോഗപ്പെടുത്തി നേതാക്കന്മാരായി. ഇങ്ങനെ രാഷ്ട്രീയകലഹങ്ങളും ഒരു വശത്ത്; മറുവശത്തോ? അധികാരപ്രമത്തന്മാരായ പടനായകന്മാരുടെ കുതന്ത്രങ്ങളും.

ടൈബീരിയസ്.

ക്രി. മു. 133_ൽ ഒരു സംഭവമുണ്ടായി. 'ടൈബീരിയസ് ഗ്രാക്കസ്' എന്ന ട്രിബ്യൂൺ കൃഷകപ്രഭുക്കളുടെ സ്വത്തൊക്കെ സാധുക്കൾക്കു പങ്കിട്ടുകൊടുക്കാൻ നിയമമുണ്ടാക്കി. ഇതിനെത്തുടർന്ന് പ്രഭുക്കൾ ലഹളയുണ്ടാക്കി. ടൈബീരിയസ്സിനെയും കൂട്ടരേയും അവർ കൊന്നൊടുക്കി. റോമിൽ ആസകലം കൊലയും കൊള്ളയും മുഴുത്തു. ഒമ്പതുകൊല്ലം കഴിഞ്ഞു ടൈബീരിയസ്സിന്റെ സഹോദരൻ 'ഗയസ്' ട്രിബ്യൂണായി. രാജ്യത്തു കെട്ടിയിരുപ്പുള്ള ധാന്യമൊക്കെ പകുതിവിലയ്ക്കു സാധുക്കൾക്കു വില്ക്കാനാണ് ഗയസ് നിയമമുണ്ടാക്കിയതു്.

ഗയസ്.

ലാററീൻ കോളനികളിലെ ജനങ്ങൾക്കു പൌരാവകാശം അനുവദിക്കുന്നതായിരുന്നു ഗയസ്സിന്റെ മറെറാരു നിയമം. ഇതു റോമിലെ പൌരന്മാർക്കു രസിച്ചില്ല. തന്മൂലം ഗയസ്സിന്റെ ഉദ്യോഗകാലാവധി കഴിഞ്ഞതോടെ വീണ്ടും ലഹളയുണ്ടായി; ഗയസ് കൊല്ലപ്പെടുകയും ചെയ്തു.

ഇങ്ങനെ പൊതുജനസ്വാധീനം നേടാൻ വേണ്ടിയുള്ള നിയമപരിഷ്കാരങ്ങളും അതിനെ തുടർന്നുള്ള ബഹളങ്ങളും നടന്നുകൊണ്ടിരിക്കെ റോമിലെ സെനററിന്റെ നിലയും അധഃപതിച്ചു. പ്രാപ്തിയോ വിവേകമോ ഇല്ലാത്തവർ പലരും അതിൽ സ്ഥാനം പിടിച്ചു.

ഈ ഘട്ടത്തിലാണ് മേരിയസ് എന്നൊരാൾ പൊതുജനങ്ങളുടെ നേതൃത്വം കൈവരിച്ചതു്. ട്യൂട്ടോണിക് വർഗ്ഗക്കാരുടെ ആക്രമണത്തിൽനിന്നും റോമിനെ രക്ഷിച്ച പടനായകനായിരുന്നു മേരിയസ്. ഇദ്ദേഹത്തിനെതിരായി സെനററിന്റെ കക്ഷിയിൽ 'സുള്ള' എന്നൊരു പടനായകനുണ്ടാ

യിരുന്നു. മേരിയസ്സ് പ്രജാധിപത്യതത്വവാദിയും (Democrat) സുള്ള പ്രഭുതന്ത്രഗണതല്പര (Aristocrat) നുമായിരുന്നു. ആദർശങ്ങൾ തമ്മിലുള്ള ഈ പൊരുത്തക്കേടുനിമിത്തം ഇരുകക്ഷികളും തമ്മിൽ ആഭ്യന്തരകലഹമുണ്ടായി. സുള്ള ജയിച്ചു; സ്വേച്ഛാധികാരത്തോടെ ഭരണവും തുടങ്ങി. സെനററിന്റെ പ്രാബല്യം നിലനിർത്തത്തക്ക നിയമങ്ങളൊക്കെ അദ്ദേഹം നടപ്പാക്കി. ക്രി. മു. 78–ലാണ് സുള്ള മരിച്ചത്.

മേരിയസ്സ്.
സുള്ള.

സുള്ളയ്ക്കുശേഷം 'പോംപി' എന്ന പടനായകൻ പ്രബലനായി. സ്പെയിനിലും ഇററലിയിലും ഉണ്ടായ ലഹളകളൊതുക്കിയും, സിറിയ, പാലസ്റ്റൈൻ എന്നീ പ്രദേശങ്ങൾ കീഴടക്കിയും അദ്ദേഹം പേരെടുത്തു. മെഡിറററേനിയൻ പ്രദേശത്തെ കടല്ക്കള്ളന്മാരുടെ ശല്യത്തിനും പോംപി നിവാരണം കണ്ടെത്തി.

പോംപി.

ഈ കാലത്തുതന്നെ റോമിൽ മറെറാരു നേതാവുണ്ടായി. അദ്ദേഹമാണ് ജൂലിയസ് സീസർ. കൈവശമുള്ള പണമൊക്കെ ജനസ്വാധീനതയ്ക്കുവേണ്ടി ചിലവഴിച്ചെങ്കിലും 'ക്രാസ്സസ്' എന്നൊരു ധനാഢ്യൻ അദ്ദേഹത്തെ ലോഭംകൂടാതെ സഹായിച്ചുകൊണ്ടിരുന്നു. പോംപി, ക്രാസ്സസ്, സീസർ എന്നിവർ ചേർന്ന 'ത്രിമൂർത്തിസംഘം' റോമിന്റെ സർവ്വാധിപത്യവും കരസ്ഥമാക്കി. പോംപി പടയാളികളെ നല്കി. ക്രാസ്സസ് പണം കൊടുത്തു. സീസർ പൌരാനുകൂല്യം നേടി. ഇനി മറെറന്താണ് വേണ്ടത്?

ഉല്ക്കർഷേച്ഛുവായിരുന്നു സീസർ. ഒരു കൊല്ലം റോമിലെ കോൺസലായിരുന്നശേഷം അദ്ദേഹം ഗാളിലെ ഗവർണ്ണറായി. അവിടെനിന്നാണ് സീസറുടെ വിജയങ്ങളാരംഭിച്ചത്. ഗാളിലെ ഓരോ വർഗ്ഗക്കാരേയും കീഴടക്കി അദ്ദേഹം ജർമ്മനിയിലേക്കും അവിടെനിന്നു ബ്രിട്ടനിലേക്കും കടന്നു. ഇങ്ങനെ റോമാസാമ്രാജ്യം പടിഞ്ഞാട്ടു വികസിച്ചു.

ഇതിനിടയിൽ ക്രാസ്സസ് മരിച്ചു. പോംപി സീസറുടെ ബദ്ധശത്രുവായും പരിണമിച്ചു. സെനററിന്റെ

സഹായം പോംപിക്കാണ് ലഭിച്ചതു്. തന്മൂലം റോമിൽ തന്നെ ഒരു ആഭ്യന്തരസമരം വേണ്ടിവന്നു. അതു ക്രമേണ സ്പെയിൻ, ഗ്രീസ്, ഉത്തരാഫ്രിക്ക എന്നിവിടങ്ങളിലൊക്കെ വ്യാപിച്ചു. പോംപി കൊല്ലപ്പെട്ടു. സെനററിന്റെ ശക്തി ക്ഷയിച്ചു. സീസർ പ്രബലപ്പെട്ടു. പക്ഷെ, ഒരു കൊല്ലമേ അദ്ദേഹത്തിനു വാഴാൻ കഴിഞ്ഞുള്ളു; ചില പ്രഭുക്കന്മാർ ഒത്തുചേർന്ന് അദ്ദേഹത്തെ വധിക്കയാണ് ചെയ്തതു്:

ഒക്ടേവിയൻ; ആൻറണി:

സീസറുടെ മരണശേഷം ഒക്ടേവിയൻ, ആൻറണി എന്നിവർ തമ്മിൽ റോമാസാമ്രജ്യം പങ്കിട്ടു ഭരിക്കാൻ തുടങ്ങി. പക്ഷെ അവർ അന്യോന്യം കലഹിച്ചു. ക്രി. മു. 31-ൽ ആക്ററിയം എന്ന സ്ഥലത്തു നടന്ന നാവികയുദ്ധത്തിൽ ഒക്ടേവിയൻ ജയിച്ചു. ആൻറണിയും പത്നിയായ ക്ലിയോപാററ്റയും ആത്മഹത്യ ചെയ്തു. ഈ ക്ലിയോപാററ്റ ഈജിപ്തിലെ റാണിയും കൂടിയായിരുന്നതിനാൽ, അവരുടെ മരണത്തെ തുടർന്ന് ആ രാജ്യവും റോമാസാമ്രാജ്യത്തിന്റെ കീഴിലായി.

ഇങ്ങനെ ഓക്‌വിടേവിയൻ റോമിലെ ഏകച്ഛത്രാധിപതിയായി. ഇദ്ദേഹമാണ് 'അഗസ്റ്റസ്' എന്ന പേരിൽ പ്രസിദ്ധനായിത്തീർന്ന റോമാചക്രവർത്തി.

അഗസ്റ്റസ്.

അഗസ്റ്റസ് സെനററിനാൽ നിയമിതനായ ഒരു ഉദ്യോഗസ്ഥൻ എന്നൊക്കെ നടിച്ചുവെങ്കിലും യഥാർത്ഥത്തിൽ റോമാസാമ്രാജ്യത്തിലെ ഏകാധിപതിയായ ചക്രവർത്തിതന്നെയായിരുന്നു. തെക്കോട്ടു സഹാറാമരുഭൂമിവരെയും പടിഞ്ഞാട്ട് അററ്ലാന്തിക് സമുദ്രം വരെയും കിഴക്കോട്ട് യൂഫ്രററിസ് നദിവരെയും നീണ്ടുകിടക്കുന്ന ഒരു സാമ്രാജ്യമാണ് അഗസ്റ്റസ്സിനു ഭരിക്കാൻ ലഭിച്ചതു്. ഡിന്യൂബ് നദിയുടെ തെക്കുവശമുള്ള സ്ഥലംകൂടി അദ്ദേഹം കീഴടക്കി.

അഗസ്റ്റസ്സിന്റെ കാലത്തെ അഭിവൃദ്ധിയെപ്പററി നമുക്കു പിന്നീടു പഠിക്കാം. അതിനുമുമ്പായി ഈ സാമ്രാജ്യത്തിന്റെ ഗതിയെന്തായെന്നു നോക്കുക. ക്ലാഡിയസ്സ് ചക്ര

വൎത്തിയായിരുന്ന കാലത്തു് റോമാക്കാർ ബ്രിട്ടൻ കീഴടക്കി. ട്രോജൻ ചക്രവൎത്തി അൎമ്മീനിയയും, ടൈഗ്രീസ്സ് യൂഫ്രാറ്റീസ് നദീതടവും സ്വാധീനമാക്കി. പക്ഷെ, അദ്ദേഹത്തിന്റെ കാലശേഷം ഈ സ്ഥലം നഷ്ടപ്പെട്ടു. ക്രി. അ. രണ്ടാം നൂറ്റാണ്ടിലാണ് റോമാസാമ്രാജ്യം ഉത്തുംഗസ്ഥാനത്തെത്തിയതു്. അതിവിസ്തൃതമായ ആ സാമ്രാജ്യത്തിലെ വൎഗ്ഗക്കാൎക്കു റോമിലെ പൗരന്മാരെപ്പോലെയുള്ള അവകാശങ്ങളും അനുഭവിച്ചിരുന്നു.



അഗസ്റ്റസ് സീസർ.

അഗസ്റ്റസ്സും അദ്ദേഹത്തെ പിന്തുടൎന്ന ഏതാനും ചക്രവൎത്തിമാരും വാണതായ കാലത്തെ അഗസ്റ്റസ്സിന്റെ പേരുകൊണ്ടാണറിയുന്നതു്. റോമാസാമ്രാജ്യത്തിലെവിടേയും സമാധാനമേ അന്നുണ്ടായിരുന്നുള്ളു. അതു് റോമിന്റെ സുവൎണ്ണകാലമായിരുന്നു. നാലുലക്ഷത്തോളംവരുന്ന ഒരു സ്ഥിരസൈന്യത്തെ സാമ്രാജ്യരക്ഷയ്ക്കായി നിൎത്തിയിരുന്നു. നഗരങ്ങളും അനേകം

പുതുതായി പണിതുണ്ടാക്കി. അവയെല്ലാം സഭാമന്ദിരങ്ങൾ, ക്ഷേത്രങ്ങൾ, നാടകശാലകൾ, കുളിമുറികൾ തുടങ്ങിയവകൊണ്ടു മോടിപിടിപ്പിക്കപ്പെട്ടിരുന്നു. അഗസ്റ്റസ്സിന്റെ കാലം റോമൻ വാണിജ്യത്തിന്റെ സുവർണ്ണഘട്ടമായിരുന്നു. കടൽക്കള്ളന്മാരുടെ ശല്യമൊതുക്കിയും, തുറമുഖങ്ങൾ നന്നാക്കിച്ചും, തെരുവുകളിൽ പാറാവുകളേർപ്പെടുത്തിയും അദ്ദേഹം യാത്രക്കാർക്കു രക്ഷനൽകി. നാണയങ്ങൾക്കു് ഐകരൂപ്യം വരുത്തിയതും കച്ചവടാഭിവൃദ്ധിയെ ലാക്കാക്കീട്ടാണ്. സാമ്രാജ്യത്തിൽപെട്ട രാജ്യങ്ങൾ വിദേശീയച്ചരക്കുകളിന്മേൽ ഇറക്കുമതിച്ചുങ്കം ചുമത്തുന്ന സമ്പ്രദായവും അഗസ്റ്റസ് നിരോധിച്ചു. അടിമകൾ പലതരം കൈത്തൊഴിലുകളിലും ഏർപ്പെട്ടുകൊണ്ടിരുന്നു. കൂലിനിരക്കു് അല്പം കുറവായിരുന്നുവെങ്കിലും ജീവിക്കുവാനുള്ള ചിലവും വളരെ ചുരുങ്ങിയതായിരുന്നു. ഭൂസ്വത്തുക്കൾ ചക്രവർത്തിയുടേയും, മറേറതാനും പ്രഭുക്കളുടേയും ഉടമസ്ഥതയിലായിരുന്നു. കുടിയാന്മാരും അടിമകളും ജന്മികൾക്കുവേണ്ടി കൃഷിചെയ്യുകയാണ് പതിവ്.

കച്ചവടം.
ജീവിതം.
കൃഷി.

പൌരസ്ത്യസംസ്കാരം, ഗ്രീക്കസംസ്കാരം, റോമാസംസ്കാരം എന്നിങ്ങനെ പ്രബലപ്പെട്ട മൂന്നു സംസ്കാരങ്ങളാണ് റോമാസാമ്രാജ്യത്തിലുണ്ടായിരുന്നതു്. പൌരസ്ത്യസംസ്കാരത്തിനു റോമാക്കാരുടെ സമ്പർക്കംകൊണ്ടൊന്നും പറയത്തക്ക മാററം സംഭവിച്ചില്ല. ഈജിയൻ പ്രദേശങ്ങളിലെ ഗ്രീക്ക സംസ്കാരവും ഇതുപോലെതന്നെ ഉറച്ചുനിന്നുള്ളൂ. എന്നാൽ സ്പെയിൻ, പോർച്ചുഗൽ, ഫ്രാൻസ്, ബൽജിയം, സ്വിററ്സർലണ്ട്, ഇംഗ്ലണ്ട് എന്നീ പാശ്ചാത്യരാജ്യങ്ങളിൽ റോമക്കാർ നൽകിയ പരിഷ്കാരമാണ് വേരൂന്നിയതു്. റോമൻഭാഷയും റോമൻ നിയമങ്ങളുമൊക്കെ അവിടങ്ങളിൽ വലിയ ഉന്നതിയുണ്ടാക്കി.

റോമൻ നിയമാവലി നമ്മുടെ പ്രത്യേകശ്രദ്ധയെ അർഹിക്കുന്നുണ്ടു്. ധൂർത്തനും ക്രൂരനുമായ പിതാവിൽനിന്നു് അവരുടെ സന്താനങ്ങൾക്കും, ഭാര്യയ്ക്കും നിയമം രക്ഷനൽകി. അടിമയെ കൊന്ന യജമാനനു വധശിക്ഷ വിധിക്കാൻ

നിയമമുണ്ടായി. അടിമത്വം തന്നെ അനീതിയാണെന്ന തത്വം റോമക്കാരുടെ നിയമങ്ങളിൽ ഏറക്കുറെ ആദരിച്ചു കണ്ടു. ലോകത്തിലെ പരിഷ്കൃതരാജ്യങ്ങൾ

**നിയമങ്ങൾ.**

ക്കൊക്കെ നിയമാവലിയുണ്ടാക്കാൻ അടിസ്ഥാനമായിത്തീൎന്നിട്ടുണ്ടു് റോമൻ നിയമങ്ങൾ.

നിയമത്തിന്ന ലഭിച്ച ഈ പ്രചാരം തന്നെ അവരുടെ ലത്തീൻ ഭാഷക്കും സിദ്ധിച്ചു. ഫ്രഞ്ചു്, ഇററാലിയൻ, സ്പാനിഷ്, പോർച്ചുഗീസ്, റുമേനിയൻ എന്നീ

**ലത്തീൻ ഭാഷ.**

ഭാഷകൾക്കൊക്കെ ലത്തീനാണ് അടിസ്ഥാനം. ഇംഗ്ലീഷും കൂടി ലത്തീനെ വളരെ അധികം ആശ്രയിക്കുന്നുണ്ടു്.

സമുദായ ജീവിതത്തിന്ന ചില ന്യൂനതകളൊക്കെ പറയാറുണ്ടു്. അടിമത്വമാണ് അതിലൊന്നു്. ശിശുഹത്യയും ആത്മഹത്യയും വിവാഹവിമോചനവും ധാരാളം നടപ്പുണ്ടായിരുന്നു. പ്രേതങ്ങളെക്കുറിച്ചു് അഭിജ്ഞന്മാൎക്കുകൂടി അന്നു വിശ്വാസമുണ്ടായിരുന്നു. ഇതുപോലെതന്നെ മന്ത്രവാദത്തിലും അവർ വിശ്വസിച്ചിരുന്നു.

ഈ ന്യൂനതകളൊന്നും അത്ര സാരമാക്കാനില്ല. കാലം ഏതാണെന്നാലോചിക്കുക. അന്നുണ്ടായിരുന്നത്ര ക്ഷേമം ഇന്നു കാണാൻ കഴിയുന്നുണ്ടോ? ധൎമ്മനിഷ്ഠ ഇന്നത്തേക്കാൾ കൂടുതലായിരുന്നു അന്നു്. സാധുക്കളെ സൗജന്യ

**ധൎമ്മനിഷ്ഠ.**

മായി വിദ്യാഭ്യസിപ്പിക്കുവാൻ അന്നു പാഠശാലകളുണ്ടായിരുന്നു. നാടകശാലകളും മററും ധനവാന്മാരുടെ സംഭാവനകൾകൊണ്ടാണ് പണിയിക്കപ്പെട്ടിരുന്നതു്. എളിയവരെ തുണയ്ക്കാൻ വേണ്ടി എത്രയെത്ര നിയമങ്ങളാണ് അന്നു നടപ്പാക്കിട്ടുണ്ടായിരുന്നതു്!

ഏഴരക്കോടി ജനങ്ങളാണ് റോമാസാമ്രാജ്യത്തിന്റെ തണലിൽ ക്ഷേമം ആസ്വദിച്ചിരുന്നതു്. പൌരാവകാശത്തിൽ സമത്വവും നിയമത്തിന്റെ കീഴിൽ

**സൌഹാൎദ്ദം.**

നീതിയും അവൎക്കൊക്കെ ലഭിച്ചിരുന്നു. ഭാഷയും കച്ചവടതാല്പൎയ്യങ്ങളും വഴിയായി ഈ ജനങ്ങളത്രയും പരസ്പരം ഇണങ്ങിത്തന്നെ കഴിഞ്ഞുപോന്നു.

അതാതു സ്ഥലങ്ങളിൽ നടപ്പുണ്ടായിരുന്ന പ്രത്യേകാചാരങ്ങളും വിശ്വാസങ്ങളുമെല്ലാം ആരുമേതുമറിയാതെതന്നെ മാഞ്ഞുപോയി. അതാണു് റോമാസംസ്കാരത്തിന്റെ ആകർഷകമായ ശക്തി.

**ക്രിസ്തുമതം.**

രാഷ്ട്രീയാനുകൂല്യങ്ങൾക്കു പുറമെ ക്രിസ്തുമതപ്രചാരണം സാമ്രാജ്യത്തിന്റെ പ്രാബല്യത്തിനു കാരണമായിട്ടുണ്ടു്. ആദ്യകാലത്തൊക്കെ ക്രിസ്തുമതത്തെ ചക്രവർത്തിമാർ എതിർത്തിരുന്നു. ക്രി. വ. 313-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയാണു് ആദ്യമായി ഈ മതപ്രചാരണത്തിനു് ആനുകൂല്യം നല്കിയതു്.

## മൂന്നാം അദ്ധ്യായം

# ലോകത്തിലെ പ്രധാന മതങ്ങൾ

ചരിത്രം പഠിക്കുന്ന നാം എന്താണതിൽ മുഖ്യമായി അന്വേഷിക്കുന്നതു്? ലോകത്തിലെ ഭൗതികജീവിതത്തിന്റെ ഗതി ഒരു വശത്തു്, മാനസികപരിഷ്കാരം മറുവശത്തു്. ഇവ രണ്ടും ചേർന്നാൽ ചരിത്രമായി. ഇതിൽ മനഃപരിഷ്കാരത്തിനു നിദാനമായിട്ടുള്ളതാണു മതം. മനുഷ്യന്റെ മനോവീക്ഷണപരിധി വിസ്തൃതമാക്കിത്തീർക്കാനുള്ള മുഖ്യമായ ഉപാധിയത്രേ ഇതു്. ഈ അദ്ധ്യായത്തിൽ നമുക്കു ലോകത്തിലെ പ്രധാനപ്പെട്ട മതങ്ങളെക്കുറിച്ചു് അന്വേഷിക്കാം.

മതം എന്നാൽ എന്തു്? ഈ വിശ്വം മുഴുവൻ ഭരിക്കുന്ന മനുഷ്യാതീതമായൊരു അസാധാരണശക്തിയിൽ നമുക്കുള്ള വിശ്വാസത്തെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള സാന്മാർഗ്ഗികാചാരങ്ങളുൾക്കൊള്ളുന്ന തത്വസംഹിതയ്ക്കു് മതം എന്നു പറയാം. സത്യത്തിൽ അടിയുറച്ച വിശ്വാസത്തിന്റെ പ്രതിഫലനമാണു് നാം അതിൽ കാണുന്നതു്. ഒരുവന്റെ അങ്ങനെയുള്ള വിശ്വാസത്തെ മറ്റൊരുവൻ നിഷേധിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്താൽ പൊറുക്കാനാവില്ല. അതാണു് കലാപത്തിനു കാരണമാകുന്നതെന്നു തെളിയിക്കാൻ ലോകചരിത്രത്തിൽ ധാരാളം ലക്ഷ്യങ്ങളുണ്ടു്. ബുദ്ധിമാന്മാരായ സാമ്രാജ്യസ്ഥാപകന്മാർ മതപരമായ കാര്യങ്ങളിൽ ഇടപെടാത്തതിന്റെ രഹസ്യം ഇതാണു്. ഇനി നമുക്കു് ഓരോ മതങ്ങളെക്കുറിച്ചും ചിന്തിക്കാം.

## 1. ഹിന്ദുമതം

അനേകം ആരാധനാക്രമങ്ങളുൾക്കൊള്ളുന്നതും വിശ്വാസങ്ങളുടെ വൈവിധ്യംകൊണ്ടു വിപുലമായിട്ടുള്ളതു

മാണു് ഹിന്ദുമതം. മററു മിക്ക മതങ്ങളും അതാതിന്റെ സ്ഥാപകന്റെ പേരിനോടു ബന്ധപ്പെട്ടാണു് നാം കാണുന്നതു്. എന്നാൽ, ഹിന്ദുമതം സ്ഥാപിച്ചതാരാണെന്നു ഊഹിക്കാൻ തന്നെ സാദ്ധ്യമല്ല. മാത്രമല്ല, ഭിന്നവിഭാഗങ്ങൾകൊണ്ടു വിചിത്രവുമാണതു്.

**ഋഗ്വേദം:**

ഋഗ്വേദമാണു് ഹിന്ദുമതത്തിലെ ഏററവും പഴക്കംചെന്ന ഗ്രന്ഥം. ആര്യന്മാരുടെ ദേവന്മാരെ സ്തുതിക്കുന്ന സ്തോത്രങ്ങളടങ്ങിയ ഒരു വിശിഷ്ടഗ്രന്ഥമാണിതു്. തൊഴിലുകൾ വീതിച്ചുവന്നതോടുകൂടി ഈശ്വരചിന്തയിലേർപ്പെട്ടിരുന്നവർക്കു മററൊന്നും ചെയ്യേണ്ടതില്ലെന്നു വന്നു. അപ്പോൾ മുതൽ വേദം വേഗത്തിൽ വികസിക്കാൻ തുടങ്ങി. സാമം, യജുസ്സ്, അഥർവ്വം എന്നിങ്ങനെ മൂന്നു വേദങ്ങളും അവയെ പോഷിപ്പിക്കാൻ ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവയും ഉണ്ടായി. ഹൈന്ദവമതതത്വങ്ങളുടെ വിവിധാവകാശങ്ങളും അവയെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള കർമ്മമാർഗ്ഗങ്ങളുമാണു് മേല്പറഞ്ഞ ഗ്രന്ഥങ്ങൾ നിർദ്ദേശിക്കുന്നതു്.

**വേദവികാസം.**

**ഇതിഹാസങ്ങൾ**

രാമായണം, മഹാഭാരതം എന്നിങ്ങനെ രണ്ടു് ഇതിഹാസങ്ങൾ കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ടു്. വാല്മീകിയാണു് രാമായണകർത്താവു്. അയോദ്ധ്യാധിപനായ ദശരഥന്റെ പുത്രൻ ശ്രീരാമഭദ്രൻ രാക്ഷസന്മാരെ നിഗ്രഹിച്ചു ധർമ്മം സ്ഥാപിച്ച കഥയാകുന്നു രാമായണം. വേദവ്യാസൻ വിരചിച്ച മഹാഭാരതം പാണ്ഡവകൌരവന്മാരുടെ കഥയാണു് ഉൾക്കൊള്ളുന്നതു്. ഇതിൽ ഭാരതയുദ്ധത്തിനു ചെന്ന അർജ്ജുനനെ ഉത്സാഹിപ്പിക്കാൻ കൃഷ്ണൻ നല്കിയ തത്വോപദേശങ്ങളടങ്ങിയ 'ഭഗവദ്ഗീത' വിശിഷ്ടതത്വങ്ങളുടെ ഒരു ഭണ്ഡാഗാരമാണു്.

**ഭഗവദ്ഗീത.**

ഹിന്ദുമതതത്വങ്ങളെക്കുറിച്ചാണു് ഇനി ചിന്തിക്കാനുള്ളതു്. ശ്രീ ശങ്കരാചാര്യർ സ്ഥാപിച്ച അദ്വൈതസിദ്ധാന്തം,

അദ്വൈതം; വിശിഷ്ടാദ്വൈതം; ദ്വൈതം.

രാമാനുജാചാര്യരുടെ വിശിഷ്ടാദ്വൈതം, മാധ്വാചാര്യരുടെ ദ്വൈതസിദ്ധാന്തം എന്നിങ്ങനെ ഹിന്ദുമതം ഭിന്നശാഖകളിൽകൂടി വികസിച്ചു. ഇവരുടെ അഭിപ്രായങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളൊന്നും നിങ്ങൾ തല്ക്കാലം അന്വേഷിക്കേണ്ടതില്ല. അദ്വൈതമതക്കാർ ശൈവാരാധകന്മാരും, വിശിഷ്ടാദ്വൈതികൾ വൈഷ്ണവരും, ദ്വൈതപക്ഷക്കാർ കൃഷ്ണാരാധകന്മാരുമാണെന്നുമാത്രം മനസ്സിലാക്കുക.

സുഖദുഃഖങ്ങൾക്കും പുനർജ്ജന്മത്തിന്നും കാരണമായിട്ടുള്ളതു കർമ്മമാണെന്നും പുനർജ്ജന്മത്തിൽ നിന്നു മോചനം (മോക്ഷം) ലഭിക്കണമെങ്കിൽ 'നിഷ്കാമകർമ്മം' ചെയ്യണമെന്നും എല്ലാപക്ഷക്കാരും സമ്മതിക്കുന്നുണ്ടു്. എന്നാൽ, ഹിന്ദുമതം കേവലം പാരത്രികകാര്യങ്ങൾ മാത്രമേ നിർദ്ദേശിക്കുന്നുള്ളവെന്നു പലരും തെററിദ്ധരിച്ചിട്ടുണ്ടു്. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിങ്ങനെ നാലു പുരുഷാർത്ഥങ്ങളും, ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം എന്നിങ്ങനെ നാലാശ്രമങ്ങളും വിധിച്ചിട്ടുണ്ടെന്നുള്ളതു വിസ്മരിക്കുമ്പോഴാണു് ഈ അബദ്ധം പിണയുന്നതു്.

ഹിന്ദുമതം ഇന്ത്യയിലാണു് രൂപം കൈക്കൊണ്ടതും വികസിച്ചതും.

## 2. ബുദ്ധമതം

ഗൌതമൻ

നേപാളത്തിലെ രാജാവായ ശുദ്ധോദനന്റെ പുത്രൻ ഗൌതമനാണു് ബുദ്ധമതസ്ഥാപകൻ. ക്രി. മു. 562-ൽ കപിലവസ്തു എന്ന സ്ഥലത്തു ജനിച്ച സിദ്ധാർത്ഥൻ അഥവാ ഗൌതമൻ, ചുററുപാടും കണ്ട കഷ്ടതകൾ മൂലം ആർദ്രഹൃദയനായി. ഇങ്ങിനെയിരിക്കെ ഗൌതമനു് ഒരാൺകുട്ടിയുണ്ടായി. സംസാരബന്ധത്തെ ദൃഢതരമാക്കുന്ന ഈ ചുററുപാടു് രാജകുമാരനു രസിച്ചില്ല. അടുത്ത രാത്രി അദ്ദേഹം കൊട്ടാരം വിട്ടു പുറത്തുപോയി വിന്ധ്യൻ പർവ്വതത്തിൽച്ചെന്നു് ഉപവാസവും തപസ്സുമായി കുറച്ചുകാലം കഴിച്ചുകൂട്ടി. എന്നിട്ടും ജ്ഞാനം സിദ്ധി

കണ്ടതിനാൽ അദ്ദേഹം അലഞ്ഞു നടക്കുവാൻ തുടങ്ങി. ഇങ്ങിനെ ഒരു ദിവസം ഗയ എന്ന സ്ഥലത്തു് ഒരു വൃക്ഷച്ചുവട്ടിലിരിക്കുമ്പോഠം ഗൌതമന്നു ബോധോദയമുണ്ടായി. ഇതിന്നുശേഷമാണു് 'ബുദ്ധൻ' എന്ന പേർ സിദ്ധിച്ചതു്.

ബുദ്ധമതതത്വങ്ങഠം ഈശ്വരനെപ്പററിയുള്ള ചോദ്യങ്ങഠക്കൊന്നും സമാധാനം പറയുന്നില്ല. ദാരിദ്ര്യവും ദുർമ്മരണവും ഇല്ലാതാക്കാനുള്ള മാർഗ്ഗങ്ങഠം നിർദ്ദേശിക്കുകമാത്രമായിരിക്കണം ബുദ്ധന്റെ ലക്ഷ്യം. ആശയാണു് അല്ലലിന്നു ഹേതു. സ്വാർത്ഥത്യാഗംകൊണ്ടു് ആശയെ ജയിക്കുക. അഹംഭാവം ഉപേക്ഷിച്ചല്ലാതെ മോക്ഷം സാദ്ധ്യമല്ല.

ബുദ്ധമതതത്വങ്ങഠം.


ഇവയാണു് ബുദ്ധമതതത്വങ്ങളുടെ രത്നച്ചുരുക്കം. കളവു്, മദ്യപാനം കാമാസക്തികൊണ്ടുള്ള ധൂർത്തജീവിതം എന്നിവ ഉപേക്ഷിച്ചു് ധർമ്മം, സ്നേഹം, ക്ഷമ എന്നിവ ശീലിക്കുവാൻ അദ്ദേഹം ഉപദേശിക്കുന്നു. സന്മാർഗ്ഗികജീവിതത്തിന്നുള്ള അദ്ദേഹത്തിന്റെ മാർഗ്ഗങ്ങഠം 1. ശരിയായ വിശ്വാസം; 2. ശരിയായ നിശ്ചയം: 3. ശരിയായ വാക്കു്; 4. ശരിയായ പെരുമാററം; 5. ശരിയായ പ്രവൃത്തി; 6. ശരിയായ പരിശ്രമം; 7. ശരിയായ വിചാരം; 8. ശരിയായ ഏകാഗ്രത എന്നിവയാണു്.

ഹിന്ദുമതം ഇന്ത്യയിൽ സുപ്രതിഷ്ഠിതമായിരിക്കെ ഇങ്ങനെ മറെറാരുമതം ആവിർഭവിക്കാനുള്ള കാരണമെന്താണു്? ജന്തുബലിയിൽ വിശ്വസിച്ചിരുന്ന ആ മതത്തിന്നു് മനുഷ്യന്റെ ദുരിതങ്ങഠക്കു നിത്യനിവാരണം കണ്ടെത്താൻ കഴികയില്ലെന്നായിരിക്കണം ബുദ്ധന്റെ വിശ്വാസം. തന്മൂലം അഹിംസാസിദ്ധാന്തത്തിൽ അധിഷ്ഠിതമായിരുന്നു ബുദ്ധന്റെ സിദ്ധാന്തങ്ങഠം.

ബുദ്ധമതാഭിവൃദ്ധി.

അശോകൻ, കനിഷ്കൻ എന്നീ ഇന്ത്യാചക്രവർത്തിമാർ ബുദ്ധമത പ്രചാരണത്തിന്നുവേണ്ടി പലതും ചെയ്തു. ഇവരുടെ കാലശേഷം ഇന്ത്യയിൽ അതിന്റെ പ്രാബല്യം അസ്തമിച്ചുവെങ്കിലും ചൈന, തിബത്തു്, ബർമ്മ, ജപ്പാൻ, സിലോൺ തുടങ്ങിയ സ്ഥലങ്ങളിലൊക്കെ അതിന്നു നല്ല പ്രചാരം സിദ്ധിച്ചു.

ലോകത്തിൽ ആകെയുള്ള ജനങ്ങളിൽ മൂന്നിലൊരു വിഭാഗക്കാർ ഇന്നു് ബുദ്ധമതാനുയായികളാണു്. ക്രിസ്തുമതം കഴിഞ്ഞാൽ ജനസംഖ്യകൊണ്ടു മുന്നണിയിൽ നില്ക്കുന്നതു് ഈ മതമാണെന്നറിഞ്ഞിരിക്കുക.




ഏഷ്യ — ബുദ്ധമതാഭിവൃദ്ധി.
(ഇന്നത്തെ നില ഋജുരേഖമാത്രമാക്കീട്ടുള്ള ഭാഗമാണു.)

**ബുദ്ധമത ഗ്രന്ഥങ്ങൾ.**

ബുദ്ധമത തത്വഗ്രന്ഥങ്ങൾ പലതുമുണ്ടു്. പാലിഭാഷയിൽ എഴുതീട്ടുള്ള 'ത്രിപിടകമാണു്' ഇതിൽ ഏററവും പഴക്കം ചെന്നതു്. ലാമാ മതം എന്നറിയപ്പെടുന്ന തിബത്തുകാരുടെ ബുദ്ധമതഗ്രന്ഥം, ഫോമതം എന്ന ബുദ്ധമതത്തിന്റെ തത്വഗ്രന്ഥം, എന്നിവയൊക്കെ അല്പം വ്യത്യാസങ്ങളോടുകൂടിയവയാണു്. ജപ്പാൻകാരുടെ ബുദ്ധമതത്തിൽ ഷിൻറോ മതതത്വങ്ങളും ധാരാളം കലർന്നിട്ടുണ്ടു്.

**മഹായാനം, ഹീനയാനം.**

ബുദ്ധമതത്തിൽ മഹായാനം, ഹീനയാനം എന്നിങ്ങനെ സാമാന്യേന രണ്ടു വിഭാഗങ്ങളാണ് ഉണ്ടായത്. മഹായാനക്കാർ ബുദ്ധനെ ഈശ്വരനെപ്പോലെ ആരാധിക്കുന്നവരും, ഹീനയാനക്കാർ വിഗ്രഹാരാധനയ്ക്കെതിരായവരും. ഒരു മതസ്ഥാപകനെ, അദ്ദേഹം എത്ര തന്നെ അസാധാരണനായിക്കൊള്ളട്ടെ, സമകാലീനന്മാർ ഈശ്വരനെപ്പോലെ ആരാധിക്കുക പതിവല്ല. കാലാന്തരത്തിലാണ് അദ്ദേഹം ആരാധനയ്ക്കു വിധേയനായിത്തീരുക. ഇതു് പല മതങ്ങളിലും സംഭവിക്കാറുള്ളതാണല്ലോ!

# 3. കൺഫ്യൂഷ്യൻ മതം

**ക്രി. മു. ആറാം നൂററാണ്ടിന്റെ നേട്ടം.**

ക്രി. മു. ആറാം നൂററാണ്ടു് ലോകചരിത്രത്തിൽ സംസ്കാരത്തിന്റെ ഒരു നവോത്ഥാനമാണ് കുറിക്കുന്നതു്. ഇന്ത്യയിൽ ജൈനമതം, ബുദ്ധമതം എന്നിവ ഈ നൂററാണ്ടിന്റെ നേട്ടങ്ങളാണ്. ജെറമിയയുടെ സിദ്ധാന്തങ്ങൾ ജൂതന്മാർക്കും സൊറോസ്ട്രിയൻ മതം പേഴ്സ്യൻ ഭരണാധികാരികൾക്കും മാർഗ്ഗനിർദ്ദേശം ചെയ്തതു് ഈ നൂററാണ്ടിൽത്തന്നെയാണ്. ഇതുപോലെ തന്നെ ചൈനാക്കാർക്കു മനോവികാസം നല്കിയ മഹാശയനാണ് കൺഫ്യൂഷ്യസ്.

**കൺഫ്യൂഷ്യസ്, ജീവിതം.**

ചൈനയിൽ നാടുവാഴികൾ തമ്മിൽ മത്സരിച്ചിരുന്ന കാലത്ത്, ക്രി. മു. 551-ൽ, 'ലൂ' സംസ്ഥാനത്തിലാണ് കൺഫ്യൂഷ്യസ് ജനിച്ചതു്. പല ഉദ്യോഗങ്ങളിലും ഇരുന്നശേഷം അദ്ദേഹം ജ്ഞാനോദയത്തെ ലക്ഷ്യമാക്കി ഒരു വിദ്യാലയം സ്ഥാപിച്ചു. പക്ഷെ, ഇതുകൊണ്ടു തൃപ്തിവരാതെ തന്റെ സിദ്ധാന്തങ്ങളെ കൈക്കൊള്ളാൻ തയ്യാറുള്ളൊരു ഭരണാധികാരിയെ തേടി അദ്ദേഹം വളരെക്കാലം അലയുകയുണ്ടായി.

ചൈനയിലെ അന്തഃച്ഛിദ്രങ്ങളും അഴിമതികളുമാണ് കൺഫ്യൂഷ്യസ്സിന്റെ സിദ്ധാന്തങ്ങൾക്കു പ്രചോദനം നല്കി

യതു്. സാധുജനസേവനമായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. കൺഫ്യൂഷ്യസ് സ്വന്തമായിട്ടൊരു മതം സ്ഥാപിക്കുകയോ ഒരു മതസ്ഥാപകനെന്നു് അവകാശപ്പെടുകയോ ചെയ്തിട്ടില്ല.

*ലക്ഷ്യം.*

അന്നുവരെ നടപ്പുണ്ടായിരുന്ന ഉത്തമസിദ്ധാന്തങ്ങളെ ക്രോഡീകരിച്ചു് മനുഷ്യന്റെ നിത്യജീവിതപരിപാടികൾക്കു വേണ്ട നിർദ്ദേശങ്ങൾ നല്കണമെന്നേ അദ്ദേഹത്തിനുദ്ദേശമുണ്ടായിരുന്നുള്ളു. സമുദായത്തിന്റെ ഓരോ വിഭാഗക്കാരും ഉപയോഗിക്കേണ്ട ഭക്ഷണം, പൊതുനിരത്തുകളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വേർതിരിച്ചുവെക്കേണ്ട സഞ്ചാരമാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങൾപോലും ഈ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നുണ്ടു്.

രാജ്യഭരണം, സാന്മാർഗ്ഗിക ജീവിതം എന്നിവയ്ക്കുവേണ്ട നിർദ്ദേശങ്ങളാണു് കൺഫ്യൂഷ്യസ് നല്കുന്നതു്. രാജ്യത്തെ പൈതൃകമായ ഒരു പൊതു കുടുംബത്തിന്റെ നിലയിലാണു് അദ്ദേഹം വീക്ഷിക്കുന്നതു്.

*ഭരണകാര്യങ്ങൾ.*

ചക്രവർത്തി ഈശ്വരനാൽ നിയമിക്കപ്പെട്ട ഒരു ദിവ്യപുരുഷനെന്നത്രേ അദ്ദേഹത്തിന്റെ വിശ്വാസം.

സമുദായത്തെ അഞ്ചു വിധത്തിലാണു് ഭാഗിച്ചതു്. 1. ഭരണാധികാരിയും ഭരണീയരും, 2. അച്ഛനും മക്കളും, 3. ഭർത്താവും ഭാര്യയും, 4. ജ്യേഷ്ഠസഹോദരനും കനിഷ്ഠസഹോദരനും, 5. സുഹൃത്തും സുഹൃത്തും എന്നിങ്ങനെയുള്ള പരസ്പരബന്ധത്തെ ആധാരമാക്കിക്കൊണ്ടുള്ളതാണു് ഈ വിഭജനം.

*സമുദായ വിഭജനം.*

നിങ്ങൾക്കു രസിക്കാത്തതു മററുള്ളവർക്കു നീരസജനകമായിരിക്കും, എന്ന തത്വത്തെ ആധാരമാക്കിക്കൊണ്ടാണു് ഈ ഓരോ വിഭാഗങ്ങൾ തമ്മിലുള്ള ബന്ധത്തെ ക്രോഡീകരിച്ചിട്ടുള്ളതു്. സ്നേഹം, നീതി, ബഹുമാനം, ബുദ്ധി, ആത്മാർത്ഥത എന്നീ സന്മാർഗ്ഗപഞ്ചകങ്ങളാണു് കൺഫ്യൂഷ്യസ്സിന്റെ സിദ്ധാന്തങ്ങളുടെ രത്നച്ചുരുക്കം.

ചരിത്രം, പരിവർത്തനങ്ങൾ ആചാരങ്ങൾ ഇത്യാദികളെക്കുറിച്ചുള്ളവയാണു് കൺഫ്യൂഷ്യസ്സിന്റെ ഗ്രന്ഥങ്ങൾ.

# 4. സൊറോസ്റ്ററിയൻ മതം

ക്രിസ്തു ജനിക്കുന്നതിന്നു് ഒരായിരം സംവത്സരങ്ങൾക്കു മുമ്പു് സൊറോസ്റ്റർ എന്ന ഒരു ഐറാനിയക്കാരൻ മനുഷ്യജീവിതത്തിന്നുവേണ്ട സന്മാർഗ്ഗവൃത്തികളെക്കുറിച്ചു ചിന്തിച്ചതിന്റെ ഫലമായി രൂപം കൈക്കൊണ്ടതാണു് സൊറോസ്ട്രിയൻ മതം. നന്മയും തിന്മയും തമ്മിലുള്ള വടംവലിയാണു് സൊറോസ്റ്ററുടെ നിരീക്ഷണത്തിന്നു വിധേയമായതു്. നന്മയുടെ മൂർത്തിയെ 'ആഹുറാമസ്ദാ' എ സോറോസ്റ്റർ. ന്നാത്രേ വിളിച്ചിരുന്നതു്. സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും, കാററും മഴയുമെല്ലാം ആഹുറമസ്ദാവിനെ വലയം ചെയ്തിരിക്കുന്ന സന്മൂർത്തികളാണെന്നു് അദ്ദേഹം വിശ്വസിച്ചു. വെളിച്ചത്തിന്റെ ദേവനായ മിത്രനേയും (സൂര്യൻ) ഫലപുഷ്ടിയുടെ ദേവതയായ അനാട്ടിസ്സിനേയും സൊറോസ്റ്റർ തന്റെ മതത്തോടു ഘടിപ്പിച്ചിട്ടുണ്ടു്.

സൊറോസ്ട്രീയൻ മതം യോഗത്തിൽ വിശ്വസിക്കുന്നില്ല. ദൃഢമായ നിശ്ചയവും സ്ഥിരമായ പരിശ്രമവുംകൊണ്ടു നേടാൻ കഴിയാത്തതൊന്നും ഈ ലോകത്തിലില്ലെന്നത്രേ ഈ മതം വിശ്വസിക്കുന്നതു്. ക്രി. മു. ആറാം മതതതങ്ങൾ. നൂററാണ്ടു പിറന്നപ്പോഴേയ്ക്കും സാമാന്യം പ്രബലപ്പെട്ട ഈ മതത്തിലെ സിദ്ധാന്തങ്ങളിൽനിന്നു സിദ്ധിച്ച പ്രചോദനമത്രേ പേർഷ്യക്കാർക്കു് വിസ്തൃതമായൊരു സാമ്രാജ്യം നേടാൻവേണ്ട പ്രാപ്തി സമ്പാദിച്ചുകൊടുത്തതു്. നല്ല വിചാരം, നല്ല വാക്കു്, നല്ല പ്രവൃത്തി എന്നിവയത്രേ സൊറോസ്റ്ററുടെ സദാചാരങ്ങളുടെ രത്നച്ചുരുക്കം.

അഗ്നി, ഭൂമി, വായു, വെള്ളം തുടങ്ങിയ പ്രകൃതിവിഭാഗങ്ങളൊക്കെ വിശുദ്ധങ്ങളെന്നത്രേ സൊറോസ്റ്റർ വിശ്വസിച്ചതു്. ഇതുകൊണ്ടാണു് പാഴ്സികൾ ശവശരീരങ്ങൾ ദഹിപ്പിക്കുകയോ കുഴിച്ചിടുകയോ ചെയ്യാതെ കാററത്തിടുന്നതു്. പേർഷ്യയിലെയും ഇന്ത്യയിലെയും പാഴ്സികളാണു് ഇന്നു സൊറോസ്ട്രീയൻ മതവിശ്വാസികളായിട്ടുള്ളതു്.

# 5. ജൂതമതം

ഹിബ്രു, അഥവാ ജൂതർ എന്നു പറയപ്പെടുന്നവരുടെ മതമാണ് ജൂതമതം. ഏകദൈവത്തിലുള്ള ദൃഢവിശ്വാസത്തിന്റെ പേരിൽ നാളിതുവരെ നിരവധി ക്ലേശം സഹിച്ചവരാണ് ഈ ജൂതന്മാർ. ദൈവത്തിന്റെപേരിൽ അനുഭവിക്കേണ്ടിവന്ന ഈ ക്ലേശങ്ങളെക്കുറിച്ച് അവർക്ക് അഭിമാനമേയുള്ളൂ.

ചക്രവർത്തിയെ ഈശ്വരനെപ്പോലെ ആരാധിക്കാനോ, ഈശ്വരന്റെ പേരിൽ മതപ്രവാചകന്മാരെ ആദരിക്കാനോ, വിഗ്രഹങ്ങളെ പൂജിക്കാനോ ജൂതന്മാർ ഇണങ്ങിയില്ല. യഥാർത്ഥത്തിൽ ഒരു ദൈവമേ ഉള്ളുവെന്നും ആ ദൈവത്തിന്റെ ആഗ്രഹം അവർ സത്യത്തെ അനുഷ്ഠിക്കണമെന്നതാണെന്നും ജൂതർ വിശ്വസിച്ചുവന്നു.

**വിശ്വാസങ്ങൾ.**

ദൈവത്തിന്റെ കല്പന ലംഘിക്കുമ്പോഴാണ് ദുരിതങ്ങളനുഭവിക്കേണ്ടിവരികയെന്നു അവർ വിശ്വസിച്ചു. മോസസ് എന്ന മതപ്രവാചകനാണ് അവരെ ഈ വിശ്വാസത്തിന്റെ കീഴിൽ ഇത്ര ബലമായി സംഘടിപ്പിച്ചത്. മോസസ്സിനു പുറമേ ജോഷ്വ, ഗിഡിയൺ, ജെഫ്താ എന്നീ നേതാക്കന്മാരും. മിറിയം, ജേൽ, ഡിബോറ എന്നീ നേത്രികളും ഈശ്വരാഭീഷ്ടത്തെ ജൂതന്മാർക്ക മനസ്സിലാക്കിക്കൊടുത്തിട്ടുള്ളവരാണത്രേ.

ജൂതന്മാരുടെ വിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും ഒരു പ്രത്യക്ഷലക്ഷ്യമാണ് അവർ പകർത്തിവെച്ച മതഗ്രന്ഥങ്ങൾ. പഴയ നിയമം (Old Testament) എന്നറിയപ്പെടുന്ന കൃതികളൊക്കെ ഇവരുടെ സമ്പാദ്യങ്ങളാണ്. അലക്സാണ്ടറുടെ കാലത്തുപോലും അവയുടെ വൈശിഷ്ട്യം ആദരിക്കപ്പെട്ടിരുന്നുവത്രേ. ഇവരുടെ ചരിത്രത്തിനു വേണ്ട തെളിവുകൾ നൽകുന്നത് ഈ വിശിഷ്ടകൃതികളാണ്.

**മതഗ്രന്ഥങ്ങൾ.**

അതിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങൾക്ക Pentateuch എന്നാണ് പേർ. ലോകോല്പത്തി, മനുഷ്യോല്പത്തി, പ്രളയം തുടങ്ങിയവയൊക്കെ ഇതിൽ വിസ്തരിച്ചിട്ടുണ്ട്. അബ്രഹാം, ഐസാക്ക്,

ജേക്കബ്ബ് തുടങ്ങിയ ഹിബ്രു വർഗ്ഗസ്ഥാപകന്മാരുടെ കഥകളും മോസസ്സിൻെറ ജീവചരിത്രവും, ദൈവത്തിൻെറ നിയമങ്ങളെല്ലാം ഇതിൽ വിവരിച്ചിരിക്കുന്നു. പുരോഹിതന്മാർ ആദരിക്കേണ്ട ചട്ടങ്ങളും ഇതിൽ പറഞ്ഞുകാണുന്നു.

ജീവൻ അനശ്വരമാണെന്നത്രേ ജൂതന്മാരുടെ വിശ്വാസം. അതുകൊണ്ടു മരണം ഒരു മനുഷ്യൻെറ ജീവിതത്തിനു മുദ്രവെയ്ക്കുന്ന ഒരു സംഭവം മാത്രമായിട്ടേ അവർ കണക്കാക്കുന്നുള്ളു. വ്യക്തിക്കു സമുദായത്തോടുള്ള അനിഷേധ്യമായ കടപ്പാടിനെപ്പററി ജൂതന്മാരെ അനുശാസിക്കുന്നുണ്ടു്. ഈ ലോകത്തെ കൂടുതൽ നന്നാക്കുക. അതാണത്രേ ഓരോ വ്യക്തിയുടേയും ചുമതല കഷ്ടപ്പാടും ദാരിദ്ര്യവും ഉന്മൂലനം ചെയ്യാൻ ഓരോ വ്യക്തിയും ചുമതലപ്പെട്ടവനാണെന്നു് അവർ അനുശാസിക്കുന്നു. ഒരു കാലത്തു് ഒരു സാർവ്വലൌകിക മതമുണ്ടാകുമെന്നും അതു ജൂതമതത്തിൽ അധിഷ്ഠിതമായിരിക്കുമെന്നുമത്രേ അവരുടെ വിശ്വാസം.

# 6. ക്രിസ്തുമതം

ലോകത്തിൽ ഇന്നു് ഏററവുമധികം പ്രചരിച്ചു കഴിഞ്ഞിട്ടുള്ളതത്രേ ക്രിസ്തുമതം. യഹൂദ (ജൂത) വർഗ്ഗത്തിൽ ജനിച്ച യേശുക്രിസ്തുവാണു് ഈ മതത്തിൻെറ സ്ഥാപകൻ. 'ജൂഡേ' രാജ്യത്തിൽ ബെതൽഹാം എന്നൊരു ഗ്രാമമുണ്ടായിരുന്നു. ക്രി. മു. 4-ൽ ബെതൽഹാമിലെ ഒരു പുൽക്കൂട്ടിൽ കിടന്നു് ദരിദ്രയായ മേരി ഒരു ആൺകുട്ടിയെ പ്രസവിച്ചു. ജോസഫ് എന്ന വിശിഷ്ടാശയനായിരുന്നു കുട്ടിയുടെ പിതാവു്. കുട്ടിക്കു ജീസസ് (യേശു) എന്നാണു് അവർ പേരിട്ടതു്. അദ്ദേഹം ജനിച്ച നാലാംകൊല്ലം മുതല്ക്കാണു് ക്രിസ്തുവർഷം.

യേശുവിൻെറ ജനനം.

അന്നത്തെ ജൂതരാജാവു് 'ഹെറോഡ്' ആയിരുന്നു. ജീസസ്സിൻെറ ജനനം ഈ രാജാവിന്നത്ര പിടിക്കായ്കയാൽ ജോസഫ് കുട്ടിയേയും കൊണ്ടു് ഈജിപ്തിൽ പോയി താമ

സമാക്കി. നസ്രെത്ത് എന്ന സ്ഥലത്തു മരപ്പണി ചെയ്തുകൊണ്ട് വളരെ എളിയ ഒരു തോതിലാണ് യേശു ജീവിച്ചുപോന്നത്. മുപ്പതാം വയസ്സിൽ അദ്ദേഹം സത്യോപദേശത്തിനു പുറപ്പെട്ടു. ഏതാനും അനുയായികളൊന്നിച്ച് ഇങ്ങനെ നാട്ടുതോറും നടന്ന് മൂന്നു കൊല്ലം അദ്ദേഹം മതപ്രചാരണം നടത്തി. അപ്പോഴേയ്ക്കും യഹൂദന്മാരിൽ പലരും അദ്ദേഹത്തെ സംശയദൃഷ്ടിയോടുകൂടി വീക്ഷിച്ചുതുടങ്ങി. പുരോഹിതന്മാർ ഒത്തുചേർന്ന് ആ യുവാവിനെ നിഗ്രഹിക്കാൻ വേണ്ട ഒരുക്കവും ചെയ്തു.

മുപ്പതു വയസ്സുവരെ.

ഹീനകൃത്യങ്ങൾ ചെയ്വാൻ മടിയില്ലാത്തവർ എവിടെയും ഉണ്ടെന്ന് നിങ്ങൾക്കറിവില്ലേ? യേശുവിന്റെ ശിഷ്യന്മാരിൽ 'ജൂഡാസ്' ഇത്തരക്കാരനായിരുന്നു. മുപ്പതു വെള്ളിക്കുവേണ്ടി അയാൾ യേശുവിനെ ശത്രുക്കൾക്കേല്പിച്ചുകൊടുത്തു. അവർ ആ വിശിഷ്ടപുരുഷനെ ബന്ധിച്ച് യഹൂദ (ജൂത) മതാദ്ധ്യക്ഷന്റെ മുമ്പാകെ കൊണ്ടുവന്നു. ഈശ്വരന്റെ പുത്രനാണെന്നു ക്രിസ്തു സ്വയം പ്രസംഗിച്ചു എന്നതായിരുന്നു കുററം. യേശു കുററം സമ്മതിച്ചു. വധശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തു.

ജൂഡാസ്സിന്റെ ഹീനകൃത്യം.

ഒരു വെള്ളിയാഴ്ചയാണ് യേശുവിനെ കുരിശിൽ തറച്ചുകൊന്നത്. അതാണ് ദുഃഖവെള്ളിയാഴ്ച. ഞായറാഴ്ച അദ്ദേഹം ശവക്കല്ലറയിൽനിന്ന് പുനരുത്ഥാനം ചെയ്തു നാല്പ ദിവസം കൂടി ശിഷ്യന്മാർക്കു തത്വോപദേശം നൽകിയശേഷം സ്വർഗ്ഗാരോഹണം ചെയ്തുവത്രേ.

## ക്രിസ്തുവിന്റെ ഉപദേശങ്ങൾ

ത്യാഗം, സഹനശക്തി, ദയ, സത്യനിഷ്ഠ എന്നിവയിൽ അടിയുറച്ച ആദർശപരമായ ജീവിതം നയിച്ച ആ മഹാത്മാവിന്റെ തത്വോപദേശങ്ങൾ ഏവർക്കും അനുകരണീയങ്ങളാണ്. ഒരാൾ ഇടത്തെ ചെകിടത്തടിച്ചാൽ വലത്തെ ചെകിടുകൂടി കാട്ടിക്കൊടുക്കണമെന്ന് അദ്ദേഹം ഉപദേശി

ക്കുന്നു. മോഷ്ടിക്കാൻ വരുന്നവനു കയ്യിലുള്ളതെല്ലാം കൊടുക്കണമെന്നത്രേ മറ്റൊരു ഉപദേശം. സാധുശീലന്മാരും, സഹാനുഭൂതിയുള്ളവരും, നീതിപാലകന്മാരും, കരുണാർദ്രന്മാരും, ശുദ്ധഹൃദയന്മാരും ഭാഗ്യവാന്മാരെന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. യാചിച്ചാൽ കിട്ടാത്തതും അന്വേഷിച്ചാൽ കണ്ടെത്താത്തതും യാതൊന്നുമില്ലെന്നു് ക്രിസ്തു ഉപദേശിക്കുന്നു. ശ്രീ ബുദ്ധനെപ്പോലെ ക്രിസ്തുവും സ്നേഹത്തിന്റെ അതിരുകവിഞ്ഞ മഹാത്മ്യത്തെ മുറുകെ പിടിക്കുന്നു. "നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ സ്നേഹിക്കുക, ശപിക്കുന്നവരെ നിങ്ങൾ അനുഗ്രഹിക്കുക, നിങ്ങളെ മർദ്ദിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക" എന്നാണ് അദ്ദേഹം നിർദ്ദേശിക്കുന്നതു്. ബൈബിൾ ആണു് ഇവരുടെ ഏറ്റവും വിശിഷ്ടമായ ഗ്രന്ഥം.

## വിശുദ്ധനായ പോൾ

സ്വർഗ്ഗാരോഹണത്തോടുകൂടി ക്രിസ്തുവിന്റെ അനുയായികളൊക്കെ ഒന്നിച്ചുകൂടി. ഒരു മതം എന്ന നിലയിൽ ആ മഹാത്മാവിന്റെ ഉപദേശങ്ങൾക്കു പ്രചാരം സിദ്ധിക്കുമെന്നു് ആരും അന്നു കരുതീട്ടില്ല. ഈ ഘട്ടത്തിലാണു് 'പോൾ' എന്നൊരു യുവാവു് ഈ സംഘത്തിൽ ചേർന്നതു്. ഏഷ്യാമൈനറിലെ ടാർസസ് എന്ന സ്ഥലത്താണു് പോൾ ജനിച്ചതു്. യഹൂദവർഗ്ഗത്തിൽപെട്ട ഇദ്ദേഹം ജെറുസേലമിലേക്കു പോകുന്നവഴിക്കു് ഒരു അശരീരിവാക്കു കേട്ടു. അതു ക്രിസ്തുദേവന്റെ അരുളപ്പാടായിരുന്നു. ഡമാസ്കസ്സിലേക്കു പോകാനായിരുന്നു യേശുവിന്റെ ഉപദേശം. പോൾ അവിടെ ചെന്നു നസ്രാണികളുടെ സംഘത്തിൽ ചേർന്നു. വിശുദ്ധനായ പോളിന്റെ പരിശ്രമത്തിൻഫലമായിട്ടത്രേ ക്രിസ്തുവിന്റെ ഉപദേശങ്ങൾ ഒരു മതം എന്ന നിലയിൽ രൂപം കൈക്കൊണ്ടതു്.

പോൾ കുറേ കാലം ജെറുസേലമിൽ പ്രസംഗിച്ചു നടന്നു. പക്ഷേ, ജൂതന്മാരുടെ ശല്യം നിമിത്തം അവിടം വിടേണ്ടിവന്നു. പിന്നെ അദ്ദേഹം ഒരു മതപ്രചാരണസംഘം രൂപീക

രിച്ച റോമാസാമ്രാജ്യത്തിന്റെ നാനാഭാഗത്തും ചുററിനടന്നു
റോമിലെത്തി. കുറെ കാലം അവിടെ അ
മതപ്രചാരണം. ദ്ദേഹത്തിന്നു തടവിൽ പാക്കേണ്ടിവന്നു.
ക്രിസ്തുവിനെപ്പോലെ അദ്ദേഹവും മരണ
ശിക്ഷയ്ക്കു വിധിക്കപ്പെടുകയാണത്രേ ഉണ്ടായതു്.

ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ജോൺ ഒഴികെ മററെല്ലാവരും ദേവന്റെ ദിവ്യോപദേശ പ്രചരണത്തിന്റെ പേരിൽ മരണം വരിക്കേണ്ടിവന്നവരാണു്. എന്നാൽ അവർ ആ സന്ദേശത്തിന്നു കഴിയുന്നത്ര പ്രചാരം നല്കി. ഒന്നാം നൂററാണ്ടു കഴിയുന്നതിനകത്തു റോമാസാമ്രാജ്യത്തിൽ പലേടത്തും ക്രൈസ്തവസംഘങ്ങളും പള്ളികളും ഉണ്ടായി.

ഒന്നും രണ്ടും നൂററാണ്ടുകളിൽ ക്രിസ്ത്യാനികൾക്കു പല മദ്ദനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ടു്. കോൺസ്റ്റന്റൈൻ റോമാചക്രവത്തിയായപ്പോഴാണു് ക്രിസ്തുമതത്തിന്നു രാജകീയമായ പരിലാളന ലഭിച്ചതു്. ഒന്നാമത്തെ ക്രൈസ്തവചക്രവത്തി കോൺസ്റ്റന്റൈനാണു്. അദ്ദേഹത്തിന്റെ കാലത്തു ക്രൈസ്തവമതം സ്വീകരിക്കാത്തവക്കാണു് മദ്ദനം സഹിക്കേണ്ടിവന്നതു്.

## തിയഡോസ്യസ്

ക്രി. അ. 378-ൽ 'തിയഡോസ്യസ്' റോമാചക്രവത്തിയായി. റോമാസാമ്രാജ്യത്തിലെ രാജകീയമതം ക്രിസ്തുമതമായിരിക്കണമെന്നു് അദ്ദേഹം പ്രഖ്യാപനം ചെയ്തു. ഇതു വലിയൊരു പരിവത്തനമായിരുന്നു. ഈജിപ്തിലെ ദേവാലയങ്ങളൊക്കെ ഇതിനെത്തുടൻ പള്ളികളാക്കി പരിഷ്കരിച്ചു. റോമാസാമ്രാജ്യത്തിലെവിടേയും ക്രിസ്തുമതത്തിന്നു് അഭൂതപൂവ്വമായ പുരോഗതിയാണു് അന്നുണ്ടായതു്.

## ക്രിസ്തുമതത്തിന്റെ സദാചാരപരവും സാമുദായികവുമായ സംഘടനാശക്തി

ത്യാഗം, സഹനശക്തി, ക്ഷമ, സത്യം ആദിയായി അനേകം ഗുണങ്ങൾ മൂത്തീകരിച്ച ഒരു അത്ഭുതസൃഷ്ടിയാണു്

യേശുദേവൻ. മനുഷ്യൻ സ്വാർത്ഥം വെടിഞ്ഞു മററുള്ളവരെ സ്നേഹിക്കാൻ ശീലിക്കണമെന്ന ദിവ്യോപദേശം ക്രിസ്ത്യാനികളുടെ മതത്തിന്നു് എവിടേയും സ്വാധീനശക്തി നേടി. എളിയവൎക്കുവേണ്ടി ജീവിച്ച മഹാത്മാവാണു് ക്രിസ്തു. വ്യക്തികൾ സമുദായത്തിന്റെ അംശങ്ങളായി ജീവിക്കാൻവേണ്ട ഒരു പ്രചോദനശക്തിയാണു് ക്രിസ്തുവിന്റെ ഉപദേശങ്ങൾകൊണ്ടു സിദ്ധിച്ചതു്. ഇങ്ങനെ വലിയൊരു സമുദായസംഘടനയ്ക്കുള്ള വിത്തുകളാണു് ക്രിസ്തുദേവൻ വിതച്ചതു്.

# 7. ഇസ്ലാം മതം

ആയിരത്തഞ്ഞൂറു കൊല്ലങ്ങൾക്കുമുമ്പു മുഹമ്മദു നബിയാൽ പ്രവചിക്കപ്പെട്ട മതമാണു് 'ഇസ്ലാം'. മുഹമ്മദിന്റെ അനുയായികളെയാണു് മുഹമ്മദീയർ, അഥവാ ഇസ്ലാംമതക്കാർ എന്നു പറയുന്നതു്.

ക്രി. അ. 570-ൽ അറേബിയയിലെ 'മെക്ക' എന്ന സ്ഥലത്താണു് മുഹമ്മദു് ജനിച്ചതു്. മോസസ്സിനെപ്പോലെ മുഹമ്മദും വളരെക്കാലം ആടുകളെ മേച്ചു കഴിഞ്ഞിട്ടുണ്ടു്. ആക്കാലങ്ങളിലൊക്കെ കൂടക്കൂടെ അദ്ദേഹം ഗുഹകളിലും മററും

മുഹമ്മദിന്റെ ജീവിതം.

ചെന്നിരുന്നു വളരെ നേരം പ്രാർത്ഥിക്കാറുണ്ടത്രേ! ഇങ്ങനെയിരിക്കെ ഒരു ദിവസം ഗാബ്രിയൽ എന്ന ദേവദൂതൻ പ്രത്യക്ഷപ്പെട്ടു മുഹമ്മദിനു ജ്ഞാനോപദേശം നല്കിയെന്നാണു് പറയപ്പെടുന്നതു്. ദൈവം ഒന്നേയുള്ളുവെന്നും മുഹമ്മദു് ദൈവത്തിന്റെ പ്രവാചകനാണെന്നുമായിരുന്നു ഈ ജ്ഞാനോപദേശത്തിന്റെ രത്നച്ചുരുക്കം.

ഈ ദിവ്യോപദേശത്തെ മുഹമ്മദ് ആദ്യം തന്നെ തന്റെ പത്നിയെ ധരിപ്പിച്ചു. മൂന്നു കൊല്ലംകൊണ്ടു് അദ്ദേഹത്തിന്റെ അനുയായികളുടെ സംഖ്യ നാല്പതായിപ്പെരുത്തു. ഇത്രയുമായപ്പോഴേയ്ക്കും അദ്ദേഹത്തിന്നു വിരോധികളും

ഹിജിറ.

പെരുക്കാൻ തുടങ്ങി. ജീവഭയം കൂടാതെ മെക്കയിൽ താമസിക്കാൻ നിവൃത്തിയില്ലെന്നു കണ്ടപ്പോൾ അദ്ദേഹം മെദീനയിലേക്കു പലായനം ചെയ്തു.

ഹിജിറ, എന്നു പറയപ്പെടുന്ന ഈ സംഭവമുണ്ടായതു് ക്രി. അ. 622-ലാണു്. മുഹമ്മദീയരുടെ കൊല്ലം പിറക്കുന്നതും ഈ തിയ്യതി മുതല്ക്കാണു്.

സൈന്യശക്തി യുപയോഗിച്ച മതപ്രചാരണം.

താൻ ദൈവത്തിന്റെ പ്രവാചകനാണെന്നു് ആത്മാർത്ഥമായി വിശ്വസിച്ച മുഹമ്മദിന്നു് ദൈവത്താൽ നിയുക്തമായ മതപ്രചാരണകർമ്മം നിർബ്ബാധം നിറവേററാൻ നിവൃത്തിയില്ലെന്നു കണ്ടു. അതാണു് അദ്ദേഹം മതപ്രചാരണത്തിന്നായി സൈന്യശേഖരം ചെയ്തതു്. ഇങ്ങനെ മതത്തിന്റെ പേരിൽ തുടരെത്തുടരെ സമരങ്ങൾ നടന്നു. 632-ൽ മുഹമ്മദ് മരിക്കുമ്പോൾ ഇസ്ലാംമതപ്രവാചകൻ എന്ന പദവിക്കു പുറമെ അറേബിയയുടെ ഭരണാധിപത്യംകൂടി അദ്ദേഹം നേടിക്കഴിഞ്ഞു.

കൊറാൻ.

ഇസ്ലാംമതതത്വങ്ങൾ ഉൾക്കൊള്ളുന്ന വിശിഷ്ടഗ്രന്ഥമാണു് 'കൊറാൻ'. ക്രിസ്ത്യാനികൾക്കു ബൈബിളും ഹിന്ദുക്കൾക്കു ഭഗവദ്ഗീതവും പോലെയാണു് മുഹമ്മദീയർക്കു കൊറാൻ. അള്ളാവാണു് ദൈവമെന്നും മുഹമ്മദാണു് ദൈവത്തിന്റെ പുതിയ പ്രവാചകനെന്നും ഇസ്ലാമികൾ വിശ്വസിക്കുന്നു. 1. ദിവസത്തിൽ അഞ്ചുപ്രാവശ്യം പ്രാർത്ഥന; 2. ധർമ്മംകൊടുക്കൽ; 3. ചില ഉപവാസങ്ങൾ; 4. മക്കത്തേക്കുള്ള (മെക്കാ) തീർത്ഥയാത്ര എന്നിവയാണു് കൊറാൻ മുഖ്യാചാരങ്ങളായി നിർദ്ദേശിക്കുന്നതു്.

കലീഫ്.

മുഹമ്മദിന്റെ മരണശേഷം അബൂബക്കർ എന്ന ആളെ 'കലീഫ്' എന്ന പദവിയിൽ പിൻവാഴ്ചക്കാരനായി സ്വീകരിച്ചു. അള്ളാവിന്റെ സന്ദേശങ്ങളെ പ്രചരിപ്പിക്കാനെന്ന വിശ്വാസത്തിൽ കലീഫിന്റെ ആജ്ഞയനുസരിച്ചു് അറബികൾ രാജ്യങ്ങൾ ആക്രമിച്ചു കീഴടക്കിത്തുടങ്ങി. ഇങ്ങനെ മുഹമ്മദ് മരിച്ചു് എഴുപതു കൊല്ലം കഴിയുന്നതിനകത്തു തെക്കുപടിഞ്ഞാറൻ ഏഷ്യയിലും ആഫ്രിക്കയുടെ ഉത്തരതീരത്തും ഇസ്ലാംമതം പ്രചരിച്ചു.

ഹാറൂൺ— ആൽ— റഷീദ്.

ഇതിനിടയിൽ പല കലീഫമാരും വാഴുകയുണ്ടായി. ക്രി. പി. 786–മുതൽ 809–വരെ വാണ ബാഗ്ദാദിലെ കലീഫായ ഹാറൂൺ—ആൽ—റഷീദാണ് ഇക്കൂട്ടത്തിൽ പ്രമാണി. അദ്ദേഹത്തിൻെറ കാലം ഒരു സുവൎണ്ണഘട്ടമായിരുന്നു ശാസ്ത്രം, തത്വചിന്ത, സാഹിത്യം എന്നിവയെല്ലാം അന്ന് അഭിവൃദ്ധിയുണ്ടായി.

പരിഷ്കാരത്തിൻെറ ചരിത്രം ഇസ്ലാംമതത്തോട് വളരെ അധികം കടപ്പെട്ടിട്ടുണ്ട്. ഗ്രീസ്സിലെയും, പേഴ്സ്യയിലെയും ഉത്തരേന്ത്യയിലെയും സംസ്കാരത്തിൻെറ നല്ലവശങ്ങളൊക്കെ അവർ സ്വീകരിക്കുകയും പരത്തുകയും ചെയ്തുവത്രെ.

മററു മതങ്ങളെപ്പററി.

ഇന്ന് ധാരാളം പ്രചാരത്തിലിരിക്കുന്ന പ്രധാനപ്പെട്ട മതങ്ങളെക്കുറിച്ചാണ് നാം ഇതുവരെ ചിന്തിച്ചത്. ലോകത്തിൽ ഇനിയും അനേകം മതങ്ങളുണ്ട്. പലതും ഉണ്ടായി അസ്തമിച്ചിട്ടുമുണ്ട്. ഉദാഹരണമായി, ഇന്ത്യയിൽത്തന്നെ ജൈനമതം, സിക്ക്മതം മുതലായവയില്ലേ? ജപ്പാനിലെ ഷിന്റോ മതമില്ലേ? അങ്ങനെ വിസ്തരിക്കാൻ തുടങ്ങിയാൽ ഈ പുസ്തകം വളരെ നീണ്ടുപോകും. അതാണ് ഇത്രയും കൊണ്ട് നിൎത്തുന്നത്.

മതം മനുഷ്യസംഘടനയെ പ്രബലപ്പെടുത്താനും മാനസികസംസ്കാരത്തെ വികസിപ്പിച്ച് പരിഷ്കാരത്തിന്നു പുരോഗതിയുണ്ടാകുവാനും പററിയ ഉപകരണമാണ്. അതാണ് ചരിത്രത്തിൽ മതങ്ങൾക്ക് ഇത്രവലിയ സ്ഥാനം കല്പിക്കപ്പെട്ടിട്ടുള്ളത്.

# നാലാംഅദ്ധ്യായം

# മദ്ധ്യകാലഘട്ടം

---

## 1. ബൈസാണ്ടിയാ സാമ്രാജ്യം

ചരിത്രത്തിന്റെ പ്രാചീനകാലത്താണു നാം ഇതുവരെ കിടന്നു പരുങ്ങിയിരുന്നതു്. എന്നാൽ, അതുതന്നെ പൂർത്തിയായിട്ടുണ്ടെന്നു പറയാൻ തരമില്ല. അവിടവിടെ പലരേയും നാം തിരിഞ്ഞുനോക്കാതെകണ്ടു്. അതൊക്കെ ഇനി വരാൻപോകുന്ന ചില അദ്ധ്യായങ്ങളിലാവാം. ഇവിടെ നമുക്കു് ആദ്യമായി റോമാസാമ്രാജ്യത്തിന്റെ ഗതി നോക്കാം.

കോൺസ്റ്റൻറൈൻ ചക്രവർത്തിയുടെ കാലത്താണു് ആദ്യമായി ക്രിസ്തുമതപ്രചാരണത്തിന്നു് ആനുകൂല്യം സിദ്ധിച്ചതെന്നു് ഇതിന്നുമുമ്പൊരദ്ധ്യായത്തിൽ പറഞ്ഞുവല്ലോ! അതു നാലാം നൂററാണ്ടു പിറന്നപ്പോഴുണ്ടായ സംഭവമാണു്. എന്നാൽ, ഇതിന്നിടയിൽ മൂന്നാം നൂററാണ്ടുമുതല്ക്കുള്ള റോമാസാമ്രാജ്യത്തിന്റെ സ്ഥിതിയെന്തായിരുന്നു? ഇത്രയും വിസ്തൃതമായൊരു സാമ്രാജ്യം ഭരിക്കാൻ ഒരു ചക്രവർത്തിയെക്കൊണ്ടുതന്നെ സാദ്ധ്യമല്ലെന്നു റോമിൽ അഭിപ്രായമുണ്ടായി. ക്രി. അ. 284-ൽ ചക്രവർത്തിയായ ഡയോക്ലീഷ്യൻ ഈ പരമാർത്ഥം മനസ്സിലാക്കി സാമ്രാജ്യത്തെ രണ്ടായി ഭാഗിച്ചു മറെറാരു ചക്രവർത്തിയെക്കൂടി നിയമിച്ചു. ക്രി. അ. 330-ൽ കോൺസ്റ്റൻറൈൻ ചക്രവർത്തി ബൈസാണ്ടിയാ എന്ന ഗ്രീക്കുനഗരത്തെ തലസ്ഥാനമാക്കിക്കൊണ്ടു പൌരസ്ത്യറോമാസാമ്രാജ്യം സ്ഥാപിച്ചതുമുതല്ക്കുള്ള കഥയാണു് നമുക്കിനി നോക്കാനിരിക്കുന്നതു്.

റോമാസാമ്രാജ്യവിഭജനം.

കോൺസ്റ്റന്റൈന്റെ സ്മരണയെ നിലനിർത്താനായി ബൈസാണ്ടിയത്തിന്നു 'കോൺസ്റ്റാന്തിനോപ്പിൾ' എന്നു പേരിട്ടു. ഈ നഗരം കച്ചവടത്തിന്റെ കേ-

**പൌരസ്ത്യറോമാസാമ്രാജ്യം—കോൺസ്റ്റന്തിനോപ്പിൾ**

ന്ദ്രമാവാൻ വേണ്ട എല്ലാ സൌകര്യങ്ങളോടും കൂടിയ സ്ഥലമായിരുന്നു. യൂറോപ്പിലിരുന്നുകൊണ്ട് ഏഷ്യയിലേക്ക് ഉററുനോക്കുന്ന ഈ തുറമുഖനഗരം കരിങ്കടലിലേക്കും മെഡിറററേനിയൻ കടലിലേക്കുമുള്ള പ്രവേശനദ്വാരമാണ്. ഒരു സൈനികത്താവളമെന്ന നിലയിലും അതൊരു മർമ്മസ്ഥാനമാണ്.

**പാശ്ചാത്യസാമ്രാജ്യാധഃപതനം.**

പൌരസ്ത്യറോമാസാമ്രാജ്യം ഇങ്ങനെ അഭിവൃദ്ധിപ്പെടാൻ തുടങ്ങിയതോടെ പാശ്ചാത്യറോമാസാമ്രാജ്യം അധഃപതിച്ചുവന്നു. ക്രി. അ. 476-ൽ റോമുലസ് അഗസ്റ്റുലസ് എന്ന ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കിയതോടെ ആ സാമ്രാജ്യത്തിന്റെ ശവക്കുഴിയും കുത്തി. കിഴക്കൻറോമാസാമ്രാജ്യത്തിലേ നമുക്കിനി ചുററിക്കറങ്ങേണ്ടതുള്ളൂ.

ബൈസാണ്ടിയൻറോമാസാമ്രാജ്യത്തിൽ ഗ്രീക്കരായിരുന്നു അധികവും. അതുകൊണ്ട് ഗ്രീക്കസാമ്രാജ്യമെന്നും ഇതിന്നു പേർ പറയാറുണ്ട്. പടിഞ്ഞാറുനിന്നു 'ഗോത്ത്.' വർഗ്ഗക്കാർ ഈ സാമ്രാജ്യത്തിന്റെ സ്വൈരത്തെ സാരമായി ശല്യപ്പെടുത്തുകയുണ്ടായി. ഈ ഘട്ടത്തിലാണ് 'തിയഡോസ്യസ്' ചക്രവർത്തിയായത്.

**തിയഡോസ്യസ്.**

യുദ്ധവീരനായ അദ്ദേഹം റോമാസാമ്രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിച്ചു ക്രിസ്തുമതപ്രചാരണത്തിന്നു മുന്നിട്ടിറങ്ങി. അദ്ദേഹം ആര്യന്മാരോട് കർശനമായിട്ടാണ് പെരുമാറിയതെന്ന് ആക്ഷേപമുണ്ട്. ഒളിമ്പിക്ക് വിനോദങ്ങളും തുടങ്ങി പഴയവ പലതും നിർത്തൽചെയ്തുവെന്നു പരാതിയുണ്ട്. എന്നാൽ, ഇതൊക്കെ സാമ്രാജ്യത്തിൽ ഐക്യവും സമാധാനവും സ്ഥാപിക്കാൻവേണ്ടി മാത്രമായിരുന്നുവത്രേ.

തിയഡോസ്യസ്സിന്റെ മരണത്തിനുശേഷം ഗോത്ത്വർഗ്ഗക്കാർ ആക്രമണം ആവർത്തിച്ചു. ഇതിൽനിന്നു രക്ഷപ്പെട്ടവെങ്കിലും കൂടക്കൂടെ ശത്രുക്കളുടെ ആക്രമണംകൊണ്ടു് ഈ സാമ്രാജ്യത്തിനു ശല്യങ്ങളുണ്ടായി. പേഴ്സ്യക്കാർ, അറബികൾ, തുർക്കികൾ എന്നിവരോടൊക്കെ ഈ സാമ്രാജ്യത്തിനു പലപ്പോഴും ഏററുമുട്ടേണ്ടിവരാറുണ്ടു്. ഈവക കാരണങ്ങളാൽ ഇഞ്ചിഞ്ചായി അതിന്റെ ശക്തി ക്ഷയിച്ചുവന്നുവെങ്കിലും 15-ാം നൂററാണ്ടിന്റെ മദ്ധ്യഘട്ടംവരെ കോൺസ്റ്റാന്തിനോപ്പിൾ സാമാന്യം പ്രതാപത്തോടുകൂടിത്തന്നെ നിലനിന്നു.

ശക്തിക്ഷയം.

ലോകചരിത്രത്തിൽ എന്താണു് ഈ ബൈസാണ്ടിയൻ സാമ്രാജ്യത്തിനുള്ള പ്രാധാന്യം? അതു് വാസ്തവത്തിൽ കുറച്ചൊന്നുമല്ല. കിഴക്കും പടിഞ്ഞാറും തമ്മിൽ കൂട്ടിയിണക്കുന്നൊരു മദ്ധ്യസ്ഥാനമായ കോൺസ്റ്റാന്തിനോപ്പിളായിരുന്നുവല്ലോ അതിന്റെ തലസ്ഥാനം. പാശ്ചാത്യസംസ്കാരത്തെ പൌരസ്ത്യരിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന നേട്ടങ്ങൾകൊണ്ടു പോഷിപ്പിക്കുകയത്രേ ഈ നഗരം ചെയ്തിരുന്നതു്. കിഴക്കൻ ദിക്കുകളിൽനിന്നു സുഗന്ധദ്രവ്യങ്ങൾ, ഔഷധങ്ങൾ, രത്നങ്ങൾ എന്നിവയും റഷ്യയിൽനിന്നു തേൻ, മെഴുകു്, രോമം, ധാന്യം മുതലായവയും ഈ വഴിയെ പാശ്ചാത്യരാജ്യങ്ങളിലേക്കു കൊണ്ടുപോകാറുണ്ടു്.

സാമ്രാജ്യത്തിന്റെ നേട്ടങ്ങൾ.

ശില്പം, ചിത്രമെഴുത്തു്, സാഹിത്യം, ശാസ്ത്രം എന്നിവയിലൊക്കെ എന്തെന്നില്ലാത്ത അഭിവൃദ്ധിയാണു് ഇവിടെ കണ്ടതു്. തത്വശാസ്ത്രം, നിയമം, വൈദ്യം തുടങ്ങിയവയെ സംബന്ധിച്ചു് അനേകം കയ്യെഴുത്തു കൃതികൾ അവിടെ ശേഖരിച്ചുവെച്ചിരുന്നു. റോമിൽ ക്രിസ്തുമതാദ്ധ്യക്ഷനായി മാർപ്പാപ്പയുള്ളതുപോലെ ഇവിടെ കോൺസ്റ്റാന്തിനോപ്പിളിലെ പാത്രിയാർക്കു് ഉണ്ടായിരുന്നു. ചരൽവിരിച്ച വിസ്താരമേറിയ പാതകൾ, പൂങ്കാവനം, ആസ്പത്രി, നാടകശാല, വിദ്യാലയം, ഗ്രന്ഥശാല, കാഴ്ചബംഗ്ലാവു്, പള്ളി, കൊട്ടാരം തുടങ്ങിയവയോരോന്നും ഈ നഗരത്തിനു മോടികൂട്ടിക്കൊ

ണ്ടായിരുന്നു. 1453_ൽ തുർക്കികളുടെ ആക്രമണത്തോടുകൂടി ഈ നഗരവും ഇതിനെ വലയം ചെയ്തിരുന്ന സാമ്രാജ്യവും അസ്തപ്രഭമായി.

## 2 നാടുവാഴി ഭരണം

ഏതാനും സാമ്രാജ്യങ്ങളുടെ ഉദയവും അഭിവൃദ്ധിയും അധഃപതനവും ഇതുവരെ കണ്ടു. ലോകോത്തരപ്രശസ്തങ്ങളായ മതങ്ങളുടെ പുരോഗതിയും നാം കണ്ടു. ലോകചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിൽ ഇങ്ങനെ സാമ്രാജ്യങ്ങളുടെയും മതങ്ങളുടെയും കൂടിയുള്ള സംഘടിതമായ സ്വാധീനശക്തിയാണ് നാം അവിടവിടെ കണ്ടതു്. മദ്ധ്യകാലഘട്ടത്തിലേക്കു കടന്നപ്പോഴോ? അതിപ്രശസ്തമായ പൌരസ്ത്യറോമാസാമ്രാജ്യമാണ് ലോകത്തിന്റെ മുമ്പിൽ തലപൊക്കിപ്പിടിക്കാനായിട്ടൊന്നുണ്ടായതു്. വേറെ സാമ്രാജ്യങ്ങളൊന്നും ഉണ്ടായില്ലേ? ഇല്ലെന്നില്ല. ഇന്ത്യയിൽത്തന്നെ സാമ്രാജ്യങ്ങളുണ്ടായിട്ടുണ്ടു്. പക്ഷെ, ലോകചരിത്രത്തിന്റെ ദൃഷ്ടിയിൽ, ലോകപരിഷ്കാരത്തിന്റെ പുരോഗതിക്കു് സഹായം ചെയ്യത്തക്കവണ്ണം എണ്ണപ്പെട്ട ഒരു സാമ്രാജ്യമെന്ന പദവി പൌരസ്ത്യറോമാസാമ്രാജ്യത്തിന്നാണുണ്ടായതെന്നർത്ഥം. ഇതോടൊപ്പം, രാജ്യങ്ങളുടെ ഭരണസമ്പ്രദായത്തെ എന്തെന്നില്ലാതെ സ്വാധീനിച്ച ശക്തികളാണ് നാടുവാഴിത്തവും മതവും. സാമ്പത്തികഘടനയിൽ നാടുവാഴിത്തവും, സാംസ്കാരികഘടനയിൽ മതവും രാജ്യഭരണയന്ത്രങ്ങളെ നിയന്ത്രിച്ചുപോന്നു. അന്യോന്യം ഇണങ്ങിത്തന്നെയാണ് ഇവ പ്രവർത്തിച്ചുപോന്നതു്. നമുക്കിവിടെ നാടുവാഴിത്തത്തെപ്പററി ആദ്യം ചിന്തിക്കാം.

എന്താണ് ഈ നാടുവാഴിത്തം? കേന്ദ്രഗവൺമെണ്ടിന്നു വേണ്ടത്ര ശക്തിയില്ലാത്ത സ്ഥലങ്ങളിലെല്ലാം പണത്തിന്റെ ബലംകൊണ്ടു ചുററുമുള്ളവരെ സ്വാധീനിച്ചു് ഇടപ്രഭുക്കന്മാരായി അധികാരശക്തി പ്രയോഗിക്കുന്ന വ്യക്തികളുണ്ടായി. ഇവരാണ് നാടുവാഴികൾ. ഭൂമിയുടമസ്ഥന്മാർ, കുടിയാന്മാർ എന്നിങ്ങനെ സമുദായത്തിലുണ്ടായിരുന്ന രണ്ടു വിഭാഗങ്ങളിൽ ആദ്യത്തേതു രണ്ടാമത്തേതിനെ അമർത്തിവാഴുന്നൊരു സമ്പ്രദാ

യമാണിതു്. ചുരുക്കത്തിൽ, ഭൂസ്വത്തായിരുന്നു അധികാരത്തിന്റെ മാനദണ്ഡം. എല്ലാററിലും മീതെ രാജാവു്; അതിന്നു താഴെ വലിയ ജന്മികൾ; ഓരോ ജന്മിയുടേയും കീഴിൽ എത്രയോ കുടിയാന്മാർ; അവരുടെതാഴെ ഉപകുടിയാൻ; അതിന്നു താഴെ കൎഷകത്തൊഴിലാളി—ഇത്തരത്തിലായിരുന്നു ഘടന. ഓരോരുത്തരും അവരുടെ മീതെ വൎത്തിക്കുന്നവരെ സേവിക്കുകയെന്നായിരുന്നു നിശ്ചയം. ഇങ്ങനെ ഇടപ്രഭുക്കന്മാരും ജന്മികളും അവൎക്കു ലഭിച്ച അധികാരത്തിന്റെ ബലംകൊണ്ടു പ്രമാണികളായിത്തീരുന്ന ഒരു സമുദായഘടനയാണു് ഫ്യൂഡലിസം അഥവാ നാടുവാഴിത്തം.

നാടുവാഴിത്തം എന്തു്?

എന്നാണു് ഈ സമ്പ്രദായം ആരംഭിച്ചതു്? ജപ്പാനിൽ വളരെ കാലേതന്നെ ഏതാണ്ടിത്തരത്തിലുള്ള സമുദായഘടനയുണ്ടായിരുന്നു. പാശ്ചാത്യഭൂഗോളത്തിൽ ക്രി: അ: അഞ്ചാം നൂററാണ്ടുമുതല്ക്കാണു് ഈ സമ്പ്രദായം തലപൊക്കാൻ തുടങ്ങിയതു്. കാറൽമാൻ ചക്രവൎത്തി അദ്ദേഹത്തിന്റെ സാമ്രാജ്യത്തെ ഭരണസൌകൎയ്യത്തിന്നായി 843 ഭാഗങ്ങളായി മുറിച്ചപ്പോൾ ഇതു ശക്തിപ്പെട്ടുവന്നു. ക്രമേണ, ഈ സമ്പ്രദായം വളരാൻ തുടങ്ങി. ഫ്രാൻസു്, ജൎമ്മനി, ഇററലി, ഇംഗ്ലണ്ടു്, സ്കോട്ട്ലണ്ടു് എന്നീ രാജ്യങ്ങളിലൊക്കെ ഈ നാടുവാഴിത്തം പ്രബലപ്പെട്ടുവന്നു. ജന്മികൾ അവൎക്കിഷ്ടംപോലെ നിയമങ്ങളുണ്ടാക്കാനും, അവ വ്യാഖ്യാനിക്കാനും, വിധി പ്രസ്താവിക്കാനും, നിയമം നടത്താനും തുടങ്ങിയ ഒരു സമുദായഘടനയാണു് ഇങ്ങനെ മദ്ധ്യകാലഘട്ടത്തിൽ അതിവേഗം വളൎന്നുവന്നതു്.

നാടുവാഴിത്തത്തിന്റെ വളൎച്ച

ഈ നാടുവാഴിത്തം ചില പ്രത്യേകതകളോടുകൂടി മൂത്തു മുരടിക്കാൻ തുടങ്ങി. നാടുവാഴികൾ വലിയ കോട്ടകളുണ്ടാക്കി അതു സംരക്ഷിക്കാൻ അശ്വഭടന്മാരെ സജ്ജീകരിച്ചു് അവരുടെ പ്രാബല്യം വൎദ്ധിപ്പിച്ചു. അധികാരപ്രമത്തന്മാരായ ഈ പ്രഭുക്കളിൽ നിന്നും സാധുക്കൾക്കു് അഭയം ലഭിക്കാൻ മാൎഗ്ഗമില്ലാതായി. യാതൊരവലംബവുമില്ലാത്ത

അടിമകളുടെ നിലയിൽ ഒരു ജനവർഗ്ഗം നീതിയുടേയും നിയമത്തിന്റേയും ദൃഷ്ടിയിൽ പെടാതെ വിഷമിച്ചു. കേന്ദ്രത്തിലോ? രാജശക്തി ക്രമേണ നാമാവശേഷമായി. നാടുവാഴികളെ അമർത്താൻ രാജാവിന്നു സാധിക്കാതായി. അധികാരത്തിന്നുവേണ്ടി നാടുവാഴികൾ തമ്മിൽ കലഹിക്കാനും തുടങ്ങി. ഇങ്ങനെ നാടുവാഴിമേധാവിത്വത്തിന്റെ ഫലമായി കേന്ദ്രശക്തികൊണ്ടു നിയന്ത്രിക്കാൻ സാധിക്കാത്ത ആഭ്യന്തരകലഹം യൂറോപ്പിൽ പലേടത്തും നടമാടുകയും പാവപ്പെട്ടവർ ഈ സംഘട്ടനങ്ങളിൽ കിടന്നു സങ്കടമനുഭവിക്കുകയുമാണുണ്ടായതു്.

*പ്രത്യേകതകൾ ദോഷവശങ്ങൾ.*

വാസ്തവത്തിൽ നാടുവാഴിത്തം ദോഷത്തിന്നു മാത്രമായിട്ടുള്ള ഒന്നായിരുന്നുവോ? അതു പറയാൻ തരമില്ല. ഫ്യൂഡൽ സമ്പ്രദായത്തിലുള്ള ഭൂമിവിഭജനവും കേന്ദ്രഭരണവും വേണ്ട വിധം നടത്തിപ്പോന്നിരുന്നെങ്കിൽ ഇത്രവലിയ തരക്കേടൊന്നും വരില്ലായിരുന്നു. ഇംഗ്ലണ്ടിൽ വില്യം ഒന്നാമന്റെ കാലത്തു് അതു ശരിയായി നടന്നു. ഭരണസൗകര്യത്തിന്നുവേണ്ടിയുള്ള ആ വിഭജനം അദ്ദേഹത്തിന്നു ദോഷമൊന്നും ചെയ്തില്ല.

*നിരീക്ഷണം.* പക്ഷേ, കേന്ദ്രശക്തിയിൽ നിന്നു സാധുക്കൾക്കു് അഭയം ലഭിക്കാതിരുന്നാൽ അതുകൊണ്ടു് തരക്കേടുവരും. നാടുവാഴികൾ രാജാധികാരത്തോടു മല്ലടിക്കാതിരിക്കാൻവേണ്ട മുൻകരുതൽ സാമാന്യജനങ്ങളോടു നേരിട്ടുള്ള കൂട്ടുകെട്ടുകൊണ്ടു രാജാവു് ചെയ്തുവെക്കണം. അതു പ്രബലന്മാരും ബുദ്ധിമാന്മാരുമായ രാജാക്കന്മാർക്കേ കഴിയൂ. പക്ഷെ, അത്തരം രാജാക്കന്മാർ എണ്ണത്തിൽ വളരെ കുറവായതുകൊണ്ടാണു് ഫ്യൂഡൽസമ്പ്രദായം ഇത്രയധികം ദോഷം ചെയ്തതു്.

## 3. മതത്തിന്റെ പ്രാബല്യവും സ്വാധീനശക്തിയും.

ഫ്യൂഡലിസം മദ്ധ്യകാലഘട്ടത്തിലെ പരിതഃസ്ഥിതികളിൽ സ്വാഭാവികമായുണ്ടായ ഒരു സമ്പ്രദായമാണു്. ശത്രു

സ്വാധീനശക്തി,
മതത്തിന്റെ.

കളിൽ നിന്നു് ജനങ്ങൾക്കു് അഭയം നല്കാൻ പ്രാപ്തിയുള്ള ഒരു കേന്ദ്രഗവമ്മേണ്ടില്ലാഞ്ഞിട്ടാണു് ജനങ്ങൾ തങ്ങളുടെ കൂട്ടത്തിൽ പ്രമാണികളായവരെ അഭയം പ്രാപിച്ചതു്. എന്നാൽ, രാജകീയശക്തി ഇവ്വണ്ണം അല്പമൊന്നു ദുർബ്ബലപ്പെട്ടുപോയെങ്കിലും ക്രിസ്തുമതം സമുദായത്തിന്റെ മേൽ സാമാന്യത്തിലധികം സ്വാധീനശക്തി ചെലുത്താൻ തുടങ്ങി

റോമാചക്രവത്തിമാരുടെ നേതൃത്വത്തിൻകീഴിൽവന്നപ്പോഴാണല്ലോ ക്രിസ്തുമതത്തിനു വികസിക്കാൻ കഴിഞ്ഞതു്. അതോടുകൂടി റോമയിലെ പള്ളി മററു പള്ളികളുടെ നേതൃത്വം വഹിക്കാൻ തുടങ്ങി.

മാർപ്പാപ്പമാരുടെ
ശക്തി.

ചില മാർപ്പാപ്പമാരുടെ കാര്യശേഷിയും ബുദ്ധിസാമത്ഥ്യവും ഈ നേതൃത്വത്തെ പ്രോത്സാഹിപ്പിക്കത്തക്കതായിരുന്നു. അററില്ലയുടെ നേതൃത്വത്തിൽവന്ന ഹൂണന്മാരുടെ ആക്രമണം 'ലിയോ' എന്ന മാർപ്പാപ്പയുടെ സാമത്ഥ്യം കൊണ്ടാണു് റോമിനെ ബാധിക്കാതിരുന്നതു്. ഇതുപോലെതന്നെ വന്തൽ വർഗ്ഗക്കാർ റോമാനഗരം നശിപ്പിക്കാതിരുന്നതും ലിയോവിന്റെ സാമത്ഥ്യംകൊണ്ടാണു്. ഇതുപോലെതന്നെ സാമത്ഥ്യം പ്രകടിപ്പിച്ച മററൊരു മാർപ്പാപ്പയാണു് മഹാനായ ഗ്രിഗറി. അദ്ദേഹം ദൂരദിക്കുകളിലേക്കു മതപ്രചരണാത്ഥം പാതിരിമാരെ അയച്ചും മററും, ജനസമ്മതിനേടി. ഈ മതപ്രചരണത്തോടൊപ്പംതന്നെ തത്തൽസ്ഥലങ്ങളിലെ രാജാക്കന്മാരെക്കൂടി സ്വാധീനിക്കുകയത്രെ മാർപ്പാപ്പമാർ ചെയ്തുപോന്നതു്.

മാർപ്പാപ്പയ്ക്കു് പല അധികാരങ്ങളുമുണ്ടായിരുന്നു. മതസംബന്ധമായ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ പരമാധികാരത്തെ ആക്ഷം ചോദ്യം ചെയ്യാൻ പാടില്ല. പുതിയ നിയമങ്ങൾ തത്തത്സന്ദർഭങ്ങളിൽ ഉണ്ടാക്കുവാനും മാർപ്പാപ്പയ്ക്കധികാരമുണ്ടു്. പള്ളിയുടെ ഭരണാധികാരവും അദ്ദേഹത്തിൽത്തന്നെയാണു് ലയിച്ചതു്. ഇന്നു് അതാതുരാജ്യത്തെ നീതിന്യായക്കോടതികളുടെ അധികാരപരിധിയിൽ കാണുന്ന

പല കേസ്സുകളും അന്നു് പള്ളികളുടെ അധീനത്തിലുള്ള പ്രത്യേക കോടതികളിലാണു വിധി പറയാറുള്ളതു്. വിവാഹമോചനം, പിൻവാഴ്ച്ചക്രമം തുടങ്ങി പലതും ഈ ഇനത്തിൽ ഉൾപ്പെടും. ഈ കോടതികളുടെ വിധികൾ വഴങ്ങിക്കൊടുക്കാത്തവരെ സമുദായഭ്രഷ്ടരാക്കാനും അധികാരങ്ങൾ. പള്ളിക്കു് അധികാരമുണ്ടായിരുന്നു. ഇങ്ങനെ ഭ്രഷ്ടനായാൽ അവനു കുടുംബത്തിലെ സ്വത്തിന്നവകാശമില്ല. ആരും അവനെ തിരിഞ്ഞുനോക്കുകയുമില്ല. യുദ്ധകാര്യങ്ങളിൽപോലും പള്ളിയുടെ കല്പന ബാധകമായിരുന്നു. അന്നത്തെ യൂറോപ്പിൽ അധികമാരും അതു ലംഘിക്കാറില്ല.

ധാർമ്മിക വൃത്തികൾ.

എങ്ങനെയാണു് ഇത്രയേറെ അധികാരം ഇവക്കു കരസ്ഥമാക്കുവാൻ സാധിച്ചതു്? അതിന്നു കാരണങ്ങൾ പലതുമുണ്ടു്. ദരിദ്രന്മാക്കു ദാനധർമ്മങ്ങൾ ചെയ്തും അശരണരെ നേരിട്ടു നോക്കി രക്ഷിച്ചും അവർ ജനപ്രീതി നേടി. പുരോഹിതന്മാരുടെ ആദർശയോഗ്യമായ ജീവിതം ആകർഷകമായിരുന്നു. വഴിയാത്രക്കാക്കു് അഭയം നല്കുക, കർഷകക്കു കൃഷിക്കുവേണ്ട സഹായം ചെയ്യുക, രോഗികളെ ശുശ്രൂഷിക്കുക, കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുക പ്രാചീനഗ്രന്ഥങ്ങൾ പകർത്തി സൂക്ഷിക്കുക എന്നിങ്ങനെ നീണ്ടൊരു പരിപാടിയാണു് ക്രൈസ്തവപുരോഹിതന്മാർ സ്വീകരിച്ചതു്.

സംസ്കാര പുരോഗതി.

പ്രാചീനഗ്രീക്കുകാരുടേയും റോമാക്കാരുടേയും വിശിഷ്ടമായ സംസ്കാരത്തെ പരിരക്ഷിച്ചുപോന്നതും പള്ളികളാണു്. എണ്ണപ്പെട്ട കൃതികൾ പലതും മതാദ്ധ്യക്ഷന്മാർ പകർത്തി സൂക്ഷിച്ചുപോന്നു. മതം, ശാസ്ത്രം, കല, സാഹിത്യം എന്നിങ്ങനെ പല വിഷയത്തെസ്സംബന്ധിച്ചുമുള്ള ഗ്രന്ഥങ്ങൾ പള്ളികളുടെ പരിശ്രമത്തിൻഫലമായി പരിരക്ഷിക്കപ്പെട്ടു. അപരിഷ്കൃതവർഗ്ഗക്കാരെ അനിയന്ത്രിതമായ സമരപരിപാടിയിൽനിന്നു പിന്തിരിപ്പിക്കുന്നതിന്നും പള്ളികൾക്കു സാധിക്കാറുണ്ടു്. നോക്കു ബുദ്ധിശക്തിയുടെ നേട്ടം!

---

## അഞ്ചാം അദ്ധ്യായം

# മദ്ധ്യകാലഘട്ടം—ഏഷ്യയിൽ

---

നാം ഇതുവരെ അധികവും യൂറോപ്പിലാണ് കിടന്നു ചുററിത്തിരിഞ്ഞതു്. പ്രാചീനപരിഷ്കാരത്തിന്റെ കളിത്തൊട്ടിലായ ഏഷ്യ ഇനിയും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടു്. ഒന്നാം അദ്ധ്യായത്തിൽത്തന്നെ പലരേയും നാം അവിടെ വിട്ടുകളഞ്ഞിട്ടുണ്ടു്. അതിൽ പ്രധാനികളാണ് പേർഷ്യക്കാർ. ഇവിടെ അവരെക്കുറിച്ചു ചിന്തിക്കാം.

## 1. പേർഷ്യ

ടൈഗ്രീസ്സ് യൂഫ്രട്ടീസ് നദികളുടെ കിഴക്കുവശത്തുള്ള ഐറേനിയൻ പീഠഭൂമി നിങ്ങൾ ഭൂപടത്തിൽ കണ്ടിട്ടില്ലേ? അവിടേയും വളരെ പഴയകാലത്തുതന്നെ ഒരു പരിഷ്കാരം രൂപമെടുക്കുകയുണ്ടായി. ഒരു സാമ്രാജ്യവും ആ പ്രദേശത്തെ കേന്ദ്രമാക്കിക്കൊണ്ടു കെട്ടിപ്പടുക്കുകയുണ്ടായി. അതാണ് പേർഷ്യാസാമ്രാജ്യം.

ഒരു നാലായിരം കൊല്ലങ്ങൾക്കുമുമ്പ് മദ്ധ്യേഷ്യയിൽ നിന്നുവന്ന ആര്യന്മാരിൽ 'മീഡുകൾ' 'പേർഷ്യർ, എന്നിങ്ങനെ രണ്ടു വിഭാഗക്കാരുണ്ടായിരുന്നു. ഇതിൽ മീഡുകളാണ് ആദ്യം ഒരു സാമ്രാജ്യം സ്ഥാപിച്ചതു്.

സൈറസ്സ്.

മീഡിയാ രാജാവിന്റെ സാമന്തന്മാരിലൊരാളായ സൈറസ്സ് ആണത്രേ പേർഷ്യാസാമ്രാജ്യം സ്ഥാപിച്ചതു്. ഏഷ്യാമൈനർ മുഴുവൻ കീഴടക്കിയശേഷം ഈജിപ്തും കൂടി സ്വാധീനമാക്കണമെന്നായിരുന്നു സൈറസ്സിന്റെ ലക്ഷ്യം. പക്ഷേ അതിനുമുമ്പ് അദ്ദേഹം മരിച്ചു.

ഇതിനുശേഷം ഡേറിയസ് പേർഷ്യാ ചക്രവർത്തിയായി. * അദ്ദേഹം ഇന്ത്യയിലേക്കു കടന്നു. സിന്ധും പഞ്ചാബും

കീഴടക്കിയശേഷം പടിഞ്ഞാട്ടു തിരിച്ചു ത്രേസ്സും മാസിഡോണിയയും അധീനമാക്കി. എന്നാൽ, ഏഷ്യമൈനറിന്റെ മെഡിറററേനിയൻ തീരത്തുള്ള ഗ്രീക്കനഗരങ്ങളോടു് പൊരുതി ജയിക്കാൻ അദ്ദേഹത്തിന്നു സാധിച്ചില്ല.

ഡേരിയസ്സ്.

ഡേരിയസ് നല്ല ഭരണതന്ത്രജ്ഞനായിരുന്നു. സാമ്രാജ്യങ്ങളെ സംസ്ഥാനങ്ങളായി ഭാഗിച്ചു്. ഓരോന്നിലും പ്രാപ്തിയുള്ളവരെ ഭരണത്തിന്നു നിയമിച്ചു. ഈ സംസ്ഥാനങ്ങളെ കൂട്ടിയിണക്കാനുള്ള റോഡുകളും അദ്ദേഹം വെട്ടിച്ചു. സന്ദേശങ്ങളെത്തിക്കാൻ വേണ്ട കേന്ദ്രങ്ങളും അവിടെ ഏർപ്പെടുത്തീട്ടുണ്ടായിരുന്നു.




ഡേരിയസ്സിന്റെ സാമ്രാജ്യം.

പേർഷ്യാസാമ്രാജ്യം ഡേരിയസ്സിന്റെ കാലശേഷം നീണ്ടുനിന്നില്ല. അദ്ദേഹത്തെ പിന്തുടർന്ന ക്സെർക്സസ്

കൊള്ളാവുന്നവനായിരുന്നെങ്കിലും പിൻഗാമികൾ പ്രാപ്തരായിരുന്നില്ല. അക്കൂട്ടത്തിൽ ഡേറിയസ്സ് മൂന്നാമന്റെ കാലത്താണ് ധീരവീരനായ അലക്സാണ്ടർ പേർഷ്യ ആക്രമിച്ചതു്. പേർഷ്യ അലക്സാണ്ടർക്കധീനമായതു നാം മുമ്പു കണ്ടതാണല്ലോ.

സാമ്രാജ്യാധഃപതനം.



ഡേറിയസ്സിന്റെ കാലത്തെ മുദ്ര.

പേർഷ്യക്കാർ കലാകുശലന്മാരായിരുന്നു. സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടുമുള്ള നാണ്യങ്ങൾ, വലിയ നിരത്തുകൾ, ഒന്നാന്തരം കൊട്ടാരങ്ങൾ, ശവകുടീരങ്ങൾ മുതലായവ പ്രാചീനപേർഷ്യക്കാർ പരിഷ്കാരത്തിന്റെ പുരോഗതിക്ക ചെയ്തിട്ടുള്ള സംഭാവനകളാണ്.

ഒന്നാം പേർഷ്യാസാമ്രാജ്യത്തിന്റെ നേട്ടം.

അലക്സാണ്ടറുടെ കാലശേഷം പേർഷ്യ ഭാഗികമായിട്ടു ഇറാനിന്റെ മദ്ധ്യപ്രദേശവും തെക്കുഭാഗവും പാർത്തിയക്കാരുടെ കൈവശമാണ് കുറച്ചുകാലം ഇരുന്നതു്. ഇക്കാലത്തു റോമാസാമ്രാജ്യവുമായി തുടരെത്തുടരെ യുദ്ധങ്ങളുണ്ടായിക്കൊണ്ടിരുന്നു. എങ്കിലും വലിയ വിഷമംകൂടാതെ കഴിഞ്ഞുകൂടാൻ സാധിച്ചു. ഈ പാർത്തിയക്കാർ മതപരമായ കാര്യ

ങ്ങളിൽ അധികം ഇടപെട്ടിരുന്നില്ല. സൊറോസ്ത്രിയൻ മതത്തോടൊപ്പം ക്രിസ്തുമതത്തിനും അവിടെ പുലരാൻ സാധിച്ചു.

**പാത്തിയൻ അധിപത്യം:**

പക്ഷെ, പാത്തിയക്കാൎക്ക തങ്ങളുടെ രാജ്യത്തിലെ വിവിധവൎഗ്ഗങ്ങളെ തമ്മിൽ ഐക്യം പുലത്താൻ കഴിഞ്ഞില്ല. ക്രി. അ. 212_ൽ സസ്സാനിയൻ വൎഗ്ഗക്കാർ ഇവരെ തോല്പിച്ചതിൻെറ ഫലമായി പേഴ്സ്യ അവൎക്കധീനമായി.

**സസ്സാനിയർ**

സസ്സാനിയർ പാത്തിയക്കാരെപ്പോലെ മതസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കാൻ ഇണങ്ങിയില്ല. ക്രിസ്തുമതത്തിനു തന്മൂലം, അവിടെ സ്വൈരമായി ജീവിക്കാൻ നിവൃത്തിയില്ലാതായി. ഇതുപോലെത്തന്നെ ജൂതന്മാൎക്കും അവിടെ വിഷമങ്ങളെ സഹിക്കേണ്ടിവന്നു.

**ഹൂണാക്രമണം.**

അഞ്ചാം നൂററാണ്ടു പിറന്നതോടെ കിഴക്കുവശത്തുനിന്നു് പുതിയൊരു ശത്രു പേഴ്സ്യയെ ശല്യപ്പെടുത്തി. ഇവരാണ് ശ്വേതഹൂണന്മാർ (White Huns.) തുൎക്കികളുടെ സഹായത്തോടുകൂടി സസ്സാനിയർ ഹൂണന്മാരെ ഓടിച്ചു.

**കോസ്റോസ്:**

കോസ്റോസ് ഒന്നാമൻെറ കാലത്താണ് സസ്സാനിയരുടെ ശക്തി ഉത്തുംഗസ്ഥാനത്തെത്തിയതു്. സാമ്രാജ്യം സാമാന്യം വിസ്തൃതമായി; കൈത്തൊഴിലും കച്ചവടവും അഭിവൃദ്ധി പ്രാപിച്ചു; കലാകാരന്മാൎക്ക് പ്രോത്സാഹനം സിദ്ധിച്ചു. പക്ഷെ, ഇദ്ദേഹത്തിൻെറ കാലശേഷം ഈ സാമ്രാജ്യം അസ്തമിച്ചു. ക്രി. അ. 641_ൽ പേഴ്സ്യ അറബികളാൽ കീഴടക്കപ്പെട്ടു. ഇങ്ങനെ മുഹമ്മദീയരുടെ കൈവശമായി പേഴ്സ്യ.

മുഹമ്മദീയരുടെ കാലത്തു സൊറോസ്ത്രിയൻ മതത്തിനു പേഴ്സ്യയിൽ സാരമായ ഉടവുതട്ടി. ഇസ്ലാം മതവും സൊറോസ്ത്രിയൻസമ്പ്രദായങ്ങളും തമ്മിൽ പല തത്വങ്ങളിലും പൊരുത്തമുണ്ടായിരുന്നതിനാൽ വലിയ വിഷമം

മുഹമ്മദീയാധിപത്യം.

കൂടാതെതന്നെ പേഴ്സ്യക്കാൎക്ക് ഇസ്ലാമിനെ പൊറുക്കാൻ സാധിച്ചു. പക്ഷെ, മദ്യം വൎജ്ജിക്കുക, പ്രജായത്തഭരണതത്വമനുസരിച്ചു കലീഫിനെ തിരഞ്ഞെടുക്കുക തുടങ്ങിയ ചില കാൎയ്യങ്ങളിൽ അവർ അറബികളോടു യോജിച്ചില്ല. ഈവക കാരണങ്ങളാൽ മുഹമ്മദീയരിൽ തന്നെ "സുന്നി" "ഷിയാ" എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ടായി. ഇതിൽ പിൻവാഴ്ച്ചക്രമം പരമ്പരാഗതമായിരിക്കണമെന്ന പക്ഷക്കാരാണ് ഷിയാസിദ്ധാന്തക്കാർ

ഹാരുൺ—ആൽ റഷീദ്.

അഞ്ചു നൂററാണ്ടോളം കാലം "ഷിയാ"സിദ്ധാന്തക്കാരായ "അബ്ബാസിദ്," കുടുംബക്കാരാണ് പേഴ്സ്യ ഭരിച്ചതു്. ഇക്കൂട്ടത്തിൽ, കാറൽമാൻെറ സമകാലീനനായ ഹാരുൺ—ആൽ—റഷീദ് എന്ന കലീഫിൻെറ പേർ പ്രത്യേകം പ്രസ്താവയോഗ്യമാണ്. പേഴ്സ്യ അന്നു് ഒരു കലാകേന്ദ്രമായി പ്രശോഭിച്ചു. എന്നാൽ, റഷീദിൻെറ കാലശേഷം പേഴ്സ്യയിൽ കുഴപ്പങ്ങളുണ്ടായി. ഗവൎണ്ണർമാർ സ്വയം പ്രമാണികളായിത്തീൎന്നു. ഈ ഘട്ടത്തിലാണ് ഗസ്നിവംശക്കാരനായ മാമൂദ് പേഴ്സ്യയുടെ ആധിപത്യം നേടിയതു്. ഇതു് ക്രി. അ. 1000—ത്തിലാണ്. ഗസ്നിയുടെ കാലത്തു പേഴ്സ്യൻ കലകൾക്ക് വലിയ പ്രോത്സാഹനം സിദ്ധിച്ചു. സാഹിത്യകാരന്മാർ പലരും അദ്ദേഹത്തിൻെറ കൊട്ടാരത്തിൽ പരിലസിച്ചിരുന്നു.

മാമൂദ്ഗസ്നി.

ഇസ്ലാംകൊണ്ടുണ്ടായ നേട്ടങ്ങൾ.

ഇസ്ലാംമതം പേഴ്സ്യക്കു പല നേട്ടങ്ങളുമുണ്ടാക്കിക്കൊടുത്തു. മതത്തിന്നും നിയമാവലിക്കും പുറമെ അറബിഭാഷയ്ക്കും പേഴ്സ്യയിൽ പ്രചാരം സിദ്ധിച്ചു. മാമൂദ്ഗസ്നിയുടെ കൊട്ടാരം കവികളിൽ അഗ്രഗണ്യനായിരുന്നു ഫർദൂസി. ഓമർ, നൈസാമി, ഹാഫിസ് എന്നിവരൊക്കെ പേഴ്സ്യയിലെ വലിയ കവികളായിരുന്നു.

മാമൂദിന്നുശേഷം സെൽജക്ക് വംശക്കാരാണ് പേഴ്സ്യ ഭരിച്ചതു്. ഇവരത്രേ ജെറുസലം ആക്രമിച്ചവർ. ഈ ആക്രമണത്തെ തുടർന്നുണ്ടായ കുരിശുയുദ്ധങ്ങളെക്കുറിച്ചു് ഇനിയൊരവസരത്തിൽ പഠിക്കാം. സെൽജക്ക് വംശം ക്രമേണ നാമാവശേഷമായി. ഇങ്ങനെ, പതിമൂന്നാം നൂറ്റാണ്ടിലേക്കു പ്രവേശിച്ചപ്പോഴാണ് ചെങ്കിസ്ഖാൻ എന്ന രണവീരന്റെ നേതൃത്വത്തിൽവന്ന മംഗോളിയർ പേഴ്സ്യ ആക്രമിച്ചു ചുട്ടുകരിച്ചതു്. പതിമൂന്നാം നൂറ്റാണ്ടുമുഴുവൻ പേഴ്സ്യ ഈ മംഗോളിയരുടെ മർദ്ദനം സഹിച്ചു കഴിഞ്ഞുകൂടി. ഇൽഖൻ എന്നായിരുന്നു ഈ ഭരണാധികാരികളുടെ വംശപ്പേർ. പതിന്നാലാം നൂറ്റാണ്ടു പിറന്നതോടെ ഇവർക്കു് അല്പം അടക്കം കണ്ടു. പേഴ്സ്യൻ സാഹിത്യവും കലകളും പഴയമട്ടിൽ അഭിവൃദ്ധിപ്പെടുവാൻ തുടങ്ങിയതു് അപ്പോഴാണ്.

സെൽജക്ക് വംശം

മംഗോളിയർ.

ഇൽഖന്മാർ യുദ്ധത്തിൽ നിന്നു പിന്തിരിച്ചു സമാധാനപരമായ ഭരണം തുടങ്ങിയതോടെ പേഴ്സ്യയിൽ അവിടവിടെ ഇടപ്രഭുക്കൾ അധികാരം വീണ്ടെടുത്തു സ്വന്തം പ്രമാണികളായി. ഈ ഘട്ടത്തിലാണ് വടക്കുകിഴക്കുഭാഗത്തുനിന്നു് മുടന്തനായ തിമൂർ പേഴ്സ്യയിലേക്കു കടന്നു് ആക്രമിച്ചതു്. പേഴ്സ്യയും മെസപ്പൊട്ടേമിയയും തിമൂർ അധീനമാക്കി; സമർഖണ്ഡത്തെ തലസ്ഥാനമാക്കിക്കൊണ്ടു ഭരണവും തുടങ്ങി. അദ്ദേഹത്തിന്റെകാലത്തു പേഴ്സ്യൻകലകൾ വികസിക്കുവാൻ കഴിഞ്ഞു. എന്നാൽ തിമൂറിന്റെ പിൻഗാമികൾ അത്ര പ്രാപ്തരായിരുന്നില്ല. തന്മൂലം പേഴ്സ്യയുടെ ഐക്യം നശിച്ചു. പതിനഞ്ചാംനൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തോടുകൂടി ആ രാജവംശവും അസ്തപ്രഭമായി. ഈ ഘട്ടത്തിൽതന്നെയാണ് തുർക്കികൾ കോൺസ്റ്റാന്തിനോപ്പിൾ കീഴടക്കിയതു്. അതോടുകൂടി അവരുടെ ശ്രദ്ധ യൂറോപ്പിലേക്കു തിരിയുകയും പേഴ്സ്യയിൽ ദേശീയബോധത്തിനു വികസിക്കാൻ പൂർവ്വാധികം സൌകര്യം സിദ്ധിക്കുകയും

തിമൂർ.

തിമൂറിനുശേഷം.

ചെയ്തു. ഇവിടന്നപ്പുറമുള്ള കഥ ഈ പുസ്തകത്തിന്റെ പരിധിയിൽ പെട്ടതല്ല.

## മംഗോളിയരും ടാർട്ടാർവർഗ്ഗക്കാരും

മദ്ധ്യേഷ്യയിൽനിന്നു പഴയ ഭൂഖണ്ഡത്തിന്റെ നാനാഭാഗത്തേക്കും സഞ്ചാരിവർഗ്ഗക്കാർ നീങ്ങുകയുണ്ടായിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഒരു വർഗ്ഗമാണ് മംഗോളിയർ. ഇവർ മദ്ധ്യേഷ്യയുടെ കിഴക്കുഭാഗത്തുനിന്നാണ് പുറപ്പെട്ടതു്. ഇവരുടെ സഞ്ചാരത്തെക്കുറിച്ച് ഏഴാം നൂററാണ്ടുമുതല്ക്കു സൂചനകളുണ്ടെങ്കിലും പതിമൂന്നാം നൂററാണ്ടു പിറന്നതിന്നുശേഷമത്രേ പരിഷ്കൃതലോകത്തിന്ന് സാരമായി ഇവരോടിടപെടേണ്ടിവന്നതു്.

സഞ്ചാരി വർഗ്ഗം.

മംഗോളിയർ ഭക്ഷണത്തിന്നുവേണ്ടിയാണ് ഇങ്ങനെ അലഞ്ഞുനടന്നതു്. ഈ യാത്രയിൽ അവർ അവിടവിടെ പാളയമടിച്ചു കഴിച്ചുകൂട്ടുകയാണ് പതിവു്. ആവശ്യംപോലെ കവർച്ചചെയ്യാൻ അവക്കു കൂസലുണ്ടായിരുന്നില്ല. മീൻപിടിക്കാനും വേട്ടയാടാനും അവർ ബാല്യത്തിലേ ശീലിച്ചിരിക്കും. കുതിരസ്സവാരി അവക്കു നല്ലവണ്ണം വശമുണ്ടായിരുന്നു. ശൈത്യം എത്രയും അവർ സഹിക്കും. എഴുത്തും വായനയും അവരെ ബാധിക്കുന്ന കാര്യങ്ങളായിരുന്നില്ല. യുദ്ധംചെയ്യാൻ നല്ല പരിചയമുണ്ടായിരുന്നു. ഇങ്ങനെ കായികപരിശ്രമംകൊണ്ടു പ്രബലപ്പെട്ട ഒരു വർഗ്ഗക്കാരായിരുന്നു ഇവർ.

ജീവിത രീതി.

കാബൂൾഖാൻ എന്നൊരാളാണ് ഈ വർഗ്ഗത്തിൽ ആദ്യം പ്രമാണിയായതു്. അദ്ദേഹം ചൈനാചക്രവത്തിയെ തോല്പിച്ചുവത്രേ. കാബൂളിന്റെ പൌത്രനായിരുന്നു ചെങ്കിസ് ഖാൻ. ഇദ്ദേഹത്തിന്റെ സ്ഥിരപരിശ്രമത്തിൻഫലമായി പ്രബലപ്പെട്ട ഒരു മംഗോളിയൻ സംഘടനയുണ്ടായി. 1203-ൽ ചെങ്കിസ്ഖാൻ അയൽവാസികളെ മുഴുവൻ കീഴടക്കി മംഗോൾസാമ്രാജ്യം സ്ഥാപിച്ചു. ഉത്തരചൈനയും താമസംവിനാ അദ്ദേഹം കീഴടക്കി.

ചെങ്കിസ്ഖാൻ.

സുസംഘടിതമായൊരു സൈന്യമുണ്ടായിരുന്നു ചെങ്കിസ്ഖാന്. കലകളിലും മററും അദ്ദേഹത്തിന്നു മതിപ്പുണ്ടായിരുന്നില്ല. ഭരണകാൎയ്യങ്ങളിൽ സഹായിക്കാൻ അദ്ദേഹം പ്രാപ്തരായ ചൈനക്കാരെ തിരഞ്ഞെടുത്തു.

സാമ്രാജ്യം.

തന്നിമിത്തം, പിടിച്ചടക്കിയ സ്ഥലങ്ങളിൽ നല്ല ഭരണമേർപ്പെടുത്താൻ പ്രയാസമുണ്ടായിരുന്നില്ല. ആറൽമുതൽ ചൈനാക്കടൽവരെയും വിസ്തൃതമായിരുന്നു അദ്ദേഹത്തിന്റെ സാമ്രാജ്യം. ഖൊറാസാൻ, പേൎഷ്യ, വടക്കേപടിഞ്ഞാറൻ ഇന്ത്യ എന്നീ പ്രദേശങ്ങളിലൊക്കെ തന്റെ സൈന്യത്തെ നയിച്ച് വിജയം നേടിട്ടുള്ള ഒരു സമരവീരനാണ് ചെങ്കിസ്. ചുരുക്കിപ്പറഞ്ഞാൽ ചരിത്രത്തിന്നു കാണാൻ കഴിഞ്ഞിട്ടുള്ള യുദ്ധവീരന്മാരിൽ അഗ്രഗണ്യൻ തന്നെ ഇദ്ദേഹമാണെന്നു പറഞ്ഞാൽ അലക്സാണ്ടറെ പ്രസവിച്ച മാസിഡോണിയായോ, ജൂലിയസ് സീസറെ പ്രസവിച്ച ഇററലിയോ, ചൊടിക്കേണ്ട ആവശ്യമില്ല. ഏഷ്യമുഴുവനുമെന്നല്ല, യൂറോപ്പും ചെങ്കിസ്ഖാനെ ഭയപ്പെട്ടിരുന്നു.

അഭിവൃദ്ധി.

ഈ മംഗോൾസാമ്രാജ്യം വാണിജ്യാഭിവൃദ്ധികൊണ്ടു പുഷ്ടിപ്പെട്ടു. മതവിശ്വാസത്തിൽ പരിപൂൎണ്ണസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നു. ക്രിസ്തുമതവും, ബുദ്ധമതവും, ഇസ്ലാംമതവും പരസ്പരം സ്പൎദ്ധിക്കാതെ വളരുന്നതിൽ ചെങ്കിസ്ഖാൻ തടസ്സം ചെയ്തില്ല. വിദ്യാഭ്യാസത്തിന്നും അദ്ദേഹം പ്രോത്സാഹനം നല്കാതിരുന്നില്ല. വൈദ്യന്മാരെ അദ്ദേഹം ബഹുമാനിച്ചിരുന്നു.

ചെങ്കിസ്സിന്റെ പിൻഗാമികൾ.

ചെങ്കിസ്സിനെ പിന്തുടൎന്ന പുത്രൻ ഒഗോതെയ് പിതാവിനെപ്പോലെതന്നെ യുദ്ധവീരനായിരുന്നു. അർമ്മിനിയ, ജോർജിയ, മെസപ്പൊട്ടേമിയ തുടങ്ങിയ സ്ഥലങ്ങളൊക്കെ അദ്ദേഹം കീഴടക്കി. പോളണ്ട്, ഹങ്കറി, റഷ്യ എന്നീ യൂറോപ്പൻ രാജ്യങ്ങളെല്ലാം ആക്രമിച്ച പാശ്ചാത്യരെ ഭയപ്പെടുത്തി. ഈ യുദ്ധവീരന്മാരായ മംഗോൾ

നേതാക്കന്മാരിൽ മങ്കു, ഹുളുഗു എന്നിങ്ങനെ രണ്ടുപേർകൂടി നമ്മുടെ സ്മരണയെ അർഹിക്കുന്നുണ്ട്.

മംഗോൾ ചക്രവർത്തിമാരുടെ കൂട്ടത്തിൽ സ്മരണീയനായ മറ്റൊരാളാണ് കബ്ളേയ്ഖാൻ. ജാവ, ജപ്പാൻ എന്നീ ദ്വീപുകളാക്രമിക്കുവാൻ അദ്ദേഹം നാവികസൈന്യത്തെ നിയോഗിക്കുകയുണ്ടായി; പക്ഷെ, ജയിച്ചില്ല. ചൈന മുഴുവൻ അദ്ദേഹം അധീനത്തിലാക്കി. ചൈനക്കാരുടെ കലകളാൽ ആകൃഷ്ടനായ ഇദ്ദേഹം കാറക്കോറത്തിൽ നിന്നു തലസ്ഥാനം 'കംബാലൂക്ക്' (പെക്കിങ്ങ്) എന്ന സ്ഥലത്തേക്കു മാററി. അന്നു കോൺസ്റ്റാന്തിനോപ്പിളിനോടു കിടപിടിക്കാൻ ഈ നഗരമേ ലോകത്തിലുണ്ടായിരുന്നുള്ളു. മാർക്കോ പോളോ തുടങ്ങിയ വെനീഷ്യൻ സഞ്ചാരികൾ ഈ നഗരത്തിന്റെ പ്രതാപത്തെക്കുറിച്ചു പ്രശംസിച്ചിട്ടുണ്ട്. മനോഹരങ്ങളായ നഗരങ്ങൾ, ഭംഗിയുള്ള ചിത്രങ്ങൾ, ഒന്നാംതരം ശില്പവേല, കണ്ണാനന്ദകരമായ സംഗീതം ഇവയാണ് കുബ്ളേയ്ഖാന്റെ സാമ്രാജ്യത്തിൽ മാർക്കോപോളോവിനെ ആകർഷിച്ച വസ്തുക്കൾ.

കബ്ളേയ് ഖാൻ.

കുബ്ളേയ്ഖാന്റെ കാലശേഷം മംഗോൾസാമ്രാജ്യം അധഃപതിച്ചു. വിസ്തൃതമായ ആ സാമ്രാജ്യം മുഴുവൻ അടക്കി ഭരിക്കാൻ പ്രാപ്തിയുള്ള ഒരു വ്യക്തി തല്ക്കാലം ഉണ്ടായില്ല. അവിടവിടെ ഓരോരുത്തർ തങ്ങളുടെ അധികാരം സ്ഥാപിച്ചു ഭരണം നടത്തുകയാണുണ്ടായത്. ഇങ്ങനെ, പതിനാലാം നൂററാണ്ടു പിറന്നതോടെ മംഗോൾ സംഘടന നിശ്ശേഷം നശിച്ചു. അന്നുവരെ തലപൊക്കാൻ കഴിഞ്ഞിട്ടില്ലാത്ത ടാർട്ടാർ വർഗ്ഗമാണ് ഇതിനെ തുടർന്നു പ്രബലപ്പെട്ടതു്.

മംഗോൾ സാമ്രാജ്യാധഃപതനം.

## ടാർട്ടാർ ഗണം

ടാർട്ടാർ, അഥവാ, 'ബർലാസ് ടാർട്ടാർ' എന്നു പറയപ്പെടുന്ന ഗണം മംഗോളിയരിൽത്തന്നെ ഒരു വിഭാഗമാണ്. അതുകൊണ്ടു മംഗോൾ ടാർട്ടാർ എന്നും ഇവരെ വിളിച്ചുവ

ന്നു. സമർഖണ്ഡത്തിന്നു തെക്കുള്ള പ്രദേശങ്ങളിലാണ് ഇവർ പാർത്തിരുന്നത്. പതിന്നാലാം നൂററാണ്ടിൽ തിമൂർ എന്നൊരാൾ ഇക്കൂട്ടത്തിൽ പ്രതാപശാലിയായിത്തീർന്നു.

**തിമൂർ.**

ചെങ്കിസ്ഖാനെപ്പോലെ തിമൂറും വലിയൊരു യോദ്ധാവായിരുന്നു. ശത്രുക്കളുടെ ദൌർബ്ബല്യത്തെ വേണ്ടവിധം ഉപയോഗപ്പെടുത്താൻ അദ്ദേഹത്തിന്നു സാമർത്ഥ്യമുണ്ടായിരുന്നു. ചെങ്കിസ്ഖാൻ അഭ്യസ്തവിദ്യനായിരുന്നില്ല, പക്ഷെ തിമൂർ സുശിക്ഷിതനും തികഞ്ഞൊരു മുസൽമാനുമായിരുന്നു. സമർഖണ്ഡത്തിലെ രാജാവായ ശേഷം അദ്ദേഹം ചുററുപാടുമുള്ള പ്രദേശങ്ങളൊക്കെ കീഴടക്കാൻ തുടങ്ങി. ഇക്കാലത്തു പററിയ ഒരു പരുക്ക് അദ്ദേഹത്തെ മുടന്തനാക്കി. അതാണ് അദ്ദേഹത്തിന്റെ വിരോധികൾ 'മുടന്തനായ തിമൂർ' എന്നു പരിഹാസമായി പറയാൻ കാരണം. പേഴ്സ്യ, ഇന്ത്യ, ചൈന, റഷ്യ, ബാൾക്കൻ പ്രദേശങ്ങൾ എന്നിവയൊക്കെ ആക്രമിക്കണമെന്നായിരുന്നു തിമൂറിന്റെ ലക്ഷ്യം.

**അനുകൂല പരിതസ്ഥിതികൾ.**

യുദ്ധലക്ഷ്യങ്ങൾ സഫലമാക്കാൻ പററിയ സൈന്യസജ്ജീകരണങ്ങളൊക്കെ തിമൂറിന്നുണ്ടായിരുന്നു. ചാരന്മാർ, സന്ദേശഭടന്മാർ, കച്ചവടക്കാർ എന്നിവരൊക്കെ അതിന്നു സഹായം ചെയ്തു. ഒന്നാന്തരം സൈന്യം, നല്ല ആയുധങ്ങൾ, യൂറോപ്പിലോ ഏഷ്യയിലോ പ്രാപ്തിയുള്ളൊരു കേന്ദ്രശക്തിയുടെ അഭാവം — ഇവയൊക്കെയാണ് തിമൂറിന്റെ ലക്ഷ്യങ്ങളെ സാധിപ്പിക്കുന്നതിന്നു സഹായിച്ച ചുററുപാടുകൾ.

പടിഞ്ഞാട്ടുള്ള അദ്ദേഹത്തിന്റെ ആക്രമണം ഡോൺ നദിവരെയുള്ള സ്ഥലങ്ങളിലായിരുന്നു. വിജയശ്രീലാളിതനായ ആ യോദ്ധാവ് പിന്നെ ഏഷ്യയിലേക്കാണ് തിരിച്ചത്. ബാഗ്ദാദ്, കാബൂൾ, കാൻഡഹാർ എന്നീ സ്ഥലങ്ങളൊക്കെ കീഴടക്കി അദ്ദേഹം ഇന്ത്യയിലേക്കു തിരിച്ചു. ഇന്ത്യയിൽ വേണ്ടത്ര കൊള്ളയടിച്ചശേഷം വീണ്ടും

പേഴ്സ്യയിലേക്കു കടന്നു. ഓട്ടോമൻ സുൽത്താനാൽ വീണ്ടെടുക്കപ്പെട്ട ബാഗ്ദാദ് അദ്ദേഹം ചുട്ടുകരിച്ചു. ഓട്ടോമൻ തലസ്ഥാനം കീഴടക്കി; ചുററുപാടുമുള്ള പ്രദേശങ്ങളൊക്കെ ആക്രമിച്ചു. ഇത്രയും കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് തലസ്ഥാനത്തേക്കു മടങ്ങേണ്ടിവന്നതിനാൽ ക്രിസ്ത്യൻ രാജ്യങ്ങൾക്കു രക്ഷകിട്ടി.

ആക്രമണങ്ങൾ.

കോൺസ്റ്റാന്തിനോപ്പിൾ ചക്രവർത്തി അദ്ദേഹത്തിന് കപ്പം കൊടുത്തിരുന്നു. കാസ്റ്റൈൽ രാജാവ് തിമൂറിന്റെ സൌഹാർദ്ദം സമ്പാദിക്കാൻ പ്രതിനിധികളെ അയച്ചു. നോക്കു, ഏഷ്യയുടെ പണ്ടത്തെ പ്രതാപം! അന്നൊക്കെ യൂറോപ്യർ നമ്മളെക്കാൾ എത്രയോ പിന്നണിയിലായിരുന്നു!

ഒന്നാന്തരം ശില്പികളെ തിമൂർ പേഴ്സ്യയിൽ നിന്നു കൊണ്ടുപോയി തലസ്ഥാനം മോടിപിടിപ്പിച്ചു. പക്ഷേ, നല്ലൊരു ഭരണസമ്പ്രദായമേർപ്പെടുത്താൻ തിമൂറിന്നു സാധിച്ചില്ല. തന്മൂലം 1405-ൽ അദ്ദേഹം മരിച്ചതോടെ ടാർട്ടാർ സാമ്രാജ്യവും തകർന്നു. ഒരു മിന്നൽപ്പിണരുപോലെ മങ്ങിപ്പോയതാണതു്.

അഭിവൃദ്ധി.

# 3. ഏഷ്യൻ സാമ്രാജ്യ— സംസ്കാരത്തിന്റെ പ്രത്യേകത

പേഴ്സ്യക്കാർ, മംഗോളിയർ, ടാർട്ടാർ വർഗ്ഗക്കാർ എന്നിവരുടെ സാമ്രാജ്യനേട്ടങ്ങളെക്കുറിച്ചാണല്ലോ ഈ അദ്ധ്യായത്തിൽ ഇതുവരെ നാം ചിന്തിച്ചതു്. ഈ സാമ്രാജ്യങ്ങൾ വഴിയായി സംസ്കാരത്തിന്നുണ്ടായ അഭിവൃദ്ധിയെന്തൊക്കെയാണെന്നു നോക്കാം. ലോകചരിത്രത്തിന്നു മറക്കാനോ മറയ്ക്കാനോ സാധിക്കാത്ത പ്രത്യേകതകൾ വല്ലതും അതിൽ തടയുന്നുണ്ടോ എന്നാണ് നമുക്കു ചിന്തിക്കേണ്ടതു്.

ആദ്ധ്യാത്മികസംസ്കാരം അനാദികാലം മുതല്ക്കു ഏഷ്യയ്ക്കു സിദ്ധിച്ചിട്ടുണ്ട്. പേർഷ്യൻ സാമ്രാജ്യം ഈ സംസ്കാരത്തിനു കൂടുതൽ വികാസം നല്കുകയേ ചെയ്തുള്ളു. മംഗോളിയരും മംഗോൾടാർട്ടാർ വർഗ്ഗക്കാരും അതിവിശിഷ്ടമായൊരു സംസ്കാരത്തിന്റെ പാരമ്പര്യമൊന്നും സിദ്ധിച്ചവരല്ലായിരുന്നുവെങ്കിലും അവരുടെ സാമ്രാജ്യത്തിൽ ചൈനയും കൂടി ഉൾപ്പെട്ടിരുന്നതിനാൽ ആ സംസ്കാരത്തിനു തലപൊക്കാൻ കഴിഞ്ഞു.

**സംസ്കാര വികാസം.**

ചക്രവർത്തിമാരിൽ അധികം പേരും മനുഷ്യന്റെ മതവിശ്വാസത്തിൽ കൈകടത്തുന്നവരായിരുന്നില്ല. അതുകൊണ്ട് പല മതങ്ങൾക്കും നിർബ്ബാധം വളരാൻ സാധിച്ചു. മതത്തിന്റെ ഈ വളർച്ച അപരിഷ്കൃതജനങ്ങൾക്കു മാനസികസംസ്കാരം സിദ്ധിക്കുന്നതിനുപയോഗപ്പെട്ടു.

**കല—നിയമം ഭാഷ.**

പേർഷ്യൻ കലകൾ അതിപ്രാചീനകാലം മുതല്ക്കു അഭിമാനിക്കത്തക്കവണ്ണം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടായിരുന്നു. ഈ കലകൾക്കു സാമ്രാജ്യങ്ങളുടെ കീഴിൽ വികാസം സിദ്ധിച്ചു. ഇതുപോലെതന്നെ, അവരുടെ നിയമാവലി, അവരുടെ ഭാഷ, അവരുടെ സാഹിത്യം എന്നിവയെല്ലാം മററു രാജ്യങ്ങൾക്കു നല്ല മാതൃകകൾ കാട്ടിക്കൊടുക്കാനുള്ള അവസരം സിദ്ധിച്ചു. അനുകരിക്കത്തക്ക പലതും അതിൽ ഉണ്ടായിരുന്നു.

**സ്വഭാവം, ഉത്സാഹശീലം.**

സ്ഥിരോത്സാഹം, സഹനശീലം, യുദ്ധനൈപുണ്യം ഇത്യാദി ഗുണങ്ങൾ മദ്ധ്യേഷ്യയിൽ നിന്നു പുറപ്പെട്ട മംഗോളിയർക്കുണ്ടായിരുന്നതായി നാം കണ്ടുവല്ലോ. യൂറോപ്യന്മാർക്ക് പഠിക്കാൻ വേണ്ട പല പാഠങ്ങളും തന്മൂലം, അവരുടെ ജീവിതചര്യയിലുണ്ടായിരുന്നു. അന്നു പാശ്ചാത്യർ പൌരസ്ത്യരോട് കിടപിടിക്കത്തക്ക പദവിയിലൊന്നും എത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. മാർക്കോപോളോവിനെപ്പോലെയുള്ള പാശ്ചാത്യസഞ്ചാരികളുടെ വിവരണങ്ങൾ നോക്കിയാൽ ഈ പരമാർത്ഥം ബോദ്ധ്യപ്പെടും.

## ഏഷ്യൻ സാമ്രാജ്യസംസ്ഥാരത്തിൻെറ പ്രത്യേകത

കച്ചവടം.

പൌരസ്ത്യരുടെ വാണിജ്യത്തിന്നാണ് ഈ മദ്ധ്യകാലഘട്ടത്തിൽ ഏററവും വലിയ അഭിവൃദ്ധിയുണ്ടായതു്. ഇന്ത്യ അന്നു് ഉപയുക്തവിഭവങ്ങളുടെ കലവറയായിരുന്നു. സുഗന്ധദ്രവ്യങ്ങൾ, കുരുമുളകു്, മസ്ലിൻ തുണിത്തരങ്ങൾ എന്നിങ്ങനെ എത്രയെത്ര സാധനങ്ങളാണു് നാം വിദേശീയക്ക് വിററിരുന്നതെന്നറിയാമോ? ഇന്ത്യയെപ്പോലെത്തന്നെ ചൈനയും പൂർവ്വേന്ത്യാദ്വീപുകളും പാശ്ചാത്യരെ ഉപയുക്തവിഭവങ്ങൾകൊണ്ടു സുഖിപ്പിച്ചിരുന്നു.

കച്ചവട മാർഗ്ഗങ്ങൾ.

ഈ കച്ചവടം ഏതെല്ലാം മാർഗ്ഗങ്ങളിൽക്കൂടിയാണു് നടന്നിരുന്നതു്? ജലമാർഗ്ഗമായി പേർഷ്യൻ ഉൾക്കടൽ, ടൈഗ്രീസ്സ് നദി എന്നിവ കടന്നു ബാഗ്ദാദിലെത്തിയാൽ അവിടെനിന്നു ആൻറിയോക്കു്, ഡമാസ്ലാസ് തുടങ്ങിയ സ്ഥലങ്ങളിലേക്കു പോകുന്ന വഴിയൊന്നു്; ചെങ്കടൽ, നൈൽനദി എന്നിവയിൽക്കൂടി അലക്സാണ്ട്റിയാ, കെയിറോ തുടങ്ങിയ ആഫ്രിക്കൻ നഗരങ്ങളിലേക്കുപോകുന്ന മാർഗ്ഗം മറെറാന്നു്; ഇതിനെല്ലാം വടക്കനിങ്ങി ചൈനയിൽ നിന്നു് പുറപ്പെട്ടു കരിങ്കടൽത്തീരത്തുള്ള തുറമുഖങ്ങളിൽക്കൂടി കടന്നു കോൺസ്റ്റാന്തിനോപ്പിളിൽ എത്തുന്ന മാർഗ്ഗമാണു് മൂന്നാമത്തേതു്. ചുരുക്കിപ്പറഞ്ഞാൽ ഏഷ്യയും യൂറോപ്പും തമ്മിൽ നിത്യസമ്പക്കത്തിന്നു സൌകര്യം നല്കിയിരുന്നതു് ഈ കച്ചവടമാർഗ്ഗങ്ങളാണു്. ബാഗ്ദാദ്, കോൺസ്റ്റാന്തിനോപ്പിൾ തുടങ്ങിയ നഗരങ്ങൾ ഈ കച്ചവടത്തിൻെറ കേന്ദ്രസ്ഥാനങ്ങളായിരുന്നു. പൌരസ്ത്യപരിഷ്കാരത്തെ പാശ്ചാത്യക്ക് പകത്തിക്കൊടുക്കുകയായിരുന്നു ഈ നഗരങ്ങളുടേയും കച്ചവടങ്ങളുടേയും പരിപാടി.

# ആറാം അദ്ധ്യായം

## ഇസ്ലാമിന്റെ ഉദയവും വികാസവും

ഇസ്ലാം മതം അറബികളുടെ നേതൃത്വത്തിൻകീഴിൽ മദ്ധ്യപൌരസ്ത്യരാജ്യങ്ങളിലൊക്കെ വികസിച്ചതു നാം കണ്ടു. പക്ഷെ, ആ അദ്ധ്യായത്തിൽ നമുക്കതു വിസ്തരിക്കാൻ സാധിച്ചില്ല. വിസ്തൃതമായൊരു സാമ്രാജ്യം സ്ഥാപിക്കാൻ വേണ്ട പ്രചോദനം നല്കിയ ഈ മതത്തിന്റെ അത്ഭുതാവഹമായ വികസനത്തിന്റെ ചരിത്രം നമുക്കൊന്നുകൂടി പരിശോധിക്കാം.

മുഹമ്മദിന്റെ ശേഷം.

മുഹമ്മദുനബിയുടെ നിര്യാണത്തിനുശേഷം ഏതാനും കൊല്ലങ്ങൾക്കകത്തു മുഹമ്മദീയർ അന്നത്തെ പ്രബലപ്പെട്ട രണ്ടു സാമ്രാജ്യശക്തികളേയും ആക്രമിച്ചു ബൈസാണ്ടിയ സാമ്രാജ്യം, പേഴ്സ്യാ സാമ്രാജ്യം എന്നിവ രണ്ടും അവരുടെ വാളിന്നിരയായി. ഡമാസ്കസ്, ആൻറിയോക്ക്, ജെറുസലം എന്നീ നഗരങ്ങളെല്ലാം കീഴടക്കി. കോൺസ്റ്റാന്തിനോപ്പിൾ പോലും അവർക്കു കീഴടങ്ങുമെന്ന നിലയായി. പക്ഷെ, തല്ക്കാലം രക്ഷപ്പെട്ടു. ടൈഗ്രിസ് യൂഫ്രാറ്റിസ് പ്രദേശങ്ങൾ പിടിച്ചു പേഴ്സ്യൻ ശക്തിതന്നെ അവർ നാമാവശേഷമാക്കി. ഈജിപ്തും താമസംവിനാ, മുഹമ്മദീയർക്കധീനമായി. ഈ ആക്രമണങ്ങളുടെയൊക്കെ ഫലമെന്തായിരുന്നു ?

ഇത്രയും കഴിഞ്ഞതിനുശേഷം അവർ യൂറോപ്പിലേക്കു കടന്നു. സ്പെയിൻ അവർക്കധീനമായി. പക്ഷെ അവിടെനിന്നു ഗാളിലേക്കു കടന്നപ്പോൾ അവർ തോല്പിക്കപ്പെട്ടു.

അറബികളുടെ ഈ സാമ്രാജ്യസംരംഭംകൊണ്ടു പരിഷ്കാരത്തിന്നുണ്ടായ നേട്ടമെന്താണ് ? ഗ്രീസ്, സിറിയ,

പേഴ്സ്യ, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു ലഭിച്ച സംസ്കാരത്തെ അവർ ഇസ്‌ലാമിന്റെ സംസ്കാരത്തോടിണക്കി മോടിപിടിപ്പിച്ചു. ഈ സങ്കലിതസംസ്കാരത്തിന്നു് ഉത്തരാഫ്രിക്കയിലും യൂറോപ്പിലെ മെഡിററേനിയൻ പ്രദേശങ്ങളിലും തെക്കുപടിഞ്ഞാറൻ ഏഷ്യയിലും പ്രചാരം സിദ്ധിച്ചു. അതാണ് ഇസ്ലാമിന്റെ ഏററവും വലിയ നേട്ടം.

സംസ്കാര പുരോഗതി.

എന്തായിരുന്നു ഈ പരിഷ്കാരത്തിന്റെ സ്വരൂപം? പുതിയ രീതിയിലുള്ള കൃഷിസമ്പ്രദായം കൈത്തൊഴിൽ എന്നിവ അവരുടെ സമ്പ്രദായങ്ങളാണ്. കച്ചവടത്തിന്നും അറബികളായിരുന്നു പ്രമാണികൾ. ഇന്ത്യാ, ചൈന, പൂർവ്വേന്ത്യാദ്വീപുകൾ, ആഫ്രിക്ക, റഷ്യ, ബാൾടിക് പ്രദേശങ്ങൾ എന്നിവിടങ്ങളിലൊക്കെ അവരായിരുന്നു കച്ചവടക്കാർ. ഈ കച്ചവടത്തിന്റെയും സാമ്രാജ്യസംരംഭത്തിന്റെയും ഫലമായി സിദ്ധിച്ച നവ്യവിജ്ഞാനത്തെ അവർ ഗ്രന്ഥരൂപേണ പ്രകാശിപ്പിച്ചു. ഗണിതം, ശില്പം, തുടങ്ങിയവയിലൊക്കെ അവർ പ്രമാണികളായിരുന്നു. കേയ്റോ, ബാഗ്ദാദ് തുടങ്ങിയ കേന്ദ്രങ്ങളിലൊക്കെ അറബികൾ സർവ്വകലാശാലകൾ സ്ഥാപിച്ചു. നല്ല ഗ്രന്ഥാലയങ്ങൾ പലതും അവർ സ്ഥാപിച്ചു.— ഇങ്ങനെ പതിനൊന്നാം നൂററാണ്ടുവരെ അറബികളാണ് പ്രബലപ്പെട്ടുനിന്നതു്.

അറബി സംസ്കാരം.

പതിനൊന്നാം നൂററാണ്ടിൽ അറബികളുടെ പ്രാബല്യം നശിച്ചു. സെൽജക്ക് വംശത്തിൽപെട്ട തുർക്കികൾ ഇവരെ കീഴടക്കി. അന്നുമുതൽ അറബിയൻ സംസ്കാരം അധഃപതിക്കാൻ തുടങ്ങി. പക്ഷെ, ഇവർ ഇസ്‌ലാം മതം സ്വീകരിച്ചതിനാൽ മതപ്രചാരണത്തിന്ന ഹാനി സംഭവിച്ചില്ല. എന്നാൽ, ഇതു് ഇസ്‌ലാമിന്റെ ചരിത്രത്തിൽ പുതിയൊരു ഘട്ടമാണ് കുറിച്ചതു്. സെൽജക്ക് വംശക്കാർ ഏഷ്യാമൈനർ മുഴുവൻ കീഴടക്കി ബൈസാന്റിയസാമ്രാജ്യത്തിന്റെ ബദ്ധവൈരികളായി വർത്തിച്ചു. ഇതു് ഇസ്‌ലാം

സെൽജക്ക് തുർക്കികൾ.

മതവും ക്രിസ്തുമതവും തമ്മിൽ വലിയൊരു സംഘട്ടനത്തിനു കാരണമാക്കി. കരിശുയുദ്ധങ്ങൾ (Crusades) എന്നു് ലോകചരിത്രത്തിൽ പ്രസിദ്ധിനേടിയിട്ടുള്ള സംഘട്ടനം ഇതാണു്.

## കരിശുയുദ്ധങ്ങൾ (Crusades)

ഈ കരിശുയുദ്ധങ്ങൾക്കുള്ള കാരണമെന്താണു്? അറബികളുടെ കോൺസ്റ്റാന്തിനോപ്പിൾ ആക്രമണവും തുക്കികളുടെ പാലസ്റ്റൈൻ ആക്രമണവും പൌരസ്ത്യറോമാസാമ്രാജ്യത്തെയും ക്രിസ്തുമതത്തെയും വല്ലാതെ പരിഭ്രമിപ്പിച്ചു. റോമാചക്രവത്തി ക്രിസ്തുമതത്തിന്റെ

**കരിശുയുദ്ധങ്ങൾ- കാരണം.**

പേരിൽ മാപ്പാപ്പായുടെ സഹായം അഭ്യത്ഥിച്ചു. ക്രിസ്തുമതസംരക്ഷണത്തിനായി മുസൽമാന്മാരോടു യുദ്ധത്തിനുപോകാൻ മാപ്പാപ്പ പശ്ചിമയൂറോപ്യരോടു് ആവശ്യപ്പെട്ടു. ഇതിനെ തുടന്നു് യൂറോപ്പിലെ രാജാക്കന്മാരെല്ലാം യുദ്ധത്തിനിറങ്ങി. ഇങ്ങനെയാണു് കരിശുയുദ്ധങ്ങളുണ്ടായതു്. ഇരുനൂറുകൊല്ലത്തോളം നീണ്ടുനിന്ന ഈ സമരം സാമുദായികവും, സാമ്പത്തികവും, സാംസ്കാരികവുമായ പല പരിവത്തനത്തിന്നും കാരണമുണ്ടാക്കി.

ക്രിസ്തുവിന്റെ ജന്മദേശമായ പാലസ്റ്റൈനിലേക്കു കൂട്ടംകൂട്ടമായി തീത്ഥയാത്രയ്ക്കു പോകാറുള്ള ക്രിസ്ത്യാനികളെ സെൽജക് തുക്കികൾ ശല്യപ്പെടുത്താൻ തുടങ്ങി. ഈ കഥകൾ കേട്ടു പരിഭ്രാന്തചിത്തരായിത്തീന്ന പശ്ചിമയൂറോപ്യന്മാർ തങ്ങളുടെ പൊതുശത്രുവായ മുഹ

**ശത്രുത മുഴുക്കുന്നു.**

മ്മദീയരോടെതിക്കാൻ സംഘടിച്ചു. മാത്രമല്ലാ, ഫ്യൂഡലിസത്തിന്റെ ഫലമായി അശ്വഭടന്മാരുടെ വലിയൊരു സഞ്ചയം യുദ്ധം ചെയ്തു് തങ്ങളുടെ ശൌയ്യപരാക്രമങ്ങൾ പ്രകടിപ്പിക്കാൻ അവസരം കാത്തുകൊണ്ടുമിരുന്നു. ഈ ഘട്ടത്തിലാണു് കരിശുയുദ്ധങ്ങൾ വേണ്ടിവന്നതു്.

1905-ലാണു് ഒന്നാം കരിശുയുദ്ധം പ്രഖ്യാപിക്കപ്പെട്ടതു്. ഇതിൽ ക്രിസ്ത്യാനികൾ ജയിച്ചു, ജെറുസലം വീണ്ടെ

ടുക്കുകയും ചെയ്തു. സിറിയയിലെല്ലാം ജെറുസലത്തെ രക്ഷിക്കാൻവേണ്ട സൈന്യസജ്ജീകരണങ്ങളേർപ്പെടുത്താനും അവർ സാധിച്ചു. അയ്മ്പതുകൊല്ലത്തിനുശേഷം, എഡിസ്സാ എന്ന സ്ഥലം മുഹമ്മദീയർ പിടിച്ചപ്പോഴാണ്

**കുരിശുയുദ്ധങ്ങൾ.**

രണ്ടാം കുരിശുയുദ്ധം പ്രഖ്യാപിക്കപ്പെട്ടതു്. ഇത്തവണ ക്രിസ്ത്യാനികൾക്കു പരാജയപ്പെട്ടു പിൻവാങ്ങേണ്ടിവന്നു. 1187-ൽ സലാഡിൻ എന്ന മുഹമ്മദീയനേതാവു് ജെറുസലം പിടിച്ചു. ഇതിനെ തുടർന്നുണ്ടായ മൂന്നാം കുരിശുയുദ്ധമാണ് ഏററവും പ്രധാനം. ഇത്തവണ യൂറോപ്യൻ രാജാക്കന്മാർ തമ്മിൽ വേണ്ടത്ര യോജിപ്പില്ലാഞ്ഞതിനാൽ വിഷമങ്ങളുണ്ടായി. ഇംഗ്ലണ്ടിലെ രാജാവായിരുന്ന റിച്ചേർഡ് ഈ യുദ്ധത്തിൽ സധീരം പോരാടിയെങ്കിലും ജെറുസലം പിടിക്കാൻ സാധിച്ചില്ല. തീർത്ഥയാത്രക്കാരെ തടയുകയില്ലെന്നു സലാഡിനെക്കൊണ്ടു സമ്മതിപ്പിച്ച് റിച്ചേർഡ് മടങ്ങിപ്പോരുകയത്രേ ചെയ്തതു്. നാലാം കുരിശുയുദ്ധത്തിൽ മുഹമ്മദീയരുടെ സാമ്രാജ്യത്തെ ആക്രമിക്കാനാണ് ക്രിസ്ത്യാനികൾ തുനിഞ്ഞതു്. കോൺസ്റ്റാന്റിനോപ്പിൾ അവർ കീഴടക്കുകയും കുറച്ചുകാലം അതു ഭരിക്കുകയും ചെയ്തു. എന്നാൽ കുരിശുയുദ്ധങ്ങൾ പിന്നേയുമുണ്ടായി. പക്ഷേ, അതിലൊന്നും യൂറോപ്യന്മാർക്കു പ്രതീക്ഷിച്ചത്ര ജയം സിദ്ധിച്ചില്ല.

നമുക്കിനി ഈ കുരിശുയുദ്ധങ്ങളുടെ ഫലം പരിശോധിക്കാം. ക്രിസ്ത്യാനികളുടെ യുദ്ധലക്ഷ്യത്തിൽ അവർക്കു പരാജയമേ പിണഞ്ഞുള്ളുവെന്നു് മുമ്പു പറഞ്ഞുവല്ലോ? പക്ഷേ വേറെ ചില നേട്ടങ്ങളുണ്ടായി ഇതുകൊണ്ടു്.

**യുദ്ധഫലങ്ങൾ.**

നാടുവാഴികളിൽ പലരും യുദ്ധത്തിനുവേണ്ടി തങ്ങളുടെ ഭൂസ്വത്തുക്കൾ പണയമെഴുതിയും വിററും ക്ഷയിച്ചു വശായി. ഇങ്ങനെ, ഫ്യൂഡലിസത്തിനു വലിയ കോട്ടം തട്ടി. മാത്രമല്ല, നാടുവാഴികളധികവും ഈ യുദ്ധത്തിൽ ചത്തൊടുങ്ങി.

ഈ തക്കത്തിൽ ഇററലിയിലെ വെനീസ്, ജിനോവ തുടങ്ങിയ തുറമുഖനഗരങ്ങൾ കച്ചവടംകൊണ്ടു പ്രബലപ്പെട്ടു.

കുരിശുയുദ്ധങ്ങളുടെ പേരിൽ അവിടെ ആഫ്രിക്കയിൽ നിന്നും പൌരസ്ത്യദേശങ്ങളിൽനിന്നും ഉപയുക്തവിഭവങ്ങൾ പലതും ഇറക്കുമതി ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ, മെഡിറ്ററേനിയൻ തുറമുഖങ്ങൾ യൂറോപ്യൻ വാണിജ്യത്തിന്റെ കേന്ദ്രങ്ങളായിത്തീർന്നു.

കച്ചവടം.

പശ്ചിമയൂറോപ്യന്മാരുടെ സംസ്കാരത്തിനും കുരിശുയുദ്ധങ്ങൾ അഭിവൃദ്ധിയുണ്ടാക്കി. മദ്ധ്യപൌരസ്ത്യ രാജ്യങ്ങളായിരുന്നുവല്ലോ അക്കാലത്തു പരിഷ്കാരത്തിന്റെ കേന്ദ്രങ്ങൾ! യുദ്ധത്തിനുവേണ്ടി അവിടങ്ങളിൽ പോയി പരിചയിച്ച പശ്ചിമയൂറോപ്യന്മാർക്ക് ഈ പരിഷ്കാരം പകർന്നെടുക്കാൻ കഴിഞ്ഞു. ചരിത്രത്തിന്റെ ദൃഷ്ടിയിൽ ഇതൊക്കെ നിശ്ചയമായും വലിയ നേട്ടങ്ങളത്രേ.

സംസ്കാരം.

## ഏഴാം അദ്ധ്യായം

# ആധുനികലോകത്തിലേക്ക്

പൌരസ്ത്യ ലോകത്തിൽനിന്നു പുറപ്പെട്ട് മെഡിറററേനിയൻ പ്രദേശങ്ങളിൽ ഉരുണ്ടുകൂടിയ പരിഷ്കാരമാണ് നാം മദ്ധ്യകാലഘട്ടത്തിൽ മുഖ്യമായി കണ്ടതു്. റോമാനഗരവും കോൺസ്റ്റാന്റിനോപ്പിളും ഈ പരിഷ്കാരപീയൂഷം പശ്ചിമയൂറോപ്പിന് അല്പാല്പമായി പകർന്നുകൊടുക്കുകയാണ് ചെയ്തിരുന്നതു്. എന്നാൽ, ആ പദവി മെഡിറററേനിയൻ പ്രദേശങ്ങൾക്ക് അട്ടിപ്പേറല്ലെന്നു

**നവയുഗം.**

അനുഭവപ്പെടുത്തുന്ന ചില ചുററുപാടുകളാണ് പതിനഞ്ചാം നൂററാണ്ടിന്റെ മദ്ധ്യദശയിൽ നാം കാണാൻ പോകുന്നതു്. സൂര്യന്റെ ഗതിപോലെതന്നെ പരിഷ്കാരത്തിന്റെ ഗതിയും കിഴക്കുനിന്നു പടിഞ്ഞാട്ടാണെന്നു കാട്ടിത്തരുന്ന സംഭവങ്ങളാണ് ഈ ഘട്ടത്തിലുണ്ടായതു്. അതോടൊപ്പം ലോകചരിത്രം മദ്ധ്യകാലഘട്ടത്തിൽ നിന്നു് ആധുനികഘട്ടത്തിലേക്കു് സംക്രമിക്കുന്നതായും നമുക്കു കാണാം.

എന്തൊക്കെയാണ് ഇങ്ങനെ ചരിത്രത്തെ പുതിയൊരു ഘട്ടത്തിലേക്കു നയിക്കാൻ പ്രേരിപ്പിച്ചതു്? മദ്ധ്യകാലഘട്ടത്തിൽ സർവ്വതന്ത്രസ്വതന്ത്രരായി വർത്തിച്ചിരുന്ന മാർപ്പാപ്പമാരുടെ സ്വാധീനശക്തിക്കു പൊടുന്നനെ ഉടവുതട്ടാൻ ചില കാരണങ്ങളുണ്ടായി. പുതിയ രാജ്യങ്ങളും കപ്പൽസ്സഞ്ചാരമാർഗ്ഗങ്ങളും കണ്ടുപിടിച്ചതിന്റെ ഫലമായി

**കാരണങ്ങൾ.**

വാണിജ്യം മെഡിറററേനിയൻ പ്രദേശങ്ങളെ ഉപേക്ഷിച്ചു് അററ്‌ലാന്തിക്ക് സമുദ്രതീരപ്രദേശങ്ങളെ സമാശ്ലേഷിച്ചു. മദ്ധ്യപൌരസ്ത്യപ്രദേശങ്ങളിൽ കുടുങ്ങിക്കിടന്നിരുന്ന പ്രാചീനസാഹിത്യം പടിഞ്ഞാട്ടുനീങ്ങി പുനരുത്ഥാനം ചെയ്തപ്പോൾ യുക്തിവിചാര

ത്തിന്നും ഭൌതികപരിഷ്കാരാഭിവൃദ്ധിക്കും പ്രേരണനൽകി. അഥവാ, മതത്തിന്റെയും നാടുവാഴിത്തത്തിന്റെയും അധികാരശക്തി ശിഥിലീഭവിച്ചതിന്റെ ഫലമായി മനുഷ്യസംസ്കാരത്തിന്റെ മർമ്മത്തിന്നുതന്നെ മാററം സംഭവിച്ചു. അതാണു് ലോകചരിത്രത്തിൽ പുതിയൊരു യുഗം സൃഷ്ടിച്ചതു്.

## 1. നവോത്ഥാനം, അഥവാ വിജ്ഞാന പുനരുത്ഥാനം

ഗ്രീക്കുകാരുടേയും റോമക്കാരുടേയും പ്രാചീനസംസ്കാരത്തിന്റെ കലവറകളായിരുന്ന പഴയ ഗ്രന്ഥങ്ങൾ പലതും വെളിച്ചം കാണാതെ കിടന്നിരുന്നു. പതിന്നാലാം നൂററാണ്ടിന്റെ പശ്ചാദ്ഘട്ടങ്ങളിൽ ഈ പുരാതനഗ്രന്ഥങ്ങളിൽ ജനങ്ങൾക്കഭിരുചിയുണ്ടാകാൻവേണ്ടി ചില പണ്ഡിതന്മാർ മുന്നിട്ടിറങ്ങി. ഇററലിയിലെ ഫ്ളോറൻസ് നഗരമായിരുന്നു ഈ സംരംഭത്തിന്റെ കേന്ദ്രം. അവിടത്തുകാരനായ 'പെററ്റാർക്ക്' പഴയഗ്രന്ഥങ്ങൾ പലതും പകർത്തിച്ചെടുത്തു. അദ്ദേഹത്തിന്റെ ശിഷ്യനായ ബൊക്കേഷ്യാ ഗ്രീക്കുകാരുടെ ഇലിയഡ്ഡും ഒഡിസ്സിയും ലത്തീൻ ഭാഷയിലേക്കു തർജ്ജിമ ചെയ്തു. ഇങ്ങനെ ഫ്ളോറൻസ് നഗരം വിജ്ഞാനപുനരുത്ഥാനത്തിന്നുവേണ്ട മാർഗ്ഗങ്ങൾ വെട്ടിത്തെളിയിച്ചുകൊണ്ടിരുന്ന കാലത്താണു് തുർക്കികൾ 1453-ൽ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചതു്.

**ഫ്ളോറൻസ്.**

പൌരസ്ത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനവും പ്രാചീനഗ്രീക്ക് സംസ്കാരത്തിന്റെ കേന്ദ്രവുമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ മുഹമ്മദീയർക്കധീനമായതു ലോകചരിത്രത്തെ പുതിയൊരു യുഗത്തിലേക്കു നയിക്കാൻ കാരണമാക്കി. ക്രിസ്തുമതാനുയായികളായ ഗ്രീക്കുപണ്ഡിതന്മാർക്കു മേലിൽ അവിടെ സ്വൈരമായി താമസിക്കാൻ പററില്ലെന്നുതോന്നി.

**ഗ്രീക്കസംസ്കാര സങ്കലനം.**

അവർ പടിഞ്ഞാറൻ യൂറോപ്പിലേക്കുപോന്നു. ഫ്ളോറൻസിലും അതുപോലെത്തന്നെ പശ്ചിമയൂറോപ്പിലെ മററു ചില സ്ഥലങ്ങളിലും അവർ താവളം പിടിച്ചു. അവരുടെ കൈവശമുണ്ടായിരുന്ന പഴയ കൃതികൾ പലതും ഈ വിജ്ഞാനപുനരുത്ഥാനത്തിന്നു സഹായം ചെയ്തു.

**പ്രോത്സാഹനം**

ഇററലിക്കാരായ ഡാൻറി, പെററ്റാക്ക്, ബൊക്കേഷ്യാ തുടങ്ങിയവരുടെ ഉത്സാഹവും കോൺസ്റ്റാന്തിനോപ്പിളിൽനിന്നു വന്ന ഗ്രീക്കപണ്ഡിതന്മാരുടെ സഹകരണവുംകൂടി സമ്മേളിച്ചപ്പോളുണ്ടായ ഈ നവോത്ഥാനത്തെ പ്രോത്സാഹിപ്പിക്കാൻ അന്നത്തെ ഫ്ളോറൻസ് രാജാവായ ലൊറൻസോ-ഡി-മെഡിസിയും കൂടി ഒത്തിണങ്ങിയപ്പോൾ അതിന്നു കൂടുതൽ വളരാൻ സാധിച്ചു.

**അച്ചടിയന്ത്രം.**

പുനരുദ്ധരിക്കപ്പെട്ട ഈ വിജ്ഞാനത്തിന്റെ വളർച്ചയെ സഹായിക്കാനായി അച്ചടിസമ്പ്രദായം ഏറെത്താമസിയാതെ നടപ്പിലായി. ജോൺ ഗട്ടെൻബർഗ്ഗ് എന്ന ജർമ്മൻകാരനും, വില്യം കാക്സ്ററൺ എന്ന ഇംഗ്ലീഷുകാരനുമാണ് ഈ അച്ചടി സമ്പ്രദായം ഏർപ്പെടുത്തിയവർ. അച്ചുകൂടങ്ങൾ വന്നതോടുകൂടി ഗ്രന്ഥങ്ങൾ പകർത്തിയെടുക്കേണ്ട കഷ്ടപ്പാടു കൂടാതെ കഴിഞ്ഞു. ചുരുങ്ങിയ ചിലവിന്മേൽ പുസ്തകങ്ങൾ പ്രചരിപ്പിക്കാൻ ഇതുമൂലം എളുപ്പം സിദ്ധിച്ചു. ഇങ്ങനെ ഇററാലിയൻ പണ്ഡിതന്മാരുടെ ഉത്സാഹം, ഗ്രീക്കപണ്ഡിതന്മാരുടെ പ്രോത്സാഹനം, അച്ചുകൂടങ്ങൾവഴി സിദ്ധിച്ച പുസ്തകനിർമ്മാണസൌകര്യം എന്നിവയത്രേ ഈ വിജ്ഞാനപുനരുത്ഥാനത്തിന്നു സഹായം ചെയ്തതു്.

കേവലം സാഹിത്യത്തിൽ മാത്രമല്ലാ ഈ നവോത്ഥാനം കണ്ടതു്. വിജ്ഞാനത്തിന്റെ എല്ലാ ശാഖയിലും അന്നു് അഭിവൃദ്ധിയുണ്ടായി. ലിയോണാർഡോ—ഡാ—വിൻസി ഒരു സകലകലാവല്ലഭനായിരുന്നു. മാക്കിയവെല്ലി, സെർവാന്റിസ്,

ഇറാസ്മസ്, സർ: തോമസ് മൂർ, മൈക്കേലേഞ്ചലോ, റാഫേൽ തുടങ്ങി അനേകം പേർ ഇക്കാലത്തു യൂറോപ്പിലെ വിജ്ഞാനനവീകരണത്തിൻെറ വിവിധശാഖകളിലായി പ്രവർത്തിച്ചിട്ടുള്ളവരാണ്. ചിത്രമെഴുത്ത്, ശില്പം തുടങ്ങി പലതിലും അഭിവൃദ്ധിയുണ്ടായൊരു കാലമാണത്. ഇററലിയിൽ ആരംഭിച്ച ഈ പുനരുത്ഥാനം ഫ്രാൻസ്, ജർമ്മനി, ഇംഗ്ലണ്ട് തുടങ്ങിയ പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലൊക്കെ വികസിക്കുകയും ചെയ്തു.

നാനാമുഖമായ അഭിവൃദ്ധി.

എന്താണ് ഈ വിജ്ഞാനപുനരുത്ഥാനംകൊണ്ടുണ്ടായ ഫലം? ജനങ്ങൾക്കു കൂടുതൽ ജ്ഞാനം സിദ്ധിച്ചു. മാത്രമല്ല, അത് അവരെ ജിജ്ഞാസുക്കളാക്കിത്തീർത്തു. മനുഷ്യൻ യുക്തിയുക്തമായി ചിന്തിക്കാൻ തുടങ്ങി. മററുള്ളവർ പറയുന്നതു കണ്ണടച്ചു വിശ്വസിച്ചിരുന്ന കാലം പോയി. നിലവിലുള്ള പല സമ്പ്രദായങ്ങളേയും നിശിതമായി വിമർശിക്കാൻ താല്പര്യം ജനിച്ചു. പുസ്തകങ്ങളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ കൌതുകം തോന്നി. ഇങ്ങനെ, ജ്ഞാനതൃഷ്ണ, യുക്തിവിചാരം, അന്വേഷണബുദ്ധി, വിമർശനപ്രതിപത്തി എന്നിവയൊക്കെ വിജ്ഞാനപുനരുത്ഥാനത്തിൻെറ ഫലമായി പശ്ചിമയൂറോപ്പിൽ വളരാൻ തുടങ്ങി.

ഫലം.

## 2. മതപരിവർത്തനസംരംഭം

മുകളിൽപറഞ്ഞ വിജ്ഞാനപുനരുത്ഥാനത്തിൻെറ ഫലമായി യൂറോപ്പിലെ മതസംഘടനയിലും പരിവർത്തനങ്ങളുണ്ടായി. മദ്ധ്യകാലഘട്ടത്തിൽ കത്തോലിക്കാമതം പ്രബലപ്പെട്ടതും മാർപ്പാപ്പായുടെ പരമാധികാരത്തെ യൂറോപ്പിലെ രാജാക്കന്മാർ ആദരിച്ചുപോന്നതും നാം കണ്ടതാണല്ലൊ. മാർപ്പാപ്പയും മതാദ്ധ്യക്ഷന്മാരും ഇങ്ങനെ ഫ്യൂഡലിസത്തിനു വളംവച്ചുകൊണ്ട് ജനതയുടെമേൽ എന്തെന്നില്ലാത്ത സ്വാധീനശക്തി ചെലുത്തീട്ടങ്ങനെ വാഴാൻതുടങ്ങി. അവരിൽ പലരും ആദ്ധ്യാത്മികകാര്യങ്ങൾ വിസ്മരിച്ചു സുഖഭോഗങ്ങളിൽ

മുഴുകി ജീവിക്കുകയത്രേ ഉണ്ടായതു്. വലിയ അരമനയും അതിനകത്തും പുറത്തുമുള്ള അനുചരസംഘവും, സാഹിത്യ സദസ്സും നിമിത്തം മാർപ്പാപ്പയുടെ പണത്തിനു മുട്ടുവന്നു. അപ്പോൾ അതുണ്ടാക്കാൻ വേണ്ടി വക്രങ്ങളായ മുറകളും സ്വീകരിക്കുവാൻ തുടങ്ങി. വിജ്ഞാനപുനരുത്ഥാനത്തിന്റെ ഫലമായി ജനങ്ങൾ യുക്തിവാദം തുടങ്ങിയ കഥയൊന്നും ഇവരറിഞ്ഞില്ല. ഈ യുക്തിവാദികൾ കത്തോലിക്കാമതത്തിലെ പല ആചാരങ്ങളെയും വിമർശിക്കാനാരംഭിച്ചു.

മതാദ്ധ്യക്ഷന്മാരുടെ അധഃപതനം.

മേരിയേയും പുണ്യപുരുഷന്മാരേയും ആരാധിക്കാൻ പാടില്ലെന്നു് അവർ വാദിച്ചു. പുരോഹിതന്മാർ ആദ്ധ്യാത്മികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കണമെന്നു് അവർ അഭിപ്രായപ്പെട്ടു. ജോൺ റ്യൂച്ച്ലിൻ, ഡെസിഡറിയസ്, ഇറാസ്മസ് തുടങ്ങിയവർ എഴുതിയ ഗ്രന്ഥങ്ങളത്രെ ഈ മട്ടിലുള്ള യുക്തിവാദങ്ങൾക്ക് പ്രചോദനം നല്കിയതു്.



മാർട്ടിൻ ലൂതർ.

ജർമ്മൻകാരനായ മാർട്ടിൻ ലൂതർ എന്ന പണ്ഡിതനാണു് ഈ മതപരിവർത്തനസംരംഭത്തിൽ മുന്നിട്ടിറങ്ങിയതു്. അന്നത്തെ മാർപ്പാപ്പയുടെ നടപടികളിൽ പ്രതിഷേധിക്കത്തക്ക ചില കാര്യങ്ങളുണ്ടായി. 'ഇൻഡൾജൻസ്' എന്ന പേരിൽ ഒരു പാപവിമോചനപത്രിക കൊടുത്തു് ജനങ്ങളുടെ പക്കൽ നിന്നും മാർപ്പാപ്പ സംഭാവനകൾ സ്വീകരിച്ചിരുന്നു. ലൂതറിന്റെ ദൃഷ്ടിയിൽ ഇതു പ്രതിഷേധാർഹമായിത്തോന്നി. ഈ പത്രികയ്ക്കെതിരായി ലൂതർ തൊണ്ണൂററഞ്ചു വാദങ്ങളടങ്ങിയ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. മാർപ്പാപ്പ (ലിയോ പത്താമനായിരുന്നു) അദ്ദേഹത്തെ കത്തോലിക്കാസമുദായത്തിൽനിന്നു പുറത്താക്കി.

**പ്രൊട്ടസ്റ്റാൻറ് മതം.**

പക്ഷെ, ജൎമ്മൻ ജനത ലൂതറുടെ പക്ഷം പിടിച്ചു. അവർ പുതിയൊരു പള്ളി സ്ഥാപിച്ചു. ലൂതറുടെ സിദ്ധാന്തങ്ങളനുസരിച്ചുള്ള ഭരണക്രമവും അവിടെ നടപ്പാക്കി. പരിഷ്കരിച്ചുണ്ടാക്കിയ ഈ മതത്തിന്നു പ്രൊട്ടസ്റ്റാൻറ് മതം എന്നത്രെ പേർ. പ്രതിഷേധിക്കുക (Protest) എന്ന വാക്കിൽ നിന്നാണ് പ്രൊട്ടസ്റ്റാൻറ് എന്ന പേരുണ്ടായതു്.

പാപമോചനക്രമങ്ങളിൽ പ്രൊട്ടസ്റ്റാൻറുകാർ കത്തോലിക്കരോടു യോജിച്ചില്ല. മേരിയേയും പുണ്യപുരുഷന്മാരേയും അവർ ആരാധിച്ചില്ല. മാർപ്പാപ്പയുടെ അധികാരത്തെ അവർ വിലക്കി; മതാചാര്യന്മാൎക്ക വിവാഹം ചെയ്യാൻ അനുമതിയും നല്കി — ഇതൊക്കെയാണ് ലൂതർ സ്ഥാപിച്ച പ്രൊട്ടസ്റ്റാൻറ് മതത്തിലെ പരിഷ്കാരങ്ങൾ.

**പ്രൊട്ടസ്റ്റാൻറ് മതവികാസം.**

ഡെന്മാർക്ക്, സ്വീഡൻ ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലെല്ലാം ഈ മതം അതിവേഗത്തിൽ പടൎന്നുപിടിച്ചു. ഇംഗ്ലണ്ടിൽ ഹെൻറി എട്ടാമൻ എന്ന രാജാവിന്നു പുനൎവ്വിവാഹം ചെയ്യാൻ മാർപ്പാപ്പ അനുവാദം നല്കാഞ്ഞതുകൊണ്ടാണ്, യുക്തിബോധംകൊണ്ടുണ്ടായ പ്രചോദനത്താലല്ല, ഈ പരിവൎത്തനം നടപ്പാക്കപ്പെട്ടതെന്നും കൂടി മനസ്സിലാക്കുക.

എന്താണ് ഈ പരിവൎത്തനംകൊണ്ടുണ്ടായ വ്യത്യാസം? മദ്ധ്യകാലഘട്ടത്തിൽ യൂറോപ്പിലെ ഒരു കേന്ദ്രശക്തി എന്ന നിലയിൽ വൎത്തിച്ചിരുന്നതു് കത്തോലിക്കാമതമായിരുന്നു. അതിൻെറ അധികാരത്തിന്നാണ് സാരമായ കോട്ടം സംഭവിച്ചതു്. രാജാക്കന്മാരുടേയും പൊതുജനങ്ങളുടേയും മേൽ മാർപ്പാപ്പയ്ക്കുണ്ടായിരുന്ന സ്വാധീനശക്തിക്ക വലിയ ഉടവുതട്ടി. ഈ പരിവൎത്തനസംരംഭം പടൎന്നുപിടിച്ചാൽ ആപല്ക്കരമാണെന്നും കത്തോലിക്കാപക്ഷക്കാൎക്ക ബോധ്യപ്പെട്ടു.

മതപരിവൎത്തനസംരംഭത്തെ തടയുകയാണ് കത്തോലിക്കർ ഉടനടി ചെയ്തതു്. ഫ്രാൻസ്, സ്പെയിൻ, ഇററലി

എന്നീ രാജ്യങ്ങൾ ഇതിന്റെ നേതൃത്വം കയ്യേററു. പുണ്യവാനായ ഇഗ്നേഷ്യസ് ലയോള കത്തോലിക്കമതത്തിന്റെ പ്രചാരണത്തിനുവേണ്ടി ''യേശുസംഘം' (Society of Jesus) എന്ന പേരിൽ ഒരു ക്രൈസ്തവസഭ രൂപീകരിച്ചു. നാനാദിക്കുകളിലേക്കും മതപ്രചാരകന്മാരായ പാതിരിമാരെ നിയോഗിച്ചയച്ചു. ഇവർ ഇന്ത്യ, ചൈന, ജപ്പാൻ തുടങ്ങിയ പൌരസ്ത്യ രാജ്യങ്ങളിൽ ചെന്നു പ്രചാരണം ഊൎജ്ജിതമായി നടത്തി.



ഇഗ്നേഷ്യസ് ലയോള.

യേശുസംഘത്തെ തുടൎന്നു വേറെയും ചില നടപടികളുണ്ടായി. ഇററലിയുടേയും ജൎമ്മനിയുടേയും അതിൎത്തിയിലുള്ള ട്രെൻറ് എന്ന സ്ഥലത്തുണ്ടായ മതസമ്മേളനം മാൎപ്പാപ്പയുടെ പരമാധികാരത്തെ പുനരാവൎത്തിച്ചു പ്രഖ്യാപിച്ചു മാത്രമല്ല, കത്തോലിക്കാവിശ്വാസികൾ വായിക്കാൻ പാടില്ലാത്ത പുസ്തകങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുകയും കൂടി ചെയ്തു. മതദ്രോഹികളെ തേടിപ്പിടിച്ചു ശിക്ഷിക്കാൻ വേണ്ട കോടതികളേൎപ്പെടുത്തിയതും പരിവൎത്തനസംരംഭത്തെ തടയാനുള്ളൊരു നടപടിയായിരുന്നു.

മററു നടപടികൾ.

## കപ്പൽ സഞ്ചാരമാൎഗ്ഗാന്വേഷണം

തുൎക്കികളുടെ കോൺസ്റ്റാന്തിനോപ്പിൾ ആക്രമണം യൂറോപ്പിലെ മാനസികസംസ്ഥാനത്തിൽ മാത്രമല്ല പരിവൎത്തനങ്ങളുണ്ടാക്കിയതു്. പൌരസ്ത്യലോകവുമായുള്ള വാണിജ്യം മുഴുവൻ ചെങ്കടൽ മാൎഗ്ഗമായും, ബാഗ്ദാദ് വഴിയും അതിനും വടക്കുഭാഗത്തു കരിങ്കടൽ തീരത്തു കൂടിയുമാണു് നടന്നിരുന്നതെന്നു് ഇതിനു മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ! കോൺസ്റ്റാന്തിനോ

പൌരസ്ത്യമാൎഗ്ഗനിരോധനം.

തുൎക്കികൾക്കധീനമായപ്പോൾ യൂറോപ്യൻ ക്രിസ്ത്യാനികൾക്കു നിൎബ്ബാധം കച്ചവടം തുടൎന്നുപോകാൻ വിഷമം നേരിട്ടു. ഭാരതീയവിഭവങ്ങളുടെ സ്വാദറിഞ്ഞവർ അത്ര എളുപ്പത്തിലുണ്ടോ അതു് ഉപേക്ഷിക്കാൻ പോകുന്നു? കച്ചവടം തുടരാൻ പുതിയ മാൎഗ്ഗങ്ങൾ കണ്ടുപിടിക്കാതെ തരമില്ലെന്നായി.

പ്രചോദനം.

കടൽവഴിക്കല്ലാതെ ഇനി കച്ചവടത്തിന്നു സൌകൎയ്യമില്ലെന്നുള്ള നിലയായി. പക്ഷെ, ഭാഗ്യവശാൽ നാവികസംരംഭങ്ങൾക്കു പ്രചോദനം നല്കുന്ന ചില ചുററുപാടുകളുണ്ടായി പശ്ചിമയൂറോപ്പിൽ. കോൺസ്റ്റാന്തിനോപ്പിളിൽ നിന്നു പടിഞ്ഞാട്ടുപോന്ന പണ്ഡിതന്മാരുടെ കൈവശമുണ്ടായിരുന്ന പുസ്തകങ്ങളിൽ പശ്ചിമയൂറോപ്യൎക്കു പരിചയമില്ലാത്ത പല പൌരസ്ത്യദേശങ്ങളെക്കുറിച്ചും പറഞ്ഞുകണ്ടു. കേൾവിക്കു പുത്തരിയായിത്തോന്നിയ ഈ സ്ഥലങ്ങളൊക്കെ കണ്ടു മനസ്സിലാക്കാൻ നാവികന്മാൎക്കു കൌതുകം തോന്നി.

വടക്കുനോക്കി.

കടൽയാത്രയുടെ ക്ലേശങ്ങളെ പരിഹരിക്കാൻ പററിയ ഒരു പുതിയ കണ്ടുപിടിത്തവും അക്കാലത്തുണ്ടായിരുന്നു. അതാണു് വടക്കുനോക്കിയന്ത്രം. അപാരമായ പാരാവാരത്തിൽ സൂൎയ്യചന്ദ്രന്മാരേയും നക്ഷത്രങ്ങളേയും മാത്രം അവലംബിച്ചാണു് അന്നുവരെ ദിക്കുകൾ നിൎണ്ണയിക്കാറുള്ളു. പതിന്നാലാം നൂററാണ്ടിൽ 'ഗയോജ' എന്ന ഇററലിക്കാരൻ വടക്കുനോക്കിയന്ത്രം കണ്ടുപിടിച്ചപ്പോൾ ദിങ്നിൎണ്ണയത്തിനുള്ള ക്ലേശവും പരിഹരിക്കപ്പെട്ടു.

രാജകീയ പ്രോത്സാഹനം.


ചുററുപാടുകൾ എത്രതന്നെ അനുകൂലമായാലും പണവും പ്രോത്സാഹനവുമില്ലാതെ പുരോഗതിക്കു വഴിയില്ല. പക്ഷെ പതിനഞ്ചാം നൂററാണ്ടിലെ യൂറോപ്പിൽ അതിന്നും വിഷമം നേരിട്ടില്ല. പോൎച്ചുഗൽ രാജകുടുംബത്തിലെ ഒരംഗമായ ഹെൻറി രാജകുമാരനും അവിടത്തെ രാജാവായ ജോൺ രണ്ടാ

ഒന്നും കപ്പൽ യാത്രക്കാൎക്കു പ്രോത്സാഹനം നല്കി. നാവികപരിശീലനത്തിനു വേണ്ട സാഹചര്യങ്ങളുണ്ടാക്കിക്കൊടുത്തു അവർ. ഈ പ്രോത്സാഹനംകൊണ്ടു് ഉത്സാഹഭരിതരായ പോൎത്തുഗീസ്സുകാർ നാവികസംരംഭത്തിനു മുന്നിട്ടിറങ്ങി. 1486-ൽ ബൎത്തലോമ്യൂ ഡയസ്സ് ആഫ്രിക്കയുടെ തെക്കേ അറ്റത്തുള്ള ഗുഡ്ഹോപ്പ് മുനമ്പുവരെ യാത്രചെയ്തു. കൊടുങ്കാറ്റിന്റെ ശല്യം നിമിത്തം അദ്ദേഹം യാത്രതുടൎന്നില്ല. എന്നാൽ 1497-ൽ വാസ്കോഡിഗാമ എന്ന പോൎത്തുഗീസ് നാവികവിദഗ്ദ്ധൻ ഗുഡ്ഹോപ്പ് മുനമ്പുചുറ്റി ഇന്ത്യയിൽ കോഴിക്കോട്ടു തുറമുഖത്തു കപ്പലടുപ്പിച്ചു. ഇങ്ങനെ, ഇന്ത്യയിലേക്കുള്ള പുതിയൊരു കപ്പൽച്ചാൽ കാട്ടിക്കൊടുത്തതു ഗാമയാണു്.


വാസ്കോഡിഗാമ.

പോൎത്തുഗലിന്റെ ഉത്സാഹംകണ്ടു് സ്പെയിനിലും നാവികസംരംഭങ്ങൾ തുടങ്ങി. അവിടത്തെ റാണിയായ 'ഇസ്സബെല്ല'യുടെ സഹായം ലഭിക്കയാൽ ക്രിസ്റ്റോഫർ കൊളംബസ് എന്ന ഇറ്റാലിയൻ നാവിക വിദഗ്ദ്ധൻ പടിഞ്ഞാറൻ വഴിക്കു് ഇന്ത്യയിലേക്കൊരു കടൽമാൎഗ്ഗം കണ്ടുപിടിക്കാൻ പുറപ്പെട്ടു. 1491-ലും അതിനുശേഷം മൂന്നു പ്രാവശ്യവും അദ്ദേഹം ആ വഴിക്കു യാത്രചെയ്തു് വടക്കെ അമേരിക്കയുടെ കിഴക്കുവശത്തുള്ള ദ്വീപുകളും തെക്കെ അമേരിക്കയുടെ തീരവും സന്ദൎശിച്ചു. അന്നുവരെ അജ്ഞാതമായി കിടന്നിരുന്ന ആ


കൊളംബസ്.




പുതിയ - കപ്പൽമാർഗ്ഗങ്ങൾ.

വലിയ ഭൂഖണ്ഡത്തിലേക്കുള്ള വഴികാട്ടിക്കൊടുത്ത കൊളംബസ്സിനെ യൂറോപ്യന്മാർ മറക്കില്ല. കൊളംബസ്സിനുശേഷം "അമേരിഗോവെസ്പ്യൂസെ' എന്നൊരാൾ ആ നവ്യഭൂഖണ്ഡത്തിൽ വന്നിറങ്ങി, അദ്ദേഹത്തെ അനുസ്മരിച്ചാണു് ആ രാജ്യത്തിനു് 'അമേരിക്ക' എന്നു പേരുണ്ടായതു്.

പോൎത്തുഗീസുകാരുടേയും സ്പെയിൻകാരുടേയും ഈ സമാരംഭങ്ങൾ യൂറോപ്പിൽ മററു രാജ്യക്കാരേയും ഉണൎത്തി. ഫ്രാൻസ്, ഇംഗ്ലണ്ട്, ഹോളണ്ട് എന്നീ രാജ്യങ്ങളൊക്കെ നാവികസംരംഭത്തിന്നിറങ്ങി. ജോൺ കേബട്ട് എന്ന ഇംഗ്ലീഷുകാരൻ ന്യൂഫൌണ്ട്ലൻറ് ദ്വീപു കണ്ടുപിടിച്ചു. പോൎത്തുഗീസുകാരനായ മഗല്ലൻ സ്പെയിൻകാരുടെ പ്രോത്സാഹനത്തിൻകീഴിൽ അററ്ലാന്തിക്സമുദ്രം അതിക്രമിച്ചു് തെക്കേ അമേരിക്കചുററി ശാന്തസമുദ്രത്തിൽക്കൂടി സഞ്ചരിച്ചു് ഫിലിപ്പൈൻ ദ്വീപിൽ വന്നെത്തി. ഭൂമി പ്രദക്ഷിണംവെച്ച ഈ വീരൻ ഫിലിപ്പൈനിലെ ജനങ്ങളാൽ കൊല്ലപ്പെടുകയത്രേ ചെയ്തതു്. കൂടെയുണ്ടായിരുന്നവരിൽ പതിനെട്ടുപേർ സ്പെയിനിൽ തിരിച്ചെത്തിയപ്പോൾ മൂന്നുകൊല്ലം കഴിഞ്ഞിരുന്നു.

ജോൺ കേബട്ട്, മഗെല്ലൻ.

ഇതിനിടയിൽ പോൎത്തുഗീസുകാർ ഗോവ, മലാക്ക, ജാവ, എന്നീ സ്ഥലങ്ങളെല്ലാം സന്ദൎശിച്ചും താവളങ്ങളും പിടിച്ചും പാണ്ടികശാലകൾ പണിയിച്ചും അങ്ങനെ പുരോഗമിച്ചുപോന്നു. അവരും സ്പെയിൻകാരുമായി മത്സരമുണ്ടാകാതിരിക്കാൻ വേണ്ടി അന്നത്തെ മാൎപ്പാപ്പ പൌരസ്ത്യലോകത്തെ പോൎത്തുഗീസുകാൎക്കും പാശ്ചാത്യലോകത്തെ സ്പെയിൻകാൎക്കുമായി പങ്കിട്ടുകൊടുക്കുന്ന ഒരു സങ്കല്പരേഖയുണ്ടാക്കി. ഇരുകൂട്ടരും അവരവരുടെ അതിരുകൾക്കുള്ളിൽ പുതിയ താവളങ്ങളും ഉറപ്പിച്ചുതുടങ്ങി. സ്പെയിൻകാരിൽ കോട്ടസ് എന്ന ആൾ മെക്സിക്കോവും പിസാരോ തെക്കെ അമേരിക്കയിലെ പെറു സംസ്ഥാനവും പിടിച്ചടക്കി. ധാരാളം സ്വൎണ്ണവും വെള്ളിയും സ്പെയിൻകാർ ഈ അമേരിക്കൻ താവളത്തിൽനിന്നു യൂറോപ്പിലേക്കു കടത്തിത്തുടങ്ങി.

പോപ്പിന്റെ ലോകവിഭജനം

ഇംഗ്ലീഷുകാരും ഈ ഘട്ടത്തിൽ അരങ്ങത്തുവന്നു. സർ ഫ്റാൻസിസ് ഡ്റേക്ക്, സർ ജോൺ ഹാക്കിൻസ്, സർ വാൾട്ടർ റാലി എന്നീ കടൽക്കള്ളന്മാരായിരുന്നു ഇവരിൽ പ്രധാനികൾ. ഡ്റേക്ക് ലോകം മുഴുവൻ ഒന്നു വലംവെച്ചു മടങ്ങിയെത്തി. സ്പെയിൻകാരുടെ സ്വർണ്ണം നിറച്ച കപ്പലുകൾ കൊള്ളയടിക്കുന്നതിലാണ് ഇവർക്കൊക്കെ അധികം രസം തോന്നിയതു്.

ഇംഗ്ലീഷ് കടൽക്കള്ളന്മാർ

കച്ചവടസാമ്രാജ്യത്തിലിറങ്ങിയ മറെറാരു രാജ്യമാണ് ഹോളണ്ട്. ഇവിടത്തെ ജനങ്ങളെ ഡച്ചുകാർ എന്നാണ് വിളിക്കുക. ഇവർ പ്രധാനമായി പോർത്തുഗീസുകാരോടാണ് മത്സരിച്ചതു്. ഏതാനും താവളങ്ങൾ അവർക്കും ലഭിച്ചു. ഇവരുടെ പിന്നാലെ ഇംഗ്ലീഷുകാരും ഫ്റഞ്ചുകാരും കച്ചവടത്തിന്നിറങ്ങി. ഇന്ത്യയിലും അമേരിക്കയിലുമെല്ലാം അവർക്കും ലഭിച്ചു താവളങ്ങൾ.

ഡച്ചുകാർ

എന്താണ് ഈ നാവികസംരംഭങ്ങളുടേയും വ്യാപാരവർദ്ധനയുടേയും ഫലമായിട്ടുണ്ടായതു്? മദ്ധ്യകാലഘട്ടത്തിൽ പൌരസ്ത്യപരിഷ്കാരം പാശ്ചാത്യർക്ക് പകർന്നുകൊടുക്കുകയായിരുന്നു പതിവ്. എന്നാൽ പതിനാറാം നൂററാണ്ടിലേക്കു കടന്നപ്പോഴോ? അവർ ഇങ്ങോട്ടു പകർത്തുകയത്രേ ചെയ്തതു്. ഒരു നൂററാണ്ടു കൊണ്ടുള്ള അവരുടെ സമ്പാദ്യം വളരെ വിലയേറിയതായിരുന്നു. അതിൽ പൌരസ്ത്യരെ ഭ്രമിപ്പിക്കത്തക്ക പലതുമുണ്ടായിരുന്നു. അതാണ് അവരുടെ ഉയർച്ചയ്ക്കു കാരണം. വാണിജ്യമാർഗ്ഗങ്ങളെല്ലാം അവരുടെ കൈവശമായി. വിസ്തൃതങ്ങളും വിഭവസമൃദ്ധങ്ങളുമായ ഭൂവിഭാഗങ്ങളും അവർക്കു കിട്ടി. അന്നുവരെ കച്ചവടത്തിന്റെ കേന്ദ്രസ്ഥാനത്തു സ്ഥിതിചെയ്തിരുന്ന മെഡിററേനിയൻ തുറമുഖങ്ങളൊക്കെ അസ്തപ്രഭങ്ങളായി. അററ്ലാന്തിക് രാജ്യങ്ങൾ കച്ചവടം, കോളനിസംരംഭം എന്നിവകൊണ്ടു പ്രബലപ്പെട്ടു.

ഫലങ്ങൾ.

1505

LIST OF P KUNJIKRISHNA MENONS BOOKS

## LIST OF P. KUNJIKRISHNA MENON'S BOOKS

| | | Rs. | As. |
|---|---|---|---|
| 1. | Modern History F. VI 5th Edition | 1 | 0 |
| 2. | Civics F. IV. (Trav.-Cochin 1951—52) | 0 | 4 |
| 3. | Civics F. V. ( do 1051—52) | 0 | 6 |
| 4. | Civics F. VI. ( do 1951—52) | 0 | 6 |
| 5. | World History Part I (Ancient period only) | 1 | 4 |
| 6. | Modern History Notes F. VI. | 0 | 6 |
| 7. | Do F. V. do | 0 | 6 |
| 8. | Indian History Notes | 0 | 10 |
| 9. | History & Ceography Notes F. III | 0 | 8 |
| 10. | British History Notes | 0 | 8 |
| 11. | World History F. IV (common to Travancore & Cochin 951—52) | 1 | 0 |
| 12. | World History F. V. do (1951—52) | 1 | 0 |
| 13. | Indian History F. IV do (1951—52) | 1 | 0 |
| 14. | Indian History F. V do (1951—52) | 1 | 0 |
| 15. | World History F. VI do (1951—52) | 1 | 0 |
| 16. | Indian History F. VI do (1952—52) | 1 | 0 |
| 17. | Modern History F. V | 1 | 0 |
| 18. | Modern History F. IV | 1 | 0 |

*apply to* :-

K. N. S. Menon,
C/o P. Kunjikrishna Menon,
Near Padiyathukulam,
ERNAKULAM.